2021 ജനുവരി
23
ശനി
1196 മകരം 10

മെട്രൊ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | മുംബൈ www.metrovaartha.com 12 പേജ് ₹ 7.00 KOZHIKODE

ശ്രീരാമനും കൊവിഡ് ടെസ്റ്റ്..!

റിപ്പബ്ലിക് ദിന പരേഡിൽ അണിനിരക്കുന്ന വിവിധ സംസ്ഥാനങ്ങളിലെ ഫ്ലോട്ടുകളിൽ പങ്കെടുക്കുന്നവർ റിഹേഴ്സലിനിടെ ഡൽഹി കാന്‍റിലെ രംഗശാല ക്യാംപിൽ കൊവിഡ് പരിശോധനയ്ക്കു വിധേയരായപ്പോൾ ഉത്തർപ്രദേശിന്‍റെ രാമക്ഷേത്രം ഫ്ലോട്ടിലെ ശ്രീരാമ വേഷധാരിയുടെ സാംപിൾ എടുക്കുന്നു.

വിനായക് ബാബു

ജൂണിൽ കോൺഗ്രസിന് പുതിയ പ്രസിഡന്‍റ്

ന്യൂഡൽഹി: കേരളം അടക്കം അഞ്ചു സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പിനു ശേഷം കോൺഗ്രസിൽ സംഘടനാ തെരഞ്ഞെടുപ്പ്. പാർട്ടിയുടെ പുതിയ ദേശീയ അധ്യക്ഷനെ ജൂൺ മാസത്തോടെ തെരഞ്ഞെടുക്കും. ഇന്നലെ വിർചലായി ചേർന്ന പ്രവർത്തക സമിതി യോഗത്തിന്‍റേതാണു തീരുമാനം. പാർട്ടി തെരഞ്ഞെടുപ്പു സംബന്ധിച്ച ഷെഡ്യൂൾ കാര്യങ്ങൾക്ക് മൂന്നര മണിക്കൂർ നീണ്ട യോഗം അധ്യക്ഷ സോണിയ ഗാന്ധിയെ ചുമതലപ്പെടുത്തി.

പ്രവർത്തക സമിതിയിലേക്കും തെരഞ്ഞെടുപ്പു നടക്കുമെന്ന് സംയുക്ത വാർത്താസമ്മേളനത്തിൽ എഐസിസി ജനറൽ സെക്രട്ടറിമാരായ കെ.സി. വേണുഗോപാലും രൺദീപ് സുർജേവാലയും പറഞ്ഞു. പക്ഷേ, അത് കോൺഗ്രസ് അധ്യക്ഷന്‍റെ തെരഞ്ഞെടുപ്പിനു ശേഷമാകുമോ അതിനു മുൻപാകുമോ എന്നതു തീരുമാനമായിട്ടില്ല. മധുസൂദൻ മിസ്ത്രിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര തെരഞ്ഞെടുപ്പ് അഥോറിറ്റി പാർട്ടി തെരഞ്ഞെടുപ്പു സംബന്ധിച്ചു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മേയ് 29ന് അധ്യക്ഷ സ്ഥാനത്തേക്കു തെരഞ്ഞെടുപ്പും എഐസിസി സമ്മേളനവും നടത്താനാണ് അഥോറിറ്റിയുടെ നിർദേശമെന്ന് പാർട്ടി വൃത്തങ്ങൾ പറയുന്നു. റിപ്പോർട്ട് ചർച്ച ചെയ്ത പ്രവർത്തക സമിതി തിയതികൾ തീരുമാനിക്കാൻ സോണിയയെ ചുമതലപ്പെടുത്തുകയായിരുന്നു.

ജൂണിൽ എന്തായാലും പാർട്ടിക്കു തെരഞ്ഞെടുക്കപ്പെട്ട പുതിയ പ്രസിഡന്‍റ് ഉണ്ടാവുമെന്ന് വേണുഗോപാൽ വ്യക്തമാക്കി. നിയമസഭാ തെരഞ്ഞെടുപ്പു കാലത്ത് സംഘടനാ തെരഞ്ഞെടുപ്പു വേണ്ടെന്ന് എല്ലാ അംഗങ്ങളും സോണിയയോടു പറഞ്ഞതായും വേണുഗോപാൽ. തെരഞ്ഞെടുപ്പു സംബന്ധിച്ച് യോഗത്തിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടായില്ലെന്ന് സുർജേവാല പറഞ്ഞു. ഗുലാം നബി ആസാദ്, ആനന്ദ് ശർമ, പി. ചിദംബരം പോലുള്ള നേതാക്കൾ വിമതരല്ലെന്നും കോൺഗ്രസിന്‍റെ സീനിയർ അംഗങ്ങളാണെന്നും സുർജേവാല. തർക്കങ്ങളൊന്നും ഉണ്ടായില്ലെന്ന് വേണുഗോപാലും കൂട്ടിച്ചേർത്തു. പാർട്ടി ഭരണഘടന അനുസരിച്ചു തന്നെ തെരഞ്ഞെടുപ്പു നടത്തും.

അതേസമയം, തെരഞ്ഞെടുപ്പ് ആവശ്യപ്പെടുന്നവർക്കെതിരേ രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെഹ്‌ലോട്ട് രംഗത്തുവന്നു എന്നാണു സൂചനകൾ. ഇക്കാര്യം പാർട്ടി അധ്യക്ഷയ്ക്കു വിട്ട് മോദി സർക്കാരിനെതിരേ ശ്രദ്ധ കേന്ദ്രീകരിക്കാൻ അദ്ദേഹം നിർദേശിച്ചു. ഗെഹ്‌ലോട്ടിന്‍റെ 'ടോണി'നെതിരേ ആനന്ദ് ശർമ പ്രതികരിച്ചു. ആദരവില്ലാത്ത സംസാരമെന്ന് ശർമ പറഞ്ഞതായാണു റിപ്പോർട്ടുകൾ. പാർട്ടി അധ്യക്ഷ സോണിയ ഗാന്ധി വിർചൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. കേന്ദ്ര തെരഞ്ഞെടുപ്പ് അഥോറിറ്റി ശുപാർശ ചെയ്ത ഷെഡ്യൂൾ കെ.സി. വേണുഗോപാൽ വായിച്ചു. കർഷക പ്രക്ഷോഭം അടക്കം രാജ്യത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ യോഗം ചർച്ച ചെയ്തു.

ഇന്ന് സ്വാതന്ത്ര്യസമര സേനാനി നേതാജി സുഭാഷ് ചന്ദ്രബോസിന്‍റെ 149ാം ജന്മദിനം. ഈ വർഷം മുതൽ അദ്ദേഹത്തിന്‍റെ ജന്മദിനം ദേശീയ- അന്തർദേശീയ തലത്തിൽ "പരാക്രമ ദിവസ"മായാണ് രാജ്യം ആഘോഷിക്കുന്നത്. ഒരു വർഷം നീളുന്ന 150ാം ജന്മദിനാഘോഷങ്ങൾക്ക് ഇന്നു തുടക്കമാകും.

പോരാട്ടത്തിൽ നിന്ന് ഉയർന്നുവന്ന വീരപുരുഷൻ

പ്രഹ്ലാദ് സിങ് പട്ടേൽ, കേന്ദ്രമന്ത്രി

ഭാരതം നെഞ്ചോടു ചേർത്ത നേതാജി

ഇ.എൻ. നന്ദകുമാർ

» ഉൾപ്പേജുകളിൽ

ഉപതെരഞ്ഞെടുപ്പ്: 4 യുഡിഎഫ്, 2 എൽഡിഎഫ്

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പിനിടെ സ്ഥാനാർഥികൾ മരണപ്പെട്ടതിനെ തുടർന്നു വോട്ടെടുപ്പു മാറ്റിവച്ച ഏഴ് തദ്ദേശ വാർഡുകളിൽ നടന്ന തെരഞ്ഞെടുപ്പിൽ യുഡിഎഫിന് മുൻതൂക്കം. നാല് വാർഡുകളിൽ യുഡിഎഫും രണ്ടു വാർഡുകളിൽ എൽഡിഎഫും ഒരു വാർഡിൽ സ്വതന്ത്രനും വിജയിച്ചു. സിറ്റിങ് സീറ്റുകളിലുണ്ടായ അട്ടിമറി ഇരുമുന്നണികളെയും ഞെട്ടിച്ചു.

തൃശൂർ കോർപ്പറേഷനിലെ പുല്ലഴിയിൽ എൽഡിഎഫ് സിറ്റിങ് സീറ്റിൽ യുഡിഎഫ് വലിയ ഭൂരിപക്ഷത്തോടെ വിജയിച്ചപ്പോൾ എറണാകുളം കളമശേരി മുനിപ്പാലിറ്റി 37 ാം വാർഡിൽ യുഡിഎഫ് സിറ്റിങ് സീറ്റിൽ ഇടത് സ്വതന്ത്രൻ വിജയിച്ചു. ഇതോടെ നഗരസഭാ ഭരണം ഇടതുമുന്നണിക്കു ലഭിച്ചേക്കും.

6,753 പേർക്ക് കൊവിഡ്

കണ്ണൂർ സ്വദേശിക്ക് അതിതീവ്ര വൈറസ് ബാധ



19 മരണം

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ 6,753 പേർക്ക് കൊവിഡ്-19 സ്ഥിരീകരിച്ചു. യുകെയിൽ നിന്നും വന്ന കണ്ണൂർ സ്വദേശിയ്ക്കു (34) ജനിതക വകഭേദം വന്ന വൈറസ് സ്ഥിരീകരിച്ചിട്ടുണ്ട്. ഇതോടെ ആകെ 10 പേരിലാണ് ജനിതക വകഭേദം വന്ന വൈറസിനെ കണ്ടെത്തിയത്.

അടുത്തിടെ യുകെയിൽ നിന്നെത്തിയ 68 പേർക്കാണ് ഇതുവരെ കൊവിഡ് സ്ഥിരീകരിച്ചത്. ഇവരിൽ 41 പേരുടെ പരിശോധനാഫലം നെഗറ്റീവായി. 58,057 സാംപിളുകൾ പരിശോധിച്ചതിൽ ഇന്നലെ 11.63 ആണ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 19 മരണങ്ങൾ കൊവിഡ് മൂലമാണെന്ന് സ്ഥിരീകരിച്ചതോടെ ആകെ മരണം 3,564 ആയി. ഇന്നലെ രോഗം സ്ഥിരീകരിച്ചവരിൽ 72 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 6,109 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്.

510 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 62 ആരോഗ്യ പ്രവർത്തകർക്കും രോഗം ബാധിച്ചു. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 6,108 പേരുടെ പരിശോധനാഫലം ഇന്നലെ നെഗറ്റീവ് ആയി.

പ്രതിദിന വർധനയിൽ 43% കേരളത്തിൽ

» പേജ് 5

സിഎജിക്കെതിരേ പ്രമേയം പാസാക്കി നിയമസഭ

- നിയമസഭാ ചരിത്രത്തിൽ ആദ്യം, എതിർത്ത് പ്രതിപക്ഷം
- റിപ്പോർട്ടിലെ 41-43 പേജുകളിലെ പരാമർശങ്ങൾ നീക്കി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്‍റ് ഫണ്ട് ബോർഡിന്‍റെ (കിഫ്ബി) വായ്പകളെ വിമർശിക്കുന്ന ഭരണഘടനാ സ്ഥാപനമായ കംപ്ട്രോളർ ആന്‍റ് ഓഡിറ്റർ ജനറൽ (സിഎജി) റിപ്പോർട്ടിനെതിരേ കേരള നിയമസഭ പ്രമേയം പാസാക്കി. മുഖ്യമന്ത്രി പിണറായി വിജയൻ അവതരിപ്പിച്ച പ്രമേയം പ്രതിപക്ഷ എതിർപ്പ് മറികടന്ന് ശബ്ദവോട്ടോടെയാണ് പാസാക്കിയത്.

കിഫ്ബിയുമായി ബന്ധപ്പെട്ട് റിപ്പോർട്ടിലുള്ള പരാമർശങ്ങളിൽ പലതും വസ്തുതാവിരുദ്ധവും യാഥാർഥ്യങ്ങൾക്ക് എതിരാണെന്നും പ്രമേയത്തിൽ ചൂണ്ടിക്കാട്ടി. സർക്കാരിനെ അറിയിക്കാതെയും അഭിപ്രായങ്ങൾ കേൾക്കാതെയുമാണ് റിപ്പോർട്ട് തയാറാക്കിയിരിക്കുന്നത്. കിഫ്ബിയുടെ ധനകാര്യ മാതൃകയെക്കുറിച്ച് കൃത്യമായ അറിവില്ലാതെ തയാറാക്കിയ റിപ്പോർട്ട് രാഷ്ട്രീയ നിക്ഷ്പക്ഷതയുടെയും പ്രൊഫഷനൽ സമീപനത്തിന്‍റെയും കനത്ത ലംഘനമാണെന്നും പ്രമേയം അഭിപ്രായപ്പെട്ടു.

ചരിത്രത്തിലാദ്യമായാണ് സിഎജി റിപ്പോർട്ടിലെ പരാമർശങ്ങൾ കേരള നിയമസഭ നിരാകരിക്കുന്നത്. റിപ്പോർട്ടിലെ പേജ് 41 മുതൽ 43 വരെയുള്ള കിഫ്ബി സംബന്ധിച്ച പരാമർശങ്ങളും എക്സിക്യൂട്ടീവ് സമ്മറിയിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകളുമാണ് നിയമസഭ നിരാകരിച്ചത്. നിയമസഭയ്ക്ക് തന്നെയാണ് പരമാധികാരമെന്നും സിഎജി റിപ്പോർട്ട് അന്തിമമല്ലെന്നും ധനമന്ത്രി തോമസ് ഐസക്ക് പറഞ്ഞു.

അതേസമയം ഭരണഘടനയും കീഴ്‌വഴക്കങ്ങളും ലംഘിച്ചുള്ള നടപടിയെന്ന് കുറ്റപ്പെടുത്തി പ്രതിപക്ഷം പ്രമേയത്തെ ശക്തമായി എതിർത്തു. പാർലമെന്‍റ് പോലും ധൈര്യപ്പെടാത്ത കാര്യമാണിതെന്നും സ്വേച്ഛാധിപത്യ നിലപാട് ഭരണഘടനാ സ്ഥാപനത്തിന് മേലുള്ള കടന്നുകയറ്റമാണെന്നും വി.ഡി. സതീശൻ പറഞ്ഞു. റിപ്പോർട്ടിലെ ഭാഗം നിരാകരിക്കാൻ നിയമസഭയ്ക്ക് അധികാരമില്ലെന്നും റിപ്പോർട്ട് സഭയിൽ വെച്ചാൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് വിടുകയാണ് പതിവെന്നും സതീശൻ. എതിർക്കുന്നവരെ ഇല്ലാതാക്കുന്ന നിലപാടാണ് സർക്കാരിനെന്നും ആ നിലപാടിന് ഉദാഹരണമാണ് റിപ്പോർട്ടിലെ പരാമർശങ്ങൾക്കെതിരായ പ്രമേയമെന്നും പ്രതിപക്ഷ ഉപനേതാവ് എം.കെ. മുനീർ കുറ്റപ്പെടുത്തി.

വിമർശിക്കുന്ന ഭരണഘടനാ സ്ഥാപനങ്ങളെ സഭയിലെ ഭൂരിപക്ഷം വച്ച് നേരിടുന്നത് ചട്ടലംഘനമാണെന്നു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. പിഎസിക്ക് മുന്നിൽ സർക്കാർ വാദങ്ങൾ സിഎജി പ്രതിനിധിയോട് ഉന്നയിക്കാമെന്നിരിക്കെ പ്രമേയത്തിന് പിന്നിൽ രാഷ്ട്രീയമുണ്ട്. ഇത് അസാധാരണ നടപടിയാണ്. പ്രമേയം ഭരണഘടനയ്ക്ക് മേലുള്ള കടന്നു കയറ്റമാണ്. ആരും വിമർശിക്കാൻ പാടില്ലെന്ന നിലപാട് എകെജി സെന്‍ററിൽ സ്വീകരിച്ചാൽ മതി- പ്രതിപക്ഷ നേതാവ് കൂട്ടിച്ചേർത്തു.

ഗവർണർ അംഗീകരിച്ച സിഎജി റിപ്പോർട്ടോ, അതോ മാറ്റം വരുത്തിയ റിപ്പോർട്ടോ എതാകും പിഎസി ഇനി പരിഗണിക്കുക എന്ന പ്രശ്നം പ്രതിപക്ഷം ഉയർത്തി. അതു പരിശോധിച്ച് പറയാമെന്നായിരുന്നു സ്പീക്കർ പി. ശ്രീരാമകൃഷ്ണന്‍റെ മറുപടി. ബിജെപി അംഗം ഒ. രാജഗോപാലും പ്രമേയത്തെ എതിർത്തു. നിയമാനുസൃതം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ശത്രുക്കളായി കാണുന്നത് ഒരു സർക്കാരിനും ഭൂഷണമല്ലെന്ന് രാജഗോപാൽ പറഞ്ഞു.

വഴിമുട്ടി ചർച്ച; പ്രക്ഷോഭം ശക്തമാക്കുമെന്നു കർഷകർ

- കടുംപിടുത്തത്തിനു പിന്നിൽ ബാഹ്യ ശക്തികളെന്ന് കൃഷി മന്ത്രി
- മരവിപ്പിക്കൽ നിർദേശം പരിഗണിക്കാമെങ്കിൽ വീണ്ടും ചർച്ചയാകാമെന്നും കേന്ദ്രം

ന്യൂഡൽഹി: ഡൽഹി അതിർത്തിയിൽ പ്രക്ഷോഭത്തിലുള്ള കർഷക സംഘടനകളുടെ നേതാക്കളും കേന്ദ്ര സർക്കാരും തമ്മിൽ നടന്ന പതിനൊന്നാം റൗണ്ട് ചർച്ചയും പരാജയം. അടുത്ത കൂടിക്കാഴ്ചയ്ക്കു തിയതി പോലും നിശ്ചയിക്കാനാവാതെ വഴിമുട്ടി നിൽക്കുകയാണു ചർച്ച. പ്രക്ഷോഭം ശക്തമാക്കുമെന്ന് കർഷക സംഘടനകൾ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. റിപ്പബ്ലിക് ദിനത്തിലെ ട്രാക്റ്റർ റാലിയിൽ നിന്നു പിന്മാറില്ലെന്നും കർഷകർ.

മൂന്നു പുതിയ കാർഷിക നിയമങ്ങളും 18 മാസം വരെ മരവിപ്പിക്കാമെന്ന കേന്ദ്ര സർക്കാർ വാഗ്ദാനം സംബന്ധിച്ചു ചർച്ച ചെയ്യാൻ തയാറാണെങ്കിൽ യൂണിയനുകളുമായി ഇനി ചർച്ച എന്നതാണ് കേന്ദ്ര സർക്കാർ നിലപാട്. കർഷക യൂണിയനുകളുടെ കടുംപിടുത്തത്തിനു പിന്നിൽ ചില ബാഹ്യ ശക്തികളാണെന്നു കേന്ദ്ര കൃഷി മന്ത്രി നരേന്ദ്ര സിങ് ടോമർ കുറ്റപ്പെടുത്തി. പ്രക്ഷോഭത്തിന്‍റെ പവിത്രത നഷ്ടപ്പെട്ടാൽ പരിഹാരം സാധ്യമാവില്ലെന്നും അദ്ദേഹം.

പുതിയ നിയമങ്ങൾ ഒന്ന്-ഒന്നര വർഷം വരെ മരവിപ്പിച്ചു നിർത്തി, സംയുക്ത സമിതിയുണ്ടാക്കി പരിഹാരം കാണാമെന്നാണു നേരത്തേ കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച നിർദേശം. എന്നാൽ, മൂന്നു കാർഷിക നിയമങ്ങളും പിൻവലിക്കുക എന്ന മുൻ നിലപാടിൽ ഉറച്ചുനിൽക്കുകയായിരുന്നു ഇന്നലെയും കർഷക നേതാക്കൾ. കേന്ദ്ര മന്ത്രിമാരായ ടോമറും പിയൂഷ് ഗോയലും സോം പ്രകാശും മരവിപ്പിക്കൽ തീരുമാനവുമായി സഹകരിക്കാൻ ചർച്ചയിൽ 41 കർഷക യൂണിയനുകളുടെയും നേതാക്കളോട് അഭ്യർഥിച്ചു. കർഷക നേതാക്കൾ തമ്മിൽ നടത്തിയ ചർച്ചയ്ക്കു ശേഷം നിലപാടിൽ ഉറച്ചുനിൽക്കുകയാണെന്ന് അവർ മന്ത്രിമാരെ അറിയിക്കുകയായിരുന്നു. പൂർണമായി നിയമങ്ങൾ പിൻവലിക്കുന്നതല്ലാതെ മറ്റൊരു വിട്ടുവീഴ്ചയ്ക്കും തയാറല്ലെന്ന് അവർ ആവർത്തിച്ചു വ്യക്തമാക്കി. ചർച്ചയിൽ സർക്കാരിന്‍റെ സമീപനം ശരിയായ വിധത്തിലല്ലെന്ന് കർഷക സംഘടനാ നേതാക്കൾ പറഞ്ഞു.

പുതിയ നിയമങ്ങൾ മരവിപ്പിക്കുന്ന കാലാവധി രണ്ടുവർഷം വരെയാക്കാമെന്ന് മന്ത്രിമാർ പറഞ്ഞെങ്കിലും ശാശ്വതമായി പിൻവലിക്കുക എന്ന നിലപാടിൽ തങ്ങൾ ഉറച്ചുനിൽക്കുകയായിരുന്നുവെന്ന് കർഷക നേതാവ് രാകേഷ് ടിക്കായത്ത് ചർച്ചയ്ക്കു ശേഷം പറഞ്ഞു. സാധ്യമായ എല്ലാ മാർഗങ്ങളും സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ടെന്ന നിലപാടാണ് ചർച്ചക്കെത്തിയ മന്ത്രിമാർ സ്വീകരിച്ചത്.

കർഷകരോടും കർഷക താത്പര്യങ്ങളോടും സർക്കാർ ഏറെ അനുകൂലമായ സമീപനമാണു സ്വീകരിക്കുന്നതെന്ന് ചർച്ചയ്ക്കു ശേഷം ടോമർ മാധ്യമ പ്രവർത്തകരോടു പറഞ്ഞു. എന്നാൽ, ചില ബാഹ്യ ശക്തികൾ പ്രക്ഷോഭം തുടരണമെന്ന് ആഗ്രഹിക്കുന്നുണ്ട്. കർഷകർക്ക് നേട്ടമുണ്ടാകുന്നത് അവർ ആഗ്രഹിക്കുന്നില്ല. നിക്ഷിപ്ത താത്പര്യക്കാർക്ക് മേധാവിത്തം ലഭിച്ചാൽ കർഷക താത്പര്യങ്ങൾക്ക് അനുസൃതമായ തീരുമാനമെടുക്കാനാവാതെ വരും- അദ്ദേഹം കൂട്ടിച്ചേർത്തു. സർക്കാരിന്‍റെ നിർദേശം പരിഗണിച്ച് കർഷക താത്പര്യം സംരക്ഷിക്കണമെന്നു ചിന്തിക്കുന്നവരുമായി ചർച്ച നടത്താൻ കഴിയുമെന്നും അദ്ദേഹം. നിയമങ്ങൾ പിൻവലിക്കുന്നതൊഴികെ മികച്ച മറ്റെന്തെങ്കിലും സാധ്യതകൾ കർഷക യൂണിയനുകൾക്കുണ്ടെങ്കിൽ അതു പരിഗണിക്കാമെന്നും ടോമർ പറഞ്ഞു.

കേന്ദ്ര സർക്കാരിന്‍റെ മൂന്നു കാർഷിക നിയമങ്ങൾക്കെതിരേ ആയിരക്കണക്കിനു കർഷകരാണ് ഡൽഹി അതിർത്തികളിൽ ഒരു മാസത്തിലേറെയായി പ്രക്ഷോഭം നടത്തുന്നത്.

സോണിയ വിളിച്ചു കെ.വി. തോമസ് കോൺഗ്രസ് വിടില്ല

കൊച്ചി: കോൺഗ്രസ് വിടുമെന്ന അഭ്യൂഹങ്ങൾക്ക് വിരാമമിട്ട് മുതിർന്ന നേതാവും മുൻ കേന്ദ്രമന്ത്രിയുമായ പ്രൊഫ. കെ.വി. തോമസ്. കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധി തന്നെ വിളിച്ചു. ഇന്നു തിരുവനന്തപുരത്ത് നടക്കുന്ന കേന്ദ്ര നേതാക്കളുടെ യോഗത്തിൽ പങ്കെടുക്കാൻ ആവശ്യപ്പെട്ടു- തോമസ് ഇന്നലെ രാത്രി മാധ്യമങ്ങളെ അറിയിച്ചു. ഈ സാഹചര്യത്തിൽ ഇന്നു നടത്താനിരുന്ന വാർത്താസമ്മേളനം മാറ്റിവച്ചുവെന്നും അദ്ദേഹം വ്യക്തമാക്കി.

സോണിയ ഗാന്ധി പറഞ്ഞാൽ പിന്നെ മറ്റൊന്നും തനിക്കില്ല. എന്തുപറഞ്ഞാലും അതനുസരിക്കും. സോണിയയോട് അത്രമാത്രം കടപ്പാടും ബന്ധവുമുണ്ട്. യോഗത്തിൽ പങ്കെടുക്കണമെന്നാവശ്യപ്പെട്ട് ഉമ്മൻ ചാണ്ടിയും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും വിളിച്ചിരുന്നു. പാർട്ടിയിൽ സ്ഥാനമാനങ്ങളൊന്നും ചോദിച്ചിട്ടില്ല. ഇതെല്ലാം മാധ്യമ സൃഷ്ടിയാണ്. ഇടതുമുന്നണിയിലേക്കെന്ന ആക്ഷേപങ്ങൾ കണ്ടപ്പോൾ മാനസിക വിഷമമുണ്ടായി.

ഒട്ടേറെ കാര്യങ്ങൾ പറയാനുള്ളത് കൊണ്ടാണ് വാർത്താസമ്മേളനം വിളിച്ചത്. എന്നാൽ അത് പറയേണ്ട പ്രസക്തി ഇപ്പോഴില്ല. സോണിയ ഗാന്ധി പോകണമെന്ന് പറഞ്ഞാൽ യോഗത്തിൽ പങ്കെടുത്തിരിക്കും. പാർട്ടിയിൽ ധാരാളം വൈകാരിക പ്രശ്നങ്ങൾ നേരിട്ടു. അതിന്‍റെ വിഷമം കൊണ്ടാണ് ഒന്നിലും പങ്കെടുക്കാതിരുന്നത്. സഹപ്രവർത്തകർ പലരും ഒരുപാട് അപമാനിച്ചു. തദ്ദേശ തെരഞ്ഞെടുപ്പിൽ സ്ഥാനാർഥിയായി ഒരാളെ നിർദേശിച്ചപ്പോൾ അതു പോലും തിരസ്കരിക്കപ്പെട്ടു. സ്വന്തം വാർഡിലെ സ്ഥാനാർഥി നിർണയത്തിൽ പോലും എന്നോട് അഭിപ്രായം ചോദിച്ചിട്ടില്ല. ഇതെല്ലാം വേദനിപ്പിച്ചു- കെ.വി. തോമസ് പറഞ്ഞു.

സംസ്ഥാനത്തേക്കു നിരീക്ഷകനായി എത്തുന്ന രാജസ്ഥാൻ മുഖ്യമന്ത്രിയും എഐസിസി പ്രതിനിധിയുമായ അശോക് ഗെലോട്ടുമായി ഇന്നു കെ.വി. തോമസ് ചർച്ച നടത്തും.

സ്വർണം

ഗ്രാം	- 4,610
പവൻ	- 36,880

മെട്രൊ മാഡം

കോൺഗ്രസിന്‍റെ പുതിയ ദേശീയ അധ്യക്ഷനെ ജൂൺ മാസത്തോടെ തെരഞ്ഞെടുക്കാൻ പ്രവർത്തക സമിതി തീരുമാനം.

വീണ്ടും പ്രസിഡന്‍റാകാൻ രാഹുൽ സമ്മതിച്ചോ...?

www.facebook.com/metrovaarthaofficial

കെഎസ്ആർടിസി അഴിമതി: ഹൈക്കോടതി വിശദീകരണം തേടി

കൊച്ചി: കെഎസ്ആർടിസിയിൽ 100 കോടിയുടെ അഴിമതി നടന്നുവെന്ന സിഎംഡി ബിജു പ്രഭാകറിന്റെ വെളിപ്പെടുത്തലിൽ അന്വേഷണം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിൽ ഹൈക്കോടതി സർക്കാരിന്റെ വിശദീകരണം തേടി. ഇക്കാര്യങ്ങൾ പൊതുതാത്പര്യഹർജികളായി നൽകണമെന്നും ഹൈക്കോടതി ആവശ്യപ്പെട്ടു. വെളിപ്പെടുത്തലിൽ അന്വേഷണം ആവശ്യപ്പെട്ട് വിഴിഞ്ഞം ഡിപ്പൊയിലെ ജീവനക്കാരാണ് ഹർജിയുമായി ഹൈക്കോടതിയെ സമീപിച്ചത്.

ഓഡിറ്റിലെ കണ്ടെത്തലുകൾ ഗൗരവമുള്ളതാണ്. ഉന്നത ഉദ്യോഗസ്ഥരും ജീവനക്കാരും ഉൾപ്പെട്ട എല്ലാ അഴിമതിയും പുറത്തു കൊണ്ടുവരണം. അന്വേഷണമാവശ്യപ്പെട്ട് ഡിജിപിക്കു പരാതി നൽകിയിട്ടും നടപടിയുണ്ടായില്ല. കേസെടുക്കാൻ ഡിജിപിക്ക് നിർദേശം നൽകണമെന്നായിരുന്നു ഹർജിയിലെ ആവശ്യം.

കെഎസ്ആർടിസിയിൽ നടക്കുന്ന തട്ടിപ്പും സാമ്പത്തിക ക്രമക്കേടുകളും മാധ്യമങ്ങൾക്കു മുന്നിലാണ് ചെയർമാനും മാനെജിങ് ഡയക്റ്ററുമായ ബിജു പ്രഭാകർ തുറന്നടിച്ചത്.

അഗ്നിബാധയിൽ നശിച്ചത് ബിസിജി വാക്സിനുകൾ

പൂനെ: സീറം ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇന്ത്യയിലുണ്ടായ അഗ്നിബാധയിൽ ബിസിജി, റോട്ടാവൈറസ് വാക്സിനുകൾ ഉൾപ്പെടെ നിരവധി ഉത്പന്നങ്ങൾ കത്തിനശിച്ചെന്നു സിഇഒ അഡാർ പൂനാവാല. കെട്ടിടത്തിന്റെ ഏതാനും നിലകൾക്കും നാശമുണ്ടായെന്നും അദ്ദേഹം. എന്നാൽ, കൊവിഷീൽഡ് വാക്സിൻ നിർമാണത്തെയോ വിതരണത്തെയോ അപകടം ബാധിച്ചിട്ടില്ലെന്നും പൂനാവാല പറഞ്ഞു.

സ്പെഷ്യൽ ഇക്കണോമിക് സോണിലെ മഞ്ജരി കോംപ്ലക്സിൽ പുതുതായി നിർമിച്ചുകൊണ്ടിരുന്ന കെട്ടിടത്തിലാണു തീപിടിച്ചതെന്ന് സീറം ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാനും എംഡിയുമായ ഡോ. സൈറസ് പൂനാവാല അറിയിച്ചു. ബിസിജി, റോട്ട വൈറസ് വാക്സിനുകളുടെ അധിക നിർമാണം ലക്ഷ്യമിടുന്ന കെട്ടിടത്തിലാണ് അപകടം. തീപിടിത്തത്തിനു കാരണം വ്യക്തമല്ലെന്നും സൈറസ് പൂനാവാല. വാക്സിനുകളുടെ നഷ്ടമല്ല, മനുഷ്യ ജീവനുകളുടെ നഷ്ടമാണ് ഏറ്റവും വലിയ ആഘാതമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് എക്സിക്യൂട്ടിവ് ഡയറക്റ്റർ ഡോ. രാജീവ് ധരെ.

വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.45നാണ് മഞ്ജരി കോംപ്ലക്സിലെ അഞ്ചു നിലക്കെട്ടിടത്തിൽ അഞ്ചു പേരുടെ മരണത്തിനിടയാക്കിയ തീപിടിത്തം. വാക്സിൻ നിർമാണ യൂണിറ്റിൽ നിന്ന് ഒരു കിലോമീറ്റർ അകലെയായിരുന്നു അപകടം.

കടയ്ക്കാവൂർ പോക്സോ കേസ്:
കുട്ടിയുടെ അമ്മയ്ക്ക് ഹൈക്കോടതി ജാമ്യം

കൊച്ചി: കടയ്ക്കാവൂർ പോക്സോ കേസിൽ കുട്ടിയുടെ അമ്മയ്ക്ക് ഹൈക്കോടതി ജാമ്യം നൽകി. പൊലീസിന്റെ അന്വേഷണത്തിൽ വീഴ്ചകളുണ്ടെന്നു പരോക്ഷ പരാമർശം. വനിതാ ഐപിഎസ് ഉദ്യോഗസ്ഥയുടെ നേതൃത്വത്തിൽ പുതിയ അന്വേഷണ സംഘം രൂപവത്കരിക്കാൻ ഹൈക്കോടതി നിർദേശം നൽകി.

നിലവിലെ അന്വേഷണം പുരോഗമിച്ച സാഹചര്യത്തിൽ ഇനി അമ്മയെ കസ്റ്റഡിയിൽ സൂക്ഷിക്കേണ്ട സാഹചര്യമില്ലെന്നു ചൂണ്ടിക്കാട്ടിയാണ് കോടതി ജാമ്യം അനുവദിച്ചത്. അന്വേഷണ പുരോഗതി അറിയിക്കാൻ ഉദ്യോഗസ്ഥരോട് കോടതി ആവശ്യപ്പെട്ടിട്ടുണ്ട്.

അതേസമയം, മാതൃത്വത്തിന്റെ പരിപാവനത എന്നത് പൂർണമായും അവഗണിക്കപ്പെട്ട കേസാണിതെന്നു കോടതി നിരീക്ഷിച്ചു. "മാതൃസ്നേഹത്തോളം വലിയ ഒരു സ്നേഹവും ഭൂമിയിൽ ഇല്ല. കുഞ്ഞ് പിറക്കുന്നതിനു മുൻപേ രൂപം കൊള്ളുന്നതാണ് മാതൃത്വം. ഇത്തരത്തിൽ ഹീനമായ ഒരു കാര്യം ചെയ്യുന്ന ഒരു അമ്മയും അങ്ങനെ വിളിക്കപ്പെടാൻ യോഗ്യയല്ല"- ജാമ്യം നൽകിക്കൊണ്ടുള്ള ഉത്തരവിൽ പറയുന്നു.

കുട്ടിയുടെ ആരോഗ്യനിലയും മാനസിക നിലയും വിദഗ്ധസമിതി പരിശോധിക്കണം. വനിതാ ഡോക്റ്റർ അടക്കമുള്ള മെഡിക്കൽ കോളെജിലെ ഡോക്റ്റർമാരുടെ സംഘത്തെ ഇതിന് നിയോഗിക്കണം. കുട്ടിയെ ആവശ്യമെങ്കിൽ പിതാവിന്റെ അടുത്തുനിന്ന് മാറ്റി താമസിപ്പിക്കാം. ഇക്കാര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് തീരുമാനമെടുക്കാം. ജസ്റ്റിസ് ഷെർസിയുടെ സിംഗിൾ ബഞ്ചാണ് കുട്ടിയുടെ അമ്മയ്ക്ക് ജാമ്യം അനുവദിച്ചത്. 13 വയസുള്ള സ്വന്തം മകനെ ലൈംഗികമായി പീഡിപ്പിച്ചുവെന്ന കേസിൽ പോക്സോ കേസ് ചുമത്തപ്പെട്ട് ജയിലിലാണ് അമ്മ. കേസിലെ മെറിറ്റിലേക്ക് കടക്കാൻ നിലവിൽ കോടതി തയാറായിട്ടില്ല.

അമ്മയക്ക് നേരത്തെ തിരുവനന്തപുരം മജിസ്ട്രേറ്റ് കോടതി അമ്മയ്ക്ക് ജാമ്യം അനുവദിച്ചിരുന്നില്ല. പ്രതിചേർക്കപ്പെട്ട അമ്മയ്ക്ക് ജാമ്യം അനുവദിക്കുന്നതിനെ കഴിഞ്ഞ ദിവസം കേസ് പരിഗണിച്ചപ്പോൾ സർക്കാർ കോടതിയിൽ എതിർത്തിരുന്നു. കുട്ടിയുടെ മൊഴി ഗൗരവമായി പരിഗണിക്കേണ്ടതാണ്. ഇതൊരു കുടുംബ പ്രശ്നം മാത്രമല്ല, അതിനും അപ്പുറമുള്ള ചില തലങ്ങൾ ഈ കേസിനുണ്ടെന്നും പറഞ്ഞിരുന്നു. ഡിസംബർ 18നാണ് പൊലീസ് അമ്മക്കെതിരെ കേസെടുത്തത്.

ഉമ്മൻചാണ്ടിക്ക് നിയമസഭയുടെ ആദരം

തിരുവനന്തപുരം: നിയമസഭാ സാമാജികനായി 50 വർഷം പൂർത്തിയാക്കിയ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് പതിനാലാം കേരള നിയമസഭയുടെ ആദരം. ഇന്നലെ ശൂന്യവേള ആരംഭിക്കുന്നതിന് മുമ്പ് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉമ്മൻചാണ്ടിയെ അനുമോദിച്ച് സഭയിൽ സംസാരിച്ചു. പിന്നാലെ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും സഭയൊന്നാകെയും ആദരം അർപ്പിച്ചു.

ജനങ്ങൾക്കിടയിൽ സവിശേഷവും അപൂർവവുമായ ലഹരിയോടെ ജീവിക്കുന്ന ഉമ്മൻചാണ്ടിയുടെ പ്രവർത്തന ശൈലി ഒരു പാഠപുസ്തകം പോലെ പഠനാർഹമാണെന്ന് സ്പീക്കർ പറഞ്ഞു.

പൊതുപ്രവർത്തന രംഗത്ത് ജനങ്ങളുടെ അംഗീകാരം നേടിയ നേതാവാണ് ഉമ്മൻചാണ്ടിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിദ്യാർഥി പ്രസ്ഥാനത്തിലൂടെ കടന്നുവന്ന ഉമ്മൻചാണ്ടി 1970ലെ നാലാം കേരള നിയമസഭയിലാണ് ആദ്യമായി അംഗമാകുന്നത്. ആ സഭയിൽ ഞാനും അംഗമായിരുന്നു. അതിന് ശേഷം പതിനൊന്ന് തെരഞ്ഞെടുപ്പുകളിൽ തുടർച്ചയായി പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ നിന്ന് അദ്ദേഹം കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. പാർലമെന്ററി ജനാധിപത്യത്തിൽ ഇത് അപൂർവ സംഭവമാണ്. പതിനാലാം കേരള നിയമസഭ കെ.എം മാണിയുടെയും ഉമ്മൻചാണ്ടിയുടെയും സാമാജിക സുവർണ ജൂബിലിക്ക് സാക്ഷ്യം വഹിച്ചുവെന്നത് അപൂർവമായ നേട്ടമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഉമ്മൻചാണ്ടി കേരള രാഷ്ട്രീയത്തിലെ വിസ്മയമാണെന്നും കോൺഗ്രസിന്റെ ഏറ്റവും കരുത്തുറ്റ മുഖമാണെന്നും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു.

രഞ്ജൻ ഗൊഗോയിക്ക് 'ഇസഡ് പ്ലസ്' സുരക്ഷ

ന്യൂഡൽഹി: സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസും രാജ്യസഭാംഗവുമായ രഞ്ജൻ ഗൊഗോയിക്ക് കേന്ദ്ര സർക്കാർ 'ഇസഡ് പ്ലസ്' സുരക്ഷ അനുവദിച്ചു. സിആർപിഎഫ് കമാൻഡോകളുടെ സുരക്ഷയാണ് ഇനി ലഭിക്കുക. ഇതുവരെ ഡൽഹി പൊലീസിന്റെ സുരക്ഷയായിരുന്നു. അദ്ദേഹത്തിന്റെ വീടിനും സുരക്ഷ നൽകും.

സീറം ഇൻസ്റ്റിറ്റ്യൂട്ടിലെ അഗ്നിബാധ അട്ടിമറിയല്ല: പവാർ

മുംബൈ: കൊവിഡ് വാക്സിൻ അടക്കം നിർമിക്കുന്ന പ്രമുഖ ഔഷധ നിർമാതാക്കളായ പൂനെയിലെ സീറം ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇന്ത്യയിൽ ഇന്നലെയുണ്ടായ വൻ അഗ്നിബാധയ്ക്കു പിന്നിൽ അട്ടിമറിയൊന്നുമില്ലെന്ന് എൻസിപി അധ്യക്ഷൻ ശരദ് പവാർ. ഒരുവിധത്തിലുള്ള സംശയങ്ങളും ആവശ്യമില്ല. നമ്മുടെ ശാസ്ത്രജ്ഞരെ സംശയിക്കേണ്ടതുമില്ല. തീപിടുത്തം അവിചാരിതമായി സംഭവിച്ചതാണ്- അദ്ദേഹം മാധ്യമ പ്രവർത്തകരോടു പറഞ്ഞു.

'89കാരിയായ കിടപ്പുരോഗി നേരിട്ട് എത്തണം':

ജോസഫൈന്റെ ഫോൺ സംഭാഷണം പുറത്ത്

കൊച്ചി: 89കാരിയായ കിടപ്പുരോഗിയോട് നേരിട്ട് വനിതാ കമ്മിഷനു മുന്നിൽ ഹാജരാകാൻ നിർബന്ധിച്ച് അധ്യക്ഷ എം.സി. ജോസഫൈൻ. പരാതി കേൾക്കാൻ മറ്റ് മാർഗമുണ്ടോ എന്ന് ചോദിച്ച ബന്ധുവിന് ജോസഫൈന്റെ ശകാരവർഷം. അധിക്ഷേപിച്ച് സംസാരിക്കുന്ന ജോസഫൈന്റെ ഫോൺ സംഭാഷണം പുറത്ത്.

പത്തനംതിട്ട കോട്ടാങ്ങൽ സ്വദേശി ലക്ഷ്മിക്കുട്ടി അമ്മയാണ് പരാതിക്കാരി. അയൽവാസിയുടെ മർദനമേറ്റാണ് ലക്ഷ്മിക്കുട്ടിയമ്മ കിടപ്പിലായത്. പൊലീസിൽ പരാതി നൽകിയിട്ടും നടപടിയുണ്ടാകാത്ത സാഹചര്യത്തിലായിരുന്നു വനിതാ കമ്മിഷനെ സമീപിച്ചത്. കഴിഞ്ഞവർഷം ജനുവരിയിലാണ് വൃദ്ധയെ മദ്യലഹരിയിൽ അയൽവാസി മർദിച്ചത്.

89 വയസുള്ള വയോധിക എന്തിനാണ് വനിതാ കമ്മിഷന് പരാതി നൽകുന്നതെന്ന് ചോദിച്ചായിരുന്നു അധിക്ഷേപമെന്ന് ബന്ധു പറയുന്നു. പരാതിക്കാരി ആരായാലും വിളിക്കാവുന്നിടത്ത് ഹിയറിങ്ങിന് ഹാജരാകണമെന്നും ജോസഫൈൻ ഇയാളോട് പറയുകയും ചെയ്തു.

എന്നാൽ സംഭവം പുറത്തുവന്നതിന് പിന്നാലെ, പരാതിക്കാരിയുടെ ബന്ധു സംഭാഷണം ദുർവ്യാഖ്യാനം ചെയ്തെന്ന് ജോസഫൈൻ പറഞ്ഞു. പരാതിക്കാരിയുടെ ഇടപെടൽ രാഷ്ട്രീയപ്രേരിതമാണെന്നും 89കാരിയെക്കൊണ്ടു പരാതി നൽകിച്ചത് തെറ്റാണെന്ന കാര്യത്തിൽ ഉറച്ചുനിൽക്കുന്നതായും ജോസഫൈൻ പറഞ്ഞു.

കളമശേരിയിൽ എൽഡിഎഫിന് അട്ടിമറി ജയം

കൊച്ചി: കളമശേരി നഗരസഭ 37ാം വാർഡിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫിന് അട്ടിമറി വിജയം. എൽഡിഎഫ് സ്വതന്ത്ര സ്ഥാനാർഥി റഫീഖ് മരയ്ക്കാർ വിജയിച്ചു. 308 വോട്ടുകൾ നേടി 64 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് വിജയം.

യുഡിഎഫിനായി മുസ്‌ലീം ലീഗ് സ്ഥാനാർഥി സമീലാണ് മത്സരിച്ചത്. അദ്ദേഹത്തിന് 244 വോട്ടുകളാണ് ലഭിച്ചത്. കോൺഗ്രസ് വിമതനായി മത്സരിച്ച ഷിബു സിദ്ദിഖ് 207 വോട്ടുകൾ പിടിച്ചത് നിർണായകമായി. ലീഗിന്റെ സിറ്റിങ് സീറ്റിലാണ് റഫീഖ് അട്ടിമറി വിജയം പിടിച്ചത്. ഇതോടെ 21 സീറ്റുകളിൽ യുഡിഎഫും 20 സീറ്റുകളിൽ എൽഡിഎഫും എന്ന നിലയിലായി നഗരസഭയിലെ ബലാബലം. കളമശേരി നഗരസഭാ ഭരണത്തെ സ്വാധീനിക്കുന്ന ഫലമാണ് റഫീഖ് മരയ്ക്കാറുടെ അട്ടിമറി വിജയത്തിലൂടെ സംഭവിച്ചിരിക്കുന്നത്.

ഇപ്പോൾ വിട്ടുനിൽക്കുന്ന വിമതർ തങ്ങൾക്കൊപ്പം ചേരുമെന്ന പ്രതീക്ഷയിലാണ് എൽഡിഎഫ്. അങ്ങനെ സംഭവിച്ചാൽ ഭരണം പിടിക്കാമെന്ന ആത്മവിശ്വാസവും എൽഡിഎഫിനുണ്ട്. നിലവിൽ നറുക്കെടുപ്പിലൂടെ യുഡിഎഫിനാണ് ഇവിടെ ഭരണം ലഭിച്ചത്.

ശശികലയ്ക്ക് കൊവിഡ്

ബംഗളൂരു: അന്തരിച്ച തമിഴ്നാട് മുൻ മുഖ്യമന്ത്രി ജയലളിതയുടെ സഹായി വി.കെ. ശശികലയ്ക്ക് കൊവിഡ് 19 സ്ഥിരീകരിച്ചു. ഇതേത്തുടർന്ന് ഇവരെ ബൗറിങ് ആശുപത്രിയിലെ കൊറോണവൈറസ് ഐസിയുവിലേക്കു മാറ്റി. പനിയും ശ്വാസതടസവും നേരിട്ടതിനെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ച ശശികലയ്ക്ക് നേരത്തേ നടത്തിയ പരിശോധനയിൽ കൊവിഡ് നെഗറ്റിവായിരുന്നു. ആരോഗ്യ നില മെച്ചപ്പെടാത്തതിനാൽ പിന്നീടു നിരവധി പരിശോധനകൾ നടത്തിയതിനൊപ്പം വീണ്ടും കൊവിഡ് പരിശോധന നടത്തിയപ്പോഴാണ് പോസിറ്റിവ് എന്നു ഫലം ലഭിച്ചത്.

അനധികൃത സ്വത്തു സമ്പാദനത്തിനു ശിക്ഷിക്കപ്പെട്ട് പരപ്പന അഗ്രഹാര ജയിലിൽ തടവിലായിരുന്ന ശശികല ഈ മാസം 27നു മോചിതയാകാനിരിക്കെയാണു രോഗബാധ. ആശുപത്രിയിലെത്തിക്കുമ്പോൾ ശശികലയുടെ രക്തത്തിലെ ഓക്സിജന്റെ അളവ് അപകടകരമായ നിലയിലായിരുന്നു. ഇപ്പോഴിതു സാധാരണ നിലകൈവരിച്ചിട്ടുണ്ടെന്നു ഡോക്റ്റർമാർ.

അറുപത്താറുകോടിയുടെ അനധികൃത സ്വത്ത് സമ്പാദിച്ച കേസിൽ 2017 ഫെബ്രുവരിയിലാണു ശശികലയെ നാലു വർഷം തടവിനു ശിക്ഷിച്ചത്. ജയിൽ മോചിതയായ ശേഷം ശശികല തമിഴ്നാട് രാഷ്ട്രീയത്തിൽ വീണ്ടും സജീവമാകുമെന്നാണു റിപ്പോർട്ട്.

അർണാബിന്റെ ചാറ്റുകൾ: ജെപിസി അന്വേഷിക്കണമെന്ന് പ്രവർത്തക സമിതി

ന്യൂഡൽഹി: ബാലാക്കോട്ടിൽ ഇന്ത്യൻ വ്യോമസേന നടത്തിയ ബോംബാക്രമണത്തെക്കുറിച്ച് അർണാബ് ഗോസ്വാമിയുടെ വാട്സ്ആപ് ചാറ്റുകൾ പാർലമെന്റിന്റെ സംയുക്ത സഭാ സമിതി (ജെപിസി) അന്വേഷിക്കണമെന്ന് കോൺഗ്രസ് പ്രവർത്തക സമിതി യോഗം. ഔദ്യോഗിക രഹസ്യ നിയമവും ദേശീയ സുരക്ഷയും ലംഘിച്ചിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ടവർക്കെതിരേ നിയമ നടപടികൾ സ്വീകരിക്കണമെന്നും പ്രവർത്തക സമിതി അംഗീകരിച്ച പ്രമേയം ആവശ്യപ്പെടുന്നു.

അർണാബ് ഗോസ്വാമിയുടെ വാട്സ്ആപ് ചാറ്റുകളെക്കുറിച്ച് ദീർഘനേരം യോഗം വിശദമായി ചർച്ച ചെയ്തു. ദേശസുരക്ഷയ്ക്ക് ഏറെ ഗുരുതരമായ ക്ഷതമാണ് ഏറ്റിരിക്കുന്നതെന്ന് നേതാക്കൾ ചൂണ്ടിക്കാട്ടി. സർക്കാരുമായി ബന്ധപ്പെട്ട ഉന്നത വ്യക്തികൾ ഇതിൽ ഇടപെട്ടിട്ടുണ്ട്. ഏറെ നിർണായകമായ സൈനിക നടപടികൾ ചോർത്തപ്പെട്ടിരിക്കുന്നു. ഇതിൽ നിന്ന് ബന്ധപ്പെട്ടവർക്ക് ഒഴിഞ്ഞു മാറാനാവില്ല. സർക്കാരുമായി ബന്ധമില്ലാത്തവരുമായി മോദി സർക്കാർ ലജ്ജാകരമായ ഒത്തുതീർപ്പുകൾ ഉണ്ടാക്കിയിരിക്കുകയാണ്. അത് വെളിച്ചത്തു വന്നിരിക്കുന്നു- പ്രമേയം ആരോപിച്ചു.

അർണാബിന്റെ വാട്സ്ആപ് ചാറ്റുകൾ പുറത്തുവന്നിട്ട് ദിവസങ്ങളായി. പ്രധാനമന്ത്രിയും കേന്ദ്ര സർക്കാരും മൗനം പാലിക്കുകയാണ്. കൊടുങ്കാറ്റ് കടന്നു പോകട്ടെ എന്നതാണ് അവരുടെ മനോഭാവം. ഗൂഢാലോചനയും അപരാധവും എല്ലാം ഇതിൽ തെളിയുന്നുണ്ട്. ദേശീയ സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്തവരെ വെറുതെവിടാനാവില്ല- പ്രമേയം ചൂണ്ടിക്കാട്ടുന്നു.

കേന്ദ്ര സർക്കാരിന്റെ മൂന്നു പുതിയ കാർഷിക നിയമങ്ങളും ഉടൻ പിൻവലിക്കണമെന്ന് യോഗം മറ്റൊരു പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. സംസ്ഥാനങ്ങളുടെ ഭരണഘടനാ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണ് പുതിയ നിയമങ്ങൾ. ഭക്ഷ്യസുരക്ഷയുടെ മൂന്നു നെടുംതൂണുകൾ ഈ നിയമങ്ങൾ വഴി തകർക്കുന്നു. കർഷക പ്രക്ഷോഭം ക്രമേണ ദുർബലമാവുന്നതിനാണു സർക്കാർ പരിഹാസ ചർച്ചകൾ നടത്തുന്നത്. കർഷകരെ ഭിന്നിപ്പിക്കുകയാണു ലക്ഷ്യം- പ്രമേയത്തിൽ ആരോപിക്കുന്നു.

കൊവിഡ് പ്രതിരോധ കുത്തിവയ്പ്പ് എടുക്കാൻ ആരോഗ്യ പ്രവർത്തകരിൽ ഒരു വിഭാഗം മടി കാണിക്കുന്ന സാഹചര്യത്തിനു പരിഹാരം കാണാൻ കേന്ദ്ര സർക്കാർ നടപടിയെടുക്കണമെന്ന് മറ്റൊരു പ്രമേയത്തിലൂടെ കോൺഗ്രസ് ആവശ്യപ്പെട്ടു. പ്രധാനമന്ത്രിയുടെ ഇമേജ് വർധിപ്പിക്കാൻ റഗുലേറ്ററി നടപടികൾ മറികടന്നതുകൊണ്ടാണ് മുൻനിര ആരോഗ്യ പ്രവർത്തകർ വാക്സിൻ സ്വീകരിക്കാൻ മടിക്കുന്നതെന്നും പ്രമേയം.

കർഷക പ്രശ്നങ്ങളെ നിർവികാരമായി സമീപിക്കുന്നു: സർക്കാരിനെതിരേ സോണിയ

● രാജ്യസ്നേഹികളുടെ യഥാർഥ മുഖം വെളിച്ചത്തുവന്നു

ന്യൂഡൽഹി: കർഷക പ്രക്ഷോഭത്തെയും അവർ ഉന്നയിച്ച വിഷയങ്ങളെയും നിർവികാരമായി സമീപിക്കുന്ന കേന്ദ്ര സർക്കാർ നടപടി ഞെട്ടിക്കുന്നതാണെന്ന് കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധി. ബാലാക്കോട്ട് ആക്രമണവുമായി ബന്ധപ്പെട്ടു പുറത്തുവന്ന അർണാബ് ഗോസ്വാമിയുടെ വാട്സ്ആപ് ചാറ്റ് രാജ്യസ്നേഹത്തിനു സർട്ടിഫിക്കറ്റ് നൽകുന്നവരുടെ യഥാർഥ മുഖം വെളിപ്പെടുത്തിയെന്നും സോണിയ. സൈനിക നീക്കങ്ങൾ ചോർത്തിയ രാജ്യദ്രോഹമാണു നടന്നിരിക്കുന്നത്- അവർ പറഞ്ഞു. ഇന്നലെ രാവിലെ കോൺഗ്രസ് പ്രവർത്തക സമിതിയുടെ വിർച്വൽ യോഗത്തിനു തുടക്കം കുറിച്ച് അംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു പാർട്ടി അധ്യക്ഷ.

കർഷകർ ഉന്നയിക്കുന്ന വിഷയങ്ങളെ അഹങ്കാരത്തോടെയാണു കേന്ദ്ര സർക്കാർ സമീപിക്കുന്നത്. അവരെ പരിഹസിക്കുന്ന മട്ടിലാണു ചർച്ചകൾ. പുതിയ മൂന്നു കാർഷിക നിയമങ്ങളും തിടുക്കത്തിൽ നിർമിച്ചതാണെന്നു വ്യക്തമായിരിക്കുകയാണ്. അവ പരിശോധിക്കാനുള്ള അവസരം പാർലമെന്റിനു ബോധപൂർവം നിഷേധിച്ചു. താങ്ങുവില, പൊതു സംഭരണം, പൊതുവിതരണം എന്നീ മൂന്നു തൂണുകളെ അടിസ്ഥാനമാക്കിയാണ് ഭക്ഷ്യസുരക്ഷയിരിക്കുന്നത്. അതു നശിപ്പിക്കുന്നതാണ് കേന്ദ്ര സർക്കാർ നിയമങ്ങൾ. ഇക്കാര്യത്തിൽ കോൺഗ്രസിന്റെ നിലപാട് വളരെ മുൻപു തന്നെ വ്യക്തമാണെന്നു സോണിയ ചൂണ്ടിക്കാട്ടി.

ദേശീയ സുരക്ഷയിൽ പൂർണമായി വിട്ടുവീഴ്ച ചെയ്തു എന്നാണ് അർണാബ് ഗോസ്വാമിയുടെ വാട്സ്ആപ് ചാറ്റ് ലീക്കുകൾ കാണിക്കുന്നത്. വളരെ അസ്വസ്ഥതയുണ്ടാക്കുന്നതാണ് ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ. എന്നാൽ, കേന്ദ്ര സർക്കാർ പരിപൂർണ മൗനം പാലിക്കുകയാണ്. ദേശസ്നേഹത്തിനും ദേശീയതയ്ക്കും മറ്റുള്ളവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നവർ ആരാണെന്ന് ഇപ്പോൾ മുഴുവനായും പുറത്തുവന്നിരിക്കുന്നു- സോണിയ പറഞ്ഞു. അതീവ രഹസ്യമായി നടത്തിയ ബാലാകോട്ട് ആക്രമണം അർണാബ് ഗോസ്വാമി നേരത്തേ അറിഞ്ഞിരുന്നുവെന്നു സൂചിപ്പിക്കുന്നതാണ് പുറത്തുവന്ന വാട്സ്ആപ് ചാറ്റുകൾ. മുംബൈ പൊലീസ് കോടതിക്കു സമർപ്പിച്ചതാണ് ഇവ.

രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ കേന്ദ്ര സർക്കാർ തകർത്തെന്നും സോണിയ ആരോപിച്ചു. ഭയം ബാധിച്ച സർക്കാർ സകലതും സ്വകാര്യവത്കരിക്കാൻ ശ്രമിക്കുകയാണ്. കൊവിഡ് വാക്സിനേഷനെങ്കിലും തുടരുമെന്നും പരമാവധി ആളുകൾക്കു കിട്ടുമെന്നും പ്രതീക്ഷിക്കുകയാണെന്നും കോൺഗ്രസ് അധ്യക്ഷ പറഞ്ഞു.

എന്റെ കേരളം എന്റെ അഭിമാനം
പ്രളയവും രോഗവും തോൽപിച്ചില്ല
കേരളം സുഭിക്ഷം സുഭദ്രം
രാജ്യത്തെ ഏറ്റവും മികച്ച പൊതുവിതരണ സംവിധാനമുള്ള സംസ്ഥാനം
ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം വാതിൽപ്പടി വിതരണവും ആധാർ അധിഷ്ഠിത ഇ – പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണവും ആരംഭിച്ചു
മുഴുവൻ റേഷൻ കടകളും ഇതിനായി കമ്പ്യൂട്ടർവത്കരിച്ചു
റേഷൻ കാർഡിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.
8,63,107 കുടുംബങ്ങൾക്ക് പുതുതായി കാർഡുകൾ നൽകി
റേഷൻ വ്യാപാരികൾക്ക് കുറഞ്ഞത് പ്രതിമാസം 18,000 രൂപ ലഭ്യമാക്കുന്ന പാക്കേജ് നടപ്പിലാക്കി
സംസ്ഥാനതല, ജില്ലാതല, താലൂക്കുതല, റേഷൻ കട തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തു
പുതുതായി 48 മാവേലി സ്റ്റോറുകളും 15 സൂപ്പർ മാർക്കറ്റുകളും 24 മാവേലി സൂപ്പർ സ്റ്റോറുകളും ആരംഭിച്ചു
85 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും 36 മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളായും 1 മാവേലി സ്റ്റോറും 6 സൂപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറായും ഉയർത്തി
സപ്ലൈകോ പുതുതായി ആരംഭിച്ച 160 ഗൃഹോപകരണ വില്പനശാലകളിലൂടെ 40% വരെ വിലക്കുറവിൽ ഗൃഹോപകരണങ്ങൾ വിതരണം ചെയ്തു
2018 ലെ പ്രളയ കാലത്ത് ദുരിതാശ്വാസ ക്യാമ്പുകളിൽ പാർപ്പിച്ചവർക്കും ദുരിതബാധിതർക്കും 29.51 കോടി രൂപയുടെ അവശ്യസാധനങ്ങൾ വിതരണം ചെയ്തു
കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 86 ലക്ഷത്തോളം കുടുംബങ്ങൾക്ക് 17 ഇനം അവശ്യസാധനങ്ങൾ അടങ്ങിയ സൗജന്യ പലവ്യഞ്ജന കിറ്റ് വിതരണം ചെയ്തു
സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും 2020 ഏപ്രിൽ മാസത്തിൽ ചുരുങ്ങിയത് 10 കിലോ വീതം അരി സൗജന്യമായി റേഷൻ കടകൾ വഴി വിതരണം ചെയ്തു
ദുരന്ത കാലത്ത് ഭക്ഷ്യ സാധനങ്ങൾ ലഭ്യമാക്കുവാൻ സംസ്ഥാന ഖജനാവിൽ നിന്ന് 2,845.79 കോടിയോളം രൂപ ചെലവഴിച്ചു

ഇനിയും മുന്നോട്ട്
PRD LIVE APP
ഭക്ഷ്യ പൊതുവിതരണ വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

കേന്ദ്ര സർക്കാരിന്റെ കർഷക വിരുദ്ധ നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് സിഐടിയു ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന പ്രചാരണ ജാഥയുടെ സമാപന സമ്മേളനം കോഴിക്കോട് മുതലക്കുളത്ത് സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എംപി ഉദ്ഘാടനം ചെയ്യുന്നു.

ആത്മവിശ്വാസത്തിന്റെ "ഹാൾ ടിക്കറ്റ്" ഒരുക്കി ജില്ലാ പഞ്ചായത്ത്

കോഴിക്കോട്: 2021ലെ പത്താം ക്ലാസ്, പ്ലസ്ടു പൊതുപരീക്ഷ അഭിമുഖീകരിക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടി ജില്ലാ പഞ്ചായത്ത് എജ്യുകെയർ പദ്ധതിയുടെ ഭാഗമായി 'ഹാൾ ടിക്കറ്റ്' എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ചു. കൊവിഡ് കാലത്ത് കുട്ടികളുടെയും രക്ഷിതാക്കളുടെയും ആശങ്കകൾക്കും ആകുലതകൾക്കും കൈത്താങ്ങാവുന്ന പദ്ധതി കോഴിക്കോട് ആയുർവ്വേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ കോഴിക്കോട് സോണും സംയുക്തമായാണ് നടപ്പിലാക്കുന്നത്.

കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കുമിടയിൽ പരീക്ഷാ മുന്നൊരുക്ക ദിനങ്ങളിൽ പങ്കുവയ്ക്കപ്പെടുന്ന ചിന്തകളെ കോർത്തിണക്കി തയ്യാറാക്കുന്ന ആനിമേഷൻ വീഡിയോ ജില്ലയിലെ സ്കൂൾ, വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ സ്കൂൾ എജ്യുകെയർ കോ-ഓർഡിനേറ്റർമാർ വഴി പങ്കുവയ്ക്കും. വിഷയാനുബന്ധ ട്രെയിനിംഗ് ലഭിച്ച 125 ഡോക്ടർമാർ, ജില്ലാ പഞ്ചായത്ത് കൗൺസിലർമാർ, എജ്യുകെയർ കോർഡിനേറ്റർമാർ എന്നിവർ ഓരോ വിദ്യാലയത്തിലെയും ഹാൾ ടിക്കറ്റ് മെന്റർമാരായി കുട്ടികൾക്ക് പിന്തുണ നൽകും.

കുട്ടികളുടെയും രക്ഷിതാക്കളുടെയും പരീക്ഷാ കാലത്തെ ശാരീരിക മാനസിക പ്രയാസങ്ങളെ സംബന്ധിച്ച ആശങ്കകൾക്ക് എജ്യുകെയർ കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന പ്രത്യേക വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ മെന്റർമാർ മറുപടി നൽകും.

കോവിഡ് കാലത്തെ കുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി കുട്ടികളിൽ നിന്നും അധ്യാപകരിൽ നിന്നും പ്രശ്നങ്ങളും അഭിപ്രായങ്ങളും ആരാഞ്ഞതിന് ശേഷമാണ് പദ്ധതി നടപ്പിലാക്കുന്നത്. മൂന്ന് ഘട്ടങ്ങളിലായി (മോഡൽ പരീക്ഷയ്ക്ക് മുമ്പ്, പരീക്ഷ സമയത്ത്, പരീക്ഷാ ശേഷം) പ്രത്യേക മൊഡ്യൂളുകളുപയോഗിച്ചാണ് മെന്റർമാർ കുട്ടികളും രക്ഷിതാക്കളുമായി ഇടപെടുക.

ടെലിസപ്പോർട്ട് സിസ്റ്റം

കോഴിക്കോട്: കൗൺസിലിങ് ആവശ്യമായ കുട്ടികളെ മെന്റർമാർ വഴി മാനസിക ആരോഗ്യ വിദഗ്ദ്ധരുമായി കണക്ട് ചെയ്യുന്ന പ്രത്യക ടെലി പോർട്ടൽ സിസ്റ്റവും ആവിഷ്കരിച്ചിട്ടുണ്ട്. മുഴുവൻ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലേയും കുട്ടികൾക്ക് സേവനം ലഭ്യമാകും.

സ്റ്റുഡന്റ്സ് പാലിയേറ്റീവ് രൂപീകരിച്ചു

തിരൂരങ്ങാടി: ഭാവി തലമുറയെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളുടെ കൂടെ നടത്തുക എന്ന ഉദ്ദേശത്തോടെ കലാലയങ്ങളിൽ നടപ്പിലാക്കുന്ന വിദ്യാർത്ഥി പാലിയേറ്റീവ് കൂട്ടായ്മയായ സ്റ്റുഡന്റ്സ് ഇനീഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ (സിപ്) വലിയപറമ്പ് മലബാർ സെൻട്രൽ സ്കൂളിൽ രൂപീകരിച്ചു. പാലിയേറ്റീവ് ദിന പ്രചരണ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച കൂട്ടായ്മ പ്രിൻസിപ്പൾ ജംഷീർ നഹ ഉൽഘാടനം ചെയ്തു. സിപ് കുന്നുംപുറം സോണൽ മെന്റർ സി.പി യൂനുസ് ക്ലാസെടുത്തു. എസ് ഐ പി സ്കൂൾ ലീഡറായി പി. അമൽ സിദ്ദീഖ്, അസിസ്റ്റന്റ് ലീഡറായി കെ.ദിയ ഫാത്തിമ എന്നിവരെ തെരഞ്ഞെടുത്തു

അഞ്ച് കിലോ കഞ്ചാവുമായി മഞ്ചേരി സ്വദേശികൾ പിടിയിൽ

മഞ്ചേരി: ജില്ലയിലെ മഞ്ചേരി, അരീക്കോട് , കൊണ്ടോട്ടി മേഖലകളിലെ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് വിതരണത്തിനായി കൊണ്ടുവന്ന 5 കിലോ കഞ്ചാവുമായി മൂന്ന് പേർ പിടിയിൽ. മഞ്ചേരി കരുവമ്പ്രം പുല്ലൂർ ഉള്ളാട്ടിൽ അബൂബക്കർ (38), ചെവിട്ടൻ കുഴിയിൽ സൽമാൻഫാരിസ്(35) എന്ന സുട്ടാണി. കണ്ണിയൻ മുഹമ്മദ് ജംഷീർ (31) എന്നിവരെയാണ് ജില്ലാ ആന്റി നർക്കോട്ടിക്ക് സ്ക്വാഡും കൊണ്ടോട്ടി പോലീസും ചേർന്ന് പിടികൂടിയത്. ഇന്നലെ പുലർച്ചെ കൊണ്ടോട്ടി ഒന്നാം മൈലിൽ വെച്ച് പിടിയിലായ സംഘം മഞ്ചേരി പുല്ലൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മയക്കുമരുന്ന് മാഫിയയിലെ അംഗങ്ങളാണ്. കേരളത്തിലും തമിഴ്നാട്ടിലുമായി നിരവധി കഞ്ചാവ്-കളവു കേസുകളിൽ പ്രതിയാണ് പിടിയിലായ അബുബക്കർ. തമിഴ്നാട് മധുരയിൽ കഞ്ചാവുമായി പിടിക്കപ്പെട്ട് ഒരു വർഷത്തോളമായി ശിക്ഷിക്കപ്പെട്ട് ജയിലിലായിരുന്നു. 5 മാസങ്ങൾക്ക് മുൻപാണ് ജാമ്യത്തിൽ ഇറങ്ങിയത്.പ്രതികളെ ചോദ്യം ചെയ്തതിൽ ജില്ലയിലെ ചെറുതും വലുതുമായ നിരവധി ലഹരി കടത്തു സംഘങ്ങളെ കുറിച്ച് സൂചന ലഭിച്ചിട്ടുണ്ട്.

ഇവരെ നിരീക്ഷിച്ചു വരികയാണ്. ഈ വർഷം ഇതുവരെ 40 കിലോ കഞ്ചാവാണ് ജില്ലാ ആന്റി നർക്കോട്ടിക്ക് സ്ക്വാഡും ജില്ലാ പൊലീസും ചേർന്ന് പിടികൂടിയത്.



കഞ്ചാവുമായി പിടിയിലായ പ്രതികൾ

സാഹസികതയിൽ ജോലിയെടുത്ത് തൊഴിലുറപ്പ് വനിതകൾ

പേരാമ്പ്ര: ഏതു തൊഴിലും തങ്ങൾക്കും അന്യമല്ലെന്ന് തെളിയിച്ച സ്ത്രീകൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ജോലിയിലൂടെയും ഏത് ജോലിയിലും തങ്ങൾ പിന്നോട്ടല്ലെന്ന് തെളിയിക്കുകയാണ് പാലേരിയിലെ വനിതകൾ. ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽകൈതേരിമുക്ക് ഭാഗത്ത് അതിസാഹസികമായി കയ്യാല നിർമ്മാണ ജോലിയിൽ ഏർപ്പെട്ടിരിക്കുകയാണ് ഒരു കൂട്ടം വനിതകൾ.

പത്ത് മീറ്ററോളം ഉയരമുള്ള മൺകയ്യാല സാഹസികമായാണ് ഇവർ നിർമ്മിക്കുന്നത്. ശരീരത്തിൽ കയർകെട്ടി സമീപത്തെ മരത്തിൽ കെട്ടി തങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തി ഇവർ കയ്യാലയുടെ മധ്യ ഭാഗത്ത് നിന്നാണ് ജോലി പൂർത്തിയാക്കുന്നത്.കൈതേരി മുക്കിൽ കട്ടൻകോട് ആശയുടെ വീടിന്റെ പുറക് വശത്തെ കയ്യാലയാണ് വളയിട്ട കൈകളാൽ പൂർത്തിയാവുന്നത്.

കഴിഞ്ഞ ഒരാഴ്ചക്കാലമായി തൊഴിലാളികളായ വാഴയിൽ വാഴയിൽ ശോഭ, എ.പി. ഉഷ, വി. മോളി, കെ.കെ. ഷീബ, കട്ടൻകോട്ടുമ്മൽ ഉഷ, ആസ്യ, കെ.കെ. ആശ, വി. മൈഥിലി, ജാനു മൈലശ്ശേരി, കെ.കെ. രാധ, കെ.കെ. ഉഷ തുടങ്ങിയവർ മേറ്റ് കെ. എം. റീനയുടെ മേൽനോട്ടത്തിൽ കയ്യാലയുടെ പണി എടുക്കുന്നത്.

തൊഴിലുറപ്പു തൊഴിലാളികളായ വനിതകൾ സാഹസികമായി കയ്യാല നിർമ്മാണത്തിൽ

അനധികൃതമായി നികത്തിയ വയലിലെ മണ്ണ് ഉദ്യോഗസ്ഥർ നീക്കം ചെയ്തു

മഞ്ചേരി : അനുമതിയില്ലാതെ നികത്തിയ വയലിലെ മണ്ണ് റവന്യൂ ഉദ്യോഗസ്ഥർ നേരിട്ടെത്തി നീക്കം ചെയ്തു. മഞ്ചേരി തുറക്കൽ ബൈപ്പാസ് റോഡരികിലാണ് സംഭവം. ബ്ലോക് 52, സർവ്വെ നമ്പർ 3/4ൽ ആറു വർഷം മുമ്പ് മണ്ണിട്ട് നികത്തിയതാണ് ഭൂമി. ഇത് അനധികൃതമെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർ മണ്ണ് നീക്കം ചെയ്യണമെന്ന് നിരവധി തവണ ഉടമകളായ നറുകര കോട്ടുപറ്റ പെരുമ്പള്ളി മുഹമ്മദലി, നസീമ, മുജീബ്, ആയിഷ റോഷ്ന, റിഷ്ന, അബ്ദുസ്സലാം എന്നിവർക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ഉടമകളുടെ ഭാഗത്തു നിന്ന് അനുകൂലമായ നീക്കമില്ലാത്തതിനെ തുടർന്നാണ് ജില്ലാ കളക്ടർ കെ ഗോപാലകൃഷ്ണൻ മണ്ണ് നീക്കം ചെയ്യാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്നലെ രാവിലെ മണ്ണ് മാന്തി യന്ത്രവും ടിപ്പർ ലോറികളുമായി എത്തിയ ഉദ്യോഗസ്ഥർ മണ്ണ് നീക്കം ചെയ്യുകയായിരുന്നു.

LOST

I KUNJIPPATHU RAYAROTH W/O KUNJIPPAKKI HAJI RESIDING AT RAYAROTH HOUSE, ARIKKULAM PO,KOZHIKODE. PASSPORT NO H2591591 AT KOZHIKODE HAVE CHANGED MY NAME AS KUNHIPPATHU PULIYANKADAVATH

പണയ സ്വർണ്ണം
വിൽക്കാൻ
മേഘ ഗോൾഡ്
9895251871

ADMISSION 2021-2022
LLB | LLM
UGC / BCI / UPSC / KERALA PSC APPROVED
Since 2003
GLOBAL ACADEMY
EDUCATION - DISTANCE | ONLINE | CONSULTANCY
94001 66709
94001 66693
www.globalacademy.org.in

ജോലിയോടൊപ്പം പഠിക്കാം
B.Ed | M.Ed
UGC / NCTE / UPSC / KERALA PSC APPROVED
Since 2003
GLOBAL ACADEMY
EDUCATION - DISTANCE | ONLINE | CONSULTANCY
94001 66693
94001 66709
www.globalacademy.org.in

SOUTH INDIAN Bank
ഡോർ നമ്പർ . ടി.പി 7/396-കെ, മാതാ ടവേഴ്സ്, സൗത്ത് കോഴിക്കോട്-വയനാട് റോഡ്, താമരശ്ശേരി -673573, ഇമെയിൽ ഐഡി: br0428@sib.co.in

സ്വർണ്ണ ലേല അറിയിപ്പ്

താഴെപറയുന്നതെന്തെന്നാൽ ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അംഗീകൃത ഉദ്യോഗസ്ഥൻ സ്വർണ വായ്പയുടെ കുടിശ്ശിക തീർക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കടം വാങ്ങിയ വ്യക്തിക്ക് സെയിൽ നോട്ടീസ് (കൾ) അയച്ചിട്ടുണ്ട്. തുക തിരിച്ചടയ്ക്കുന്നതിൽ കടം വാങ്ങുന്നയാൾ പരാജയപ്പെട്ടതിനാൽ , കടം വാങ്ങുന്നയാൾക്കും പൊതുജനങ്ങൾക്കും നോട്ടീസ് നൽകിയിട്ടുണ്ട്. 'എന്താണ് അടിസ്ഥാനം'. ' അതേപോലെ തന്നെ ഇപ്പോഴുള്ള അവസ്ഥയിൽ താഴെ പ്പെവച്ചിരിക്കുന്ന ഓഫീസർ സ്വർണ്ണാഭരണങ്ങളുടെ ഓൺലൈൻ ലേലം നടത്തുന്നതാണ്. 0428653000009545 വായ്പക്കാരന്റെ അക്കൗണ്ട് നമ്പറിൽ . ലേലം https://egold.auctiontiger.net വഴി 05-02-2021 ന് രാവിലെ 11:00 മുതൽ 01 വരെ നടത്തുന്നതാണ് . കൂടുതൽ വിവരങ്ങൾക്ക് 07935022137/24 അല്ലെങ്കിൽ 6351896640 എന്ന നമ്പറിൽ ബന്ധപ്പെടുക. വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും https://egold.auctiontiger.net സന്ദർശിക്കുക.

ഒപ്പ് അംഗീകൃത ഓഫീസർ
ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്

കേരള സർക്കാർ
പൊതുമരാമത്ത് വകുപ്പ്
RBDCK
ROAD TO PROSPERITY
Roads and Bridges Development Corporation of Kerala Ltd
KIIFB
ഉറപ്പാക്കുന്നു
ധനലഭ്യത ഗുണനിലവാരം സമയക്രമം

10 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണോദ്ഘാടനം
ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ
ഇന്ന് (23-01-2021) രാവിലെ 11 ന് നിർവഹിക്കുന്നു

കേരളത്തിന്റെ പ്രധാന ലെവൽക്രോസുകളിലെ കാത്തിരിപ്പിന് അവസാനം

ശ്രീ. പിണറായി വിജയൻ
(ബഹു. കേരള മുഖ്യമന്ത്രി)

അദ്ധ്യക്ഷൻ:
ശ്രീ. ജി. സുധാകരൻ
(ബഹു. പൊതുമരാമത്ത്, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)

മുഖ്യാതിഥി:
ഡോ. ടി.എം. തോമസ് ഐസക്
(ബഹു. ധനകാര്യ, കയർ വകുപ്പ് മന്ത്രി)

കേരളത്തിൽ വാഹനഗതാഗതം സുഗമമാക്കുന്നതിനായി 10 റെയിൽവേ മേൽപ്പാലങ്ങൾ ഉയരുന്നു. നവീനമായ സ്റ്റീൽ കോംപസിറ്റ് സാങ്കേതിക വിദ്യയിൽ നിർമ്മിക്കുന്ന ഈ മേൽപ്പാലങ്ങൾ സംസ്ഥാനത്തിന്റെ വികസനചിത്രം മാറ്റിവരയ്ക്കാൻ കഴിയുന്നവയാണ്.

1. ചിറയിൻകീഴ് (തിരുവനന്തപുരം)
2. ഇരവിപുരം (കൊല്ലം)
3. മാളിയേക്കൽ (കൊല്ലം)
4. ചിറങ്ങര (തൃശൂർ)
5. ഗുരുവായൂർ (തൃശൂർ)
6. അകത്തേക്കര (പാലക്കാട്)
7. വാടാനം കുറിശി (പാലക്കാട്)
8. താനൂർ – തെയ്യാല (മലപ്പുറം)
9. ചേളാരി – ചെട്ടിപ്പാടി (മലപ്പുറം)
10. കൊടുവള്ളി (കണ്ണൂർ)



100 ദിന പരിപാടി രണ്ടാം ഘട്ടം
Break the Chain
www.kiifb.kerala.gov.in
Tel: +91 (471) 2780900
limax

കേരള പബ്ലിക് സർവീസ് കമ്മിഷൻ
ലഘു വിജ്ഞാപനം

ഫയൽ നമ്പർ : ആർ&എ‌II(3)/14/2020-KPSC

അസാധാരണ ഗസറ്റ് തീയതി : 30.12.2020
പരസ്യ നമ്പർ : 13/2020

അവസാന തീയതി : 03.02.2021
ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ

ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിനുശേഷവും, നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ Profile-ലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ (www.keralapsc.gov.in) അപേക്ഷ സമർപ്പിക്കേണ്ടതാണ്. യോഗ്യത ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് 30.12.2020 തീയതിയിലെ ഗസറ്റ് വിജ്ഞാപനം, 01.01.2021 തീയതിയിലെ പി.എസ്.സി ബുള്ളറ്റിൻ, കമ്മീഷൻ വെബ്സൈറ്റ് (www.keralapsc.gov.in) എന്നിവ കാണുക.

ജനറൽ റിക്രൂട്ട്മെന്റ് - സംസ്ഥാനതലം.

കാറ്റഗറി നമ്പർ : 377/2020
തസ്തിക: ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - I /ഓവർസിയർ ഗ്രേഡ് - I (ഇലക്ട്രിക്കൽ), വകുപ്പ്: ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
ശമ്പള നിരക്ക്: ₹ 26,500-56,700/-
പ്രായം : 18 – 36, ഒഴിവുകൾ: 02 (രണ്ട്)

കാറ്റഗറി നമ്പർ : 378/2020
തസ്തിക: ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II,
വകുപ്പ്: മെഡിക്കൽ വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 22,200-48,000/-, പ്രായം : 18 – 41, ഒഴിവുകൾ: 01(ഒന്ന്)

കാറ്റഗറി നമ്പർ : 379/2020
തസ്തിക: എക്സ്റേ ടെക്നീഷ്യൻ ഗ്രേഡ് - II
വകുപ്പ്: ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
ശമ്പള നിരക്ക്: ₹ 22,200-48,000/-, പ്രായം : 18 – 36,
ഒഴിവുകൾ: കണക്കാക്കപ്പെട്ടിട്ടില്ല

കാറ്റഗറി നമ്പർ : 380/2020
തസ്തിക: സ്റ്റെനോഗ്രാഫർ ഗ്രേഡ് II,
വകുപ്പ്: കേരള ലാൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ശമ്പള നിരക്ക്: ₹ 10480 - 18300/-,
പ്രായം : 18 – 36, ഒഴിവുകൾ: 02 (രണ്ട്)

കാറ്റഗറി നമ്പർ : 381/2020
തസ്തിക: അസിസ്റ്റന്റ് മാനേജർ (കെമിക്കൽ),
വകുപ്പ്: കേരള സിറാമിക്സ് ലിമിറ്റഡ്, ശമ്പള നിരക്ക്: ₹ 7200-11400 /-, പ്രായം : 18 – 39, ഒഴിവുകൾ: 01(ഒന്ന്)

ജനറൽ റിക്രൂട്ട്മെന്റ് - ജില്ലാതലം

കാറ്റഗറി നമ്പർ : 382/2020
തസ്തിക: ഹൈസ്ക്കൂൾ ടീച്ചർ (സോഷ്യൽ സയൻസ്) മലയാളം മാധ്യമം (തസ്തികമാറ്റം വഴി), വകുപ്പ്: വിദ്യാഭ്യാസം,
ശമ്പള നിരക്ക്: ₹ 29200-62400/, പ്രായം : ബാധകമല്ല,
ഒഴിവുകൾ: തിരുവനന്തപുരം - 1 (ഒന്ന്), കോഴിക്കോട് - 1 (ഒന്ന്), കാസർഗോഡ് -1 (ഒന്ന്)

കാറ്റഗറി നമ്പർ : 383/2020
തസ്തിക: ഹൈസ്ക്കൂൾ ടീച്ചർ (ഗണിതശാസ്ത്രം)(മലയാളം മാധ്യമം) , വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 29200-62400/, പ്രായം:18–40, ഒഴിവുകൾ: 14 ജില്ലകളിലും (കണക്കാക്കപ്പെട്ടിട്ടില്ല.)

കാറ്റഗറി നമ്പർ : 384/2020
തസ്തിക: ഹൈസ്ക്കൂൾ ടീച്ചർ (നാച്ചുറൽ സയൻസ്) (മലയാളം മാധ്യമം) , വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 29200-62400/, പ്രായം:18–40, ഒഴിവുകൾ: 14 ജില്ലകളിലും (കണക്കാക്കപ്പെട്ടിട്ടില്ല.)

കാറ്റഗറി നമ്പർ : 385/2020
തസ്തിക: ഹൈസ്കൂൾ ടീച്ചർ (ഇംഗ്ലീഷ്) (തസ്തികമാറ്റം വഴി) , വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 29200-62400,
പ്രായം : ബാധകമല്ല, ഒഴിവുകൾ: പാലക്കാട് - 1 (ഒന്ന്), മലപ്പുറം - 1 (ഒന്ന്), വയനാട് - 1 (ഒന്ന്), കാസർഗോഡ് - 1 (ഒന്ന്)

കാറ്റഗറി നമ്പർ : 386/2020
തസ്തിക: ഹൈ സ്കൂൾ ടീച്ചർ (അറബിക്) (തസ്തികമാറ്റം വഴി), വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 29200-62400/- (PR), പ്രായം : ബാധകമല്ല, ഒഴിവുകൾ: തൃശൂർ - 02 (രണ്ട്), കണ്ണൂർ - 01 (ഒന്ന്)

കാറ്റഗറി നമ്പർ : 387/2020
തസ്തിക: ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) എൽ.പി.എസ്, വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 25200-54000/-, പ്രായം : 18 – 40, ഒഴിവുകൾ: പാലക്കാട് - 2

കാറ്റഗറി നമ്പർ : 388/2020
തസ്തിക: ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (ഹൈ സ്ക്കൂൾ)
(മലയാളം മാധ്യമം), വകുപ്പ്: വിദ്യാഭ്യാസം,
ശമ്പള നിരക്ക്: ₹ 25,200-54,000/, പ്രായം : 18 – 40
ഒഴിവുകൾ: പാലക്കാട് - 07 (ഏഴ്), മലപ്പുറം - 10 (പത്ത്)

കാറ്റഗറി നമ്പർ : 389/2020
തസ്തിക: ഡ്രോയിംഗ് ടീച്ചർ (ഹൈസ്കൂൾ) (തസ്തികമാറ്റം വഴി), വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 25200-54000/-, പ്രായം : ബാധകമല്ല, ഒഴിവുകൾ: എറണാകുളം-1 (ഒന്ന്), തൃശ്ശൂർ-1 (ഒന്ന്)

കാറ്റഗറി നമ്പർ : 390/2020
തസ്തിക: ഡ്രോയിംഗ് ടീച്ചർ (ഹൈസ്കൂൾ)(മലയാളം മീഡിയം), വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹25200-54000/-,
പ്രായം : 18 – 40, ഒഴിവുകൾ: തിരുവനന്തപുരം - 6(ആറ്), കാസർഗോഡ് - 5 (അഞ്ച്)

കാറ്റഗറി നമ്പർ : 391/2020
തസ്തിക: മ്യൂസിക് ടീച്ചർ (ഹൈ സ്ക്കൂൾ), വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 25,200-54,000/-, പ്രായം : 18 – 40, ഒഴിവുകൾ: പാലക്കാട് - 04 (നാല്), എറണാകുളം - 01 (ഒന്ന്), കാസറഗോഡ് -03 (മൂന്ന്)

കാറ്റഗറി നമ്പർ : 392/2020
തസ്തിക: ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (യു.പി.എസ്) (തസ്തികമാറ്റം വഴി) , വകുപ്പ്: വിദ്യാഭ്യാസം,
ശമ്പള നിരക്ക്: ₹ 25,200-54,000/-, പ്രായം : ബാധകമല്ല ഒഴിവുകൾ: തിരുവനന്തപുരം - 01, എറണാകുളം - 01,
തൃശൂർ - 02, പാലക്കാട് - 01, കാസർഗോഡ് - 01.

കാറ്റഗറി നമ്പർ : 393/2020
തസ്തിക: ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്)
(എൽ പി.എസ്) (തസ്തികമാറ്റം വഴി) , വകുപ്പ്: വിദ്യാഭ്യാസം,
ശമ്പള നിരക്ക്: ₹ 25,200-54,000/-, പ്രായം : ബാധകമല്ല ഒഴിവുകൾ: കൊല്ലം - 02, ആലപ്പുഴ - 02, തൃശൂർ - 02, കണ്ണൂർ - 01
കാസർഗോഡ് -01,

കാറ്റഗറി നമ്പർ : 394/2020
തസ്തിക: ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് 2,
വകുപ്പ്: ഹോമിയോപ്പതി, ശമ്പള നിരക്ക്: ₹ 22,200 – 48,000/-, പ്രായം : 18 – 36, ഒഴിവുകൾ: തിരുവനന്തപുരം - 01 (ഒന്ന്),
ഇടുക്കി - 01 (ഒന്ന്)

കാറ്റഗറി നമ്പർ : 395/2020
തസ്തിക: ട്രാക്ടർ ഡ്രൈവർ, വകുപ്പ്: ഭൂജലം,
ശമ്പള നിരക്ക്: ₹20,000 – 45,800 -, പ്രായം : 19 - 36 ഒഴിവുകൾ: ആലപ്പുഴ - 01 (ഒന്ന്),

കാറ്റഗറി നമ്പർ : 396/2020
തസ്തിക: കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II (വിമുക്തഭടൻമാരിൽ നിന്നു മാത്രം), വകുപ്പ്: എൻ.സി.സി ,
ശമ്പള നിരക്ക്: ₹20,000 – 45,800 -, പ്രായം : 18 - 36 ഒഴിവുകൾ: തിരുവനന്തപുരം - 2 (രണ്ട്), കൊല്ലം - 1 (ഒന്ന്),
കോട്ടയം - 1 (ഒന്ന്), എറണാകുളം - 1 (ഒന്ന്).

കാറ്റഗറി നമ്പർ : 397/2020
തസ്തിക: കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II (വിമുക്തഭടന്മാർക്ക് മാത്രം), വകുപ്പ്: സൈനികക്ഷേമം,
ശമ്പള നിരക്ക്: ₹20,000 – 45,800 -, പ്രായം : 18 - 36 ഒഴിവുകൾ: തിരുവനന്തപുരം - 1 (ഒന്ന്).

കാറ്റഗറി നമ്പർ : 398/2020
തസ്തിക:മോട്ടോർ മെക്കാനിക്ക്, വകുപ്പ്: ആരോഗ്യം,
ശമ്പള നിരക്ക്: ₹ 19,000 – 43,600/ -, പ്രായം : 18 - 39 ഒഴിവുകൾ: തിരുവനന്തപുരം - 01 (ഒന്ന്), പത്തനംതിട്ട - 01 (ഒന്ന്), ഇടുക്കി - 01 (ഒന്ന്), കണ്ണൂർ - 01 (ഒന്ന്)

കാറ്റഗറി നമ്പർ : 399/2020
തസ്തിക: ഡ്രേസർ, വകുപ്പ്: മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണം, ശമ്പള നിരക്ക്: ₹ 19,000 – 43,600/ -, പ്രായം : 18 - 36 ഒഴിവുകൾ: തൃശ്ശൂർ- (1)ഒന്ന്

കാറ്റഗറി നമ്പർ : 400/2020
തസ്തിക: പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർ (അറബിക്),
വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 19,000 – 43,600/ -, പ്രായം : 18 – 40, ഒഴിവുകൾ: കണ്ണൂർ - 2 (രണ്ട്)

കാറ്റഗറി നമ്പർ : 401/2020
തസ്തിക: പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർ (ഉറുദു) ,
വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 19,000 – 43,600/ -, പ്രായം : 18 – 40, ഒഴിവുകൾ: പാലക്കാട് - 2 (രണ്ട്)

കാറ്റഗറി നമ്പർ : 402/2020
തസ്തിക: പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ്, വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 18000-41500/-, പ്രായം : 18 – 40, ഒഴിവുകൾ: എറണാകുളം - 01, പാലക്കാട് - 01, കണ്ണൂർ - 03

കാറ്റഗറി നമ്പർ : 403/2020
തസ്തിക: ബോട്ട് ഡ്രൈവർ ഗ്രേഡ് II, വകുപ്പ്: ജലസേചനം, ശമ്പള നിരക്ക്: ₹ 18000-41500/-, പ്രായം : 18 – 36, ഒഴിവുകൾ: തൃശ്ശൂർ- (1)ഒന്ന്, ആലപ്പുഴ-(1)ഒന്ന് (പ്രതീക്ഷിത ഒഴിവ്)

കാറ്റഗറി നമ്പർ : 404/2020
തസ്തിക: ഇലക്ട്രീഷ്യൻ, വകുപ്പ്: കാർഷിക വികസന കർഷക ക്ഷേമം, ശമ്പള നിരക്ക്: ₹ 18000 - 41500/-,
പ്രായം : 19 – 37, ഒഴിവുകൾ: തിരുവനന്തപുരം - (1)ഒന്ന്, കൊല്ലം-(1)ഒന്ന്

കാറ്റഗറി നമ്പർ : 405/2020
തസ്തിക: ട്രാക്ടർ ഡ്രൈവർ, വകുപ്പ്: കാർഷിക വികസന കർഷക ക്ഷേമം, ശമ്പള നിരക്ക്: ₹ 18000-41500/-,
പ്രായം : 19 – 36, ഒഴിവുകൾ: എറണാകുളം - (1)ഒന്ന്,
മലപ്പുറം-(3)മൂന്ന്

കാറ്റഗറി നമ്പർ : 406/2020
തസ്തിക: ട്രാക്ടർ ഡ്രൈവർ, വകുപ്പ്: മൃഗസംരക്ഷണം,
ശമ്പള നിരക്ക്: ₹ 18000-41500/-,
പ്രായം : 18 – 36, ഒഴിവുകൾ: കൊല്ലം - (1)ഒന്ന്,

സ്പെഷ്യൽ റിക്രൂട്ട്മെന്റ് - സംസ്ഥാനതലം - കാറ്റഗറി നമ്പർ : 407/2020
തസ്തിക: ആംഡ് പോലീസ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, വകുപ്പ്: കേരള പോലീസ് സർവ്വീസ് (ആംഡ് പോലീസ് ബറ്റാലിയൻ), ശമ്പള നിരക്ക്: ₹ 30700-65400/-, പ്രായം : 20 – 36, ഒഴിവുകൾ: 02(രണ്ട്)(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാർക്ക് മാത്രം)

എൻ.സി.എ. റിക്രൂട്ട്മെന്റ് - സംസ്ഥാനതലം

കാറ്റഗറി നമ്പർ : 408/2020 - ഒന്നാം എൻ.സി.എ വിജ്ഞാപനം
തസ്തിക: അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ,
വകുപ്പ്: ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്,
ശമ്പള നിരക്ക്: ₹45800 – 89,000, പ്രായം : 21 - 45,
ഒഴിവുകൾ: ഹിന്ദുനാടാർ - 2(രണ്ട്)

കാറ്റഗറി നമ്പർ : 409/2020 - മൂന്നാം എൻ.സി.എ വിജ്ഞാപനം
തസ്തിക: ഹയർ സെക്കന്ററി സ്കൂൾ അധ്യാപകൻ - മാത്തമെറ്റിക്സ്., വകുപ്പ്: ഹയർ സെക്കന്ററി വിദ്യാഭ്യാസം,
ശമ്പള നിരക്ക്: ₹39500-83000/- (പുതുക്കിയത്),
പ്രായം : 20 - 45, ഒഴിവുകൾ: പട്ടികവർഗ്ഗം - 3 (മൂന്ന്)

കാറ്റഗറി നമ്പർ : 410/2020 - ഒന്നാം എൻ.സി.എ വിജ്ഞാപനം
തസ്തിക: മെഡിക്കൽ വിദ്യാഭ്യാസം (മെഡിക്കൽ കോളേജുകൾ-ന്യൂറോളജി വിഭാഗം), വകുപ്പ്: ക്ലിനിക്കൽ സൈക്കോളജിസ്റ്റ്,
ശമ്പള നിരക്ക്: ₹ 35,700-75,600/-, പ്രായം : 23 - 39
ഒഴിവുകൾ: എൽ.സി/ എ.ഐ -01 (ഒന്ന്)

കാറ്റഗറി നമ്പർ : 411/2020 - 412/2020 - ഒന്നാം എൻ.സി.എ വിജ്ഞാപനം
തസ്തിക: ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - II (മെക്കാനിക്കൽ എഞ്ചിനീയറിങ്), വകുപ്പ്: സാങ്കേതിക വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 29,200-62,400/-, ഒഴിവുകൾ:

കാറ്റഗറി നമ്പർ	വിഭാഗം	ഒഴിവുകൾ	പ്രായം
411/2020	എസ്. സി.	3 (മൂന്ന്)	18 - 41
412/2020	ഹിന്ദു നാടാർ	(1) ഒന്ന്	18 - 39

കാറ്റഗറി നമ്പർ : 413/2020 -അഞ്ചാം എൻ.സി.എ വിജ്ഞാപനം
തസ്തിക: ഇൻസ്ട്രുമെന്റ് മെക്കാനിക്ക്, വകുപ്പ്: മെഡിക്കൽ വിദ്യാഭ്യാസ സർവീസ്, ശമ്പള നിരക്ക്: ₹ 20,000-45,800/-,
പ്രായം : 18 – 41, ഒഴിവുകൾ: പട്ടികജാതി-01 (ഒന്ന്)

കാറ്റഗറി നമ്പർ : 414/2020 - നാലാം എൻ.സി.എ വിജ്ഞാപനം
തസ്തിക: സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II, വകുപ്പ്: കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, ശമ്പള നിരക്ക്: ₹ 6330-11095/, പ്രായം : 18 – 41, ഒഴിവുകൾ: എസ്.ടി - 1 (ഒന്ന്)

കാറ്റഗറി നമ്പർ : 415/2020 - 417/2020 - നാലാം എൻ.സി.എ വിജ്ഞാപനം
തസ്തിക: സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II, വകുപ്പ്: ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, ശമ്പള നിരക്ക്: ₹ 5850-8730/,
ഒഴിവുകൾ:

കാറ്റഗറി നമ്പർ	വിഭാഗം	ഒഴിവുകൾ	പ്രായം
415/2020	മുസ്ലീം	2 (രണ്ട്)	18 - 49
416/2020	ധീവര	(1) ഒന്ന്	18 – 49
417/2020	പട്ടിക ജാതി	2 (രണ്ട്)	18 - 50

എൻ.സി.എ. റിക്രൂട്ട്മെന്റ് - ജില്ലാതലം- കാറ്റഗറി നമ്പർ : 418/2020
ഒന്നാം എൻ .സി.എ. വിജ്ഞാപനം
തസ്തിക: ഹൈസ്ക്കൂൾ ടീച്ചർ (ഇംഗ്ലീഷ്), വകുപ്പ്: വിദ്യാഭ്യാസം,
ശമ്പള നിരക്ക്: ₹ 29200-62400/-, പ്രായം : 18 - 43, പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽനിന്നും ക്രിസ്ത്യൻ സമുദായത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും ഉയർന്ന പ്രായപരിധി 45 വയസ്സ്
ഒഴിവുകൾ: എസ്.സി.സി.സി - കാസർഗോഡ് -01 (ഒന്ന്)

കാറ്റഗറി നമ്പർ : 419/2020 - 422/2020 - രണ്ടാം എൻ.സി.എ വിജ്ഞാപനം
തസ്തിക: ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്), വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്:
₹ 25200-54000/-, പ്രായം : 18 – 43, പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽനിന്നും ക്രിസ്ത്യൻ സമുദായത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും ഉയർന്ന പ്രായപരിധി 45 വയസ്, (18 – 45 -പട്ടിക വർഗ്ഗം) ഒഴിവുകൾ: കോഴിക്കോട്

കാറ്റഗറി നമ്പർ	വിഭാഗം	ഒഴിവുകൾ	പ്രായം
419/2020	ധീവര	1 (ഒന്ന്)	18 - 43
420/2020	എസ്.സി.സി.സി	1 (ഒന്ന്)	18 – 43
421/2020	പട്ടിക വർഗ്ഗം	3 (മൂന്ന്)	18 – 45
422/2020	ഹിന്ദു നാടാർ	1 (ഒന്ന്)	18 - 43

കാറ്റഗറി നമ്പർ : 423/2020 - 424/2020 - മൂന്നാം എൻ.സി.എ. വിജ്ഞാപനം
തസ്തിക: ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്), വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 25200-54000/-, പ്രായം : 18 – 45, ഒഴിവുകൾ:
പട്ടികവർഗം - പാലക്കാട് - 1(ഒന്ന്) കാറ്റഗറി നമ്പർ : 423/2020
പട്ടികജാതി - വയനാട് - 3(മൂന്ന്) കാറ്റഗറി നമ്പർ : 424/2020

കാറ്റഗറി നമ്പർ : 425/2020 - 427/2020 - ഒന്നാം എൻ.സി.എ. വിജ്ഞാപനം
തസ്തിക: ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (ഹൈ സ്ക്കൂൾ) (മലയാളം മാധ്യമം), വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്:
₹ 25200-54000/-, പ്രായം : 18 – 43, ഒഴിവുകൾ:
വിശ്വകർമ്മ - ഇടുക്കി- 1(ഒന്ന്) കാറ്റഗറി നമ്പർ : 425/2020
എൽ.സി./എ.ഐ- കണ്ണൂർ- 1(ഒന്ന്) കാറ്റഗറി നമ്പർ : 426/2020
മുസ്ലീം - ആലപ്പുഴ – 2 (രണ്ട്) കാറ്റഗറി നമ്പർ : 427/2020

കാറ്റഗറി നമ്പർ : 428/2020 - 429/2020 - നാലാം എൻ.സി.എ. വിജ്ഞാപനം
തസ്തിക: ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്)
U.P.S, വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 25200-54000/-, പ്രായം : 18 – 45, ഒഴിവുകൾ: പട്ടികജാതി -
കാറ്റഗറി നമ്പർ : 428/2020 – പാലക്കാട് -03, കോഴിക്കോട് - 01, മലപ്പുറം - 05, കണ്ണൂർ - 02, കാസർഗോഡ് - 05, പട്ടികവർഗം - കാറ്റഗറി നമ്പർ : 429/2020 – കോഴിക്കോട് - 01, മലപ്പുറം - 02

കാറ്റഗറി നമ്പർ : 430/2020 - 439/2020 - ഒന്നാം എൻ.സി.എ. വിജ്ഞാപനം
തസ്തിക: ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) L.P.S, വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 25200-54000/-, പ്രായം : 18-43. ഈഴവ/തിയ്യ/ബില്ലവ, എസ്.ഐ.യു.സി നാടാർ, ഹിന്ദു നാടാർ, ഒ.ബി.സി, എൽ.സി/എ.ഐ, വിശ്വകർമ്മ, എസ്.സി.സി.സി, ധീവര എന്നീ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ. എന്നാൽ പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽനിന്നും ക്രിസ്ത്യൻ സമുദായത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും ഉയർന്ന പ്രായപരിധി 45 വയസ്സ്, 18-45 - പട്ടിക ജാതി, പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ, ഒഴിവുകൾ:

ഈഴവ/ തിയ്യ/ ബില്ലവ കാറ്റഗറി നമ്പർ : 430/2020	തൃശ്ശൂർ എറണാകുളം കാസർഗോഡ് ആലപ്പുഴ തിരുവനന്തപുരം ഇടുക്കി	5(അഞ്ച്) 1 (ഒന്ന്) 7 (ഏഴ്) 2(രണ്ട്) 10(പത്ത്) 1 (ഒന്ന്)
എസ്.ഐ.യു.സി. നാടാർ കാറ്റഗറി നമ്പർ : 431/2020	തൃശ്ശൂർ തിരുവനന്തപുരം കാസർഗോഡ്	1 (ഒന്ന്) 1 (ഒന്ന്) 2 (രണ്ട്)
ഹിന്ദു നാടാർ കാറ്റഗറി നമ്പർ : 432/2020	തിരുവനന്തപുരം	2 (രണ്ട്)
ഒ.ബി.സി കാറ്റഗറി നമ്പർ : 433/2020	തൃശ്ശൂർ ഇടുക്കി എറണാകുളം തിരുവനന്തപുരം കാസർഗോഡ് പത്തനംതിട്ട	1 (ഒന്ന്) 1 (ഒന്ന്) 1 (ഒന്ന്) 2 (രണ്ട്) 3 (മൂന്ന്) 1 (ഒന്ന്)
പട്ടിക ജാതി കാറ്റഗറി നമ്പർ : 434/2020	ഇടുക്കി പത്തനംതിട്ട തൃശ്ശൂർ എറണാകുളം കാസർഗോഡ് തിരുവനന്തപുരം	1 (ഒന്ന്) 2 (രണ്ട്) 2 (രണ്ട്) 1 (ഒന്ന്) 5 (അഞ്ച്) 6 (ആറ്)
പട്ടിക വർഗ്ഗം കാറ്റഗറി നമ്പർ : 435/2020	തൃശ്ശൂർ തിരുവനന്തപുരം കാസർഗോഡ്	1 (ഒന്ന്) 3 (മൂന്ന്) 1 (ഒന്ന്)
എൽ.സി/എ.ഐ കാറ്റഗറി നമ്പർ : 436/2020	എറണാകുളം കാസർഗോഡ്	1 (ഒന്ന്) 1 (ഒന്ന്)
വിശ്വകർമ്മ കാറ്റഗറി നമ്പർ : 437/2020	കാസർഗോഡ് തിരുവനന്തപുരം	1 (ഒന്ന്) 2 (രണ്ട്)
എസ്.സി.സി.സി കാറ്റഗറി നമ്പർ : 438/2020	തിരുവനന്തപുരം തൃശ്ശൂർ കാസർഗോഡ്	2 (രണ്ട്) 1 (ഒന്ന്) 1 (ഒന്ന്)
ധീവര കാറ്റഗറി നമ്പർ : 439/2020	തിരുവനന്തപുരം തൃശ്ശൂർ കാസർഗോഡ്	1 (ഒന്ന്) 1 (ഒന്ന്) 1 (ഒന്ന്

കാറ്റഗറി നമ്പർ : 440/2020 - 442/2020 - ഒന്നാം എൻ.സി.എ. വിജ്ഞാപനം
തസ്തിക: യു.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം),
വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 25200-54000/-, പ്രായം : 18 – 43, (18-45 പട്ടികജാതി, പട്ടികവർഗം)
ഒഴിവുകൾ: പട്ടികജാതി- തൃശൂർ - 04 (നാല്) - കാറ്റഗറി നമ്പർ : 440/2020
പട്ടികവർഗം - തൃശൂർ - 1 (ഒന്ന്)- കാറ്റഗറി നമ്പർ : 441/2020 ഹിന്ദുനാടാർ- കാസറഗോഡ്-1(ഒന്ന്) കാറ്റഗറി നമ്പർ:442/2020

കാറ്റഗറി നമ്പർ : 443/2020 - 452/2020 - ഒന്നാം എൻ.സി.എ. വിജ്ഞാപനം
തസ്തിക: ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II, വകുപ്പ്: ആരോഗ്യം, ശമ്പള നിരക്ക്: ₹22,200 -48000/-, പ്രായം : 18-39. 18-41 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ, എന്നാൽ പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്ത്യൻ സമുദായത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും ഉയർന്ന പ്രായപരിധി 41 വയസ്സ്, ഒഴിവുകൾ:

കാറ്റഗറി നമ്പർ	സമുദായം	ജില്ല	ഒഴിവുകൾ
443/2020	ഈഴവ/തീയ്യ/ബില്ലവ	കാസർഗോഡ്	1 (ഒന്ന്)
444/2020	പട്ടികവർഗം	കാസർഗോഡ്	1 (ഒന്ന്)
445/2020	മുസ്ലീം	കാസർഗോഡ്	3 (മൂന്ന്)
446/2020	എൽ.സി/എ.ഐ	കോട്ടയം മലപ്പുറം വയനാട്	1 (ഒന്ന്) 1 (ഒന്ന്) 1 (ഒന്ന്)
447/2020	ഒ.ബി.സി	കോട്ടയം	1 (ഒന്ന്)
448/2020	വിശ്വകർമ്മ	തൃശ്ശൂർ കാസർഗോഡ്	1 (ഒന്ന്) 1 (ഒന്ന്)
449/2020	എസ്.ഐ.യു.സി നാടാർ	മലപ്പുറം ഇടുക്കി കണ്ണൂർ കാസർഗോഡ്	1 (ഒന്ന്) 1 (ഒന്ന്) 1 (ഒന്ന്) 1 (ഒന്ന്)
450/2020	എസ്.സി.സി.സി	തിരുവനന്തപുരം പത്തനംതിട്ട തൃശ്ശൂർ പാലക്കാട് കണ്ണൂർ കാസർഗോഡ്	1 (ഒന്ന്) 1 (ഒന്ന്) 1 (ഒന്ന്) 1 (ഒന്ന്) 1 (ഒന്ന്) 1 (ഒന്ന്)
451/2020	ധീവര	പത്തനംതിട്ട	1 (ഒന്ന്)
452/2020	ഹിന്ദു നാടാർ	പാലക്കാട് മലപ്പുറം	1 (ഒന്ന്) 1 (ഒന്ന്)

കാറ്റഗറി നമ്പർ : 453/2020 - 454/2020 - ഒന്നാം എൻ.സി.എ. വിജ്ഞാപനം
തസ്തിക: ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ), വകുപ്പ്: ഹോമിയോപ്പതി, ശമ്പള നിരക്ക്: ₹20000 – 45800/-, പ്രായം : 18-39. എന്നാൽ പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്ത്യൻ സമുദായത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും ഉയർന്ന പ്രായപരിധി 41 വയസ്സ്, ഒഴിവുകൾ: എറണാകുളം
ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ (എസ്.സി.സി.സി) - കാറ്റഗറി നമ്പർ: 453/2020 - 01 (ഒന്ന്)
ലത്തീൻ കത്തോലിക്ക / ആംഗ്ലോ ഇന്ത്യൻ (എൽ.സി / എ.ഐ)
കാറ്റഗറി നമ്പർ : 454/2020 - - 01 (ഒന്ന്)

കാറ്റഗറി നമ്പർ : 455/2020 - ഒന്നാം എൻ.സി.എ. വിജ്ഞാപനം
തസ്തിക: പാർട്ട് ടൈം ഹൈ സ്കൂൾ ടീച്ചർ (സംസ്കൃതം), വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 19000-43600/-, പ്രായം : 18 – 43, ഒഴിവുകൾ: എസ്ഐ യു സി (നാടാർ) - കണ്ണൂർ - 1 (ഒന്ന്)

കാറ്റഗറി നമ്പർ : 456/2020 - നാലാം എൻ.സി.എ. വിജ്ഞാപനം
തസ്തിക: പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഉറുദു), വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 18,000-41,500/-, പ്രായം :
18 – 45, ഒഴിവുകൾ: മലപ്പുറം -പട്ടിക വർഗ്ഗം- 1 (ഒന്ന്)

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 1938ലെ ഹരിപുര സമ്മേളനത്തിൽ മഹാത്മാ ഗാന്ധിയോടൊപ്പം നേതാജി സുഭാഷ് ചന്ദ്രബോസ്. ഡോ. രാജേന്ദ്ര പ്രസാദ്, സർദാർ വല്ലഭ്ഭായി പട്ടേൽ എന്നിവർ സമീപം.

ഭാരതം നെഞ്ചോടു ചേർത്ത നേതാജി

ഇ.എൻ. നന്ദകുമാർ

രാഷ്ട്രീയ, മത പിൻബലമില്ലാത്ത ഒരാളെ ദശാബ്ദങ്ങൾക്കു ശേഷവും ഒരു ജനത സ്നേഹാദരപൂർവം സ്മരിക്കുന്നു എന്നത് ആ മനുഷ്യന്റെ സവിശേഷ വ്യക്തിത്വം ഒന്നുകൊണ്ടു മാത്രമാണ്. അത്രയ്ക്കു വലിയ സ്ഥാനമാണ് ഭാരത സ്വാതന്ത്ര്യസമര ചരിത്രത്തിൽ നേതാജി സുഭാഷ് ചന്ദ്രബോസിനുള്ളത്. ആ സ്ഥാനം സമാനതകളില്ലാത്തതാണ്.

ഏതൊരു ഭാരതീയനെയും പോലെ, സ്വാമി വിവേകാനന്ദൻ അദ്ദേഹത്തിന്റെ ആദർശ പുരുഷനായി. സമ്പന്നമായ കുടുംബാന്തരീക്ഷം ഉന്നത വിദ്യാഭ്യാസത്തിനു സഹായമായി. ഇംഗ്ലണ്ടിലെ ഉന്നതവിദ്യാഭ്യാസത്തിനു ശേഷം ലഭിച്ച അത്യന്തം ആകർഷണീയമായ സിവിൽ സർവീസ് ഉപേക്ഷിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേർന്നു. സ്വാഭാവികമായും ഗാന്ധിജിയിലും ആകൃഷ്ടനായി, സ്വാതന്ത്ര്യസമരത്തിന്റെ അവിഭാജ്യഘടകമായി.

വീരസാഹസികത കൊണ്ട് നിറഞ്ഞ ജീവതം. നിരവധി വർഷങ്ങളുടെ കാരാഗ്രഹവാസം. തുടർന്നുള്ള നാടുകടത്തൽ. അദ്ദേഹത്തിന്റെ സ്വഭാവ മഹിമ തിരിച്ചറിയുന്ന ഇന്ത്യക്കാർ ഫോർമോസാ വിമാനാപകടത്തിൽ അദ്ദേഹം മരിച്ചുവെന്നു വിശ്വസിക്കുന്നില്ല. ഹിമാലയ സാനുക്കളിൽ എവിടെയോ സന്ന്യാസിയായി അദ്ദേഹം ജീവിച്ചിരുന്നുവെന്നവർ വിശ്വസിക്കുന്നു.

നേതാജി ഒരിക്കലും പുരോഗമനത്തിന്റെ പേരിൽ ഭാരതീയതയെ തള്ളിപ്പറഞ്ഞില്ല. തന്റെ പേര് നിലനിർത്താൻ ഭരണവംശം സ്ഥാപിച്ചില്ല. വിശ്വപൗരനുമായില്ല. എന്നാൽ ഒന്നുണ്ട്. ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലും അതോടൊപ്പം ആധ്യാത്മികതയിലുമാണെന്നു തിരിച്ചറിഞ്ഞു. ഭാരതീയ സംസ്കൃതിയിലുള്ള അഭിമാനം വിളിച്ചു പറയാൻ ഒരു മടിയും കാണിച്ചില്ല. ''സന്ന്യാസിയാകുക എന്നത് അഭിമാനമുള്ള കാര്യമാണ്. ആദ്യം സൈനികൻ, പിന്നീട് സന്ന്യാസി'' എന്നു നേതാജി പലപ്പോഴും പറയുമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ സന്തത സഹചാരിയായിരുന്ന എം.എൻ. സത്യാർഥി 'നേതാജിയുടെ കഥ' എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുണ്ട്.

'വിദേശത്തെ സ്വാതന്ത്ര്യത്തെ അപേക്ഷിച്ച് സ്വദേശത്തെ കാരാഗ്രഹമാണ് എനിക്കിഷ്ടം'- 1936 ഏപ്രിൽ 11നു നാടുകടത്തലിനെ വെല്ലുവിളിച്ചു കൊണ്ട് മുംബൈ തുറമുഖത്തെത്തിയ നേതാജിയെ സ്വീകരിക്കാൻ തടിച്ചു കൂടിയ ആയിരങ്ങളെ അഭിസംബോധന ചെയ്ത് പറഞ്ഞ വാക്കുകളാണിത്. 41-ാം വയസിൽ ത്രിപുര സമ്മേളനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അധ്യക്ഷനായി നേതാജി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ജനറൽ സെക്രട്ടറി ആചാര്യ കൃപലാനി പറഞ്ഞത് 'സുഭാഷിനെ കോൺഗ്രസ് അധ്യക്ഷനായി തെരഞ്ഞെടുത്തിരിക്കുന്നു. ഭാരതീയ യുവാക്കളുടെ നേതാവ്'.

അധ്യക്ഷപദമേറ്റെടുത്ത നേതാജിയുടെ പ്രസംഗം പതിവ് അധ്യക്ഷ പ്രസംഗങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. നിർഭയ ഭാഷ. അദ്ദേഹം പറഞ്ഞു:- 'ഇന്ത്യ ഒരു സാമ്രാജ്യവാദി യുദ്ധത്തിലും ഭാഗഭാക്കാവുകയില്ല. സാമ്രാജ്യവാദികളുടെ സ്വാർഥത്തിനു വേണ്ടി ധനശേഖരണവും ആൾ സംഭരണവും നടത്തുകയില്ല. ഭാരതത്തിൽ നടത്തുന്ന യുദ്ധസന്നാഹങ്ങളെ കോൺഗ്രസ് അനുകൂലിക്കുകയില്ല. ഇന്ത്യയെ യുദ്ധത്തിലേക്കു വലിച്ചിഴയ്ക്കാൻ നടത്തുന്ന ഏതു ശ്രമത്തേയും കോൺഗ്രസ് എതിർക്കും. യൂറോപ്പിൽ യുദ്ധം ആസന്നമാണ്. ഇന്ത്യ ആ സന്ദർഭമുപയോഗപ്പെടുത്തണം. വ്യവസായ രംഗത്ത് ശാസ്ത്രീയ പദ്ധതികൾ ആവിഷ്കരിക്കണം. അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ കരടു രേഖ തയാറാക്കണം.'

ഒരു കോൺഗ്രസ് അധ്യക്ഷന്റെ വാക്കുകളാണിതെന്നു പറഞ്ഞാൽ അത്ഭുതപ്പെടേണ്ട. സുഭാഷിന്റെ പരിചയം പ്രസംഗത്തിലല്ല; പ്രവൃത്തിയിലായിരുന്നു. അദ്ദേഹം തന്റെ പ്രവൃത്തികൾക്കു പ്രായോഗിക രൂപം നൽകാനുള്ള ശ്രമത്തിലേർപ്പെട്ടു. ആ പരിപാടിയായിരുന്നു 1938ൽ രൂപീകരിച്ച പ്ലാനിങ് കമ്മിഷൻ. സ്വാതന്ത്ര്യ ഭാരതം അതേറ്റെടുത്തു. പിൽക്കാലത്ത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്ലാനിങ് കമ്മിഷനെക്കുറിച്ച് പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. താനതിന്റെ അധ്യക്ഷനായിരുന്നു എന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ അതിന്റെ സ്രഷ്ടാവ് താനല്ല, നേതാജിയാണ് എന്നെഴുതാൻ മറന്നുപോയി..!

വ്യക്തിപരമായി മഹാത്മജിയോടും നെഹ്റുവിനോടും സ്നേഹമായിരുന്നെങ്കിലും ശക്തമായ അഭിപ്രായ വ്യത്യാസം തുറന്നു പറയാൻ നേതാജി ഒരിക്കലും മടിച്ചില്ല. അതുകൊണ്ടുതന്നെ രണ്ടാമതും കോൺഗ്രസ് അധ്യക്ഷനായി തെരെഞ്ഞെടുക്കപ്പെട്ട സുഭാഷിനെ അംഗീകരിക്കാൻ പിൽക്കാലത്ത് കോൺഗ്രസ് നേതൃത്വം കരഗതമാക്കിയവർ കൂട്ടാക്കിയില്ല. ഇതിനകം വികൃതമായ മതസ്വാധീനത്തിനും പ്രീണനത്തിനും കോൺഗ്രസ് വഴിപ്പെട്ടു കഴിഞ്ഞിരുന്നു. ''ഇന്ത്യ ഇന്ത്യക്കാർക്ക്'' എന്നായിരുന്നു നേതാജിയുടെ മുദ്രാവാക്യം. കോൺഗ്രസിൽ ഇടം നഷ്ടപ്പെട്ട നേതാജി ആസാദ് ഹിന്ദ് സേന രൂപീകരിച്ചു. വ്യത്യസ്ത മത വിഭാഗക്കാർ അതിലുണ്ടായിരുന്നു. പക്ഷെ ജയ് ഹിന്ദ് ആയിരുന്നു അവരുടെ സക്രിയമതം. ജപ്പാനും ഇറ്റലിയും ജർമനിയും അതിന്റെ സഖ്യരാജ്യങ്ങളായി.

നേതാജി ഇന്ത്യക്കാരോട് പറഞ്ഞു:- 'ക്രിസ്ത്വബ്ദത്തിനു മുമ്പ്, അതായത് ഇംഗ്ലണ്ട് രൂപീകൃതമാകുന്നതിനു ആയിരം വർഷം മുമ്പ്, മഹാരാജാ അശോകന്റെ കാലത്ത് ഇന്ത്യ ഏകീകൃതമായിരുന്നു. ബ്രിട്ടന്റെ ഭിന്നിപ്പിക്കൽ നയത്തിന്റെ ഫലമായാണ് പല ജാതിയും സൃഷ്ടിക്കപ്പെട്ടത്.'

ബ്രിട്ടൻ എന്നും ഭയപ്പെട്ട ഇന്ത്യൻ നേതാവ് നേതാജി സുഭാഷ്ചന്ദ്ര ബോസായിരുന്നു. ജീവിച്ചിരിക്കെത്തന്നെ അദ്ദേഹം അപകടത്തിൽ മരിച്ചതായി അവർ പ്രചരിപ്പിച്ചു. നിർഭാഗ്യവശാൽ അന്നത്തെ കോൺഗ്രസ് നേതൃത്വം അതേറ്റു പാടി. മഹാത്മാ ഗാന്ധി അക്ഷരാർഥത്തിൽ ഞെട്ടി. ഹൃദയം വിങ്ങിക്കൊണ്ടദ്ദേഹം മറ്റു നേതാക്കൾക്ക് കമ്പിയടിച്ചു. 'സുഭാഷ് ജീവിച്ചിരിപ്പില്ല. ആ ശബ്ദം ഇനിയൊരിക്കലും കേൾക്കാൻ കഴിയുകയില്ല.'

ദിവസങ്ങൾ കഴിഞ്ഞില്ല. ആസാദി റേഡിയോ പുറത്തുവിട്ട ശബ്ദരേഖ ഇന്ത്യക്കാരെ കോൾമയിർകൊള്ളിച്ചു. 'പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ...' അതു സുഭാഷിന്റെ കരുത്തുറ്റ ശബ്ദമായിരുന്നു. 'ഞാൻ- സുഭാഷ് ബോസ് ടോക്കിയോവിലേക്കുള്ള യാത്രാമധ്യേ ഒരു വിമാനാപകടത്തിൽ മരിച്ചുവെന്ന് ബ്രിട്ടീഷ് വാർത്താ വിതരണക്കാർ ലോകത്തുടനീളം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഞാൻ മരിക്കുന്ന പക്ഷം അവർ അത്യധികം സന്തോഷിക്കുമെന്ന കാര്യം നമുക്കജ്ഞാതമല്ല. എന്നാൽ അവരുടെ നിർഭാഗ്യമെന്നു പറയട്ടെ, ഞാനിന്നും ജീവിച്ചിരിക്കുന്നു.'

ഒടുവിൽ ബ്രിട്ടീഷ് കുപ്രചരണത്തോടു നാം പൊരുത്തപ്പെടുകയായിരുന്നു. ഇന്ത്യയിൽ ജീവിച്ചിരിക്കേ ഒരു വിപ്ലവ പ്രസ്ഥാനത്തോടും സഹകരിക്കാതെ കോൺഗ്രസ് നയപരിപാടികളെ അംഗീകരിച്ചുകൊണ്ട്, മഹാത്മജിയുടെ നേതൃത്വം ശിരസാ വഹിച്ച ഭാരതത്തിന്റെ വീരപുത്രന് അർഹിക്കുന്ന അഞ്ജലി അർപ്പിക്കാൻ നമുക്കു കഴിഞ്ഞോ? സർദാർ പട്ടേൽ അടക്കമുള്ള പല ദേശീയ നേതാക്കൾക്കും കുറേക്കാലത്തേക്കു സംഭവിച്ച അവഗണന, ജീവിതകാലത്തും ശേഷവും അനുഭവിക്കേണ്ടിവന്നു നേതാജിക്ക്. അദ്ദേഹത്തിന്റെ ഓർമകൾ ബ്രിട്ടീഷുകാരുടെ മാത്രമല്ല, പല ഇന്ത്യൻ നേതാക്കളുടെയും ഉറക്കം കെടുത്താൻ പര്യാപ്തമായിരുന്നു. ഗാന്ധി - സുഭാഷ് ബന്ധം മോശമാക്കാൻ ശ്രമിച്ചവരെ ചരിത്രത്തിൽ നിന്നു നമുക്കു വായിച്ചെടുക്കാനാകും. അദ്ദേഹത്തിന്റെ വിയോഗത്തിന്റെ സത്യാവസ്ഥ പുറത്തു കൊണ്ടുവരുന്നതിൽ ഭരണാധികാരികൾ പരാജയപ്പെട്ടെങ്കിലും ഇന്നും ഇന്ത്യൻ ജനത നേതാജിയെ നെഞ്ചോടു ചേർത്തു വച്ചിരിക്കുന്നു.

(നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് മെംബറാണ് ലേഖകൻ- 9447057649)

കാറ്റഗറി നമ്പർ : 457/2020 - 460/2020 - രണ്ടാം എൻ.സി.എ. വിജ്ഞാപനം
തസ്തിക: പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) L.P.S., വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 18,000-41,500/-, പ്രായം : 18 – 43, ഒഴിവുകൾ: കോഴിക്കോട്
വിശ്വകർമ - കാറ്റഗറി നമ്പർ : 457/2020 - 01 (ഒന്ന്)
ഒ.ബി.സി - കാറ്റഗറി നമ്പർ : 458/2020 - 01 (ഒന്ന്)
എസ്.ഐ.യു.സി.നാടാർ - കാറ്റഗറി നമ്പർ: 459/2020-01 (ഒന്ന്)
ഈഴവ/തിയ്യ/ബില്ലവ - കാറ്റഗറി നമ്പർ : 460/2020 - 01 (ഒന്ന്)

കാറ്റഗറി നമ്പർ : 461/2020 - 469/2020- ഒന്നാം എൻ.സി.എ. വിജ്ഞാപനം
തസ്തിക: പാർട്ട് ടൈംജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്), വകുപ്പ്: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹ 18,000-41,500/-, പ്രായം : 18-43. (18-45 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ, എന്നാൽ പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്ത്യൻ സമുദായത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും ഉയർന്ന പ്രായപരിധി 45 വയസ്സ്),
ഒഴിവുകൾ:

കാറ്റഗറി നമ്പർ	സമുദായം	ജില്ല	ഒഴിവുകൾ
461/2020	ഈഴവ/തീയ്യ/ബില്ലവ	വയനാട് കോഴിക്കോട് കാസർഗോഡ് കണ്ണൂർ പാലക്കാട് എറണാകുളം ആലപ്പുഴ	1 (ഒന്ന്) 4 (നാല്) 2 (രണ്ട്) 1 (ഒന്ന്) 1 (ഒന്ന്) 1 (ഒന്ന്) 1 (ഒന്ന്
462/2020	ഒ.ബി.സി	വയനാട് കണ്ണൂർ എറണാകുളം	1 (ഒന്ന്) 2 (രണ്ട്) 1 (ഒന്ന്)
463/2020	ഹിന്ദു നാടാർ	കോഴിക്കോട്	1 (ഒന്ന്)
464/2020	എൽ.സി/എ.ഐ	കാസർഗോഡ് വയനാട്	3 (മൂന്ന്) 1 (ഒന്ന്)
465/2020	വിശ്വകർമ്മ	കാസറഗോഡ്	1 (ഒന്ന്)
466/2020	പട്ടികജാതി	കാസർഗോഡ് പാലക്കാട്	1 (ഒന്ന്) 2(രണ്ട്)
467/2020	ധീവര	കോഴിക്കോട്	1 (ഒന്ന്)
468/2020	എസ്.സി.സി.സി	കോഴിക്കോട് വയനാട്	1 (ഒന്ന്) 1 (ഒന്ന്)
469/2020	പട്ടിക വർഗ്ഗം	മലപ്പുറം വയനാട് എറണാകുളം	1 (ഒന്ന്) 1 (ഒന്ന്) 1 (ഒന്ന്

കാറ്റഗറി നമ്പർ : 470/2020 - 472/2020
ഒന്നാം എൻ.സി.എ. വിജ്ഞാപനം
തസ്തിക: ഡ്രൈവർ ഗ്രേഡ് II) (എൽ.ഡി.വി.) ഡ്രൈവർ കം ഓഫീസ് അറ്റന്റന്റ്, വകുപ്പ്: വിവിധം, ശമ്പള നിരക്ക്: ₹ 18,000-41,500/-, പ്രായം : 18-42. എന്നാൽ പ്രായപൂർത്തിയായതിന് ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ എസ്.സി.സി.സി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി 44 വയസ്സ്),
ഒഴിവുകൾ:

കാറ്റഗറി നമ്പർ	സമുദായം	ജില്ല	ഒഴിവുകൾ
470/2020	ഹിന്ദു നാടാർ	തൃശ്ശൂർ കോഴിക്കോട്	1 (ഒന്ന്) 1 (ഒന്ന്)
471/2020	എസ്. സി.സി.സി	മലപ്പുറം	1 (ഒന്ന്)
472/2020	എസ്.ഐ.യു .സി നാടാർ	പത്തനംതിട്ട ആലപ്പുഴ എറണാകുളം	1 (ഒന്ന്) 1 (ഒന്ന്) 1 (ഒന്ന്)

അപേക്ഷ അയക്കേണ്ട മേൽവിലാസം www.keralapsc.gov.in.

അപേക്ഷ ഓൺലൈനിലൂടെ മാത്രം അയയ്ക്കേണ്ടതാണ്. പ്രായം 01.01.2020 അടിസ്ഥാനപ്പെടുത്തി കണക്കാക്കുന്നതാണ്. വിജ്ഞാപനം 30.12.2020-ലെ അസാധരണ ഗസറ്റിലും 01.01.2021-ലെ പി.എസ്.സി. ബുള്ളറ്റിനിലും കമ്മിഷന്റെ www.keralapsc.gov.in എന്ന വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ വിജ്ഞാപനം വായിച്ചു നോക്കേണ്ടതാണ്. വിജ്ഞാപനത്തിന് അനുസൃതമായല്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

സാജു ജോർജ്ജ്,
സെക്രട്ടറി,
കേരള പബ്ലിക് സർവീസ് കമ്മിഷൻ

തിരുവനന്തപുരം
20.01.2021

168/F4/2021/I&PRD

യുഎസിൽ100 ദിവസത്തെ മാസ്ക് ചലഞ്ച് തുടങ്ങി

■ രാജ്യത്തു പ്രവേശിക്കുന്നവർക്ക് കൊവിഡ് ടെസ്റ്റും ക്വാറന്റൈനും നിർബന്ധം

വാഷിങ്ടൺ: പുതിയ യുഎസ് പ്രസിഡന്റ് ജോ ബൈഡൻ രാജ്യത്ത് 100 ദിവസത്തെ മാസ്ക് ചലഞ്ച് പ്രഖ്യാപിച്ചു. വിദേശത്തുനിന്നു വരുന്ന എല്ലാവർക്കും കൊവിഡ് ടെസ്റ്റും ക്വാറന്റൈനും നിർബന്ധമാക്കി. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ എത്താനാവില്ല. കൊവിഡിനെ തോൽപ്പിക്കാൻ മാസങ്ങൾ എടുക്കുമെന്നും എന്നാൽ ജനങ്ങൾ ഒന്നിച്ചുനിന്നാൽ അമെരിക്ക ഈ ഘട്ടം കടന്നുപോകുമെന്നും നടപടികൾ പ്രഖ്യാപിച്ചുകൊണ്ട് ബൈഡൻ പറഞ്ഞു.

മാസ്ക് ധരിക്കുന്നതിനു പുറമേ, അമെരിക്കയിലേക്കു വരുന്നവർ വിമാനത്തിൽ കയറും മുൻപ് കൊവിഡ് ടെസ്റ്റ് നടത്തണം. അമെരിക്കയിലെത്തിയാൽ ക്വാറന്റൈനിൽ കഴിയുകയും വേണം- പ്രസിഡന്റ് വൈറ്റ് ഹൗസിൽ പറഞ്ഞു. വൈറസ് വ്യാപനത്തിന്റെ തുടക്കത്തിൽ തന്നെ യാത്രക്കാർക്ക് മാസ്ക് നിർബന്ധമാക്കണമെന്ന് യുഎസ് വിമാനക്കമ്പനികൾ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ട്രംപ് ഭരണകൂടം അതിനു വിസമ്മതിക്കുകയായിരുന്നു. 100 ദിവസം കൊണ്ട് 100 ദശലക്ഷം പേർക്ക് വാക്സിൻ നൽകുന്നതിനുള്ള ക്യാംപെയ്നും പുതിയ സർക്കാർ ആരംഭിച്ചിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിലാണു നടപടികളെന്ന് പ്രസിഡന്റ്.

"യുദ്ധകാലമെന്നു പറയുമ്പോൾ നിങ്ങൾ എന്നെ സംശയത്തോടെ നോക്കിയേക്കാം. നാലു ലക്ഷം അമെരിക്കക്കാരാണ് മരിച്ചത്. രണ്ടാം ലോക മഹായുദ്ധത്തിലേതിനെക്കാൾ കൂടുതലാണിത്. ഇതു യുദ്ധകാലം തന്നെയാണ്"- അദ്ദേഹം പറഞ്ഞു. അടുത്ത മാസത്തോടെ മരണസംഖ്യ അഞ്ചു ലക്ഷത്തിലെത്തിയേക്കാമെന്നും ബൈഡൻ. കേസുകൾ കൂടിക്കൊണ്ടിരിക്കുകയാണ്. നാം കൊവിഡിനെ തോൽപ്പിക്കും. അതിനു മാസങ്ങൾ വേണ്ടിവരും. രാജ്യം നടപടികൾക്കു കാത്തിരിക്കുകയാണ്. പൂർണമായും ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണു നടപടികൾ. രാഷ്ട്രീയവും നിഷേധങ്ങളുമില്ല. രാജ്യത്തിന്റെ സമുന്നത പകർച്ചവ്യാധി പ്രതിരോധ വിദഗ്ധനായ ഡോ. ആന്റണി ഫൗസി നൽകിയ നിർദേശങ്ങൾ അനുസരിച്ചാണു പദ്ധതി തയാറാക്കിയത്- ഫൗസി കൂടി പങ്കെടുത്ത ചടങ്ങിൽ ബൈഡൻ പറഞ്ഞു. പ്രസിഡന്റ് പറയുന്നതല്ല, ഫൗസി പറയുന്നതാണു ജനങ്ങൾ കൂടുതൽ ശ്രവിക്കേണ്ടതെന്നും അദ്ദേഹം.

വൈസ് പ്രസിഡന്റ് കമല ഹാരിസും മുഴുവൻ ഭരണകൂടവും എല്ലായ്പ്പോഴും സുതാര്യവും സത്യസന്ധവുമായിരിക്കുമെന്നും ബൈഡൻ പറഞ്ഞു. നല്ലതായാലും മോശമായാലും എന്താണു സംഭവിച്ചതെന്ന് നിങ്ങളോട് തുറന്നു നേരേ പറയും- അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രതിദിന വർധനയിൽ 43% കേരളത്തിൽ

ന്യൂഡൽഹി: രാജ്യത്തെ കൊവിഡ് കേസുകളുടെ പ്രതിദിന വർധനയിൽ നാൽപ്പതു ശതമാനത്തിലേറെയും കേരളത്തിലാവുന്നതു തുടരുകയാണ്. ഇന്നലെ കേന്ദ്ര ആരോഗ്യ മന്ത്രാലയം പുതുക്കിയ കണക്കിൽ അവസാന 24 മണിക്കൂറിൽ രാജ്യത്തു സ്ഥിരീകരിച്ചത് 14,545 പുതിയ കേസുകൾ. ഇതിൽ 43 ശതമാനത്തിലേറെ കേരളത്തിലാണ്. 6,300ലേറെ കേസുകളാണ് വ്യാഴാഴ്ച സംസ്ഥാനത്തു സ്ഥിരീകരിച്ചിരുന്നത്.

2,886 പേർക്കു കൂടി രോഗം കണ്ടെത്തിയ മഹാരാഷ്ട്രയിൽ ഇതുവരെയുള്ള കൊവിഡ് കേസുകൾ 20 ലക്ഷം കടന്നു. 45,622 ആക്റ്റിവ് കേസുകളാണ് ഇപ്പോൾ മഹാരാഷ്ട്രയിലുള്ളത്. കേരളത്തിൽ 70,000ന് അടുത്ത്. രാജ്യത്തെ മൊത്തം ആക്റ്റിവ് കേസുകളുടെ 60 ശതമാനത്തിലേറെയും കേരളത്തിലും മഹാരാഷ്ട്രയിലുമായാണ്. 1,88,688 ആക്റ്റിവ് കേസുകളാണ് ഇപ്പോൾ രാജ്യത്തുള്ളത്. തുടർച്ചയായി മൂന്നാം ദിവസമാണ് ആക്റ്റിവ് കേസുകൾ രണ്ടു ലക്ഷത്തിൽ താഴെയാവുന്നത്.

അവസാന 24 മണിക്കൂറിൽ 163 പേർ കൂടി മരിച്ചു. ഇതോടെ രാജ്യത്തെ മൊത്തം കൊവിഡ് മരണം 1,53,032 ആയിട്ടുണ്ട്. എട്ടു ലക്ഷത്തിലേറെ സാംപിളുകൾ വ്യാഴാഴ്ച പരിശോധിച്ചു. രാജ്യത്തെ ഇതുവരെയുള്ള പരിശോധനകൾ 19 കോടി പിന്നിട്ടിട്ടുണ്ട്. ഇതുവരെ കൊവിഡ് ബാധിച്ചത് 1.06 കോടിയിലേറെ പേർക്കാണ്. ഇതിൽ 1.02 കോടിയിലേറെ പേർ രോഗമുക്തരായി. 96.78 ശതമാനമാണ് ദേശീയ റിക്കവറി നിരക്ക്. മരണ നിരക്ക് 1.44 ശതമാനത്തിൽ തുടരുന്നു.

ഇതുവരെ 10.50 ലക്ഷത്തോളം ആരോഗ്യ പ്രവർത്തകർ രാജ്യത്തു കൊവിഡ് വാക്സിൻ സ്വീകരിച്ചു കഴിഞ്ഞെന്ന് ആരോഗ്യ മന്ത്രാലയം വ്യക്തമാക്കി. 2.37 ലക്ഷത്തിലേറെ പേരാണ് അവസാന ദിവസം വാക്സിൻ എടുത്തത്.

കൊവാക്സിൻ സുരക്ഷിതം, പ്രതിരോധ ശേഷി കൂട്ടി: ലാൻസെറ്റ്

ന്യൂഡൽഹി: ഇന്ത്യ പൂർണമായും തദ്ദേശീയമായി നിർമിച്ച കൊവിഡ് പ്രതിരോധ വാക്സിൻ (കൊവാക്സിൻ) പ്രതിരോധ ശേഷി വർധിപ്പിക്കുന്നുണ്ടെന്നും ഗുരുതരമായ പാർശ്വഫലങ്ങൾ ഇല്ലെന്നും ഒന്നാം ഘട്ടം പരീക്ഷണ ഫലങ്ങൾ തെളിയിച്ചതായി ലാൻസെറ്റ് ജേർണൽ റിപ്പോർട്ട്. ഐസിഎംആറിന്റെ സഹകരണത്തോടെ ഭാരത് ബയോടെക് വികസിപ്പിച്ച കൊവാക്സിൻ ഇപ്പോൾ രാജ്യത്ത് വിതരണം ചെയ്യുന്ന രണ്ട് കൊവിഡ് വാക്സിനുകളിൽ ഒന്നാണ്. കൊവാക്സിന്റെ മൂന്നാം ഘട്ട പരീക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിനിടെ, വാക്സിന് അടിയന്തര ഉപയോഗ അനുമതി നൽകിയതു വിവാദമായിരുന്നു.

പരീക്ഷണം നടന്ന എല്ലാ പ്രായ ഗ്രൂപ്പിലും വാക്സിൻ ഫലമുണ്ടാക്കി. വാക്സിനുമായി ബന്ധപ്പെട്ട ഗുരുതരമായ പാർശ്വഫലങ്ങൾ ഉണ്ടായില്ല. ചെറിയ ചില പാർശ്വഫലങ്ങളാണ് ആദ്യ ഘട്ടം പരീക്ഷണങ്ങളിൽ പങ്കെടുത്ത ചിലരിൽ ഉണ്ടായത്. കുത്തിവയ്പ്പ് എടുത്തപ്പോഴുണ്ടായ വേദന, തലവേദന, ക്ഷീണം, പനി എന്നിവയായിരുന്നു പാർശ്വഫലങ്ങളിൽ കൂടുതലും- ലാൻസെറ്റ് പറയുന്നു.

ഇതിനിടെ, മൂന്നാം ഘട്ട പരീക്ഷണങ്ങളുടെ ഭാഗമായി 13,000 വോളണ്ടിയർമാർക്ക് രണ്ടാം ഡോസ് നൽകിയതായി ഭാരത് ബയോടെക് ഹൈദരാബാദിൽ വ്യക്തമാക്കി. 25,800 വോളണ്ടിയർമാരെയാണ് മൂന്നാം ഘട്ട പരീക്ഷണത്തിന് തെരഞ്ഞെടുത്തിരിക്കുന്നതെന്നും കമ്പനി ജോയന്റ് എംഡി സുചിത്ര എല്ല ടീറ്റ് ചെയ്തു.

കമല ഹാരിസ് ഇന്ത്യ- യുഎസ് ബന്ധങ്ങൾ കൂടുതൽ ഉറപ്പിക്കും: വൈറ്റ് ഹൗസ്

വാഷിങ്ടൺ: ഇന്ത്യ- യുഎസ് ബന്ധങ്ങൾ കൂടുതൽ ഉറപ്പിക്കാൻ കമല ഹാരിസിന്റെ വൈസ്പ്രസിഡന്റ് സ്ഥാനം ഉപകരിക്കുമെന്ന് വൈറ്റ് ഹൗസ്. രണ്ടു രാജ്യങ്ങളും തമ്മിലുള്ള ബന്ധം അതിശക്തമായി തുടരണമെന്ന് ആഗ്രഹിക്കുന്ന നേതാവാണ് പ്രസിഡന്റ് ജോ ബൈഡൻ. ഇന്ത്യൻ വംശജയായ കമല ഹാരിസ് ഇരു രാജ്യങ്ങളുടെയും സൗഹൃദം വിശാലമാക്കാൻ സഹായിക്കുകയും ചെയ്യും- വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി ജെൻ സാക്കി മാധ്യമ പ്രവർത്തകരോടു പറഞ്ഞു.

ബൈഡൻ പലതവണ ഇന്ത്യ സന്ദർശിച്ചിട്ടുണ്ട്. ദീർഘകാല ഉഭയകക്ഷി ബന്ധത്തെ അദ്ദേഹം ബഹുമാനിക്കുന്നു. ഇന്ത്യയിലെയും അമെരിക്കയിലെയും നേതാക്കൾ തമ്മിൽ വിജയകരമായ ബന്ധങ്ങളുണ്ട്. അതിന്റെ തുടർച്ചയാണ് ആഗ്രഹിക്കുന്നത്- സാക്കി പറഞ്ഞു. വൈസ് പ്രസിഡന്റാവുന്ന ആദ്യ ഇന്ത്യൻ- അമെരിക്കനാണ് കമല ഹാരിസ്. നമ്മെ സംബന്ധിച്ചിടത്തോളം ഇത് ചരിത്ര മുഹൂർത്തമാണ്. അതേസമയം, നമ്മുടെ ബന്ധങ്ങൾ കൂടുതൽ ഉറപ്പിക്കുന്നതിനും കമലയുടെ വൈസ് പ്രസിഡന്റ് സ്ഥാനം സഹായിക്കും- സാക്കി ചൂണ്ടിക്കാട്ടി.

ചെന്നൈയിൽ ജനിച്ച ക്യാൻസർ ഗവേഷക ശ്യാമള ഗോപാലനാണ് കമല ഹാരിസിന്റെ അമ്മ. വൈസ് പ്രസിഡന്റായി സ്ഥാനമേറ്റ ശേഷം പങ്കെടുത്ത ഒരു ചടങ്ങിലും കമല അമ്മയെക്കുറിച്ചാണു വാചാലയായത്. തന്നിൽ വിശ്വാസം വളർത്തിയത് അമ്മയാണെന്നു കമല പറഞ്ഞു. നമ്മൾ മുന്നിലല്ലായിരിക്കാം, എന്നാൽ ഏറ്റവും പുറകിൽ ആവാൻ പാടില്ല എന്നാണ് രണ്ടു മക്കളെയും അമ്മ പഠിപ്പിച്ചത്. അമ്മയിൽ നിന്നുള്ള ഈ പാഠം തന്റെ കരിയറിൽ ഉടനീളം താൻ മനസിൽ കൊണ്ടുനടന്നിട്ടുണ്ടെന്ന് കമല പറഞ്ഞു. തന്റെ കഥ ദശലക്ഷക്കണക്കിന് അമെരിക്കക്കാരുടെയും കഥയാണെന്നും വൈസ് പ്രസിഡന്റ്.

കമല വൈസ് പ്രസിഡന്റായി അധികാരമേറ്റ ദിവസം രാവിലെ സഹോദരി മായ ടീറ്റ് ചെയ്തത് ഇങ്ങനെ: "ഈ പ്രഭാതത്തിൽ അമ്മയെ മിസ് ചെയ്യുന്നു". കുട്ടിക്കാലത്ത് താനും കമലയും അമ്മയുടെ കൈ പിടിച്ചു നടക്കുന്ന ചിത്രവും മായ ഒപ്പം ചേർത്തിരുന്നു.

കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

നിർമൽ NR -208 നറുക്കെടുപ്പ് ഫലം Held on 22/01/2021
AT GORKY BHAVAN,NEAR BAKERY JUNCTION, THIRUVANANTHAPURAM

ഒന്നാം സമ്മാനം 70ലക്ഷം രൂപ NF 802248 (THRISSUR)

സമാശ്വാസ സമ്മാനം 8000 രൂപ

NA 802248 NB 802248 NC 802248 ND 802248
NE 802248 NG 802248 NH 802248 NJ 802248
NK 802248 NL 802248 NM 802248

2-ാം സമ്മാനം 10 ലക്ഷം രൂപ NK 702905 (IDUKKI)

3-ാം സമ്മാനം 1 ലക്ഷം രൂപ

NA 815282 NB 148459 NC 741088 ND 730084
NE 314953 NF 350708 NG 349519 NH 811980
NJ 353656 NK 606782 NL 767057 NM 424005

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

4-ാം സമ്മാനം 5000 രൂപ

0461	0929	1267	1420	1448	1834	2226	2782	6174	6183
6805	7302	7793	8138	8200	8565	9248	9356		

5-ാം സമ്മാനം 1000 രൂപ

0240	0518	0534	0577	1028	1176	1577	2630	2824	2835
3273	3514	4015	4230	4469	4546	4681	5375	6008	6075
6107	6544	6631	6934	7151	7406	7920	8019	8363	8573
8589	8820	9015	9065	9807	9992				

6-ാം സമ്മാനം 500 രൂപ

0139	0350	0495	0626	0636	1088	1203	1269	1407	1542
1588	1810	1905	1982	2116	2325	2414	2447	2464	2686
2987	3116	3271	3287	3440	3563	3707	3900	3907	3941
4072	4108	4139	4152	4204	4336	4497	4595	4636	4677
4720	5095	5511	5519	5914	5934	6210	6354	6550	6702
6703	7069	7164	7176	7203	7426	7701	7868	7986	8005
8154	8790	9025	9105	9200	9235	9299	9440	9665	9857

7-ാം സമ്മാനം 100 രൂപ

0003	0532	0609	0668	0718	0789	0878	0897	0933	0948
0968	1034	1066	1333	1444	1474	1505	1507	1532	1543
1566	1592	1681	1814	1879	1993	2082	2261	2328	2368
2404	2455	2526	2533	2619	2629	2641	2648	2858	2864
2899	3053	3170	3193	3289	3376	3449	3740	3759	3910
3955	4001	4151	4173	4266	4691	4730	4921	4942	4979
4981	5000	5078	5103	5187	5302	5465	5488	5514	5556
5626	5682	5683	5749	5773	5796	5860	5932	6046	6117
6154	6190	6295	6315	6464	6615	6695	6994	7053	7066
7072	7115	7210	7463	7603	7714	7721	7725	7731	7819
7830	7880	7997	8069	8107	8303	8310	8366	8408	8504
8652	8932	9159	9567	9616	9756	9769	9778	9888	9974

(ഒപ്പ്) സുരേന്ദ്രൻ ബി., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

കേരള പബ്ലിക് സർവീസ് കമ്മിഷൻ
ലഘു വിജ്ഞാപനം

ഫയൽ നമ്പർ : ആർ&എII(3)/11/2020-KPSC

അസാധാരണ ഗസറ്റ് തീയതി : 31.12.2020
പരസ്യ നമ്പർ : 17/2020

അവസാന തീയതി : 03.02.2021
ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ

ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിനുശേഷവും, നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ Profile-ലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ (www.keralapsc.gov.in) അപേക്ഷ സമർപ്പിക്കേണ്ടതാണ്. യോഗ്യത ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് 31.12.2020 തീയതിയിലെ ഗസറ്റ് വിജ്ഞാപനം, 01.01.2021 തീയതിയിലെ പി.എസ്.സി ബുള്ളറ്റിൻ, കമ്മിഷൻ വെബ്സൈറ്റ് (www.keralapsc.gov.in) എന്നിവ കാണുക.

ജനറൽ റിക്രൂട്ട്മെന്റ് - സംസ്ഥാനതലം.

കാറ്റഗറി നമ്പർ : 473/2020
തസ്തിക:അസിസ്റ്റന്റ് പ്രൊഫസർ ഇൻ അനാട്ടമി, വകുപ്പ്/സ്ഥാപനം : മെഡിക്കൽ വിദ്യാഭ്യാസം, ശമ്പളനിരക്ക്: യു.ജി.സി മാനദണ്ഡപ്രകാരം, പ്രായം:21-46, ഒഴിവുകൾ: 12(പന്ത്രണ്ട്)

കാറ്റഗറി നമ്പർ : 474/2020
തസ്തിക: ഹെഡ് ഓഫ് സെക്ഷൻ (ആർക്കിടെക്ചർ), വകുപ്പ്/സ്ഥാപനം : സാങ്കേതിക വിദ്യാഭ്യാസം (പോളിടെക്നിക് കോളേജുകൾ), ശമ്പളനിരക്ക്: ₹42500-87000/- , പ്രായം:20-41, ഒഴിവുകൾ: 02(രണ്ട്)

കാറ്റഗറി നമ്പർ : 475/2020
തസ്തിക: കൃഷി ഓഫീസർ, വകുപ്പ്/സ്ഥാപനം : കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, ശമ്പളനിരക്ക്: ₹ 39500 – 83000/- , പ്രായം:18-37; ഒഴിവുകൾ: പ്രതീക്ഷിത ഒഴിവുകൾ

കാറ്റഗറി നമ്പർ : 476/2020
തസ്തിക: അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), വകുപ്പ്/സ്ഥാപനം : പൊതുമരാമത്ത്/ ജലസേചനം, ശമ്പളനിരക്ക്: ₹ 39,500-83,000/- , പ്രായം:21-40. ഒഴിവുകൾ: പ്രതീക്ഷിത ഒഴിവുകൾ

കാറ്റഗറി നമ്പർ : 477/2020
തസ്തിക: ലക്ചറർ ഇൻ ഡാൻസ് (കേരള നടനം), വകുപ്പ്/സ്ഥാപനം : കോളേജ് വിദ്യാഭ്യാസം (സംഗീത കോളേജുകൾ), ശമ്പളനിരക്ക്: ₹36600-79200, പ്രായം:22-36; ഒഴിവുകൾ: 01 (ഒന്ന്)

കാറ്റഗറി നമ്പർ : 478/2020
തസ്തിക:ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II, വകുപ്പ്/സ്ഥാപനം :നിയമ വകുപ്പ് -ഗവൺമെന്റ് സെക്രട്ടേറിയറ്റ് ശമ്പളനിരക്ക്: ₹29200-62400/-, പ്രായം:18-37. ഒഴിവുകൾ: 3(മൂന്ന്) പ്രതീക്ഷിത ഒഴിവുകൾ

കാറ്റഗറി നമ്പർ : 479/2020
തസ്തിക: ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II(തസ്തികമാറ്റം വഴിയുള്ള നിയമനം), വകുപ്പ്/സ്ഥാപനം :നിയമ വകുപ്പ് -ഗവൺമെന്റ് സെക്രട്ടേറിയറ്റ് ശമ്പളനിരക്ക്: Rs.29200-62400/-, പ്രായം:18-50. ഒഴിവുകൾ: 2(രണ്ട്) പ്രതീക്ഷിത ഒഴിവുകൾ [കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസിലെ ഏതെങ്കിലും തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി സംവരണം ചെയ്യപ്പെട്ടത്]

കാറ്റഗറി നമ്പർ : 480/2020
തസ്തിക: ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II(തസ്തികമാറ്റം വഴിയുള്ള നിയമനം), വകുപ്പ്/സ്ഥാപനം :നിയമ വകുപ്പ് -ഗവൺമെന്റ് സെക്രട്ടേറിയറ്റ് ശമ്പളനിരക്ക്: Rs.29200-62400/-, പ്രായം:18-50. ഒഴിവുകൾ: 2(രണ്ട്) പ്രതീക്ഷിത ഒഴിവുകൾ.[കേരള സർക്കാരിനു കീഴിലുള്ള ഏതെങ്കിലും വകുപ്പിലൊ കേരള ഹൈക്കോടതി സർവീസിലൊ ഏതെങ്കിലും തസ്തികയിൽ സേവനമനുഷ്ഠി ക്കുന്നവരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി സംവരണം ചെയ്യപ്പെട്ടത്]

കാറ്റഗറി നമ്പർ : 481/2020
തസ്തിക: ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - I, വകുപ്പ്/സ്ഥാപനം : കേരള വാട്ടർ അതോറിറ്റി, ശമ്പളനിരക്ക്:₹ 27100-63200/-, പ്രായം:19-36, ഒഴിവുകൾ: 10 (പത്ത്)

കാറ്റഗറി നമ്പർ : 482/2020
തസ്തിക: അസിസ്റ്റന്റ് കന്നഡ ട്രാൻസ്ലേറ്റർ ഗ്രേഡ് II , വകുപ്പ്/സ്ഥാപനം : നിയമ വകുപ്പ് - ഗവൺമെന്റ് സെക്രട്ടേറിയറ്റ്, ശമ്പളനിരക്ക്: ₹ 26500-56700, പ്രായം:18-36 , ഒഴിവുകൾ:1(ഒന്ന്)

കാറ്റഗറി നമ്പർ : 483/2020
തസ്തിക: ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഒന്നാം ഗ്രേഡ് ഓവർസിയർ (സിവിൽ) , വകുപ്പ്/സ്ഥാപനം : പൊതുമരാമത്ത് / ജലസേചനം, ശമ്പളനിരക്ക്: ₹ 26500-56700/-, പ്രായം:18-40 , ഒഴിവുകൾ: പ്രതീക്ഷിത ഒഴിവുകൾ

കാറ്റഗറി നമ്പർ : 484/2020
തസ്തിക: റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് II (പ്രോസ്തെറ്റിക്സ് / ഓർത്തോട്ടിക്സ്/ ലെതർ വർക്സ്) , വകുപ്പ്/സ്ഥാപനം : മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്, ശമ്പളനിരക്ക്: ₹ 25,200- 54,000/-, പ്രായം:18-36, ഒഴിവുകൾ: പ്രതീക്ഷിത ഒഴിവുകൾ

കാറ്റഗറി നമ്പർ : 485/2020
തസ്തിക: ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - II , വകുപ്പ്/സ്ഥാപനം : കേരള വാട്ടർ അതോറിറ്റി, ശമ്പളനിരക്ക്: ₹ 23100-58700 /-, പ്രായം:19-36, ഒഴിവുകൾ: 17 (പതിനേഴ്)

കാറ്റഗറി നമ്പർ : 486/2020
തസ്തിക: നഴ്സ് ഗ്രേഡ് II, വകുപ്പ്/സ്ഥാപനം : ഗവൺമെന്റ്ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ, ശമ്പളനിരക്ക്: ₹20000-45800/-, പ്രായം:18-36, ഒഴിവുകൾ: 02-(രണ്ട്)

കാറ്റഗറി നമ്പർ : 487/2020
തസ്തിക: ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ , വകുപ്പ്/സ്ഥാപനം : കേരള വാട്ടർ അതോറിറ്റി, ശമ്പളനിരക്ക്: ₹19440 -34430/-(PR), പ്രായം:18-36, ഒഴിവുകൾ: 4 (നാല്)

കാറ്റഗറി നമ്പർ : 488/2020
തസ്തിക: ആർട്ടിസ്റ്റ് മോഡലർ , വകുപ്പ്/സ്ഥാപനം : കാഴ്ചബംഗ്ലാവും മൃഗശാലയും, ശമ്പളനിരക്ക്: ₹19000-43600, പ്രായം:18-36, ഒഴിവുകൾ: 1 (ഒന്ന്)

കാറ്റഗറി നമ്പർ : 489/2020
തസ്തിക: ആർക്കിടെക്ചറൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് III , വകുപ്പ്/സ്ഥാപനം :പൊതുമരാമത്ത് വകുപ്പ് (ആർക്കിടെക്ചറൽ വിഭാഗം), ശമ്പളനിരക്ക്: ₹19,000-43,600 /-, പ്രായം:18-36, ഒഴിവുകൾ: 01 (ഒന്ന്)

കാറ്റഗറി നമ്പർ : 490/2020
തസ്തിക: പമ്പ് ഓപ്പറേറ്റർ, വകുപ്പ്/സ്ഥാപനം : കാഴ്ചബംഗ്ലാവും മൃഗശാലയും, ശമ്പളനിരക്ക്: ₹18000-41500/-, പ്രായം:18-36, ഒഴിവുകൾ: 1 (ഒന്ന്)

കാറ്റഗറി നമ്പർ : 491/2020
തസ്തിക: സ്റ്റെനോഗ്രാഫർ , വകുപ്പ്/സ്ഥാപനം :കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ശമ്പളനിരക്ക്: ₹5850-11700/-, പ്രായം:18-36, ഒഴിവുകൾ: 2 (രണ്ട്)

കാറ്റഗറി നമ്പർ : 492/2020
തസ്തിക: റിസപ്ഷനിസ്റ്റ് കം ടെലിഫോൺ ഓപ്പറേറ്റർ , വകുപ്പ്/സ്ഥാപനം :കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ശമ്പളനിരക്ക്: ₹5550-10500/-, പ്രായം:18-36, ഒഴിവുകൾ: 1 (ഒന്ന്)

ജനറൽ റിക്രൂട്ട്മെന്റ് - ജില്ലാതലം

കാറ്റഗറി നമ്പർ : 493/2020
തസ്തിക: എൽ.പി. സ്കൂൾ ടീച്ചർ (തമിഴ് മീഡിയം), വകുപ്പ്/സ്ഥാപനം :വിദ്യാഭ്യാസ വകുപ്പ് , ശമ്പളനിരക്ക്: ₹25200-54000/-, പ്രായം:18-40. ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ- കൊല്ലം - 02 (രണ്ട്)

കാറ്റഗറി നമ്പർ : 494/2020-497/2020
തസ്തിക: ലൈബ്രേറിയൻ ഗ്രേഡ് IV , വകുപ്പ്/സ്ഥാപനം :കേരള മുനിസിപ്പൽ കോമൺ സർവ്വീസ് , ശമ്പളനിരക്ക്: ₹22,200- 48,000/-, പ്രായം:18-36 (നേരിട്ടുള്ള നിയമനം).

ക്രമ നമ്പർ	കാറ്റഗറി നമ്പർ	തസ്തികയുടെ പേര്	നിയമന രീതി
1	494/2020	ലൈബ്രേറിയൻ ഗ്രേഡ് IV	നേരിട്ടുള്ള നിയമനം
2	495/2020	ലൈബ്രേറിയൻ ഗ്രേഡ് IV (തസ്തിക മാറ്റം വഴി)	ഏതെങ്കിലും വിഷയത്തിലുള്ള ബിരുദ ത്തിനു പുറമേ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസിലുള്ള ബിരുദം നേടിയവരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനം
3	496/2020	ലൈബ്രേറിയൻ ഗ്രേഡ് IV (തസ്തിക മാറ്റം വഴി)	എസ്.എസ്.എൽ.സിയും ലൈബ്രേറി സയൻസിൽ ഡിപ്ലോമയും നേടിയ വരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനം
4	497/2020	ലൈബ്രേറിയൻ ഗ്രേഡ് IV (തസ്തിക മാറ്റം വഴി	എസ്.എസ്.എൽ.സിയും ലൈബ്രേറി സയൻസിൽ സർട്ടിഫിക്കറ്റും നേടിയ വരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനം

ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ, തിരുവനന്തപുരം – 03 (മൂന്ന്),പത്തനംതിട്ട – 01 (ഒന്ന്),എറണാകുളം – 02 (രണ്ട്),കോഴിക്കോട് – 01 (ഒന്ന്),കണ്ണൂർ – 02 (രണ്ട്) കാസർഗോഡ് – 01 (ഒന്ന്),{കൊല്ലം,കോട്ടയം, ഇടുക്കി,തൃശ്ശൂർ, പാലക്കാട്, വയനാട്}- പ്രതീക്ഷിത ഒഴിവുകൾ

കാറ്റഗറി നമ്പർ : 498/2020
തസ്തിക: വർക്ക് സൂപ്രണ്ട്,വകുപ്പ്/സ്ഥാപനം:മണ്ണ് സംരക്ഷണ , മണ്ണ് പര്യവേക്ഷണ വകുപ്പ്, ശമ്പളനിരക്ക്: ₹19000-43600/-, പ്രായം:18-36, ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ- തിരുവനന്തപുരം-6 (ആറ്), ആലപ്പുഴ-02 (രണ്ട്), കോട്ടയം -01 (ഒന്ന്), തൃശൂർ -01 (ഒന്ന്), വയനാട് -01 (ഒന്ന്), മലപ്പുറം-02(രണ്ട്), കണ്ണൂർ-01 (ഒന്ന്)

സ്പെഷ്യൽ റിക്രൂട്ട്മെന്റ് - സംസ്ഥാനതലം

കാറ്റഗറി നമ്പർ : 499/2020
തസ്തിക: അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാർക്ക് മാത്രം), വകുപ്പ്/സ്ഥാപനം :കേരള പോലീസ് സർവ്വീസ് , ശമ്പളനിരക്ക്: ₹ 30700-65400/-, പ്രായം:20-36. ഒഴിവുകൾ: 16 (പതിനാറ്)

എൻ.സി.എ. റിക്രൂട്ട്മെന്റ് -സംസ്ഥാനതലം

കാറ്റഗറി നമ്പർ : 500/2020
തസ്തിക:ജൂനിയർകൺസൾട്ടന്റ്(ജനറൽസർജറി)(നാലാം എൻ.സി.എ.വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: ആരോഗ്യം,ശമ്പളനിരക്ക്:₹45,800-89,000/-(3400/-sp) പ്രായം:18-45; ഒഴിവുകൾ: വിശ്വകർമ്മ -01(ഒന്ന്)

കാറ്റഗറി നമ്പർ : 501/2020
തസ്തിക:ഹയർ സെക്കന്ററി സ്കൂൾ അധ്യാപകൻ (ജൂനിയർ) മാത്തമെറ്റിക്സ് (മൂന്നാം എൻ.സി.എ.വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: ഹയർ സെക്കന്ററി വിദ്യാഭ്യാസം,ശമ്പളനിരക്ക്: ₹32300-68700/ (പുതുക്കിയത്), പ്രായം:20-45, ഒഴിവുകൾ
പട്ടികവർഗ്ഗം - 5 (അഞ്ച്)

കാറ്റഗറി നമ്പർ : 502/2020
തസ്തിക: ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് II(മൂന്നാം എൻ.സി.എ. വിജ്ഞാപനം),വകുപ്പ്/സ്ഥാപനം: ആരോഗ്യം, ശമ്പളനിരക്ക്: ₹22200-48000, പ്രായം:18-41 , ഒഴിവുകൾ: പട്ടിക വർഗ്ഗം - 2 (രണ്ട്)

കാറ്റഗറി നമ്പർ : 503/2020
തസ്തിക: ലോവർ ഡിവിഷൻ ക്ലാർക്ക്(ഒന്നാം എൻ.സി.എ വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: കേരള സംസ്ഥാന കയർ കോർപ്പറേഷൻ ലിമിറ്റഡ് , ശമ്പളനിരക്ക്: ₹1680-4180/- (PR), പ്രായം:18-39 , ഒഴിവുകൾ: ഒ ബി സി - 1 (ഒന്ന്)

എൻ.സി.എ. റിക്രൂട്ട്മെന്റ് - ജില്ലാതലം

കാറ്റഗറി നമ്പർ : 504/2020
തസ്തിക: ഹൈസ്ക്കൂൾ ടീച്ചർ (ഗണിതശാസ്ത്രം) മലയാളം മാധ്യമം (ഒന്നാം എൻ.സി.എ വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: വിദ്യാഭ്യാസം , ശമ്പളനിരക്ക്: ₹29200-62400/-,പ്രായം:18-45, ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ ,പട്ടികവർഗ്ഗം- മലപ്പുറം - 7(ഏഴ്), പാലക്കാട് - 1 (ഒന്ന്)

കാറ്റഗറി നമ്പർ : 505/2020-507/2020
തസ്തിക:ഹൈസ്ക്കൂൾ ടീച്ചർ (ഗണിതശാസ്ത്രം) തമിഴ് മാധ്യമം (ഒന്നാം എൻ.സി.എ വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: വിദ്യാഭ്യാസം, ശമ്പളനിരക്ക്: ₹29200-62400/-,പ്രായം:18-43, ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ ,

കാറ്റഗറി നമ്പർ	ഒഴിവുകൾ
505/2020	ഇടുക്കി - ധീവര – 1(ഒന്ന്)
506/220	മുസ്ലീം - 2(രണ്ട്)
507/2020	ഈഴവ /തീയ്യ /ബില്ലവ - 3(മൂന്ന്)

കാറ്റഗറി നമ്പർ : 508/2020
തസ്തിക: ഹൈസ്ക്കൂൾ ടീച്ചർ(ഹിന്ദി)(ഒന്നാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹29200-62400/-, പ്രായം:18-43; ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ - എസ് .ഐ. യു. സി നാടാർ – തൃശൂർ - 01 (ഒന്ന്)

കാറ്റഗറി നമ്പർ : 509/2020
തസ്തിക: ഫുൾടൈം ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) L.P.S(മൂന്നാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹25200-54000/-, പ്രായം:18-43; ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ -വിശ്വകർമ -കോഴിക്കോട്-01 (ഒന്ന്)

കാറ്റഗറി നമ്പർ : 510/2020-511/2020
തസ്തിക: ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്)(രണ്ടാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹25200-54000/-, പ്രായം:18-43; ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ

കാറ്റഗറി നമ്പർ	ഒഴിവുകൾ	
510/2020	എസ്.ഐ.യു.സി നാടാർ	മലപ്പുറം-1(ഒന്ന്)
511/2020	എൽ സി/ എ ഐ	കണ്ണൂർ-1 (ഒന്ന്)

കാറ്റഗറി നമ്പർ : 512/2020
തസ്തിക: സർജന്റ് (രണ്ടാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: വിവിധം , ശമ്പള നിരക്ക്: ₹22200-48000/-,പ്രായം:18-41; ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ -തിരുവനന്തപുരം- പട്ടികവർഗ്ഗം-01 (ഒന്ന്)

കാറ്റഗറി നമ്പർ : 513/2020-514/2020
തസ്തിക: പാർട്ട് ടൈം ഹൈസ്ക്കൂൾ ടീച്ചർ (അറബിക്) (ഒന്നാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: വിദ്യാഭ്യാസം, ശമ്പളനിരക്ക്: ₹19,000-43,600/-, പ്രായം:18-43; ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ

കാറ്റഗറി നമ്പർ	ഒഴിവുകൾ	
513/2020	ലത്തീൻ കത്തോലിക്ക / ആംഗ്ലോ ഇന്ത്യൻ	തൃശൂർ - 01 (ഒന്ന്)
514/2020	ഈഴവ/തിയ്യ/ബില്ലവ	കാസർഗോഡ്-01(ഒന്ന്)

കാറ്റഗറി നമ്പർ : 515/2020
തസ്തിക: ലോവർ ഡിവിഷൻ ക്ലാർക്ക് (വിമുക്തഭടന്മാർ മാത്രം)(രണ്ടാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: എൻ. സി. സി./സൈനിക ക്ഷേമം, ശമ്പള നിരക്ക്: ₹19,000 - 43600/-,പ്രായം:18-41 ; ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ -പട്ടികവർഗ്ഗം (എസ് ടി),കോട്ടയം - 01 (ഒന്ന്)

കാറ്റഗറി നമ്പർ : 516/2020
തസ്തിക: ലോവർ ഡിവിഷൻ ക്ലാർക്ക് (വിമുക്ത ഭടന്മാർ മാത്രം)(നാലാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: എൻ. സി. സി./സൈനിക ക്ഷേമം , ശമ്പള നിരക്ക്: ₹19,000 – 43600/-,പ്രായം:18-41; ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ -പട്ടികവർഗ്ഗം (എസ് ടി)- തിരുവനന്തപുരം - 1 (ഒന്ന്)

കാറ്റഗറി നമ്പർ : 517/2020-520/2020
തസ്തിക: ലോവർ ഡിവിഷൻ ക്ലാർക്ക് (വിമുക്തഭടന്മാർ മാത്രം)(ഒന്നാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/ സ്ഥാപനം: എൻ. സി. സി./സൈനിക ക്ഷേമം , ശമ്പള നിരക്ക്: ₹19,000 – 43600/-, പ്രായം:പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക്:18-41, മറ്റു വിഭാഗക്കാർക്ക് : 18-39, ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ -

കാറ്റഗറി നമ്പർ	സമുദായം	ജില്ലയുടെ പേരും ഒഴിവുകളുടെ എണ്ണവും
517/2020	എസ് സിസിസി (ക്രിസ്തുമതത്തി ലേയ്ക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ)	എറണാകുളം - 01 (ഒന്ന്)
518/2020	മുസ്ലീം	തിരുവനന്തപുരം - 02 (രണ്ട്)
519/2020	പട്ടികജാതി	ഇടുക്കി - 01 (ഒന്ന്) എറണാകുളം - 01 (ഒന്ന്)
520/2020	വിശ്വകർമ്മ	പാലക്കാട് - 01 (ഒന്ന്)

കാറ്റഗറി നമ്പർ : 521/2020-522/2020
തസ്തിക:എൽ.ഡി.ടൈപ്പിസ്റ്റ്/ക്ലർക്ക് ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് ക്ലർക്ക് (വിമുക്തഭടന്മാർക്ക് മാത്രം)(ഒന്നാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: എൻ. സി. സി./സൈനിക ക്ഷേമം , ശമ്പള നിരക്ക്: ₹19000- 43600/-,പ്രായം: എൽ.സി / എ.ഐ-18-39, പട്ടികജാതി- 18-41, ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ -

കാറ്റഗറി നമ്പർ	ഒഴിവുകൾ
521/2020	എൽ.സി/എ.ഐ - കണ്ണൂർ - 01 (ഒന്ന്)
522/2020	എസ്.സി - തിരുവനന്തപുരം - 01 (ഒന്ന്)

കാറ്റഗറി നമ്പർ : 523/2020

തസ്തിക: ലോവർ ഡിവിഷൻ ക്ലാർക്ക് (തമിഴും മലയാളവും അറിയാവുന്നവർ)(ഒന്നാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: വിവിധം, ശമ്പള നിരക്ക്: ₹19000-43600/- ,പ്രായം:18-39; ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ

കാറ്റഗറി നമ്പർ	സമുദായം	ജില്ലയുടെ പേരും ഒഴിവുകളുടെ എണ്ണവും
523/2020	മുസ്ലീം	ഇടുക്കി - 1

കാറ്റഗറി നമ്പർ : 524/2020
തസ്തിക: പാർട്ട് ടൈം ഹൈസ്ക്കൂൾ ടീച്ചർ (ഉറുദു)(മൂന്നാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹19000-43600/-, പ്രായം:18-43; ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ- ലാറ്റിൻ കത്തോലിക്ക/ ആംഗ്ലോ ഇന്ത്യൻ – മലപ്പുറം -1 (ഒന്ന്)

കാറ്റഗറി നമ്പർ : 525/2020
തസ്തിക: പാർട്ട് ടൈം ഹൈസ്ക്കൂൾ ടീച്ചർ (അറബിക്) (എട്ടാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹19,000-43,600/-, പ്രായം:18-45; ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ- പട്ടികവർഗ്ഗം- കണ്ണൂർ -01 (ഒന്ന്

കാറ്റഗറി നമ്പർ : 526/2020
തസ്തിക: പാർട്ട് ടൈം ഹൈസ്ക്കൂൾ ടീച്ചർ (ഉറുദു) (ആറാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹19000-43600/-, പ്രായം:18-45; ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ- പട്ടികജാതി – മലപ്പുറം - 2 (രണ്ട്)

കാറ്റഗറി നമ്പർ : 527/2020-528/2020
തസ്തിക: പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) U.P.S (ഒന്നാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: വിദ്യാഭ്യാസം, ശമ്പള നിരക്ക്: ₹18,000 -41,500/-,പ്രായം:18-43; ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ

കാറ്റഗറി നമ്പർ	ഒഴിവുകൾ	
527/2020	വിശ്വകർമ	കോഴിക്കോട്-01 (ഒന്ന്)
528/2020	ഈഴവ/തിയ്യ/ബില്ലവ	വയനാട്-01 (ഒന്ന്)

കാറ്റഗറി നമ്പർ : 529/2020-530/2020
തസ്തിക:ഡ്രൈവർ ഗ്രേഡ് II (HDV) (വിമുക്തഭടന്മാർ മാത്രം)(ഒന്നാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: എൻ.സി.സി./സൈനികക്ഷേമ വകുപ്പ്, ശമ്പള നിരക്ക്: ₹18000 - 41500/-, പ്രായം:21-42- മുസ്ലീം വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾ,21-44-എസ്.സി വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾ;
ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ-

കാറ്റഗറി നമ്പർ	സമുദായം	ഒഴിവുകൾ
529/2020	പട്ടികജാതി	കോഴിക്കോട് -01 (ഒന്ന്) കണ്ണൂർ-01 (ഒന്ന്)
530/2020	മുസ്ലീം	പത്തനംതിട്ട-01 (ഒന്ന്

കാറ്റഗറി നമ്പർ : 531/2020
തസ്തിക: ഡ്രൈവർ ഗ്രേഡ് II (HDV) (വിമുക്തഭടന്മാർ മാത്രം)(രണ്ടാം എൻ.സി.എ. വിജ്ഞാപനം), വകുപ്പ്/സ്ഥാപനം: എൻ.സി.സി./സൈനികക്ഷേമ വകുപ്പ്, ശമ്പള നിരക്ക്: ₹18000 - 41500/-, പ്രായം:21-44
ഒഴിവുകൾ: ജില്ലാടിസ്ഥാനത്തിൽ-എറണാകുളം- പട്ടികജാതി-01 (ഒന്ന്)

അപേക്ഷ ഓൺലൈനിലൂടെ മാത്രം അയയ്ക്കേണ്ടതാണ്. പ്രായം 01.01.2020 അടിസ്ഥാനപ്പെടുത്തി കണക്കാക്കുന്നതാണ്. വിജ്ഞാപനം 31.12.2020-ലെ അസാധരണ ഗസറ്റിലും 01.01.2021-ലെ പി.എസ്.സി. ബുള്ളറ്റിനിലും കമ്മിഷന്റെ www.keralapsc.gov.in എന്ന വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിനുമുമ്പ് ഉദ്യോഗാർത്ഥികൾ വിജ്ഞാപനം വായിച്ചുനോക്കേണ്ടതാണ്.വിജ്ഞാപനത്തിന് അനുസൃതമായല്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

സാജു ജോർജ്,
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മിഷൻ

തിരുവനന്തപുരം
20 .01.2021.

167/F4/2021/I&PRD

മെട്രോ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1196 മകരം 10 ജ.ആഖിർ 09
ശനി 23 ജനുവരി 2021

അഭിമാനകരം, ഇത് ഇന്ത്യയുടെ മാതൃക

ലോകത്തിലെ എണ്ണപ്പെട്ട ശക്തിയാകാൻ കൊതിക്കുന്ന ഇന്ത്യയെപ്പോലൊരു രാജ്യം എങ്ങനെ മറ്റു വൻശക്തികളിൽ നിന്നു വ്യത്യസ്തമാകുന്നു എന്നാണ് കൊവിഡ് പ്രതിരോധത്തിനായി നാം നിർമിച്ച വാക്സിനുകൾ അയൽരാജ്യങ്ങൾക്കെല്ലാം അയച്ചുകൊടുക്കുന്ന സന്മനസിലൂടെ തെളിയുന്നത്. ലോകത്തിൽ ഇന്ത്യയെപ്പോലെ അപൂർവം രാജ്യങ്ങളേയുള്ളൂ. ആരോടും യുദ്ധത്തിനു മുതിരാത്ത, അതിരുകൾ വെട്ടിപ്പിടിക്കാൻ മോഹിക്കാത്ത, ലോകം കാൽക്കീഴിൽ കൊണ്ടുവരണമെന്ന് ആഗ്രഹിക്കാത്ത അനുപമമായ സാംസ്കാരിക പ്രബുദ്ധതയുടെ ഈറ്റില്ലം. ലോകം ഏറ്റവും വലിയ വെല്ലുവിളി നേരിടുന്ന സന്ദർഭത്തിൽ മറ്റുള്ളവർക്കു സഹായഹസ്തം നീട്ടുന്നതിലേക്ക് ഇന്ത്യയെ നയിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദനം അർഹിക്കുന്നു. സ്വാതന്ത്ര്യലബ്ധിയുടെ എഴുപത്തിയഞ്ചാം വർഷത്തിലേക്കു നീങ്ങുമ്പോൾ, സ്വയംപര്യാപ്തമായ ഇന്ത്യയെന്ന ആത്മാഭിമാനത്തിനു കൂടി നാം അവകാശികളാകുകയാണ്.

ഇന്ത്യയോടു ചേർന്നു കിടക്കുന്ന ഭൂട്ടാൻ, ബംഗ്ലാദേശ്, മാലദ്വീപ്, നേപ്പാൾ, മ്യാൻമർ, സീഷെൽസ് എന്നിവിടങ്ങളിലേക്ക് സീറം ഇൻസ്റ്റിറ്റ്യൂട്ട് നിർമിക്കുന്ന ഓക്സ്ഫഡ്- ആസ്ട്രാസെനക്ക ഉത്പന്നമായ കൊവിഷീൽഡ് അയച്ചുകഴിഞ്ഞു. ശ്രീലങ്ക, അഫ്ഗാനിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലേക്ക് ആവശ്യമായ അനുമതിപത്രം ലഭിക്കുന്ന മുറയ്ക്ക് വാക്സിൻ അയയ്ക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. നിലവിൽ ആദ്യഘട്ട മരുന്ന് സൗജന്യമായാണ് അവർക്കെല്ലാം നൽകുന്നത് എന്നതും ശ്രദ്ധേയമാണ്. കൊവിഡ് 19 പ്രതിരോധ വാക്സിനുകൾ ആവശ്യപ്പെട്ട് ഏതാണ്ട് 92 രാജ്യങ്ങൾ ഇതിനകം ഇന്ത്യയെ സമീപിച്ചിട്ടുണ്ട്. അവയിൽ പലതും വികസ്വര, ദരിദ്ര രാജ്യങ്ങളാണ്. അയൽരാജ്യങ്ങൾ മാത്രമല്ല, ബ്രസീലും ബൊളീവിയയും പോലെ ഏറെ വിദൂരത്തുള്ള രാജ്യങ്ങൾ തന്നെയും വാക്സിൻ ആവശ്യപ്പെട്ടു മുന്നോട്ടുവന്നിട്ടുണ്ട്. ദക്ഷിണേഷ്യയിൽ ഇന്ത്യയുടെ നീക്കം ചൈനയുടെ ആധിപത്യത്തിനു പരോക്ഷമായി മങ്ങലേൽപ്പിക്കുകയും ചെയ്തു. അടുത്തകാലത്ത് അതിർത്തിയിൽ വെല്ലുവിളി ഉയർത്തുകയും ചൈനയ്ക്കൊപ്പം ചേർന്ന് തലവേദന സൃഷ്ടിക്കുകയും ചെയ്ത നേപ്പാളിനും മരുന്നയച്ചുകൊടുത്ത ഇന്ത്യയുടെ നീക്കം മേഖലയിൽ കൂടുതൽ ആദരം നേടിത്തരും.

ഇന്ത്യയുടെ ആരോഗ്യരംഗത്തെ മികവ് മികച്ച സൗകര്യങ്ങൾ മാത്രമല്ല, അർപ്പണബോധമുള്ള ആരോഗ്യപ്രവർത്തകർ കൂടിയാണ്. പൊതു, സ്വകാര്യ മേഖലകളിൽ ഏറ്റവും ആധുനിക സംവിധാനങ്ങളുണ്ടെന്നത് ഹെൽത്ത് ടൂറിസം രംഗത്ത് ഇന്ത്യയുടെ പ്രധാന ആകർഷണീയതയാണ്. പാശ്ചാത്യ രാജ്യങ്ങളിൽ വലിയ ചെലവു വരുന്ന സങ്കീർണമായ ശസ്ത്രക്രിയകൾ പോലും നന്നേ കുറഞ്ഞ ചെലവിൽ ഇന്ത്യയിൽ ചെയ്യാനാകുമെന്നതു കൊണ്ട് ചികിത്സ തേടി ഇന്ത്യയിലെത്തുന്നവർ ധാരാളമാണ്. അയൽരാജ്യങ്ങളിലുള്ളവരും ഇന്ത്യയിലെ സൗകര്യങ്ങളെയാണു പ്രധാനമായും ആശ്രയിക്കുന്നത്. മികച്ച ഡോക്റ്റർമാരും നഴ്സുമാരും ജീവനക്കാരും ഉൾപ്പെട്ട ശൃംഖല സ്വന്തമായി അവകാശപ്പെടാൻ അധികം രാജ്യങ്ങളില്ല. കൊവിഡ് ചികിത്സയുടെ വിശ്വസ്ത ലക്ഷ്യസ്ഥാനമായി ഇന്ത്യ മാറിയാൽ അത് ആരോഗ്യ മേഖലയ്ക്കു മാത്രമല്ല നേട്ടമാകുന്നത്.

സീറം ഇൻസ്റ്റിറ്റ്യൂട്ട് നിർമിക്കുന്ന കൊവിഷീൽഡും ഭാരത് ബയോടെക്കിന്റെ കൊവാക്സിനുമാണ് ഇന്ത്യയുടെ വാക്സിനുകൾ. ഇതുവരെയുള്ള റിപ്പോർട്ടുകൾ അനുസരിച്ച് രണ്ടിനും വളരെക്കുറച്ച് പാർശ്വഫലങ്ങൾ മാത്രമേയുള്ളൂ എന്നതും കുറഞ്ഞ വിലയ്ക്ക് ഇവ ലഭ്യമാണ് എന്നതും രാജ്യാന്തര വിപണിയിൽ ആവശ്യക്കാർ കൂടുന്നതിനു കാരണമാണ്. സൂക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളും കുറഞ്ഞ ചെലവിൽ ഏർപ്പെടുത്താനാകും.

കൊവിഡിന് എതിരായ വാക്സിൻ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങളിലേർപ്പെട്ട രാജ്യങ്ങൾ ലോകാരോഗ്യ സംഘടനയ്ക്കും പരസ്പരവും നൽകിയ ഉറപ്പ് വാക്സിൻ ആദ്യം ആര് വികസിപ്പിച്ചാലും അതു ലോകത്തിന്റേയാകെ ആയിരിക്കുമെന്നും എല്ലാ രാജ്യങ്ങളിലെയും പൗരന്മാർക്ക് അതു ലഭിക്കാനുള്ള അവകാശം അംഗീകരിക്കുമെന്നുമായിരുന്നു. വികസിത രാജ്യങ്ങൾ തങ്ങൾക്ക് ആവശ്യം വേണ്ടതിന്റെ പല മടങ്ങു വാക്സിനുകൾ ഉറപ്പാക്കിക്കഴിഞ്ഞു. ലോക ജനസംഖ്യയുടെ 14 ശതമാനം മാത്രം വരുന്ന അവരാണ് ഇതുവരെയുള്ളതിൽ 53 ശതമാനം വാക്സിനുകളും സ്വന്തമാക്കിയിട്ടുള്ളത്. വികസ്വര രാജ്യങ്ങളിലും ദരിദ്ര രാജ്യങ്ങളിലും ഉള്ളവർക്ക് വാക്സിൻ ലഭിക്കാനുള്ള സാധ്യത നന്നേ കുറവാണ് എന്നർഥം.

അവിടെയാണ് ഏഷ്യയിലെ അയൽരാജ്യങ്ങളോട് ഇന്ത്യ സമഭാവനയോടെ പെരുമാറി മാതൃക കാണിച്ചത്. നിലവിലുള്ള വാക്സിനുകൾക്കു പുറമേ അര ഡസൻ വാക്സിനുകൾ കൂടി ഇന്ത്യൻ കമ്പനികൾ നിർമിക്കുന്നുണ്ട്. മഹാമാരി രാജ്യങ്ങളുടെ അതിർത്തി നോക്കാതെയാണു വ്യാപിച്ചത്. അതിനാൽ വാക്സിനുകൾ ലഭ്യമാക്കേണ്ടതും അങ്ങനെയാകണം. ബംഗ്ലാദേശിലേക്ക് ഇന്ത്യ വാക്സിൻ അയച്ചതിനെ തുടർന്ന് ചൈന പാക്കിസ്ഥാനിലേക്കു വാക്സിൻ അയയ്ക്കുന്നതായി വാർത്തയുണ്ട്. പാക്കിസ്ഥാന് വാക്സിൻ നൽകാൻ ഇന്ത്യ തയാറാണെങ്കിലും അവർ ഇന്ത്യയെ സമീപിക്കാൻ കൂട്ടാക്കിയിട്ടില്ല. വാക്സിൻ ബലപരീക്ഷണത്തിനുള്ള ഉപകരണമായിട്ടല്ല, സഹവർത്തിത്വത്തിന്റെയും സമാധാനത്തിന്റെയും ഉപാധിയായാണു കാണേണ്ടത്.

ഇംഗ്ലീഷിന് തുല്യമായ മലയാളം വാക്കുകൾ

തിരുവനന്തപുരം: സംസ്ഥാനത്ത് ഭരണഭാഷ പൂർണമായും മലയാളമാക്കാനുള്ള ഊർജിത നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേന്ദ്ര സർക്കാർ, വിദേശ രാജ്യങ്ങൾ എന്നിവയുമായുള്ള കത്തിടപാടുകൾ, നിയമപ്രകാരം ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങൾ എന്നിവയ്ക്ക് ഇംഗ്ലീഷ് ഉപയോഗിക്കുന്നതൊഴികെ ഭരണഭാഷ മലയാളമായിരിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും കർശന നിർദേശം നൽകിയിട്ടുണ്ട്. സർക്കാർ സർവീസിൽ പ്രവേശിക്കുന്നവർ മലയാള ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാണെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച ആർ. രാമചന്ദ്രന്റെ സബ്മിഷന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞു.

പ്ലസ് ടു തലം വരെ അടിസ്ഥാന യോഗ്യതയുള്ള എല്ലാ പരീക്ഷകൾക്കും കേരള പബ്ലിക് സർവീസ് കമ്മിഷൻ മലയാളത്തിലാണ് ചോദ്യപേപ്പർ തയാറാക്കുന്നത്. നഴ്സറി സ്കൂൾ ടീച്ചർ ഉൾപ്പെടെ ഹൈസ്കൂൾ തലം വരെയുള്ള അധ്യാപക തസ്തികകൾക്കും ചോദ്യപേപ്പർ മലയാളത്തിലാണ്. സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള തസ്തികകൾക്ക് ഇംഗ്ലീഷിലാണ് ചോദ്യങ്ങൾ. സാങ്കേതിക വിഷയങ്ങൾ ഉൾപ്പെടെ ഉയർന്ന യോഗ്യതകൾക്ക് പഠനമാധ്യമം ഇംഗ്ലീഷ് ആയതിനാൽ മലയാളത്തിലെ ചോദ്യപേപ്പറിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഇത് പരിഹരിക്കാൻ സർവകലാശാലാ വൈസ് ചാൻസലർമാരോ അവർ നിർദേശിക്കുന്ന സ്ഥിരം പ്രതിനിധികളോ അംഗങ്ങളായും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്റ്റർ കൺവീനറായും ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

ഇംഗ്ലീഷിലെ സാങ്കേതിക പദങ്ങൾക്ക് തുല്യമായ മലയാള പദാവലി തയാറാക്കുന്ന മുറയ്ക്ക് കൂടുതൽ പരീക്ഷകൾ മലയാളത്തിൽ നടത്താം. ഉദ്യോഗാർഥികളിൽ 90 ശതമാനം പേരും എഴുതുന്ന പരീക്ഷകൾ മുഴുവൻ മലയാളത്തിൽ തന്നെ ചോദ്യവും ഉത്തരവുമെന്ന സ്ഥിതിയായിക്കഴിഞ്ഞിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

പോരാട്ടത്തിൽ നിന്ന് ഉയർന്നുവന്ന വീരപുരുഷൻ

പ്രഹ്ളാദ് സിങ് പട്ടേൽ,
കേന്ദ്ര സാംസ്കാരിക, ടൂറിസം സഹമന്ത്രി
(സ്വതന്ത്ര ചുമതല)

നേതാജി സുഭാഷ് ചന്ദ്ര ബോസിന്റെ ജീവിതം പോരാട്ടത്തിന്റെ കഥയാണ്. കൈകളാൽ നിലം കീറാൻ ശക്തിയുള്ളവൻ; ആകാശത്ത് ഒരു ദ്വാരം ഉണ്ടാക്കുന്നതിനെക്കുറിച്ച് സംസാരിക്കുന്നവൻ; തന്റെ പരിശ്രമത്തിലൂടെ ലക്ഷ്യങ്ങൾ നേടാൻ ആകാംക്ഷയുള്ള ഒരാൾ; സൗജന്യമായി ഒന്നും സ്വീകരിക്കാത്തവൻ; സ്വാതന്ത്ര്യം ലഭിക്കുമെങ്കിൽ തന്റെ രക്തം ചൊരിയാൻ അവൻ തയാറാണ്. നേതാജിയുടെ ഒരൊറ്റ വിളിയിൽ ആയിരക്കണക്കിനാളുകൾ ജീവൻ ബലിയർപ്പിച്ചു. അദ്ദേഹം ഞൊടിയിടയിൽ ബ്രിട്ടീഷുകാർക്കെതിരെ ഒരു സൈന്യത്തെ സൃഷ്ടിച്ചു. അദ്ദേഹത്തിൽ നിന്നുള്ള ഒരു മുദ്രാവാക്യം ആകാശത്ത് മുഴുകി- ജയ് ഹിന്ദ്.

രക്തം തരൂ, സ്വാതന്ത്ര്യം നൽകാം

ഒഡിശയിലെ കട്ടക്കിൽ ജനിച്ച നേതാജി, ബംഗാളിലെ കൊൽക്കത്തയിൽ നിന്ന് ബിരുദം നേടി, ബ്രിട്ടനിൽ ഒരു ഐസിഎസ് ഉദ്യോഗസ്ഥനാകുന്നതിലൂടെ തന്റെ കഴിവ് തെളിയിച്ചു. എന്നാൽ ജോലിയോടൊപ്പം വരുന്ന സുഖസൗകര്യങ്ങൾ തന്റെ ജീവിതത്തിൽ പതിവില്ലായിരുന്നു. അദ്ദേഹത്തിന് പോരാട്ടത്തിന്റെ ഒരു ചരിത്രം എഴുതേണ്ടിവന്നു. സ്വാതന്ത്ര്യസമരം നടത്തേണ്ടിവന്ന ഒരു യോദ്ധാവായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യ പ്രസ്ഥാനത്തെ അദ്ദേഹം പൂർണഹൃദയത്തോടെ സ്വീകരിച്ചു എന്നു മാത്രമല്ല, സ്വാതന്ത്ര്യത്തിന്റെ പ്രചോദനവുമായി. "എനിക്ക് രക്തം തരൂ, ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം നൽകും" എന്ന മുദ്രാവാക്യമുയർത്തി അദ്ദേഹം രാജ്യത്തെ ഉണർത്താൻ തുടങ്ങി. അദ്ദേഹത്തിന്റെ തത്ത്വചിന്തയുടെയും വ്യക്തിത്വത്തിന്റെയും പ്രഭാവം അത്തരത്തിലായിരുന്നു, അദ്ദേഹത്തെ ശ്രദ്ധിക്കുന്നവർ അദ്ദേഹത്തിലേക്ക് ആകർഷിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രശസ്തി ഉയരുകയും പൊതുജനങ്ങളുടെ നേതാജിയായി മാറുകയും ചെയ്തു.

ഭാരത മാതാവിനെ അദ്ദേഹം വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. അടിമത്തത്തിന്റെ ചങ്ങലകളുമായി ബന്ധിപ്പിച്ചിരുന്ന രാജ്യം അദ്ദേഹത്തെ സമാധാനപരമായി ജീവിക്കാൻ അനുവദിച്ചില്ല. രാജ്യത്തോടുള്ള അദ്ദേഹത്തിന്റെ സ്നേഹമാണ് ഈ അത്ഭുതത്തിലേക്ക് നയിച്ചത്. രാജ്യാതിർത്തിക്കപ്പുറമുള്ള ആളുകളിലും അദ്ദേഹത്തോടുള്ള ആരാധന വളർന്നു. നിരവധി സുപ്രധാന രാജ്യങ്ങളിലെ രാഷ്ട്രത്തലവന്മാർ അദ്ദേഹത്തോടൊപ്പം നിന്നു. രാജ്യത്തിനു പുറത്തും സ്വാതന്ത്ര്യസമരത്തിന്റെ ജ്വാല നേതാജി കത്തിച്ചു. അദ്ദേഹം ഒരു പുതിയ സേനയെ സൃഷ്ടിക്കുകയും ആ ശക്തിയെ രാജ്യത്തെ ശത്രുക്കളുടെ മുമ്പാകെ ആസാദ് ഹിന്ദ് ഫൗജ് (ഇന്ത്യൻ നാഷണൽ ആർമി) അവതരിപ്പിക്കുകയും ചെയ്തു. "ദില്ലി ചാലോ" എന്ന മുദ്രാവാക്യം അദ്ദേഹം ഒരു പുതിയ മനോഭാവത്തോടെ നൽകി, ഇന്ത്യയുടെ വിമോചനത്തിനായുള്ള യാത്ര ആരംഭിച്ചു. തന്റെ 60,000ൽപ്പരം വരുന്ന സേനയിലെ ഏകദേശം 26,000 സൈനികർ രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ചു. സുഭാഷ് ചന്ദ്ര ബോസിന്റെ ത്രിവർണത്തിൽ പൊതിഞ്ഞ ലയൺ ഓഫ് ഇന്ത്യ അന്തസോടെ ജീവിക്കാൻ ബ്രിട്ടീഷുകാരെ എല്ലാ ശക്തിയോടെയും വെല്ലുവിളിക്കുകയായിരുന്നു. ഈ അലർച്ച ബ്രിട്ടീഷുകാരുടെ ഹൃദയമിടിപ്പ് വർധിപ്പിക്കുകയും ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടതോടെ അവസാനിക്കുകയും ചെയ്തു.

കോൺഗ്രസും നേതാജിയും

'വിജയം എല്ലായ്പ്പോഴും പരാജയത്തിന്റെ സ്തംഭത്തിൽ നിൽക്കുന്നു'. സുഭാഷ് ചന്ദ്രബോസ് ഈ തത്ത്വചിന്തയിൽ ജീവിക്കുകയും മറ്റുള്ളവരെ അതേ രീതിയിൽ പ്രചോദിപ്പിക്കുകയും ചെയ്തു.നേതാജി നിരവധി തവണ പരാജയങ്ങൾ നേരിട്ടു, പക്ഷേ അദ്ദേഹം ആ പരാജയങ്ങളെ തന്റെ പോരാട്ടത്തിലൂടെ വിജയകരമായ ഒരു കഥയായി പരിവർത്തനം ചെയ്തു. അത് മുനിസിപ്പൽ രാഷ്ട്രീയമായാലും സാധാരണ കോൺഗ്രസുകാരനിൽ നിന്ന് കോൺഗ്രസ് പ്രസിഡന്റിലേക്കുള്ള യാത്രയായാലും, ഫോർവേഡ് ബ്ലോക്കിന്റെ രൂപീകരണമായാലും, ഇന്ത്യൻ നാഷണൽ ആർമിയുടെ പോരാട്ടമായാലും, അദ്ദേഹം ഉന്നതവിജയം നേടി.

മഹാത്മാ ഗാന്ധിയുടെ നേതൃത്വം ബോസ് സ്വീകരിച്ചു. പക്ഷേ വിരോധാഭാസമെന്നു പറയട്ടെ, കോൺഗ്രസ് വിടാൻ ഗാന്ധിജി തന്നെ കാരണമായി. എന്നാൽ രണ്ടു നേതാക്കൾക്കും എപ്പോഴും പരസ്പര ബഹുമാനമുണ്ടായിരുന്നു. നേതാജി ഒരിക്കലും ഗാന്ധിജിയെക്കുറിച്ചു മോശമായി സംസാരിച്ചിട്ടില്ല. നേതാജി രണ്ടുതവണ കോൺഗ്രസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. പക്ഷേ, അദ്ദേഹം ആദ്യം പ്രസിഡന്റ് സ്ഥാനം ഉപേക്ഷിക്കുകയും പിന്നീട് കോൺഗ്രസ് വിടുകയും ചെയ്തു. അതിനുശേഷം, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഒരു അധ്യായം അദ്ദേഹം അവശേഷിപ്പിച്ചു, അതിന്റെ താളുകൾ ചേർക്കുന്നത് ഇപ്പോഴും തുടരുന്നു.

1939ലും അതിനു ശേഷവും കോൺഗ്രസുകാർക്കും കമ്മ്യൂണിസ്റ്റുകൾക്കും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കാൻ കഴിയാതെ വന്നപ്പോൾ, സ്വാതന്ത്ര്യ സ്വപ്നവുമായി ഹിറ്റ്ലർ, മുസോളിനി, ടോജോ, സ്റ്റാലിൻ എന്നിവരുമായി നേതാജി ചങ്ങാത്തത്തിലായി. 'ആസാദ് ഹിന്ദ് ഫൗജ്' സ്ഥാപിക്കുക മാത്രമല്ല, 1943 ഒക്റ്റോബർ 24ന് അദ്ദേഹം ആസാദ് (സ്വതന്ത്ര) ഗവണ്മെന്റ് രൂപീകരിക്കുകയും ചെയ്തു. ജർമനി, ഇറ്റലി, ജപ്പാൻ, അയർലൻഡ്, ചൈന, കൊറിയ, ഫിലിപ്പീൻസ് തുടങ്ങി ഒൻപത് രാജ്യങ്ങളിൽ നിന്നും ഈ പുതിയ രാജ്യത്തിന് അംഗീകാരം ലഭിച്ചു.

ഇന്ത്യ സ്വാതന്ത്ര്യം നേടിയ സമയത്ത് ക്ലെമന്റ് അറ്റ്ലി ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്നു. 1956ലാണ് അദ്ദേഹം കൊൽക്കത്തയിലെത്തിയത്. അക്കാലത്ത് അദ്ദേഹത്തിന്റെ ആതിഥേയനായ ഗവർണർ ജസ്റ്റിസ് പി.ബി. ചക്രവർത്തി ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകാനുള്ള ബ്രിട്ടീഷ് തീരുമാനത്തിന്റെ കാരണം അദ്ദേഹത്തിൽ നിന്ന് കണ്ടെത്താൻ ശ്രമിച്ചു. നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ആസാദ് ഹിന്ദ് ഫൗജിന്റെ സൈനിക പ്രവർത്തനങ്ങൾ വർധിച്ചതിനാൽ ഇന്ത്യൻ സൈന്യത്തിന്റെയും നാവികസേനയുടെയും ബ്രിട്ടീഷ് ഭരണകൂടത്തോടുള്ള വിശ്വസ്തത കുറഞ്ഞുവരികയാണെന്ന് അറ്റ്ലി പറഞ്ഞിരുന്നു. ഇത് ഒരു പ്രധാന കാരണമായിരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് സുഭാഷ് ചന്ദ്രബോസിന്റെ മഹത്തായ സംഭാവന ഈ അംഗീകാരം തെളിയിക്കുന്നു. ആർ.സി. മജുംദാർ എഴുതിയ 'എ ഹിസ്റ്ററി ഓഫ് ബംഗാൾ' എന്ന പുസ്തകത്തിൽ ജസ്റ്റിസ് ചക്രബർത്തി പ്രസാധകന് എഴുതിയ കത്തിൽ ഇതിന്റെ പരാമർശമുണ്ട്.

ജബൽപുർ, വിവേകാനന്ദൻ

മധ്യപ്രദേശിലെ ജബൽപുരിന് നേതാജിയുടെ ജീവിതത്തിൽ സുപ്രധാന സംഭാവനയുണ്ട്. നർമദയുടെ തീരങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റിമറിച്ചു. ത്രിപുര കോൺഗ്രസ് സമ്മേളനം 1939 മാർച്ചിൽ ജബൽപുരിൽ നടന്നു. ആരോഗ്യം മോശമായിരുന്നിട്ടും അതിൽ പങ്കെടുക്കാൻ ഒരു സ്ട്രെച്ചറിൽ നേതാജി എത്തിയിരുന്നു. അതിനുശേഷം, 1939 ജൂലൈ നാലിന് അദ്ദേഹം വീണ്ടും ജബൽപുരിലെത്തി ഫോർവേഡ് ബ്ലോക്ക് രൂപീകരിച്ചു, അവിടെ നേതാജിക്ക് അഭൂതപൂർവമായ സ്വീകരണം ലഭിച്ചു. മധ്യപ്രദേശിലെ ജനങ്ങൾക്ക് നേതാജിയുമായി ആഴത്തിലുള്ള ബന്ധമുണ്ട്. സംസ്ഥാനത്തെ എല്ലാ പട്ടണങ്ങളിലും അദ്ദേഹത്തിന്റെ പേരിൽ ഒരു വാർഡുണ്ട്. നേതാജിയോടുള്ള സംസ്ഥാനത്തെ ജനങ്ങളുടെ അഗാധമായ വിശ്വാസത്തിന്റെ പ്രതീകമായ സഹയോഗ് ക്രീഡ മണ്ഡൽ കഴിഞ്ഞ 37 വർഷമായി ദേശീയ കബഡി മത്സരവും മറ്റ് കായിക മത്സരങ്ങളും അദ്ദേഹത്തിന്റെ സ്മരണയ്ക്കായി സംഘടിപ്പിക്കുന്നു. ജബൽപുർ, ശിവ്നി ജയിലുകളിൽ അടയ്ക്കപ്പെട്ടവരിൽ അദ്ദേഹവും ഉൾപ്പെടും.

ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, തെലുങ്ക്, ഗുജറാത്തി, പഷ്തോ ഭാഷകളിൽ ബോസിന് അഗാധമായ പ്രാവീണ്യം ഉണ്ടായിരുന്നു. ആസാദ് ഹിന്ദ് ഫൗജിൽ അദ്ദേഹം ഈ ഭാഷകളിലൂടെ രാജ്യത്തെ മുഴുവൻ ആളുകളുമായി സംവദിക്കുകയും സന്ദേശങ്ങൾ നൽകുകയും ചെയ്തു. തന്റെ സഹപ്രവർത്തകർക്ക് നേതാജിയുടെ സന്ദേശം ഇതായിരുന്നു: "വിജയം വിദൂരമായിരിക്കാം, പക്ഷേ അത് അത്യന്താപേക്ഷിതമാണ്. ഒരു വ്യക്തിക്ക് നിശ്ചയദാർഢ്യമില്ലെങ്കിൽ, അയാൾക്ക് ഒരിക്കലും വലിയവനാകാൻ കഴിയില്ല. എന്നാൽ ആന്തരികമായി മറ്റെന്തെങ്കിലും ഉണ്ടായിരിക്കണം" - ബോസ് പറയാറുണ്ടായിരുന്നു.

നേതാജി ഇന്ത്യയിൽ 11 തവണ ജയിലിൽ അടയ്ക്കപ്പെട്ടു. എന്നാൽ, അടിമത്തത്തിൽ നിന്ന് മോചിപ്പിക്കപ്പെടുന്നതിന്റെ പാണ്ഡിത്യവും ലോകത്തിലെ ഉന്നത നേതാക്കളെ കണ്ടുമുട്ടുന്നതിലൂടെ തന്റെ ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള ആഗ്രഹവും അദ്ദേഹം പ്രകടിപ്പിച്ചു. ഇന്ത്യൻ നേതൃത്വത്തിന് ആഗോള സ്വത്വം നൽകിയതിന്റെ ബഹുമതി സുഭാഷ് ചന്ദ്ര ബോസിനാണ്. നേരത്തേ സ്വാമി വിവേകാനന്ദൻ ഇന്ത്യയുടെ ആത്മീയവും സാംസ്കാരികവുമായ ശ്രേഷ്ഠതയും സ്വത്വവും ലോകത്തെ അറിയിച്ചിരുന്നു. അതുകൊണ്ടാണ് സ്വാമി വിവേകാനന്ദന്റെ സ്വാധീനം അദ്ദേഹത്തിൽ കാണപ്പെട്ടത്. സുഭാഷ് ചന്ദ്ര ബോസ് ഒരിക്കലും ഭഗവദ്ഗീതാ വായന ഉപേക്ഷിച്ചില്ല.

സ്വാതന്ത്ര്യത്തിനായുള്ള സുഭാഷ് ചന്ദ്രബോസിന്റെ പോരാട്ടം ഇന്ത്യയ്ക്ക് മാത്രമല്ല, എല്ലാ മൂന്നാം ലോക രാജ്യങ്ങൾക്കും പ്രചോദനമായി. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം അടുത്ത 15 വർഷത്തിനുള്ളിൽ മൂന്ന് ഡസൻ ഏഷ്യൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യഗാനങ്ങൾ ആലപിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമരവും സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിലുള്ള സ്വാതന്ത്ര്യസമര പോരാട്ടവും ആ രാജ്യങ്ങളെ ആഴത്തിൽ സ്വാധീനിച്ചു. നേതാജിയുടെ പദവി ആഗോളതലത്തിൽ അദ്ദേഹത്തെ സ്വാതന്ത്ര്യത്തിന്റെ വീരപുരുഷനാക്കി.

കൊവിഡ് കാലത്തെ റിപ്പബ്ലിക്ക് ദിനം

വിജയ് ചൗക്ക്

സുധീർ നാഥ്

1950ൽ ഇന്ത്യ റിപ്പബ്ലിക്കായി. ഭരണഘടന നിലവിൽ വന്നതിനെയാണ് റിപ്പബ്ലിക്കായി പ്രഖ്യാപിക്കുന്നത്. 1950 ജനുവരി 26നാണ് ഭരണഘടന നിലവിൽ വന്നത്. 1951ൽ ആദ്യ റിപ്പബ്ലിക്ക് ദിനാഘോഷം വളരെ ലളിതമായാണ് നടത്തിയത്. എട്ടു കുതിരകളെ കെട്ടിയ വണ്ടിയിൽ രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദ് പട്ടാള അകമ്പടിയോടെ കൊണാട്ട് സർക്കിൾ വഴി ഇർവിൻ സ്റ്റേഡിയത്തിൽ (ഇന്നത്തെ നാഷണൽ സ്റ്റേഡിയം) ഘോഷയാത്രയായി എത്തി. ഒന്നാം റിപ്പബ്ലിക് ആഘോഷം കാണാൻ വൻ ജനക്കൂട്ടമായിരുന്നു.

ജനങ്ങളുടെ ആവേശം കണ്ടതുകൊണ്ടാകണം1952ലെ രണ്ടാമത്തെ റിപ്പബ്ലിക് പരേഡ് വിപുലമായി നടത്താൻ സർക്കാർ തീരുമാനമായി. പ്രതിരോധ മന്ത്രാലയത്തെയാണ് പരേഡിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. എല്ലാ സംസ്ഥാനങ്ങളുടെയും പ്രാതിനിധ്യം ഉണ്ടാകണമെന്ന് സർക്കാർ നിർദേശവും വന്നു. പല സംസ്ഥാനങ്ങളും സ്വയം മുന്നോട്ടുവന്നു. കേരളത്തിനു വേണ്ടി പ്രവർത്തിക്കുന്ന പ്രതിരോധ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ കാർട്ടൂണിസ്റ്റ് ശങ്കറിനെയാണ് സമീപിച്ചത്. കാർട്ടൂണിസ്റ്റ് ശങ്കറും പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും തമ്മിലുള്ള സുഹൃദ് ബന്ധമാണ് ഇതിനു പിന്നിലെന്നത് എടുത്ത് പറയേണ്ട കാര്യമില്ലല്ലോ.

ശങ്കർ അവസരം പാഴാക്കിയില്ല. ഡൽഹിയിൽ കഴിയുന്ന അവസരത്തിൽ തികച്ചും ഒരു കേരളീയനായി തന്നെയാണ് അദ്ദേഹം കഴിഞ്ഞിരുന്നത്. കേരളത്തിലെ ഒരു തറവാട്ടിൽ പോകുന്ന പ്രതീതിയാണ് ശങ്കറിന്റെ വീട്ടിൽ പോയാലെന്ന് എത്രയോ പ്രശസ്തർ പിൽക്കാലത്ത് രേഖപ്പെടുത്തിയിരിക്കുന്നു. ശങ്കറിന്റെ പ്രിയ ശിഷ്യൻ കാർട്ടൂണിസ്റ്റ് കുട്ടിയായിരുന്നു അന്ന് കേരള ക്ലബിന്റെ സെക്രട്ടറി. കേരള ക്ലബ്ബിലിരുന്ന് കുട്ടിയും മറ്റും ഒരു രൂപരേഖ ഉണ്ടാക്കി.

രണ്ട് ഫ്ലോട്ടുകളാണ് കേരളത്തിന് അനുവദിക്കപ്പെട്ടത്. കേരള മാതൃകയിലുള്ള ഒരു വീടായിരിക്കണം ഒന്നാം ഫ്ലോട്ട്. കഥകളിയായിരിക്കണം രണ്ടാമത്തെ ഫ്ലോട്ട്. കുട്ടിയുടെയും സംഘത്തിന്റെയും ആശയത്തിന് ശങ്കറിന്റെ പച്ചക്കൊടിയും ലഭിച്ചു. ശങ്കർ നേരിട്ടു നേതൃത്വം നൽകി പ്ലൈവുഡിൽ കേരള മാതൃകയിലുള്ള ഒരുഗ്രൻ വീട് തയാറാക്കി. തെങ്ങിന്റെയും മറ്റും കട്ടൗട്ടുകൾ ശങ്കർ തന്നെയാണ് തയാറാക്കിയത്. പെയ്ന്റിങ്ങിന്റെ കാര്യത്തിൽ ശങ്കറിനെ സഹായിക്കുക എന്നതായിരുന്നു മറ്റുള്ളവരുടെ പണി. മണിക്കൂറുകളോളം ശങ്കർ പെയിന്റിങ്ങിനായി ചെലവഴിച്ചു. തികച്ചും ഒറിജിനലിനോട് കിടപിടിക്കുന്ന പെയ്ന്റിങ് എല്ലാവരുടെയും പ്രശംസയ്ക്കു പാത്രമായി.

ഡൽഹിയിലെ മലയാളി പെൺകുട്ടികളെ സംഘടിപ്പിച്ച് കൈകൊട്ടിക്കളിയും ഇതിനിടയിൽ ഒരുക്കി. ഓണാഘോഷം ചിത്രീകരിക്കുക എന്നതാണ് കുട്ടിയും കൂട്ടരും ലക്ഷ്യമിട്ടത്. നിലവിളക്കും നിറപറയും എല്ലാം ഒരുക്കി. കാരണവരുടെ വേഷം ചെയ്യാൻ ശങ്കറിനെ എല്ലാവരും നിർദേശിച്ചു. പക്ഷെ കാരണവത്തിയായി ഒരാളെ കിട്ടിയില്ല. കാരണവത്തിയാവാൻ പ്രായമായവർ തയാറായില്ല. ചെറുപ്പക്കാരികളാരെങ്കിലും കാരണവത്തിയാകാൻ തയാറാകും എന്ന പ്രതീക്ഷയും അസ്ഥാനത്തായി. കുട്ടി തന്നെ ഒടുവിൽ തന്റെ ഗുരു കൂടിയായ ശങ്കറിന്റെ നിർദേശ പ്രകാരം കാരണവത്തിയാകാൻ തയാറായി. കുട്ടി മീശ വടിച്ച് മേയ്ക്കപ്പിട്ട് കാരണവത്തിയായപ്പോൾ അന്തം വിട്ടത് ഡൽഹി മലയാളികളാണ്. കാരണവത്തികൾ അയ്യടാ എന്നായി. കുട്ടിയുടെ മേക്കപ്പ്മാൻ മറ്റാരുമായിരുന്നില്ല, ശങ്കർ തന്നെ..! ഫ്ലോട്ടിലെ കുട്ടികളുടെ കൂട്ടത്തിൽ ഞങ്ങളും ഉണ്ടായിരുന്നു എന്ന് ശങ്കറിന്റെ മകൾ അഭിമാനത്തോടെ പറഞ്ഞിട്ടുണ്ട്.

അങ്ങനെ റിപ്പബ്ലിക് ദിനത്തിൽ കേരള വീടും കഥകളിയും നീങ്ങി. പെൺകുട്ടികൾ കൈകൊട്ടിക്കളിയും ആൺകുട്ടികൾ കോൽക്കളിയുമായി കേരളത്തിന്റെ ഫ്ലോട്ടിന് മിഴിവേകി. കാരണവരായി ശങ്കർ ഒരു വാക്കിങ് സ്റ്റിക്കുമായി എല്ലാം നോക്കി നിന്നു. കാരണവത്തിയായി കാർട്ടൂണിസ്റ്റ് കുട്ടി പെൺകുട്ടികൾക്ക് താളം പിടിച്ചു കൊടുത്തു. കഥകളി വേഷവും ഫ്ലോട്ടിന്റെ ഭാഗമായി. മാങ്കുളം വിഷ്ണു നമ്പൂരിയായിരുന്നു അന്ന് കഥകളി വേഷം കെട്ടിയത്. അദ്ദേഹം യഥാർഥ കഥകളി കലാകാരനായിരുന്നു. രാത്രി എണ്ണത്തിരി വെളിച്ചത്തിൽ നിന്നും കഥകളി പകൽവെട്ടത്ത് ആദ്യമായി അവതരിക്കപ്പെട്ടു.

റിപ്പബ്ലിക് ദിന പരേഡിലെ കേരള ഫ്ലോട്ടിന്റെ അവസാന മിനുക്കുപണി നടക്കുന്നതിന് മുന്നിൽ ബപ്പാ ചക്രവർത്തി.
ഫോട്ടോ : വിനായക് ബാബു

പരേഡ് രാഷ്ട്രപതി ഭവനിൽ നിന്ന് റെഡ്ഫോർട്ട് വരെയാണ് പോകേണ്ടിയിരുന്നത്. കാരണവരായി വേഷമിട്ട ശങ്കറിന് നിൽക്കാൻ ബുദ്ധിമുട്ടാണ്. സല്യൂട്ട് സ്റ്റാൻഡിന് ശേഷം ശങ്കർജിയോട് ഫ്ലോട്ടിൽ നിന്ന് ഇറങ്ങുവാൻ മറ്റുള്ളവർ നിർബന്ധിച്ചു. അദ്ദേഹം ജൻപഥ് ക്രോസിങ്ങിൽ വച്ച് ഫ്ലോട്ടിൽ നിന്നിറങ്ങി. മറ്റുള്ളവർ കാരണവരില്ലാതെ റെഡ് ഫോർട്ടിലേക്ക് നീങ്ങി. കൊണാട്ട് പ്ലേസ് ചുറ്റിയായിരുന്നു പരേഡിന്റെ റൂട്ട്.

ഫ്ലോട്ടിനായി തയാറാക്കിയ വീട് ഒരർഥത്തിൽ ശരിയായ വീടു തന്നെയായിരുന്നു. ചായയും മറ്റും വീടിനകത്ത് ഒരുക്കിയിരുന്നു. ഘോഷയാത്രയിൽ പങ്കെടുത്ത എല്ലാവർക്കും ഭക്ഷണം ആ വീട്ടിൽ നിന്നാണന്ന് കൊടുത്തത്. റെഡ് ഫോർട്ട് എത്തുന്നതിനു മുൻപു കുട്ടിയും സംഘവും മേയ്ക്കപ്പ് പകുതിയും ഉപേക്ഷിച്ചിരുന്നു. യാത്രയ്ക്കിടെ പരേഡ് കാണാൻ കൂടിയ ജനക്കൂട്ടത്തിനിടയിൽ നിന്ന് കാരണവത്തിയായി വേഷമിട്ട കുട്ടിക്ക് പലരും ബീഡി വാഗ്ദാനം ചെയ്തത് ചിരിക്ക് വക നൽകിയത്രെ!!

കേരളം ഏറെ ശ്രദ്ധിക്കപ്പെട്ടു. വൻ ഹിറ്റായി... മാധ്യമങ്ങളിൽ വാർത്തകൾ വന്നു. ഫ്ലോട്ടിനെക്കുറിച്ച് മാത്രമായിരുന്നില്ല വാർത്ത. കഥകളി അപമാനിക്കപ്പെട്ടു എന്ന മഹാകവി വള്ളത്തോളിന്റെ പ്രസ്താവനയും പിന്നീട് പത്രങ്ങളിൽ വന്നു. ശങ്കറിനെയും കൂട്ടരേയും നഖശിഖാന്തം എതിർത്തുകൊണ്ട് വള്ളത്തോൾ പ്രസ്താവന ഇറക്കിയത് പകൽ വെട്ടത്തിൽ കഥകളി അവതരിപ്പിച്ചതുകൊണ്ടാണ്. വള്ളത്തോളിന്റെ പ്രസ്താവന മലയാള പത്രങ്ങളിൽ മാത്രമല്ല ദേശീയ പത്രങ്ങളിലും പ്രസിദ്ധീകരിക്കപ്പെട്ടു. എന്തായാലും കേരളത്തിന്റെ ഫ്ലോട്ട് ഏറെ സംസാരവിഷയമായി.

എല്ലാ വർഷവും ചടങ്ങിൽ പങ്കെടുക്കാൻ ഏതെങ്കിലും വിദേശ രാജ്യത്തിന്റെ തലവൻ മുഖ്യാതിഥിയായി എത്തും. കൊവിഡ് മഹാമാരിയുടെ നിഴലുണ്ടെങ്കിലും 72 ാം റിപ്പബ്ലിക്ക് പരേഡ് കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചാണു നടക്കുക. ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറീസ് ജോൺസണായിരുന്നു ഈ വർഷത്തെ മുഖ്യാതിഥി. പക്ഷെ, ബ്രിട്ടനിൽ കൊവിഡിന്റെ പുതിയ വകഭേദം കണ്ടെത്തയതിനെ തുടർന്ന് അദ്ദേഹം യാത്ര റദ്ദാക്കി. വിദേശ പ്രതിനിധി മുഖ്യാതിഥിയായി ഇല്ലാതെ 55 വർഷങ്ങൾക്ക് ശേഷമാണ് ഇക്കുറി പരേഡ് നടക്കുന്നത്.

എന്നാൽ വിദേശത്തെ മാധ്യമപ്പട തന്നെ പതിവിലും വിപരീതമായി ഡൽഹിയിൽ എത്തിയിട്ടുണ്ട്. ഡൽഹി അതിർത്തികളിൽ നടക്കുന്ന കർഷക സമരത്തിന്റെ ഭാഗമായി റിപ്പബ്ലിക്ക് ദിനത്തിൽ ട്രാക്റ്റർ റാലി നടത്തുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. വിദേശത്തേയും സ്വദേശത്തേയും മാധ്യമങ്ങളുടെ വൻ പട തന്നെ ഇത് റിപ്പോർട്ട് ചെയ്യാൻ എത്തിയിട്ടുണ്ട്. ട്രാക്റ്റർ റാലി നടന്നാൽ അത് ഇന്ത്യയ്ക്ക് ലോക രാജ്യങ്ങളുടെ മുന്നിൽ വലിയ നാണക്കേടാകും.

ഒന്നര ലക്ഷം ജനങ്ങളാണ് സാധാരണ റിപ്പബ്ലിക്ക് പരേഡ് വീക്ഷിക്കാൻ രാജ്പഥിൽ എത്താറ്. പക്ഷെ ഇത്തവണ 25,000 പേർക്ക് മാത്രമാണ് അനുമതി. മുൻ വർഷങ്ങളിൽ 8.2 കിലോമീറ്റർ ദൂരം പരേഡ് ഉണ്ടാകും. ഇത്തവണ വിജയ് ചൗക്കിൽ നിന്ന് ആരംഭിച്ച് രാജ്പഥിലൂടെ സഞ്ചരിച്ച് 3.3 കിലോമീറ്റർ ദൂരത്തുള്ള നാഷണൽ സ്റ്റേഡിയത്തിൽ സമാപിക്കും.

സർവീസിൽ നിന്നു വിരമിച്ച വയോധികരായ യോദ്ധാക്കളെ ഇക്കുറി പരേഡിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 15 വയസിന് താഴെയുള്ള കുട്ടികൾക്കു പരേഡ് വീക്ഷിക്കാൻ അനുമതി നൽകിയിട്ടില്ല. 321 സ്കൂൾ വിദ്യാർഥികളും, 80 നർത്തകരുമായി രാജ്പഥിലെ കലാപ്രകടനം ചുരുങ്ങും. പക്ഷെ മുൻ വർഷങ്ങളെ അപേക്ഷിച്ച് 32 നിശ്ചലദൃശ്യങ്ങൾ ഉണ്ടാകും. മുൻപ് 22 മുതൽ 25 നിശ്ചലദൃശ്യങ്ങൾ മാത്രമേ പരേഡിന്റെ ഭാഗമായി ഉണ്ടാകാറുള്ളൂ. ഉത്തർ പ്രദേശ് അവതരിപ്പിക്കുന്ന ഫ്ലോട്ട് അയോധ്യയിൽ ഉയരുന്ന രാമക്ഷേത്രത്തിന്റെ മാതൃകയാണ്.

ഇത്തവണ ബംഗ്ലാദേശ് ആർമിയിലെ 122 അംഗങ്ങൾ ഇന്ത്യൻ റിപ്പബ്ലിക്ക് പരേഡിന്റെ ഭാഗമായി മാർച്ചിൽ പങ്കാളിയാകും. ഇതിന് മുൻപ് ഫ്രാൻസും (2016), യുഎഇയും (2017) മാത്രമാണ് ഇന്ത്യൻ റിപ്പബ്ലിക്ക് പരേഡിന്റെ ഭാഗമായി പങ്കെടുത്തിട്ടുള്ള വിദേശ രാജ്യങ്ങൾ. അടുത്തിന്റെ ഇന്ത്യ സ്വന്തമാക്കിയ റഫാൽ വിമാനങ്ങളും ഇക്കുറി പരേഡിന്റെ ഭാഗമാകുന്നുണ്ട്.

രണ്ടു വർഷത്തിന്റെ ഇടവേളയ്ക്കു ശേഷം കേരളത്തിന്റെ ഫ്ലോട്ടും പരേഡിൽ അണിനിരക്കുന്നുണ്ട്. കേരള സർക്കാരിന്റെ ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് വകുപ്പിനാണ് ചുമതല. ഡൽഹി കേരള ഹൗസിലെ ഇൻഫർമേഷൻ ഓഫിസർ സിനി തോമസാണ് കേരള ടാബ്ലോയുടെ നോഡൽ ഓഫിസർ. കൊയർ ഓഫ് കേരള എന്ന വിഷയമാണ് കേരളം ഇത്തവണ ടാബ്ലോയിൽ ദൃശ്യവത്കരിച്ചിരിക്കുന്നത്. തെങ്ങും കരിക്കും തേങ്ങയും മടലും ചകിരിയും, ചകിരി പിരിക്കലും കയർ ഉത്പന്നങ്ങളും തെങ്ങിൽ നിന്നുള്ള കുരുത്തോല കൊണ്ടുള്ള മനോഹരമായ അലങ്കാരമായ തെയ്യവും മറ്റും ഫ്ലോട്ടിന്റെ ഭാഗമാണ്. പ്രശസ്ത സംഗീതജ്ഞൻ ശ്രീവത്സൻ ജെ. മേനോനാണ് സംഗീതം നൽകിയത്.

പ്രശസ്ത ടാബ്ലോ ശിൽപ്പി ബപ്പാദിത്യ ചക്രവർത്തിയാണ് കേരളത്തിന്റെ ഫ്ലോട്ട് രൂപകൽപ്പന ചെയ്യുന്നത്. രാജ്പഥിൽ ഒരു ടാബ്ലോ ഒരു മിനിറ്റ് മാത്രമാണ് കാണികൾക്ക് മുന്നിൽ ഉണ്ടാകുക. രാജ്പഥിന്റെ ഇരുവശങ്ങളിലുമുള്ളവർക്കും ഒരേ പോലെ കാണുവാൻ സാധിക്കുന്ന തരത്തിലായിരിക്കണം നിർമാണം. വിദഗ്ദ ജൂറി അംഗങ്ങൾ നിർദേശിക്കുന്ന മാറ്റങ്ങൾ പല കുറി നടക്കുന്ന മീറ്റിങ്ങിൽ വരുത്തി ഘട്ടം ഘട്ടമായാണ് ഒരു ഫ്ലോട്ടിന് അംഗീകാരം ലഭിക്കുക. ഇക്കുറി ബപ്പാ ചക്രവർത്തി ഏഴ് ഫ്ലോട്ടുകൾ നിർമിക്കുന്നു. കഴിഞ്ഞ 25 വർഷമായി കേരളത്തിന്റെ ഫ്ലോട്ട് രൂപകൽപ്പന ചെയ്യുന്നത് ബപ്പാ ചക്രവർത്തിയുടെ നേതൃത്വത്തിൽ തന്നെയാണ്.

മറ്റൊരു പ്രത്യേകത കൂടി ഇത്തവണ റിപ്പബ്ലിക് ദിന പരേഡിൽ ഉണ്ടാകും. കേരളത്തിന്റെ തനത് വഞ്ചിപ്പാട്ടായ "തിത്തിത്താരാ തിത്തിത്തെ, തിത്തൈ തക തെയ്തെയ് തോം... കുട്ടനാടൻ പുഞ്ചയിലെ..." എന്നത് പരേഡിൽ ഉയർന്നുകേൾക്കും. കേരളത്തിന്റെ എൻസിസി കേഡറ്റുകളുടെ മാർച്ചിന്റെ താളം വഞ്ചിപ്പാട്ടാണ്. കേരള- ലക്ഷദ്വീപ് ഡയറക്റ്ററേറ്റിലെ 82,000ത്തോളം കേഡറ്റുകളെ പ്രതിനിധീകരിച്ച് 26 പേരാണ് ഡൽഹിയിൽ പരിശീലനം നടത്തുന്നത്. പരേഡ് ഗാനമായി വഞ്ചിപ്പാട്ട് കൂടി ഉൾപ്പെടുത്തിയത് കേഡറ്റുകളുടെ ആത്മവിശ്വാസം വർധിപ്പിച്ചിട്ടുണ്ട്.

ധനസഹായമില്ല, സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതി പ്രതിസന്ധിയിൽ

കൊച്ചി: സർക്കാർ ഫണ്ട് ലഭിക്കാത്തതു മൂലം 115ൽപ്പരം സ്കൂളുകളിലെ സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതി പ്രതിസന്ധിയിൽ. സംസ്ഥാനത്തെ പതിനായിരത്തിൽപരം കുട്ടികളുടെ കുട്ടിപ്പൊലീസ് മോഹം ഇതോടെ ഇല്ലാതാവുകയാണ്.

സമൂഹിക പ്രതിബദ്ധതയുള്ള കുട്ടികളെ വാർത്തെടുക്കാൻ ഗവൺമെന്റ് സ്കൂളുകളിൽ നടപ്പിലാക്കുന്ന പദ്ധതി യാണ് സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതി.

2014 മുതൽ എസ്പിസി പദ്ധതി അനുവദിച്ചു നടപ്പിലാക്കി വരുന്ന എയ്ഡഡ് സ്കൂളുകൾക്കാണ് സർക്കാർ ഫണ്ട് ലഭിക്കാത്തത്. ഇതിനു മുൻപ് എസ്പിസി നടത്തുന്ന സ്കൂളുകൾക്കും 2014നു ശേഷം അനുവദിക്കുന്ന ഗവൺമെന്റ് സ്കൂളുകൾക്കും തടസം ഇല്ലാതെ ഫണ്ട് ലഭിക്കുമ്പോഴാണ് യൂണിഫോമിനോ ദൈനംദിന പരിശീലനത്തിനോ പണം ഇല്ലാതെ 115 സ്കൂളുകളിലെ പതിനായിരത്തിൽ പരം കേഡറ്റുകളുടെ പരിശീലനം മുടങ്ങുന്ന അവസ്ഥ.

2014 മുതൽ എയ്ഡഡ് സ്കൂളിൽ പദ്ധതി അനുവദിക്കുമ്പോൾ രണ്ടു വർഷത്തേക്ക് അഞ്ചുലക്ഷം രൂപ നിക്ഷേപിക്കാനും ആ പണം ഉപയോഗിച്ചു പദ്ധതി നടത്താനും തുടർന്ന് ഫണ്ട് അനുവദിക്കാമെന്നും പറഞ്ഞിരുന്നു. എന്നാൽ ഏഴുവർഷം കഴിഞ്ഞിട്ടും ഫണ്ട് അനുവദിച്ചിട്ടില്ല. ചില സ്കൂളുകളിൽ മാനെജ്മെന്റ് പണം നൽകിയും ചിലയിടത്ത് പിടിഎ, എസ്പിസി ചുമതലക്കാരായ അധ്യാപകരും സഹ പ്രവർത്തകരും സുമനസുകളായ നാട്ടുകാരുടെയും സഹകരണത്തോടെയും പദ്ധതി നടപ്പിലാക്കി വരുന്നു. ഏകദേശം രണ്ടര ലക്ഷം രൂപ ഒരു വർഷം പദ്ധതിക്ക് ചെലവുണ്ട്. സ്കൂൾ അധികാരികളും പിടിഎയും ചുമതലക്കാരായ അധ്യാപകരും പണം കണ്ടെത്താൻ പെടാപ്പാട് പെടുകയാണ്.

എസ്പിസി പദ്ധതിയെ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുകയും വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുകയും കേന്ദ്ര ഗവൺമെന്റ് ഫണ്ട് അനുവദിക്കുകയും ചെയ്യുമ്പോഴാണ് കേരളത്തിൽ ഏഴുവർഷം ഇതു നടത്തി വരുന്ന സ്കൂളുകളെ ശ്രദ്ധിക്കാതെ പോകുന്നത്. മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഒട്ടനവധി നിവേദനങ്ങൾ നൽകിയിട്ടും നിയമസഭയിൽ എംഎൽഎമാർ വിഷയം ഉന്നയിച്ചിട്ടും പ്രശ്ന പരിഹാരമുണ്ടായിട്ടില്ല. സെൽഫ് ഫണ്ടിൽ പ്രവർത്തിക്കുന്ന അധ്യാപകരുടെ യോഗം ചേർന്നു ഫണ്ട് അനുവദിക്കാൻ വേണ്ട ശ്രമങ്ങൾ നടത്തുന്നതിന് കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു. 115 സ്കൂളുകളിൽ നിന്നും എംഎൽഎമാർ, രാഷ്ട്രീയ പ്രതിനിധികൾ എന്നിവർക്ക് നിവേദനം നൽകുന്നതിനൊപ്പം മുഖ്യമന്ത്രിക്കു നേരിട്ടു നിവേദനം നൽകുമെന്നു കോഓർഡിനേറ്റർ അനൂബ് ജോൺ അറിയിച്ചു.

ബൈഡന്റെ സെക്യൂരിറ്റി കൗൺസിലിലും മലയാളിത്തിളക്കം

മുഹമ്മ (ആലപ്പുഴ): അമെരിക്കൻ പ്രസിഡന്റ് ജോ ബൈഡന്റെ സെക്യൂരിറ്റി കൗൺസിലിലും മലയാളിത്തിളക്കം. ആലപ്പുഴ തണ്ണീർമുക്കം കണ്ണങ്കര പള്ളിക്കു സമീപമുള്ള കളത്തിൽ കുടുംബത്തിലെ ശാന്തി (45) ആണ് അമെരിക്കൻ പ്രസിഡന്റിന്റെ സെക്യൂരിറ്റി കൗൺസിലിലെ സുപ്രധാന സ്ഥാനത്തേക്കു നിയമിതയായത്.

ജേണലിസം യോഗ്യതയുള്ള ശാന്തി ജനിച്ചതും വളർന്നതും അമെരിക്കയിൽ തന്നെയാണ്. ബിഎസ്സി പാസായ ശാന്തിയുടെ പിതാവ് പ്രൊഫ. ഡോ. ജെയിംസ് പിഎച്ച്ഡി ചെയ്യുന്നതിനായാണ് 60 വർഷങ്ങൾക്ക് മുമ്പ് അമേരിക്കയിലേയ്ക്ക് വിമാനം കയറിയത്. തുടർന്ന് അവിടെ കോളെജ് അദ്ധ്യാപകനായി ജീവിതമാരംഭിച്ചു. പ്രൊഫ. ലൂസിയ ആണ് ശാന്തിയുടെ മാതാവ്. പ്രൊഫ. ജയൻ സഹോദരനാണ്.

ശാന്തിയ്ക്ക് നാലു വയസുള്ളപ്പോഴാണ് അവസാനമായി കണ്ണങ്കര കളത്തിൽ തറവാട്ടിലെത്തുന്നത്. അതിനു ശേഷം പിതാവ് മരിക്കുന്നതു വരെ തറവാട്ടിലെ മൂത്ത ജേഷ്ഠൻ ബേബിയെ വിളിക്കുകയും കുശലാന്വേഷണം നടത്തുകയും ചെയ്തിരുന്നു. രണ്ടു കൊല്ലം മുമ്പ് ജയിംസ് മരിച്ചു. അതിനു ശേഷം കണ്ണങ്കര കുടുംബത്തിലേക്കു ക്ഷേമാന്വേഷണങ്ങൾ ഉണ്ടായിട്ടില്ല .ജോലിത്തിരക്കുകൾ കാരണമായിട്ടാകാം ഫോൺ വിളിക്കാത്തതെന്നാണ് ബേബി പറയുന്നത്. ഇപ്പോൾ ശാന്തി മോളെ കണ്ടാലൊന്നും അറിയാൻ കഴിയില്ല. കുഞ്ഞുന്നാളിലെ ചെറിയ ഓർമകൾ മാത്രമാണ് ഈ വല്യപ്പച്ചനുള്ളത്.

മാധ്യമങ്ങളിൽ നിന്നാണ് ശാന്തി മോളുടെ സ്ഥാനലബ്ധിയെക്കുറിച്ച് അറിയാൻ കഴിഞ്ഞത് എന്ന് ബേബിച്ചായൻ. അച്ചായന്റെ മക്കളും ജോലിയുമായി ബന്ധപ്പെട്ട് കേരളത്തിനു വെളിയിലാണ്. കർഷകനായിരുന്ന ബേബിച്ചായനും ഭാര്യ കത്രീനയും മാത്രമാണ് കണ്ണങ്കരവീട്ടിലെ ഇപ്പോഴത്തെ താമസക്കാർ.

പി.സി. ജോർജിനെ നിയമസഭ ശാസിച്ചു

തിരുവനന്തപുരം: പീഡനത്തിനിരയായ കന്യാസ്ത്രീക്കെതിരെ മോശം പരാമർശം നടത്തിയെന്ന ആരോപണത്തിൽ പി.സി. ജോർജ് എംഎൽഎയെ നിയമസഭ ശാസിച്ചു. സ്പീക്കർ പി. ശ്രീരാമകൃഷ്ണനാണ് ശാസിച്ചത്. ജോർജിന്റെ നടപടി സഭയുടെ അന്തസിന് ചേർന്നതല്ലെന്ന് സ്പീക്കർ പറഞ്ഞു.

ശാസിക്കാനുള്ള പ്രിവിലേജസ് ആൻഡ് എത്തിക്സ് കമ്മിറ്റിയുടെ ശുപാർശ വ്യാഴാഴ്ച നിയമസഭ അംഗീകരിച്ചിരുന്നു. ബിഷപ്പായിരുന്ന ഫ്രാങ്കോ മുളയ്ക്കലിനെതിരെ പരാതി നൽകിയ കന്യാസ്ത്രീക്കെതിരെയാണ് ജോർജ് അപകീർത്തികരമായ പരാമർശം നടത്തിയത്. തുടർന്ന് വനിതാ കമ്മിഷൻ അധ്യക്ഷ എം.സി. ജോസഫൈൻ സ്പീക്കർക്കർക്ക് ഇതുസംബന്ധിച്ച് നൽകിയ പരാതി അദ്ദേഹം എ. പ്രദീപ് കുമാർ അധ്യക്ഷനായ പ്രിവിലേജസ് ആൻഡ് എത്തിക്സ് സമിതിക്ക് കൈമാറുകയായിരുന്നു.

ശാസന അംഗീകരിക്കുന്നതായി പി.സി. ജോർജ് പറഞ്ഞു. എന്നാൽ കന്യാസ്ത്രീയെ സഭയിൽ നിന്ന് പുറത്താക്കിയതായും അവരെ അങ്ങനെ വിളിക്കരുതെന്നും ജോർജ് പറഞ്ഞു. എന്നാൽ കന്യാസ്ത്രീ ആയാലും സ്ത്രീ ആയാലും അത്തരം മോശം പരാമർശം തെറ്റാണെന്ന് സ്പീക്കർ പറഞ്ഞു

അവസാന ദിനവും വാക്പോര്, വെല്ലുവിളി: ഒടുവിൽ കൈകൊടുത്ത് പിരിയൽ

■ അടിയന്തര പ്രമേയം അംഗീകരിച്ചില്ല; ഇറങ്ങിപ്പോക്ക്

ശരത് ഉമയനല്ലൂർ

തിരുവനന്തപുരം: 14ാം കേരള നിയമസഭയുടെ 22ാം സമ്മേളനം 22ാം തീയതിയായ ഇന്നലെ പിരിഞ്ഞു. ഇനി തെരഞ്ഞെടുപ്പു ഗോദയിൽ ഇരുപക്ഷവും ഏറ്റുമുട്ടും. " ഈ സഭയിൽ കണ്ടാൽ എല്ലാ മുഖങ്ങളും അടുത്ത സഭയിൽ ഉണ്ടാകട്ടെ. എല്ലാവർക്കും ആശംസകൾ..." സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ പറഞ്ഞവസാനിപ്പിച്ചപ്പോൾ ഭരണ - പ്രതിപക്ഷാംഗങ്ങളുടെ മുഖത്ത് സന്തോഷവും സങ്കടവും നിറഞ്ഞൊരു ചിരി. ഇന്നലെ വരെ ഒരേ ഫ്ലോറിൽ നേർക്കുനേർ വാക്ശരങ്ങൾ കൊണ്ട് യുദ്ധം ചെയ്തിരുന്നവർ കൈ കൊടുത്തു പിരിഞ്ഞു.

ഇനി ഇവിടെ രണ്ടു ചേരികളിലായി ഇരിക്കാൻ ആരൊക്കെ ഉണ്ടാകുമെന്നറിയില്ല. ഒരു പക്ഷേ തൊട്ടടുത്ത സീറ്റിൽ പുതുമുഖത്തെയായിരിക്കാം പ്രതീക്ഷിക്കുന്നത്. അവസാന ദിനം ചർച്ചയിൽ പങ്കെടുത്തവരുടെ വാക്കുകളിലെല്ലാം വേർപാടിന്റെ വേദനയും മൗനവും കനം തൂങ്ങുന്നതറിഞ്ഞു. ചർച്ചയ്ക്കിടയിൽ അധിക സമയമെടുത്ത ജയിംസ് മാത്യുവിനോട് സമയക്രമം പാലിക്കാൻ നിർദേശം നൽകിയപ്പോൾ "അവസാന സഭയല്ലേ സാർ ഇത്തിരിക്കൂടി പറഞ്ഞോട്ടെ" എന്നു പറഞ്ഞതും മറ്റുള്ളവരും ഒപ്പം നിന്നു. മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെയും മന്ത്രി എ.കെ. ബാലന്റെയും അസാന്നിധ്യം അവസാന ദിവസം സഭയിൽ മുഴച്ചു നിന്നു.

അവസാന ദിവസവും ഭരണ- പ്രതിപക്ഷ വാക് പോരിനു കുറവുണ്ടായില്ല. വ്യാഴാഴ്ച തുടങ്ങിയ കിഫ്ബി- സിഎജി പ്രശ്നത്തിന്റെ ബാക്കിപത്രമായിരുന്നു ഇന്നലെ അവസാന ദിനത്തിലും കണ്ടത്. ചോദ്യോത്തര വേളയിൽ ശാന്തമായിരുന്ന പ്രതിപക്ഷം സ്പീക്കർ അടിയന്തര പ്രമേയം അനുവദിക്കാതിരുന്നതോടെ ബഹളവുമായി എഴുന്നേറ്റു.

കണ്ണൂർ മയ്യിലിലെ സിപിഎം കൊലവിളി മുദ്രാവാക്യത്തിലാണു അടിയന്തര പ്രമേയത്തിന് പ്രതിപക്ഷം നോട്ടീസ് നൽകിയിരുന്നത്. എന്നാൽ പ്രമേയം അനുവദിക്കാനാവില്ലെന്ന് സ്പീക്കർ വ്യക്തമാക്കി. പ്രശ്നം പ്രാദേശിക വിഷയമാണെന്നും സഭ നിർത്തി ചർച്ച ചെയ്യേണ്ടതല്ലെന്നും സ്പീക്കർ പറഞ്ഞു. ഇതിന് പിന്നാലെ പ്രതിപക്ഷ നടുത്തളത്തിൽ ഇറങ്ങി സ്പീക്കറുടെ ഡയസിന് മുന്നിൽ പ്രതിഷേധിച്ചു. ഏറെ നേരത്തെ മുദ്രാവാക്യം വിളികൾക്കു ശേഷം പ്രതിപക്ഷം സഭ വിട്ടിറങ്ങി. പിന്നീട് കയറിയത് സിഎജിയുടെ തെറ്റായ കീഴ്വഴക്കം അംഗീകരിക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കി റിപ്പോർട്ടിനെതിരെ മുഖ്യമന്ത്രിയുടെ പ്രമേയത്തോടെയായിരുന്നു. വീറും വാശിയുമേറിയ ചർച്ചായണു പിന്നവിടെ നടന്നത്. ഒരു വേള പ്രതിപക്ഷത്തു നിന്നും വി.ഡി. സതീശനും ഭരണപക്ഷാംഗങ്ങളും നേർക്കു നേരായിരുന്നു വാക്പോര്.

ബിജെപിയുമായി ഒത്തുകളിക്കുകയാണെന്ന ഭരണപക്ഷ ആരോപണത്തോട് ഡോ. എം.കെ. മുനീർ പ്രതികരിച്ചത് ഇങ്ങനെ- "ആർഎസ്എസിനെ പേടിച്ച് ഇന്നേവരെ ഒരു മാളത്തിലും ഒളിച്ചിട്ടില്ല. ഇനി സിപിഎമ്മും ബിജെപിയും മതിയെന്ന വിചാരം നടപ്പാവില്ല. പകൽ ആർഎസ്എസുമായി തല്ല് കൂടി, രാത്രി പാലൂട്ടി ഉറങ്ങുന്നവരാണ് സിപിഎം. കോൺഗ്രസ് ഇല്ലാത്ത ഭരണം വേണമെന്ന് പറയുന്ന രണ്ടേ രണ്ട് പാർട്ടിയേ രാജ്യത്തുള്ളു. അത് കമ്മ്യൂണിസ്റ്റ് പാർട്ടിയും ബിജെപിയുമാണ്. എന്നിട്ട് ജനങ്ങളോട് ഒന്നുകിൽ സിപിഎം ആകുക അല്ലെങ്കിൽ ബിജെപിയാവുക എന്നു പറയും. ആ തിയറി ഇവിടെ നടക്കാൻ പോകുന്നില്ല. നിങ്ങൾക്ക് എതിരായി സംസാരിക്കുന്നവരെ നിഷ്കാസനം ചെയ്യുക എന്ന നിലപാട് ഈ പ്രമേയത്തിലൂടെ ആവർത്തിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ ചെയ്താണ് ബംഗാളിലും ത്രിപുരയിലും നിങ്ങൾ ഇല്ലാതെയായത്..."

സുനിൽ രാജ് എന്ന പറവൂരുകാരൻ ചെയ്ത പ്രവൃത്തിയെന്താണെന്ന് വളരെ കൃത്യമായി മനസിലാക്കി തന്നെയാണ് സർക്കാരും ധനകാര്യ വകുപ്പും ഇത്തരത്തിൽ സമീപനം സ്വീകരിച്ചതെന്നും ജയിംസ് മാത്യു. എന്നാൽ പറവൂരുകാരൻ പരാമർശത്തിൽ വി.ഡി. സതീശൻ എതിർപ്പുന്നയിച്ചതോടെ പരാമർശം പിൻവലിക്കുന്നതായി അദ്ദേഹം സഭയെ അറിയിച്ചു. എന്നാൽ കോൺഗ്രസ് പണ്ട് കാലുവാരിയ കഥ സി.എച്ച്. മുഹമ്മദ് കോയ പുത്തരിക്കണ്ടം മൈതാനത്ത് നിന്ന് പ്രസംഗിച്ച കാര്യമോർമിപ്പിച്ച് എം. സ്വരാജ് മുനീറിനെ ട്രോളി.

പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഇന്നലെ കൂടുതലും ഇംഗ്ലീഷിലായിരുന്നു പ്രസംഗിച്ചത്. സഭാ ടിവി ലൈവ് നൈൽകിയതുകൊണ്ടായിരിക്കാം ചെന്നിത്തലയുടെ ഇംഗ്ലീഷ് പ്രസംഗം. വൈകിട്ടോടെ സതീശനടുത്തു വന്നിരുന്നു തോമസ് ഐസക്ക് ഏറെ നേരം സംസാരിക്കുന്നതു കാണാമായിരുന്നു.

ധന വിനിയോഗ ബില്ലും ശ്രീ നാരായണ ഗുരു ഓപ്പൺ സർവകലാശാലാ ബില്ലും പാസ്സാക്കി രാത്രി 8.18ഓടെ സഭ പിരിഞ്ഞു . ഭരണ പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ നിന്നിറങ്ങി വന്ന് പരസ്പരം കൈകൊടുത്ത് ഏറെ നേരം കുശലാന്വേഷണം നടത്തി ആംശസകൾ അറിയിച്ചു.

വിവാദങ്ങളും വിശേഷങ്ങളും പറഞ്ഞ് നിയമസഭയ്ക്ക് കൊടിയിറക്കം

പി.ബി. ബിച്ചു

തിരുവനന്തപുരം: 109 നിയമങ്ങൾ പാസാക്കിക്കൊണ്ട് പതിനാലാം കേരള നിയമസഭയുടെ സമ്മേളനങ്ങൾക്ക് കൊടിയിറക്കം. എൽഡിഎഫ് സർക്കാർ അധികാരത്തിലേറിയ ശേഷം 2016 ജൂൺ രണ്ടിന് ആദ്യ സമ്മേളനം തുടങ്ങിയ പതിനാലാം കേരള നിയമസഭ കഴിഞ്ഞ നാലര വർഷത്തിനിടയിൽ വിവാദങ്ങളും വിശേങ്ങളുമൊക്കെയായി 232 ദിനങ്ങളിലാണ് ഒത്തുചേർന്നത്.

മന്ത്രിസഭ നിശ്ചയിച്ച സഭാസമ്മേളനം തലേന്നു ഗവർണർ റദ്ദാക്കുന്നതു പോലെയുള്ള അപൂർവതകളും, മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപനത്തിൽ തന്റെ വിയോജിപ്പ് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ വായിച്ചതു പോലെയുള്ള അപ്രതീക്ഷിത ടിസ്റ്റുകളും അടക്കം സഭാസമ്മേളനം അവസാനിച്ച ഇന്നലെപ്പോലും സിഎജി റിപ്പോർട്ടിനെതിരെ പ്രമേയം പാസാക്കി പുതു ചരിത്രം കുറിച്ചാണ് പതിനാലാം കേരള നിയമസഭയ്ക്ക് അന്ത്യം കുറിച്ചത്.

കൊവിഡ് ഭീഷണിയിൽ അവസാന ഒരു വർഷം സഭ തടസപ്പെടുത്തിയെങ്കിലും 22 സെഷനുകളാണ് ഇക്കാലയളവിൽ സമ്മേളിച്ചത്. ഇതിൽ പ്രത്യേക വിഷയങ്ങൾ പരിഗണിക്കുന്നതിനായി ചേർന്ന ഏഴു സമ്മേളനങ്ങളടക്കം കഴിഞ്ഞ നിയമസഭാ സമ്മേളനത്തെക്കാൾ 16 സെഷൻ കൂടുതൽ ആയിരുന്നു ഇത്തവണ. സോളാർ കേസ് അന്വേഷിച്ച ജസ്റ്റിസ് ശിവരാജൻ കമ്മിഷൻ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കാൻ മാത്രം ഒരു ദിവസത്തേക്കു സഭ വിളിച്ചുചേർത്തതും കേന്ദ്ര സർക്കാരിനെതിരായി വിവിധ പ്രമേയങ്ങൾ പാസാക്കിയതും പ്രത്യേക സമ്മേളനങ്ങളിൽ കേരളം കണ്ടു.

സഭാ ചരിത്രത്തിലെ ആദ്യ ബിജെപി എംഎൽഎ ഒ. രാജഗോപാലിന്റെ വരവും ഒപ്പം ചേർന്ന പി.സി. ജോർജും പിന്നീട് ഇവർ തമ്മിലുണ്ടായ അകൽച്ചയുമെല്ലാം 14ാം സമ്മേളനത്തിൽ തെളിഞ്ഞു നിന്നപ്പോൾ കേരള കോൺഗ്രസ് എം വലതുപക്ഷം വിട്ട് പ്രത്യേക ബ്ലോക്കായി ഇരുന്നതും പിന്നീട് യുഡിഎഫിൽ തിരിച്ചെത്തിയതും ചരിത്രം. ഒടുവിൽ അവസാന സമ്മേളനത്തിന് കേരള കോൺഗ്രസിന്റെ ഒരു വിഭാഗം ഇടതുപക്ഷത്തെത്തിയതും പി.ജെ. ജോസഫ് യുഡിഎഫിനൊപ്പം നിലയുറപ്പിച്ച നീക്കങ്ങൾക്കും ഈ സമ്മേളനം വേദിയായി.

സർക്കാരിനെതിരായ അവിശ്വാസ പ്രമേയവും സ്പീക്കറെ നീക്കാനുള്ള പ്രമേയവും സഭചർച്ച ചെയ്ത് തള്ളി. 72,482 ചോദ്യങ്ങൾ,

ജനകീയ പ്രശ്നങ്ങളിലേക്ക് ബന്ധപ്പെട്ട മന്ത്രിയുടെ ശ്രദ്ധക്ഷണിക്കാനുള്ള 364 അവസരങ്ങൾ, 2,072 സബ്മിഷനുകൾ, 172 അടിയന്തരപ്രമേയ നോട്ടിസുകൾ തുടങ്ങിയവ സഭയിലെത്തി. ഇതിൽ ആറ് അടിയന്തര പ്രമേയങ്ങൾ ചർച്ചയ്ക്കെടുത്തു.

ഏഴു നിയമസഭാംഗങ്ങളാണ് ഇക്കാലയളവിൽ വിടവാങ്ങിയത്. കെ.എം. മാണി, പി.ബി. അബ്ദുൽ റസാഖ്, സി.എഫ്. തോമസ്, കെ.കെ. രാമചന്ദ്രൻ നായർ, എൻ. വിജയൻ പിള്ള, തോമസ് ചാണ്ടി, കെ.വി. വിജയദാസ്. ചവറ, കുട്ടനാട്, ചങ്ങനാശേരി, കോങ്ങാട് മണ്ഡലങ്ങൾ ഒഴിഞ്ഞുകിടക്കുന്നു. എംഎൽഎമാർക്കെല്ലാം മുന്നിൽ ടച്ച് സ്കീൻ. സഭാ ടിവിയിലൂടെ ലൈവ് സ്ട്രീമിങ് തുടങ്ങി ഇ- നിയമസഭയെത്തിയതോടെ ഒരു ലക്ഷത്തോളം എ ഫോർ സൈസ് പേപ്പറുകളുടെ പ്രിന്റിങ് ഒഴിവാക്കാനായി. നിയമസഭാ നവീകരണം അടക്കം വിവാദമായപ്പോൾ 87 ഗവണ്മെന്റ് ബില്ലുകളും 22 ധന വിനിയോഗ ബില്ലുകളും ഉൾപ്പെടെ 109 നിയമങ്ങൾ പാസാക്കി. ധനാഭ്യർഥനകൾക്കൊപ്പം അടുത്ത സർക്കാർ അധികാരത്തിലെത്തുന്നത് വരെയുള്ള കാര്യങ്ങൾക്ക് പണം ചെലവഴിക്കാനുള്ള വോട്ട് ഓൺ അക്കൗണ്ട് ബിൽ, ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലാ ബിൽ തുടങ്ങിയവ പാസാക്കിയാണ് അവസാനദിനം സഭപിരിഞ്ഞത്.

സിദ്ധിഖ് കാപ്പന് അമ്മയുമായി വീഡിയോ കോൺഫറൻസിലൂടെ സംസാരിക്കാം

ന്യൂഡൽഹി: രാജ്യദ്രോഹക്കുറ്റം ചുമത്തപ്പെട്ട് ജയിലിൽ കഴിയുന്ന മലയാളി മാധ്യമപ്രവർത്തകൻ സിദ്ധിഖ് കാപ്പന് അമ്മയുമായി വീഡിയോ കോൺഫറൻസിലൂടെ സംസാരിക്കാൻ അനുമതി നൽകി സുപ്രീം കോടതി. കാപ്പനെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേരള പത്രപ്രവർത്തക യൂണിയൻ നൽകിയ ഹർജി പരിഗണിക്കവെയാണ് അനുമതി.

90 വയസുള്ള അമ്മയ്ക്ക് മകനുമായി വീഡിയോ കോൺഫറൻസിലൂടെ സംസാരിക്കാൻ അനുവദിക്കണമെന്ന് അഭിഭാഷകൻ കപിൽ സിബൽ ആവശ്യപ്പെട്ടു. നിരപരാധിത്വം തെളിയിക്കാൻ നുണപരിശോധന ഉൾപ്പടെ ഏത് ശാസ്ത്രീയ പരിശോധനയ്ക്കും വിധേയനാകാൻ കാപ്പൻ തയാറാണെന്ന് കേരള പത്രപ്രവർത്തക യൂണിയൻ കോടതിയെ അറിയിച്ചു.

ഉത്തർപ്രദേശ് സർക്കാരിന് വേണ്ടി ഹാജരാകുന്ന സോളിസിറ്റർ ജനറൽ തുഷാർ മേത്ത ആവശ്യപ്പെട്ടതിനെ തുടർന്ന് കേസ് പരിഗണിക്കുന്നത് സുപ്രീം കോടതി അടുത്തയാഴ്ചത്തേക്കു മാറ്റി.

കാനഡയിൽ ഭർതൃപീഡനം: യുവതിയുടെ പരാതിയിൽ അന്വേഷണം

ചോറ്റാനിക്കര: ഭർത്താവിന്റെ നിരന്തര പീഡനത്തെ തുടർന്ന് അവശനിലയിലായ യുവതി പൊലീസിലും വനിതാ കമ്മിഷനിലും പരാതി നൽകി. ചോറ്റാനിക്കര അമ്പാടിമല സ്വദേശിയായ സുരേഷിന്റെ മകൾ ശ്രുതിയാണ് ഭർത്താവിന്റെയും വീട്ടുകാരുടെയും ക്രൂര പീഡനം മൂലം ആരോഗ്യനില വഷളായി ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞത്. യുവതി ചോറ്റാനിക്കര പൊലീസിൽ പരാതി നൽകിയതിനെ തുടർന്ന് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

2018ലാണ് കൊടുങ്ങല്ലൂർ കൊമ്പത്ത്കടവ് കണ്ണാടിപറമ്പിൽ ശ്രീകാന്ത് മേനോൻ ശ്രുതിയെ വിവാഹം ചെയ്തത്. വിവാഹശേഷം ഇയാൾ ജോലി ചെയ്തിരുന്ന കാനഡയിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ വച്ച് ശാരീരികമായും മാനസികമായും പീഡിപ്പിച്ചിരുന്നതായും നിർബന്ധിച്ച് ലഹരി മരുന്നുകൾ കഴിപ്പിച്ചിരുന്നതായും യുവതിയുടെ പരാതിയിൽ പറയുന്നു.

നിരവധി തവണ യുവതിയുടെ വീട്ടുകാരിൽനിന്നും ഇയാൾ പണം കൈപ്പറ്റിയിരുന്നതായും വിവാഹ സമ്മാനമായി നൽകിയ 75 പവൻ സ്വർണാഭരണങ്ങളും വിറ്റുവെന്നും പരാതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. യുവതിയുടെ വായിൽ ഡ്രാനോ എന്ന രാസവസ്തു ഒഴിച്ചതിനെ തുടർന്ന് ശരീരമാസകലം പൊള്ളുകയും ആന്തരികാവയവങ്ങൾക്ക് ക്ഷതമേൽക്കുകയും ചെയ്തിട്ടുണ്ട്. ട്യൂബിലൂടെ ഭക്ഷണം കഴിക്കുന്ന യുവതി സംസാരിക്കാൻ കഴിയാത്ത സ്ഥിതിയിലാണ്.

കാനഡയിൽനിന്നും നാട്ടിലെത്തിച്ച യുവതിയെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഭർത്താവ് തന്നെയാണ് യുവതിയെ നാട്ടിലെത്തിച്ചത്. പെൺകുട്ടിയെ മാതാപിതാക്കളെ ഏൽപ്പിച്ച് പോയ ഭർത്താവ് പിന്നീട് ഒരിക്കൽ പോലും ബന്ധപ്പെട്ടിട്ടില്ലെന്ന് മാതാപിതാക്കൾ ആരോപിച്ചു. അതേസമയം വിവാഹമോചനം ആവശ്യപ്പെട്ട് ശ്രീകാന്ത് കോടതിയെ സമീപിച്ചിരിക്കുകയാണെന്ന് പിതാവ് സുരേഷ് പറഞ്ഞു.

വാളയാർ കേസിൽ തുടരന്വേഷണം;ഉത്തരവ് ഇന്ന്

പാലക്കാട്: വാളയാർ കേസിൽ തുടരന്വേഷണത്തിനുള്ള ഉത്തരവ് ഇന്നെന്ന് പോക്സോ കോടതി. പ്രതികളായ വി മധു, ഷിബു എന്നിവരുടെ റിമാൻഡ് കാലാവധി അടുത്തമാസം അഞ്ചുവരെ നീട്ടി. പുനർവിചാരണ നടപടിക്ക് തുടക്കമിട്ടതോടെയാണ് ബുധനാഴ്ച ഇരുവരെയും കോടതി റിമാൻഡിലയച്ചത്. മറ്റൊരു പ്രതി എം. മധുവിന് നേരത്തെ തന്നെ ഹൈക്കോടതി ജാമ്യം അനുവദിച്ചിരുന്നു. തുടരന്വേഷണം സംബന്ധിച്ച് പ്രത്യേക അന്വേഷണ സംഘം നൽകിയ അപേക്ഷയിലാണ് കോടതി തീരുമാനമെടുത്തത്. റെയ്ൽവേ എസ്പി ആർ.നിശാന്തിനിയുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം കഴിഞ്ഞ ദിവസമാണ് തുടരന്വേഷണത്തിനുള്ള അപേക്ഷ കോടതിയിൽ നൽകിയത്. കൂടുതൽ തെളിവുകൾ ശേഖരിക്കാനുണ്ടെന്നും തുടരന്വേഷണത്തിനായി സർക്കാർ പ്രത്യേക സംഘത്തെ നിയോഗിച്ചതായും പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചിട്ടുണ്ട്

കുഞ്ഞിനെ ഉപേക്ഷിച്ച് കാമുകനൊപ്പം നാടുവിട്ട യുവതിയെ കസ്റ്റഡിയിലെടുത്തു

മൂവാറ്റുപുഴ: കുഞ്ഞിനെ ഉപേക്ഷിച്ച് കാമുകനൊപ്പം നാടുവിട്ട യുവതിയെ മൂവാറ്റുപുഴ പൊലീസ് കസ്റ്റഡിയിലെടുത്ത് ഇരവിപുരം പൊലീസിന് കൈമാറി. വിവാഹത്തിൽ നിന്നും പ്രതിശുത വരൻ പിന്മാറിയതിനെ തുടർന്ന് കൊല്ലം കൊട്ടിയത്ത് ആത്മഹത്യ ചെയ്ത റംസിയുടെ സഹോദരി ആൻസിയെയും കാമുകനെയുമാണ് വ്യാഴാഴ്ച പൊലീസ് കസ്റ്റഡിയിലെടുത്തത്.

ഏറെ കോളിളക്കം സൃഷ്ടിച്ച റംസിയുടെ മരണവുമായി ബന്ധപ്പെട്ടു നടന്ന പ്രക്ഷോഭങ്ങൾക്കു നേതൃത്വം നൽകിയ യുവാവിനൊപ്പമാണ് ഇവരെ പിടികൂടിയത്. റംസി ആത്മഹത്യ ചെയ്ത സംഭവത്തിൽ ഇരയ്ക്കു നീതി ആവശ്യപ്പെട്ടുള്ള സാമൂഹിക മാധ്യമ പ്രതിഷേധ കൂട്ടായ്മയിലെ അംഗമാണ് യുവാവ്. കഴിഞ്ഞ 18നാണ് ഇവരെ കാണാതായത്. ആൻസിയെ കാണാനില്ലെന്ന് ഭർത്താവ് മുനീർ ഇരവിപുരം പൊലീസിൽ പരാതി നൽകിയിരുന്നു. തുടർന്ന് നടന്ന അന്വേഷണത്തിൽ മൂവാറ്റുപുഴയിൽ ഒളിവിൽ താമസിക്കുന്നതായി വിവരം ലഭിച്ചിരുന്നു. ഇരവിപുരം പൊലീസ് നൽകിയ വിവരത്തെ തുടർന്നു നടന്ന പരിശോധനയിലാണ് ഇരുവരും പിടിയിലായത്.

റംസിയുടെ മരണവുമായി ബന്ധപ്പെട്ട് സഹോദരി ആൻസിയും സാമൂഹ്യ മാധ്യമങ്ങൾ വഴി വൻ പ്രചരണം നടത്തിയിരുന്നു. ഇരയ്ക്കു നീതി ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് വലിയ പ്രതിഷേധങ്ങളും അരങ്ങേറി. ഇതോടെ വലിയ തോതിൽ ജനശ്രദ്ധ ആകർഷിച്ച റംസിയുടെ മരണം ലോക്കൽ പൊലീസിൽ നിന്ന് ക്രൈംബ്രാഞ്ച് ഏറ്റെടുക്കുകയും ചെയ്തു. റംസി ആത്മഹത്യ ചെയ്ത കേസിൽ സീരിയൽ നടി ഉൾപ്പെടെ മുൻകൂർ ജാമ്യം നേടുകയും ചെയ്തിരുന്നു. ക്രൈം ബ്രാഞ്ച് അന്വേഷണം തുടരുന്നതിനിടെയാണ് സഹോദരി ആൻസിയെ കാണാതായതായത്.

കഴിഞ്ഞ സെപ്റ്റംബർ മൂന്നിനാണ് റംസി (24) തൂങ്ങി മരിച്ചത്. വർഷങ്ങളായി പ്രണയത്തിലായിരുന്ന യുവാവുമായി വിവാഹനിശ്ചയം കഴിഞ്ഞതിനു ശേഷം സാമ്പത്തികമായി മെച്ചപ്പെട്ട മറ്റൊരു വിവാഹാലോചന വന്നപ്പോൾ യുവാവ് റംസിയെ ഒഴിവാക്കിയെന്നും ഇതിൽ മനംനൊന്ത് ആത്മഹത്യ ചെയ്തുവെന്നുമായിരുന്നു കേസ്. റംസി മൂന്നു മാസം ഗർഭിണിയായിരിക്കെ നിർബന്ധിത ഗർഭച്ഛിദ്രം നടത്താനായി വ്യാജ വിവാഹ സർട്ടിഫിക്കറ്റ് ചമച്ചുവെന്നായിരുന്നു സീരിയൽ നടിക്കെതിരെയുള്ള പരാതി.

സ്പ്രിംക്ലർ: റിപ്പോർട്ട് കൈമാറാൻ നിർദേശിക്കണമെന്ന് ചെന്നിത്തല ഹൈക്കോടതിയിൽ

കൊച്ചി: സ്പ്രിംക്ലർ കരാറിനെക്കുറിച്ച് അന്വേഷിച്ച മാധവൻ നായർ കമ്മറ്റി റിപ്പോർട്ട് ഹൈക്കോടതിയ്ക്ക് കൈമാറണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഹൈക്കോടതിയിൽ. റിപ്പോർട്ട് ഹൈക്കോടതിയ്ക്ക് കൈമാറണമെന്ന് സംസ്ഥാന സർക്കാരിനോട് നിർദേശിക്കണമെന്നാണ് ആവശ്യം.

സ്പ്രിംക്ലർ ഇടപാടിന്റെ പേരിൽ സ്വകാര്യ വിവരങ്ങൾ ചോർന്നത് സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ മനസിലാക്കുന്നതിന് വിദഗ്ധ സമിതി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പരിശോധിക്കേണ്ടത് അനിവാര്യമാണെന്നും ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിൽ ചൂണ്ടിക്കാണിക്കുന്നു.

അതേ സമയം സർക്കാർ അനധികൃതമായി സ്വകാര്യവിവരങ്ങൾ കൈമാറിയ സംഭവത്തിൽ രോഗികൾക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടിയുണ്ടാകണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നുണ്ട്. സംസ്ഥാന സർക്കാർ നടത്തിയ സ്പ്രിംക്ലർ ആരോപണങ്ങളിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്ന ആവശ്യം കഴിഞ്ഞ ദിവസം പ്രതിപക്ഷം സഭയിൽ ഉന്നയിച്ചിരുന്നു. റിപ്പോർട്ട് പുറത്തുവിടുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്ന് അനുകൂല തീരുമാനമുണ്ടാകാതെ വന്നതോടെയാണ് പ്രതിപക്ഷം ഹൈക്കോടതിയിലേക്ക് നീങ്ങിയത്.

അപ്പുക്കുട്ടൻ

പറവൂർ: കിഴക്കേപ്രം പുത്തലത്ത് (കാരുണ്യയിൽ) പരേതനായ രാഘവൻ മകൻ പി.ആർ. അപ്പുക്കുട്ടൻ (68) അന്തരിച്ചു. ഭാര്യ: പ്രസന്ന. മക്കൾ: കൃപ (ഗൾഫ്) കാരുണ്യ. മരുമക്കൾ: അഞ്ജീഷ് കുമാർ (ഗൾഫ്), വിജീഷ്(ബിസിനസ്). സംസ്ക്കാരം നടത്തി.

നാരായണി

പേരാമ്പ്ര: ചെറുവണ്ണൂർ നാഗം പുതുക്കുടി പരേതനായ ചെക്കോട്ടിയുടെ ഭാര്യ നാരായണി (84) അന്തരിച്ചു. മക്കൾ: ലീന (മുയിപ്പോത്ത്, സിപിഎം പടിഞ്ഞാറക്കര ബ്രാഞ്ച് അംഗം), എൻ.പി. ആശോകൻ (അധ്യാപകൻ ചെറുവണ്ണൂർ ഗവ. ഹൈസ്കൂൾ), എൻ.പി. ശോഭ (മേപ്പയ്യൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റ്), അനില (ചാനിയംകടവ്). മരുമക്കൾ: നാരായണൻ (മുയിപ്പോത്ത്), ലിൻസ (കീഴരിയൂർ), വിജയൻ (നരക്കോട), പ്രേമൻ (ചാനിയംകടവ്). സഹോദരങ്ങൾ: ജാനു (കീഴ്പ്പയ്യൂർ), ദേവി (ചെറുവണ്ണൂർ), സരോജിനി (കീഴ്പ്പയ്യൂർ), പരേതനായ നാരായണൻ (കീഴ്പ്പയ്യൂർ).

ദേവകി

മുഹമ്മ: മണ്ണഞ്ചേരി രണ്ടാം വാർഡ് കാവുങ്കൽ കുന്നേൽ വെളി (മുറവനാട്) പരേതനായ ഉലഹന്നാന്റെ ഭാര്യ ദേവകി (94) അന്തരിച്ചു. മക്കൾ: പൊന്നമ്മ, അംബിക, ബാബു, അനിയമ്മ, മോളി മരുമക്കൾ: ദിനേശൻ, പരേതനായ വിശ്വംഭരൻ, പ്രസന്ന, ബാബു, ബൈജു.

നിർമല

മാത്തറ: കാവിൽ തൊടി ലിജു നിവാസിൽ രവീന്ദ്രന്റെ (റിട്ട: പരസ്പര സഹായി കോർപ്പറേറ്റീവ് പ്രസ്സ്) ഭാര്യ നിർമല അന്തരിച്ചു. മക്കൾ: റീന, ലീന (പിഡബ്ല്യൂഡി), ലിജു (ദുബായ്). മരുമക്കൾ: സുനിൽ, ഗഗനൻ (ട്രഷറി), ഈഷ (തലശ്ശേരി).

സരസമ്മ

വെട്ടിത്തിട്: ചിറയിൽ വീട്ടിൽ പരേതനായ പരമേശ്വരൻ ഉണ്ണിത്താന്റെ ഭാര്യ സരസമ്മ (75) അന്തരിച്ചു. മക്കൾ: സുധ ടി.പിള്ള, സുകു ഉണ്ണിത്താൻ, സുരേഷ്കുമാർ. മരുമക്കൾ: തുളസീധരൻപിള്ള, അനുപമ, അനിത.

രാഘവൻ

പ്രാക്കുളം: ഹരിജൻ വെൽഫെയർ ലൈബ്രറി റിട്ട. ലൈബ്രേറിയൻ കാക്കത്തോടത്ത് രാഘവൻ (90) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഓമന. മക്കൾ: പ്രമീള, അമ്പിളി, ബിന്ദു. മരുമക്കൾ: സുരേഷ്കുമാർ, സുകുമാരൻ, രാധാകൃഷ്ണൻ.

വൈ.ജോണി

ഇഞ്ചക്കാട്: സീനായി ഭവൻ (കിളിത്തട്ടിൽ) വൈ.ജോണി (പൊന്നച്ചൻ65) അന്തരിച്ചു. ഭാര്യ: വത്സമ്മ ജോണി. മക്കൾ: ബൈജു, ഷൈജു, ഷൈനി. മരുമക്കൾ: ഷെറിൽ, ഷൈനി, അനൂപ്.

ഉണ്ണികൃഷ്ണൻ

വടക്കാഞ്ചേരി: പുതുരുത്തി അഴിമുഖംറോഡിൽ പാറേങ്ങാട്ടുപടി ഉണ്ണികൃഷ്ണൻ (55) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: മീനാക്ഷി. മക്കൾ: നിഖിൽ, നിമ്മി. മരുമകൻ: കണ്ണൻ.

കുഞ്ഞായിൻ

കുരുവട്ടൂർ: വാവിലാട്ട് കുഞ്ഞായിൻ (66) അന്തരിച്ചു. ഭാര്യ: ആസ്യ. മകൻ: അഷ്റഫ് കുരുവട്ടൂർ (പറമ്പിൽ എഎംഎൽപി സ്കൂർ അധ്യാപകൻ, യുവകലാസാഹിതി ജില്ല സെക്രട്ടറി, എഐവൈഎഫ് ജില്ല ജോയിന്റ് സെക്രട്ടറി, കെഎസ്കെഎസ് ജില്ല പ്രസിഡന്റ്). മരുമകൾ: ഷെറീന ബീഗം പുനലൂർ (പറമ്പിൽ എഎംഎൽപി സ്കൂൾ അധ്യാപിക).

ജി. സുമംഗല

നെയ്യാറ്റിൻകര: തിരുവല്ലം മഹത്തുവിളാകം സിഎസ് ഭവനിൽ റിട്ട. സബ് ഇൻസ്പെക്റ്റർ ചന്ദ്രന്റെ ഭാര്യ ജി. സുമംഗല (65) അന്തരിച്ചു. മക്കൾ: സുമേഷ്ചന്ദ്രൻ, വിപിൻ ചന്ദ്രൻ. മരുമക്കൾ: മഞ്ജുഷ, സ്വപ്നാറാണി.

സുരേന്ദ്രൻ

നെയ്യാറ്റിൻകര: പെരുമ്പഴുതൂർ കളത്തുവിള വടകോട് പൂവൻവിള വീട്ടിൽ സുരേന്ദ്രൻ (60) അന്തരിച്ചു. ഭാര്യ സുജാത. മക്കൾ അശ്വതി, ആരതി, ആതിര.

പി.വി. ജോസഫ്

തൃപ്പൂണിത്തുറ: തെക്കുംഭാഗം പരിങ്ങണത്ത് പി.വി. ജോസഫ് (81) അന്തരിച്ചു. സംസ്ക്കാരം ഇന്ന് രാവിലെ 11ന് തൃപ്പൂണിത്തുറ സെന്റ്. മേരീസ് ഫൊറോന പള്ളിയിൽ. ഭാര്യ: മോളി. മക്കൾ: സൈജൻ, സാബു. മരുമക്കൾ: സിമ്മി, ജിൻസി.

ബാലകൃഷ്ണപിള്ള

ചിതറ: മൂന്നുമുക്ക് കെപി ഹൗസിൽ ബാലകൃഷ്ണപിള്ള (ഉണ്ണിസാർ- 80) അന്തരിച്ചു. ഭാര്യ: ശാന്തകുമാരിയമ്മ. മക്കൾ: പത്മചന്ദ്രൻ, ശബരീനാഥ്, ഊർമിളാ ദേവി. മരുമക്കൾ: പരമേശ്വരൻ നായർ, ബീന, ജീവ.

ജോർജുകുട്ടി

എസ്എൻപുരം: സോവാർ വീട്ടിൽ ജോർജുകുട്ടി (87) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: കുഞ്ഞുമോൾ. മക്കൾ: സജി, സൂസമ്മ, മോളമ്മ, റെജി (സൗദി). മരുമക്കൾ: റോസമ്മ, പൊന്നച്ചൻ, ഷാജി, ബീന.

ചന്ദ്രിക

കടയ്ക്കൽ: മുക്കുന്നം കുഴിവിള വീട്ടിൽ പരേതനായ സുബ്രഹ്മണ്യൻ ചെട്ടിയാരുടെ ഭാര്യ ചന്ദ്രിക (65) അന്തരിച്ചു. മക്കൾ: അനീഷ് കുമാർ, അഭിലാഷ്. മരുമകൾ: കൃഷ്ണേന്ദു.

തങ്കമ്മ

ഏനാമാക്കൽ: കാരോത്ത് ശേഖരൻ ഭാര്യ തങ്കമ്മ (80) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: മധുസൂദനൻ, ഗീത, പരേതനായ ശശീധരൻ. മരുമക്കൾ: ബിന്ദു, സുബ്രഹ്മണ്യൻ, ബിന്ദു.

ജോസഫ്

മാന്ദാമംഗലം: മുരിക്കുംപാറ പാറത്താനം വർഗ്ഗീസ് മകൻ ജോസഫ് (അപ്പച്ചൻ -79) അന്തരിച്ചു. സംസ്ക്കാരം ഇന്ന് ഉച്ച കഴിഞ്ഞ് നാലിന് മാന്ദാമംഗലം സെന്റ് ജോൺ വിയാനി പള്ളി സെമിത്തേയിൽ. ഭാര്യ: മറിയാമ്മ. മക്കൾ: ഷൈജു, ഷൈനി, ഷൈബു. മരുമക്കൾ: ഷിബി, ഷൈനി.

പി. കൃഷ്ണൻ നായർ

നെയ്യാറ്റിൻകര: മഞ്ചവിളാകം ചാരുവിളാകം കൃഷ്ണവിലാസത്തിൽ പി. കൃഷ്ണൻ നായർ (64) അന്തരിച്ചു. ഭാര്യ: ബി. കുമാരി ലീല. മക്കൾ: കെ. സന്തോഷ്, വിനോദ്. മരുമക്കൾ: പി.എസ്. സൗമ്യ, വി.ജി. അബിജ.

ബാബു

നെയ്യാറ്റിൻകര: ബാലരാമപുരം മന്നോട്ടുകോണം നന്നംകുഴി പ്രബിൻ ഭവനിൽ ബാബു (46) അന്തരിച്ചു. ഭാര്യ: പ്രീത കുമാരി. മക്കൾ: പ്രബിൻ, ദിവ്യ.

ഓമന

മുഹമ്മ: പഞ്ചായത്ത് എട്ടാം വാർഡ് കണിയാം പറമ്പിൽ പരേതനായ സുകുമാരന്റെ ഭാര്യ ഓമന (പെണ്ണാച്ചി- 75)അന്തരിച്ചു. മക്കൾ: സുനിൽ കുമാർ (മാനെജർ കെഎസ്എഫ്ഇ, ആലപ്പുഴ), രജനി. മരുമക്കൾ: സെലിൻ (നേഴ്സ് തുറവൂർ താലൂക്ക് ആശുപത്രി), ദേവദാസ്.

സെലിൻ

വൈപ്പിൻ: മാലിപ്പുറം കർത്തേടം കളത്തിപറമ്പിൽ പരേതനായ ആന്റണിയുടെ ഭാര്യ സെലിൻ (80) അന്തരിച്ചു. കർത്തേടം കളത്തിൽ കുടുംബാംഗമാണ്. മക്കൾ :ജോഷി (കപ്യാർ, കർത്തേടം സെന്റ് ജോർജ് ദേവാലയം), ആൽബി, പരേതരായ കർമലി, പുഷ്പി. മരുമക്കൾ :ആന്റണി, ഗ്രേസി.

എസ്.മോഹനകുമാർ

തൃക്കരുവ: വിമുക്തഭടനും യൂക്കോ ബാങ്ക് ജീവനക്കാരനുമായ പ്രാക്കുളം നള്ളോട്ടിൽ ആകാശ് ഭവനിൽ എസ്.മോഹനകുമാർ (54) അന്തരിച്ചു. ഭാര്യ: ജി.ഗിരിജാകുമാരി. മക്കൾ: ആകാശ് എം. കെ.പിള്ള, പാർവതി എം.കെ.പിള്ള.

വി.എൻ.തങ്കപ്പൻ

ചോറ്റാനിക്കര: എരുവേലിയിലെ ആദ്യകാല വ്യാപാരി വള്ളികുന്നത്ത് വി.എൻ. തങ്കപ്പൻ (85) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: അമ്മിണി തങ്കപ്പൻ. മക്കൾ: സിന്ധു വിക്രമൻ, സുഭാഷ്, പരേതനായ സുധീഷ്. മരുമക്കൾ: വിക്രമൻ, രമ്യ സുഭാഷ്.

വേലായുധൻ

മരോട്ടിച്ചാൽ: കുന്നത്ത് വേലായുധൻ (94) അന്തരിച്ചു. സംസ്ക്കാരം കഴിഞ്ഞു. ഭാര്യ: പരേതയായ അമ്മിണി. മക്കൾ: ഉണ്ണിചെക്കൻ, കൃഷ്ണകുട്ടി, ഉഷ. മരുമക്കൾ: മണി, ചന്ദ്രിക, മോഹനൻ.



കൃഷ്ണൻനായർ

നെയ്യാറ്റിൻകര: പുനയക്കാട് മാവറത്തല മേലെ പുത്തൻവീട്ടിൽ കൃഷ്ണൻനായർ (72) അന്തരിച്ചു. ഭാര്യ കൃഷ്ണമ്മ. മക്കൾ: പ്രശാന്ത്, ദീപ. മരുമക്കൾ: എം. ശരണ്യ, രാജേഷ്.

പ്രഭാകരൻ നായർ

നെയ്യാറ്റിൻകര: പ്ലാമൂട്ടുക്കട കടകുളം ശ്രീനിലയം ബംഗ്ളാവിൽ കെഎസ്ആർടിസി റിട്ട. ജീവനക്കാരൻ പ്രഭാകരൻ നായർ (84) അന്തരിച്ചു. ഭാര്യ: ശ്യാമളയമ്മ. മക്കൾ: കുമാരി സുജ, അനിൽകുമാരൻ നായർ, കുമാരി മിനി, അഭിലാഷ്(റസിഡൻൻസി ടവർ). മരുമക്കൾ: വി.ആർ. അനിൽകുമാർ (റിട്ട ബിഎസ്എഫ്), എസ്.പി. അജയകുമാർ (സർവേയർ), എസ്. ശ്രീശ (റെയിൽവെ).

ഇടിച്ചെറിയ ചാക്കോ

കൊട്ടാരക്കര: തെക്കുംപുറം പറങ്കിമാംമൂട്ടിൽ ഇടിച്ചെറിയ ചാക്കോ(74) യു.എസിലെ ഹൂസ്റ്റണിൽ അന്തരിച്ചു. സംസ്കാരം ഇന്ത്യൻ സമയം 26 ന് പുലർച്ചെ 1.30 ന് ഹൂസ്റ്റൺ സൗത്ത് പാർക്ക് സെമിത്തേരിയിൽ നടക്കും. ഹൂസ്റ്റൺ സെന്റ് ഗ്രിഗോറിയോസ് ഓർത്തോഡോക്സ് പള്ളിയുടെ സ്ഥാപകാംഗമാണ്. ഭാര്യ: സാറാമ്മ ചാക്കോ. മക്കൾ: അലക്സ് ചാക്കോ, സൂസൻ ചാക്കോ (ഇരുവരും ഹൂസ്റ്റൺ). മരുമക്കൾ: ബിയാങ്ക, ജേസൺ തോമസ് (ഇരുവരും ഹൂസ്റ്റൺ).

നബീസത്ത്

മടത്തറ: കലയപുരം മാഹീൻ മൻസിലിൽ ഷംസുദീന്റെ ഭാര്യ നബീസത്ത് (54) അന്തരിച്ചു. മക്കൾ: ഷാഹിൻ, മാഹിൻ. മരുമക്കൾ: ഷമീന, ബിസ്മി.

രാധാമണിയമ്മ

കാവനാട്:മീനത്തുചേരി എരുവിച്ചഴികത്ത് രാധാഭവനിൽ ഓമനക്കുട്ടക്കുറുപ്പിന്റെ ഭാര്യ രാധാമണിയമ്മ (65) അന്തരിച്ചു. മക്കൾ: വിനോദ്, പരേതയായ ബിന്ദു.

കുഞ്ഞികൃഷ്ണൻ നമ്പ്യാർ

പേരാമ്പ്ര: ആവള കുട്ടോത്ത് മഠത്തിൽ മുക്കിലെ കോൺഗ്രസ് പ്രവർത്തകനായ പരക്കോട്ട് കുഞ്ഞികൃഷ്ണൻ നമ്പ്യാർ (83) അന്തരിച്ചു. ഭാര്യ: കല്യാണിയമ്മ. മക്കൾ: രാമചന്ദ്രൻ, നാരായണൻ. മരുമക്കൾ: ശാരദ, പ്രജിഷ. സഹോദരങ്ങൾ: ദേവി, നാരായണി, ജാനകി, ഗംഗാധരൻ.

പാസ്റ്റർ സി.എസ്. ജോർജ്

നെയ്യാറ്റിൻകര: കുന്നത്തുകാൽ കട്ടച്ചൽവിള ലക്ഷം വീട്ടിൽ ഇമ്മാനുവേൽ അസംബ്ലി ചർച്ച് ശുശ്രൂഷകനും ബൈബിൾ സ്ക്കൂൾ പെന്തക്കോസ്ത് ഗോസ്പൽ ടീമിന്റെ ഡയറക്റ്ററുമായ പാസ്റ്റർ സി. എസ്. ജോർജ് (52) അന്തരിച്ചു. ഭാര്യ: ലൂസി ജോർജ്. മക്കൾ: എമീജോർജ്, ബ്ലസ്സി ജോർജ്. മരുമകൾ: സിറോജ്.

ശ്യാമള

നെയ്യാറ്റിൻകര: അമ്പൂരി ബിനു ഭവനിൽ സുദർശനന്റെ ഭാര്യ ശ്യാമള (68) അന്തരിച്ചു. മക്കൾ: ബിനു, ബിജു, ബിന്ദു. മരുമക്കൾ: നിഷ, ആർ. ഷീന, എ. അനിൽകുമാർ.

പത്മനാഭൻ നായർ

ഒല്ലൂർ: എടക്കുന്നി ഗീതാനിവാസിൽ പത്മനാഭൻ നായർ (സി.പി.നായർ- 84) (റിട്ടയേർഡ് എയർഫോഴ്സ്) അന്തരിച്ചു. സംസ്ക്കാരം ഇന്ന് 11 ന് പാറേമക്കാവ് ശാന്തിഘട്ടിൽ. ഭാര്യ: വിശാലം സി. പി.നായർ. മക്കൾ: ഗീത, സുനിത. മരുമക്കൾ: സോമരാജൻ, ഹരിദാസ്.

ചന്ദ്രശേഖരൻ നായർ

ചേവായൂർ: പരേതരായ നാരായണൻ നായരുടേയും പാട്ടാളിയിൽ മീനാക്ഷിയമ്മയുടേയും മകൻ ചാലിൽ ചന്ദ്രശേഖരൻ നായർ (92) (റിട്ട. പിഡബ്ല്യൂഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ) അന്തരിച്ചു. ഭാര്യ: പരേതയായ എടക്കണ്ടി ശോഭന. മക്കൾ: മീന, രാജശേഖരൻ നായർ. മരുമകൾ: ജിഷ. സംസ്കാരം ഇന്ന് രാവിലെ ഒൻപതിന് മാവൂർ റോഡ് ശ്മശാനത്തിൽ.

എസ്.രാധാമണി

കുഴിമതിക്കാട്: ഇടിമുക്ക് രാധാ നിവാസിൽ (കിടങ്ങിൽ) ഇന്ത്യൻ നേവി റിട്ട. ഉദ്യോഗസ്ഥൻ ശിവപ്രസാദിന്റെ ഭാര്യ എസ്.രാധാമണി (71) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ബിനു പ്രസാദ് (ബിസിനസ്), അനി പ്രസാദ് (സെക്ഷൻ ഓഫിസർ, ഹൈക്കോടതി എറണാകുളം). മരുമക്കൾ: എസ്.പ്രീത (അധ്യാപിക, എസ്എൻ പബ്ലിക് സ്കൂൾ കൊല്ലം), മഞ്ചു അനി (ഡ്രഗ്സ് കൺട്രോൾ വകുപ്പ്, കാക്കനാട്).

നൗഫൽ

മൂന്നിയൂർ: കളിയാട്ട മുക്ക് തറമ്മൽ മുഹമ്മദ് കുട്ടി ഹാജിയുടെ മകൻ നൗഫൽ (23) അന്തരിച്ചു. മാതാവ്: ഖദീജ. സഹോദരങ്ങൾ: അബ്ദുൽ സത്താർ, അബ്ദുൽ ഗഫൂർ, മുജീബ് റഹ്മാൻ, സുമയ്യ.

അന്നംക്കുട്ടി

ഒല്ലൂർ: വടക്കേഅങ്ങാടി ചെറുശ്ശേരി പരേതനായ ജോസ് ഭാര്യ അന്നംക്കുട്ടി (ആനി -71) മകൾ അജിത ഷാജുവിന്റെ വീട്ടിൽ വെച്ച് അന്തരിച്ചു. സംസ്ക്കാരം ഇന്ന് ഉച്ചകഴിഞ്ഞ് നാലിന് ഒല്ലൂർ സെന്റ് ആന്റണിസ് ഫോറോനപള്ളി സെമിത്തേരിയിൽ. മക്കൾ: അനിത, അജിത, ജോമോൻ, ബിജു. മരുമക്കൾ: ടോണി, ഷാജു, ലിംസി, നിസ. പരേത എൻ.ടി.എസ്.ടി. പി.എസ്.എച്ച്. സ്ക്കുൾ തൃക്കുരിലെ റിട്ടയേർഡ് അധ്യാപികയാണ്.

ബി. വിജയമ്മ

നെയ്യാറ്റിൻകര:കടവട്ടാരം മണത്തല നരിയാംവില വീട്ടിൽ റിട്ട. അധ്യാപിക ബി. വിജയമ്മ (91) അന്തരിച്ചു.

നാരായണി അമ്മ

വടക്കാഞ്ചേരി: മാരിയിൽ പ്രഭാകരൻ നായർ ഭാര്യ തോപ്പിൽ കാഞ്ഞൂർ നാരായണി അമ്മ (85) അന്തരിച്ചു. മക്കൾ: രാധ, പരേതനായ ഉണ്ണികൃഷ്ണൻ. സംസ്ക്കാരം നടത്തി.

പി.ചന്ദ്രസേനൻ

വള്ളികുന്നം: റിട്ട.അധ്യാപകൻ വള്ളികുന്നം മണയ്ക്കാട് പത്മഭവനത്തിൽ പി.ചന്ദ്രസേനൻ (75) അന്തരിച്ചു. സംസ്കാരം ഇന്ന് മൂന്നിന്. ഭാര്യ: പി.വനിതാമണി (റിട്ട.അധ്യാപിക). മക്കൾ: രശ്മി സി.സേനൻ (അസി. കൺട്രോളർ ഓഫ് പേറ്റന്റ് ആൻഡ് ഡിസൈൻസ് , ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് കൊമേഴ്സ് ചെന്നൈ), ജയൻ സി. സേനൻ (സിവിൽ കോൺട്രാക്റ്റർ ബംഗ്ലൂർ). മരുമക്കൾ: ജെ. സുരേഷ് (ചീഫ് ഫോട്ടോഗ്രഫർ മലയാള മനോരമ ചെന്നൈ), അനിതജയൻ (അസി. പ്രഫ.ബിഐഐടി ബംഗ്ലൂർ).

തങ്കമ്മ

മുഹമ്മ: ചാണിവെളിയിൽ പരേതനായ കുമാരന്റെ ഭാര്യ തങ്കമ്മ (86) അന്തരിച്ചു. മക്കൾ: ജോയി, തിലകരാജൻ, പുഷ്കരൻ, ഉദയൻ. മരുമക്കൾ: സുധ, അംബിക, മണിയമ്മ, സുധർമ്മ.

മുഹമ്മദ് ഹാജി

തിരൂരങ്ങാടി: പുകയൂർ കുന്നത്ത് യൂണിറ്റ് കേരള മുസ്ലിം ജമാഅത്ത് അംഗവും പുകയൂർ പൊറ്റാണിൽ മഹല്ല് മദ്രസ മുൻ സെക്രട്ടറിയുമായ എടക്കുളങ്ങര ഇകെ സി മുഹമ്മദ് ഹാജി (78) അന്തരിച്ചു. ഭാര്യ: ഖദീജ. മക്കൾ: ഉസ്മാൻ, സിറാജുദ്ദീൻ, അസ്മാബി, ഹഫ്സത്ത്, സുഹ്റാബി. മരുമക്കൾ: ജലാലുദ്ദീൻ തലപ്പാറ, അലി പാറക്കടവ്, ഉമർ ഉള്ളണം, ഹാജറ വി കെ പടി, സാജിദ പന്താരങ്ങാടി.

എം.സി. സൗമിനി

പേരാമ്പ്ര: കെട്ടിയാട്ടം കലാകാരൻ കൂത്താളി കെ.കെ. മുക്കിലെ മലപ്പാടി ചാലിൽ ബാലകൃഷ്ണ പണിക്കരുടെ ഭാര്യ എം.സി. സൗമിനി (55) അന്തരിച്ചു. പ്രിയദർശിനി ജനശ്രീ സംഘം പ്രവർത്തകയായിരുന്നു. മക്കൾ: രജീഷ്, ലിനീഷ്, ബജീഷ്. മരുമക്കൾ: ശരണ്യ (ഇരിങ്ങണ്ണൂർ), ഷൈമ(കൂത്താളി), ലിബിന (വളയം). സഹോദരങ്ങൾ: കുഞ്ഞിക്കേളു, ബാലൻ, ലക്ഷ്മി, ദേവി, പരേതനായ കുമാരൻ.

പ്രഭാകരൻ നായർ

നെയ്യാറ്റിൻകര: ആര്യങ്കോട് ശാസ്താംകുഴി മേക്കേക്കര പുത്തൻവീട്ടിൽ പ്രഭാകരൻ നായർ (65) അന്തരിച്ചു. ഭാര്യ: അംബിക. മക്കൾ: പ്രഭാലകുമാരി, ജയശ്രീ. മരുമക്കൾ: ബിജുകുമാർ, ചന്ദ്രകുമാർ.

എൻ.ജനാർദ്ദനൻ നായർ

പുത്തൂർ: പവിത്രേശ്വരം കെഎൻഎൻഎം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജരും കെഎൻഎൻഎംഎച്ച്എസ് മുൻ പ്രഥമാധ്യാപകനുമായ കുന്നിക്കോട് വൃന്ദാവനത്തിൽ എൻ.ജനാർദ്ദനൻ നായർ (87) അന്തരിച്ചു. സംസ്കാരം നടത്തി. പവിത്രേശ്വരം കുളമുടിയിൽ കുടുംബാംഗമാണ്. സർവോദയ മണ്ഡലം ജില്ലാ പ്രസിഡന്റ്, വെട്ടിക്കവല ബ്ലോക്ക് ഖാദി വ്യവസായ സഹകരണ സംഘം പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു വരികയായിരുന്നു. എൻഎസ്എസ് പ്രതിനിധി സഭാംഗമായും മദ്യനിരോധന സമിതിയുടെ നേതൃനിരയിലും പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: കമലമ്മ (റിട്ട. അധ്യാപിക എപിപിഎം വിഎച്ച്എസ്എസ് ആവണീശ്വരം). മക്കൾ: ജെ.കെ.ഗോപകുമാർ (മുൻ അധ്യാപകൻ, എൻഎസ്എസ് എൻജിനീയറിങ് കോളജ് പാലക്കാട്), ജെ.കെ. നന്ദകുമാർ (അധ്യാപകൻ, എസ്വിവിഎൽപിഎസ് പവിത്രേശ്വരം), ജെ.കെ.കൃഷ്ണകുമാർ (അധ്യാപകൻ, ഡികെഎംഎച്ച്എസ് കോട്ടവട്ടം). മരുമക്കൾ: ടി.ദീപാലക്ഷ്മി (പ്രിൻസിപ്പൽ കെഎൻഎൻ എംഎച്ച്എസ്എസ്, പവിത്രേശ്വരം), കെ.എസ്.ബിന്ദു (അധ്യാപിക, ജിഎച്ച്എസ് കുളക്കട), ജി.ആർ. സിന്ധു (അധ്യാപിക, ജിഎംഎച്ച്എസ്എസ് വെട്ടിക്കവല).

കെ.ചന്ദ്രബാബു

ചാത്തന്നൂർ: ഏറം കുഴിവിള വീട്ടിൽ കെ.ചന്ദ്രബാബു (72) അന്തരിച്ചു. ഭാര്യ: എൻ.വസുമതി. മക്കൾ: രാജേഷ്, രമ്യ. മരുമക്കൾ: ശ്രീന, എൻ.ബി. സംഗീത്

ശശികുമാർ

എഴുകോൺ: മൂഴിയിൽ കൊല്ലശേരിൽ താഴതിൽ ശശികുമാർ (68) അന്തരിച്ചു. ഭാര്യ: രത്നമ്മ. മക്കൾ: ശരത്ത്, ശരൺ.

വാഹനാപകടത്തിൽ വയോധികൻ മരിച്ചു

ജോസി

നെട്ടൂർ: കൊച്ചി ദേശീയപാതയിലുണ്ടായ വാഹനാപകടത്തിൽ വയോധികൻ മരിച്ചു. നെട്ടൂർ ഉമ്മാത്തറ ജോസി (64) ആണ് മരിച്ചത്. നെട്ടൂർ പരുത്തിച്ചുവടിൽ വ്യാഴാഴ്ച വൈകിട്ട് ഏഴ് മണിയോടെ ഉണ്ടായ വാഹനാപകടത്തിൽ പരുക്കേറ്റ ജോസിയെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

കൊച്ചിയിൽ നിന്നും ജോലി കഴിഞ്ഞ് നെട്ടൂർ പരുത്തിച്ചുവട് ബസിറങ്ങി വീട്ടിലേക്ക് പോകുന്നതിനായി റോഡ് മുറിച്ച് കടക്കുമ്പോൾ ബൈക്ക് ഇടിച്ചാണ് അപകടമുണ്ടായത്. മൃതദേഹം തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി മോർച്ചറിയിൽ. പനങ്ങാട് പൊലിസെത്തി മേൽനടപടികൾ സ്വീകരിച്ചു. സംസ്ക്കാരം പോസ്റ്റ്മോർട്ടത്തിനും കൊവിഡ് ടെസ്റ്റിനും ശേഷം ഇന്ന് രാവിലെ 10ന് മാടവന സെന്റ്.സെബാസ്റ്റ്യൻ ദേവാലയത്തിൽ. ഭാര്യ: ലില്ലി. മക്കൾ: ഷിമ, നിമ്മി. മരുമകൻ: ഷിബു.

വീട് നിർമ്മാണത്തിനിടെ മണ്ണിടിഞ്ഞ് വീണ് തൊഴിലാളി മരിച്ചു

ബത്തേരി: അമ്പലവയലിനടുത്ത ആയിരം കൊല്ലിയിൽ കെട്ടിടനിർമ്മാണത്തിനിടെ മണ്ണിടിഞ്ഞ് വീണ്തൊഴിലാളി മരിച്ചു. അമ്പലവയൽ പാമ്പളക്കടുത്ത താറ്റ്യാട് രാധാകൃഷ്ണൻ (53) ആണ് മരിച്ചത്. ഇന്നലെ രാവിലെ 11.30 ഓടെയാണ് അപകടം. ആയിരം കൊല്ലിക്കടുത്ത കുപ്പക്കൊല്ലിയിൽ കോഴിക്കോട് സ്വദേശിയുടെ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തിക്കിടെയാണ് രാധാകൃഷ്ണന്റെ തലയിലേക്ക് മൺതിട്ട ഇടിഞ്ഞ് വീണത്. വിവരമറിഞ്ഞെത്തിയ നാട്ടുകാരും അഗ്നിശമനാ വിഭാഗവും കഠിന പ്രയത്നം നടത്തിയാണ് രാധാകൃഷ്ണനെ പുറത്തെടുത്തത്. ഉടനെ ആശുപത്രിയിലേക്ക് കൊണ്ട് പോയെങ്കിലും മരണപ്പെടുകയായിരുന്നു. ഭാര്യ: കോമള. മക്കൾ: ജോധി, സുബിൻ.

കൊവിഡ് ബാധിച്ച് വയോധിക മരിച്ചു

സൈനബ

വൈപ്പിൻ: എടവനക്കാട് കക്കാട്ട് ആലിന്റപറമ്പിൽ പരേതനായ അബ്ദുൾ കരീമിന്റെ ഭാര്യ സൈനബ (96) കൊവിഡ് ബാധിച്ച്മരിച്ചു. പൊന്നാരിമംഗലം പോത്തടി കുടുംബാംഗമാണ്.

മക്കൾ : സുഹറ (റിട്ട. അധ്യാപിക), സെഫിയ, മുഹമ്മദ് (മാമതു, എക്സ് സർവ്വീസ്), ആരിഫ, റഹിമാബി (റിട്ട. ട്രഷറി ഓഫീസർ), അബ്ദുൾ മജീദ് (എക്സ് സർവ്വീസ്), മൈമൂനത്ത്. മരുമക്കൾ: അബൂബക്കർ (റിട്ട. അധ്യാപകൻ), സുബൈദ (റിട്ട. ഫിഷറീസ് വകുപ്പ്), അഷ്റഫ് (റിട്ട. കെ.എസ്.ആർ.ടി.സി), നസീറ (റിട്ട. അധ്യാപിക) പരേതരായ അഹമ്മദുണ്ണി, അബ്ദുൾ ജാമി, അജ്മൽ. എടവനക്കാട് മഹല്ല് ഖബർസ്ഥാനിൽ കോവിഡ് പ്രോട്ടോകോൾ പ്രകാരം ഖബറടക്കം നടത്തി.

എം.സി റോഡിൽ പന്നിക്കുഴി പാലത്തിന് സമീപം കെഎസ്ആർടിസി ബസ് അപകടത്തിൽപെട്ട് കടയിലേക്ക് ഇടിച്ച് കയറിയ നിലയിൽ.

കെഎസ്ആർടിസി ബസിടിച്ച് സ്കൂട്ടർ യാത്രക്കാരായ രണ്ട് പേർ മരിച്ചു

തിരുവല്ല: എം.സി.റോഡിൽ തിരുവല്ലയ്ക്കും ചങ്ങനാശ്ശേരിക്കും ഇടയിൽ പന്നിക്കുഴി പാലത്തിനു സമീപം കെ.എസ്.ആർ.ടി.സി ബസ്സ് സ്കൂട്ടറിൽ ഇടിച്ച് യാത്രികരായ രണ്ടു പേർ മരിച്ചു. ചെങ്ങന്നൂർ പിരളശ്ശേരി കാഞ്ഞിരപറമ്പിൽ ജയിംസ് ചാക്കോ (32) വെൺമണി ആൻസി ഭവനിൽ ആൻസി (26) എന്നിവരാണ് മരിച്ചത്.

നിയന്ത്രണം വിട്ട ബസ്സ് റോഡരികിൽ പാർക്ക് ചെയ്തിരുന്ന രണ്ട് സ്കൂട്ടറിലും ഒരു കാറിലും ഇടിച്ച ശേഷം അടുത്തുള്ള കണ്ണാടിക്കടയിലേക്ക് ഇടിച്ചു കയറിയാണ് നിന്നത്. കോട്ടയം -പത്തനംതിട്ട ഫാസ്റ്റ് പാസഞ്ചർ ബസാണ് വൻ അപകടത്തിന് കാരണമായത്. ഇന്നലെ വൈകുന്നേരം 4.10 ഓടെയായിരുന്നു അപകടം. കോട്ടയം ഡിപ്പോയിലെ ബസാണിത്. അപകടത്തിൽ ഇരുപത്തി രണ്ടോളം പേർക്ക് പരുക്കുണ്ട്.

സ്കൂട്ടറിൽ സഞ്ചരിച്ചിരുന്നവരാണ് മരണപ്പെട്ടത്. ജോലിക്കു വേണ്ടി ആൻസിയെ ഏറ്റുമാനൂരിൽ ഇന്റെർവ്യൂവിന് കൊണ്ടുപോയ ശേഷം മടങ്ങി വരുമ്പോഴാണ് അപകടം. എതിരേ വന്ന കാറിൽ ഇടിക്കാതിരിക്കാൻ ബസ് വെട്ടിച്ചപ്പോഴാണ് മുന്നിൽ സഞ്ചരിച്ചിരുന്ന ഇവരുടെ സ്കൂട്ടറിൽ ഇടിച്ചത്. ഇടിയുടെ ആഘാതത്തിൽ റോഡിൽ തെറിച്ചുവീണ ആൻസിയെയും ജയിംസിനേയും ബസ് നിരത്തിലൂടെ വലിച്ചുകൊണ്ടുപോയ ശേഷമാണ് കടയിലേക്ക് ഇടിച്ചു കയറിയത്. ബസ് യാത്രികരായ ഗുരുതരമായ പരുക്കേറ്റ രണ്ടാളെ കോട്ടയം മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പത്തനംതിട്ട വടക്കുപുറം സ്വദേശികളായ രശ്മി ശങ്കർ, രേഷ്മാശങ്കർ എന്നിവരെ തിരുവല്ല പുഷ്ഗിരി മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. തിരുവല്ല താലൂക്ക് ആശുപത്രിയിൽ പരുക്കുകളോടെ പ്രവേശിപ്പിച്ച 18 പേരെ പ്രാഥമിക ശുശ്രൂഷ നൽകി വിട്ടയച്ചു. അപകടത്തിൽ ബസ് പൂർണമായും തകർന്നു.

ടി.ശശിധരൻ പിള്ള

കുടവട്ടൂർ: ചെറുകരക്കോണം ശ്രേയസിൽ ടി.ശശിധരൻ പിള്ള (65) അന്തരിച്ചു. ഭാര്യ: ഉഷാദേവി. മക്കൾ: ദീപ, ദിവ്യ. മരുമക്കൾ: അജയകൃഷ്ണൻ, കൃഷ്ണകുമാർ.

സരസ്വതിപ്പിള്ള

ചവറ സൗത്ത്: കൈതക്കൂട്ടത്തിൽ ശിവമന്ദിരത്തിൽ പരേതനായ സദാശിവൻ പിള്ളയുടെ ഭാര്യ സരസ്വതിപ്പിള്ള (70) അന്തരിച്ചു. മക്കൾ: വിജയൻപിള്ള, പരേതനായ ശിവപ്രസാദൻ പിള്ള. മരുമക്കൾ: ശശികല, രതി.

സുരേഷ് ബാബു

ആദിനാട് വടക്ക്: കാഞ്ചനത്തിൽ ചെമ്പകക്കുട്ടിയുടെ മകൻ സുരേഷ് ബാബു (48) അന്തരിച്ചു. ഭാര്യ: പി.കുമാരി. മകൾ: കാഞ്ചന.

എ.ചെറിയാൻ

കുണ്ടറ: സ്റ്റാംപ് വെണ്ടർ പുത്തൻ വീട്ടിൽ എ.ചെറിയാൻ (97) അന്തരിച്ചു. ഭാര്യ: പരേതയായ സാറാമ്മ. മക്കൾ: റെയ്ച്ചൽ ജോൺ, അന്നമ്മ, പി. സി.ഏബ്രഹാം (റിട്ട. ഇന്ത്യൻ നേവി), പി.സി.മാത്യു, റോസമ്മ, സൂസമ്മ, ജസി (കൊശമറ്റം ഫൈനാൻസ്, കൊട്ടാരക്കര), പരേതനായ പി.സി.ജേക്കബ്. മരുമക്കൾ: പി. സി.ജോൺ, ശോശാമ്മ (റിട്ട. അധ്യാപിക, എംഡിഎച്ച്എസ് കൊട്ടാരക്കര), ബിജി, സൂസി (കൊശമറ്റം ഫൈനാൻസ്, കുണ്ടറ), ഡേവിഡ് ഡാനിയൽ, ജി.റോയി, കുഞ്ഞുമോൻ, പരേതനായ ചെറിയാൻ.

തങ്കപ്പൻ പിള്ള

വാളകം: ജനത നഗർ വേണു വിലാസത്തിൽ (ഉത്രാടം) തങ്കപ്പൻ പിള്ള (90) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സരസമ്മ.

തങ്കമ്മ

കുര: അലക്കുഴി പുലിപ്പാറ ചരുവിള വീട്ടിൽ പരേതനായ പാപ്പച്ചന്റെ ഭാര്യ തങ്കമ്മ (70) അന്തരിച്ചു. മക്കൾ: എൽസി, കുഞ്ഞുമോൻ, ഗ്രേസി. മരുമക്കൾ: സൈമൺ, തങ്കമ്മ, ഹാരിസ്.

രാജപ്പൻ

ചാത്തന്നൂർ: വരിഞ്ഞം സുഭാഷ്മന്ദിരത്തിൽ രാജപ്പൻ (72) അന്തരിച്ചു മക്കൾ: സുഭാഷ്, മഞ്ജു. മരുമക്കൾ: സുജയൻ, ലീന.

പൊന്നമ്മ രാജൻ

കരിക്കം: ഐപിസി മണ്ണൂർ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ എഫ്.രാജന്റെ ഭാര്യ റിട്ട. ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് പൊന്നമ്മ രാജൻ (68) അന്തരിച്ചു. മക്കൾ: ലൗലി, ലൗസി (അബുദാബി). മരുമക്കൾ: റോയി ബേബി തോമസ്, സാബുമോൻ മത്തായി (ഇരുവരും അബുദാബി).

പാർവതി തിരുവോത്ത് നായികയാകുന്ന 'വർത്തമാനം'

ബെൻസി പ്രൊഡക്ഷൻസിന്റെ ബാനറിൽ ബെൻസി നാസർ നിർമ്മിച്ച് പ്രശസ്ത സംവിധായകൻ സിദ്ധാർത്ഥ് ശിവ, പാർവതി തിരുവോത്തിനെ നായികയാക്കി ഒരുക്കുന്ന 'വർത്തമാന'ത്തിന്റെ ടീസർ പുറത്തിറങ്ങി. ചിത്രം ഫെബ്രുവരി 19 ന് തിയേറ്ററിൽ റിലീസ് ചെയ്യും. ചിത്രത്തിന്റെ കഥയും തിരക്കഥയും സംഭാഷണവും ആര്യാടൻ ഷൗക്കത്തിന്റേതാണ്. അദ്ദേഹം ചിത്രത്തിന്റെ നിർമ്മാണ പങ്കാളി കൂടിയാണ്.ഏറെ വിവാദങ്ങൾക്കൊടുവിലാണ് വർത്തമാനം റിലീസിന് ഒരുങ്ങുന്നത് . സെൻസറിംഗ് സംബന്ധിച്ച് ചിത്രത്തിന് ആദ്യം വിലക്കേർപ്പെടുത്തിയിരുന്നു. തുടർന്ന് കേന്ദ്ര സെൻസർ ബോർഡ് റിവൈസിംഗ് കമ്മറ്റി പ്രവർത്തനാനുമതി നൽകിയതോടെ ചിത്രം തീയേറ്ററിൽ റിലീസ് ചെയ്യുന്നത്. സ്വാതന്ത്ര്യ സമര സേനാനി മുഹമ്മദ് അബ്ദുൾ റഹ്മാനെ കുറിച്ച് ഗവേഷണം നടത്തുവാനായി ഡൽഹിയിലെ ഒരു യൂണിവേഴ്സിറ്റിയിലേക്കു യാത്ര തിരിച്ച മലബാറിൽ നിന്നുള്ള ഒരു പെൺകുട്ടി നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളുമാണ് വർത്തമാനത്തിന്റെ പ്രമേയം. സമകാലിക ഇന്ത്യൻ സമൂഹം നേരിടുന്ന രാഷ്ട്രീയ സാമൂഹ്യ പ്രശ്നങ്ങളാണ് ചിത്രം ചർച്ച ചെയ്യുന്നത്. 'ഫൈസാ സൂഫിയ' എന്ന ഗവേഷക വിദ്യാർത്ഥിനിയുടെ കഥാപാത്രമാണ് പാർവതി യുടേത്. റോഷൻ മാത്യു, സിദ്ദിഖ് എന്നിവരും ചിത്രത്തിലെ ശ്രദ്ധേയ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

വലിയ താരനിര ചിത്രത്തിൽ അണിനിരക്കുന്നു. ഡൽഹി, ഉത്തരാഖണ്ഡ്, കേരളം എന്നിവിടങ്ങളിലായി രണ്ടു ഷെഡ്യൂളിലാണ് 'വർത്തമാനം' ചിത്രീകരിച്ചത്. രണ്ടു പാട്ടുകൾ ചിത്രത്തിലുണ്ട്. ദേശീയ-സംസ്ഥാന ചലച്ചിത്ര പുരസ്കാര ജേതാക്കൾ ഒരുമിക്കുന്ന സിനിമയെന്ന പ്രത്യേകത കൂടി ഇതിനുണ്ട്. പാർവതി തിരുവോത്തിന്റെ വളരെ ശ്രദ്ധേയമായ കഥാപാത്രമാണ് വർത്തമാനത്തിലെ ഫൈസാസൂഫിയ. ബാനർ - ബെൻസി പ്രൊഡക്ഷൻസ്, സംവിധാനം - സിദ്ധാർത്ഥ് ശിവ, നിർമ്മാണം - ബെൻസി നാസർ, ആര്യാടൻ ഷൗക്കത്ത്, കഥ-തിരക്കഥ-സംഭാഷണം - ആര്യാടൻ ഷൗക്കത്ത്, ക്യാമറ - അഴകപ്പൻ, ഗാനരചന - റഫീക് അഹമ്മദ്, വിശാൽ ജോൺസൺ, പശ്ചാത്തല സംഗീതം - ബിജിപാൽ, പ്രൊഡക്ഷൻ കൺട്രോളർ - ഡിക്സൻ പൊടുത്താസ്, പി.ആർ.ഒ. - പി.ആർ.സുമേരൻ (ബെൻസി പ്രൊഡക്ഷൻസ്) പി.ആർ. സുമേരൻ

നിർമാണ രംഗത്തേക്കും ചുവടുവച്ച് ടൊവിനോ

ദുൽഖർ സൽമാൻ, പൃഥിരാജ്, ഉണ്ണി മുകുന്ദൻ, സണ്ണി വെയ്ൻ എന്നിവർ അടുത്തിടെ സ്വന്തം പ്രൊഡക്ഷൻ കമ്പനികൾ തുടങ്ങിയിരുന്നു. ഇപ്പോഴിതാ നടൻ ടൊവിനോയും നിർമാണ രംഗത്തേക്ക് ചുവടുവയ്ക്കുകയാണ്. പിറന്നാൾ ദിനത്തിൽ ടൊവിനോ തോമസ് പ്രൊഡക്ഷൻ ഹൗസ് പ്രഖ്യാപിച്ചിരിക്കുകയാണ് താരം.

ആശംസകൾക്ക് എല്ലാവർക്കും നന്ദി. കുറച്ച് വർഷങ്ങൾക്ക് മുമ്പ് എന്റെ ജന്മദിനത്തിൽ ഇത്രയധികം സ്നേഹം എന്നെങ്കിലും ലഭിക്കുമെന്ന് കരുതിയിരുന്നില്ല.

അതിനാൽ കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഞാൻ ചെയ്യാൻ ആഗ്രഹിക്കാത്ത മറ്റെന്തെങ്കിലും പങ്കിടാൻ ഈ അവസരം ഉപയോഗിക്കുന്നു. പ്രിയപ്പെട്ടവരേ, ടൊവിനോ തോമസ് പ്രൊഡക്ഷൻസ് ഇതാ, അവതരിപ്പിക്കുന്നു. പ്രാധാന്യമുള്ളതും ഞങ്ങളുടെ വ്യവസായത്തിന് കൂടുതൽ മൂല്യം നൽകുന്നതുമായ കൂടുതൽ സിനിമകളുടെ ഭാഗമാകാനുള്ള ഒരു എളിയ ശ്രമം.

ഈ വലിയ അവസരവും ഉത്തരവാദിത്തവും കണക്കാക്കാനും നിങ്ങൾ എല്ലാവരും ഇഷ്ടപ്പെടുന്ന സിനിമകൾ സൃഷ്ടിക്കാനും ഞാൻ ആഗ്രഹിക്കുന്നു. സ്നേഹവും പിന്തുണയും തുടരുക'- എന്നാണ് ടൊവിനോ സോഷ്യൽ മീഡിയയിൽ കുറിച്ചിരിക്കുന്നത്. നിർമാണ കമ്പനിയുടെ ലോഗോ വീഡിയോയിലൂടെയാണ് ടൊവിനോ പങ്കുവെച്ചത്. അതേസമയം നിരവധി ചിത്രങ്ങളാണ് താരത്തിന്റേതായി അണിയറയിൽ ഒരുങ്ങുന്നത്.

'കള' ടീസർ പുറത്തിറങ്ങി

ടൊവിനോ നായകനായെത്തുന്ന കളയുടെ ടീസർ പുറത്തുവിട്ടു. അഡ്വഞ്ചേഴ്സ് ഓഫ് ഓമനക്കുട്ടൻ, ഇബിലീസ് എന്നീ സിനിമകൾക്ക് ശേഷം രോഹിത് സംവിധാനം ചെയ്യുന്ന ചിത്രമാണിത്. യദു പുഷ്പാകരനും രോഹിത് വി എസും ചേർന്നാണ് ചിത്രത്തിന്റെ രചന നിർവഹിക്കുന്നത്. ചിത്രത്തിൽ ലാലും ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നുണ്ട്. പുറത്തിറങ്ങി നിമിഷങ്ങൾക്കുള്ളിൽ മികച്ച പ്രതികരണമാണ് ടീസറിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഛായാഗ്രഹണം അഖിൽ ജോർജ്. എഡിറ്റിംഗ് ലിവിങ്സ്റ്റൺ മാത്യു.

ശബ്ദ സംവിധാനം ഡോൺ വിൻസെന്റ്. അസോസിയേറ്റ് ഡയറക്ടേഴ്സ് ബാസിദ് അൽ ഗസാലി, സജൊ. പബ്ലിസിറ്റി പവിശങ്കർ. അഡ്വഞ്ചർ കമ്പനിയുടെ ബാനറിൽ സിജു മാത്യു, നാവിസ് സേവ്യർ എന്നിവരാണ് നിർമ്മാണം. ടൊവിനോയും രോഹിത്തും അഖിൽ ജോർജും സഹനിർമ്മാതാക്കളാണ്. ചിത്രത്തിന്റെ ഷൂട്ടിങിനിടെ ടൊവിനോയ്ക്ക് പരുക്കേറ്റിരുന്നു.

ശാകുന്തള'ത്തിൽ നായകനായി ദേവ് മോഹൻ

സൂഫിയും സുജാതയും' താരം ദേവ് മോഹൻ സമാന്തയുടെ നായകനായി എത്തുന്നു. സംവിധായകനും തിരക്കഥാകൃത്തുമായ ഗുണശേഖർ ഒരുക്കുന്ന 'ശാകുന്തളം' എന്ന ചിത്രത്തിലാണ് ദേവ് നായകനായി എത്തുന്നത് എന്നാണ് റിപ്പോർട്ടുകൾ. കാളിദാസന്റെ സംസ്കൃത നാടകം അഭിജ്ഞാന ശാകുന്തളം. ജനുവരി ആദ്യവാരമാണ് ശാകുന്തളം സിനിമയാക്കുന്നുവെന്ന് ഗുണശേഖർ പ്രഖ്യാപിച്ചത്.

സമാന്ത ശകുന്തളയായി വേഷമിടുന്ന ചിത്രത്തിന്റെ മോഷൻ പോസ്റ്ററും പങ്കുവെച്ചിരുന്നു. പാൻ ഇന്ത്യൻ ചിത്രമായി ഒരുക്കുന്ന ശാകുന്തളത്തിന് മണി ശർമ ആണ് സംഗീതം ഒരുക്കുന്നത്. ശകുന്തളയുടെ വീക്ഷണത്തിൽ നിന്നും ദുഷ്യന്തന്റെയും ശകുന്തളയുടെയും പ്രണയകഥ അവതരിപ്പിക്കുന്ന ചിത്രമാകും ഇതെന്നാണ് സൂചന.

ഈ വർഷം അവസാനത്തോടെയാകും ചിത്രീകരണം ആരംഭിക്കുക. ദേശീയ അവാർഡ് ജേതാവായ ഗുണശേഖർ അനുഷ്ക്ക ഷെട്ടിയെ നായികയാക്കി രുദ്രമാദേവി എന്ന ചിത്രം ഒരുക്കിയ സംവിധായകനാണ്. ശാകുന്തളത്തിനായി പ്രതീക്ഷയോടെയാണ് ആരാധകർ കാത്തിരിക്കുന്നത്.

ജയസൂര്യയും അദിതി റാവു ഹൈദരിയും കേന്ദ്രകഥാപാത്രങ്ങളായ ചിതമാണ് സൂഫിയും സുജാതയും. സൂഫി എന്ന ടൈറ്റിൽ റോളിലാണ് ദേവ് മോഹൻ ചിത്രത്തിൽ വേഷമിട്ടത്.

ആശംസയുമായി ഭാവന

കഴിഞ്ഞ ദിവസം ഭാവനയുടെ മൂന്നാം വിവാഹ വാർഷികമായിരുന്നു. വിവാഹ വാർഷിക ദിനത്തിൽ ഭാവന പങ്കുവച്ച മനോഹരമായ ചിത്രങ്ങളും കുറിപ്പും സോഷ്യൽ മീഡിയയുടെ ശ്രദ്ധ നേടുകയാണ്. ഞാൻ നിന്നെ തിരഞ്ഞെടുത്തു. ഒരു ശങ്കയുമില്ലാതെ നിന്നെ ഞാൻ വീണ്ടും വീണ്ടും തിരഞ്ഞെടുക്കും. തിരഞ്ഞെടുത്തുകൊണ്ടേയിരിക്കും. സന്തോഷകരമായ വിവാഹ വാർഷികാശംസകൾ എന്റെ പ്രണയമേ എന്നായിരുന്നു ഭാവന കുറിച്ചത്. നവീന്റെ കവിളിൽ ചുംബനം നൽകുന്ന ചിത്രങ്ങളും ഭാവന പങ്കുവച്ചിട്ടുണ്ട്. 2018 ജനുവരി 22 നായിരുന്നു ഭാവനയും കന്നട നിർമ്മാതാവുമായ നവീനും വിവാഹിതരാകുന്നത്. തിരുവമ്പാടി ക്ഷേത്ര നടയിൽ വച്ചായിരുന്നു വിവാഹം. ഭാവനയുടെ മനോഹരമായ പോസ്റ്റ് സോഷ്യൽ മീഡിയയിൽ നിറയുകയാണ്. പിന്നാലെ താരങ്ങളും ആരാധകരും ഇരുവർക്കും ആശംസകളുമായി എത്തി.

പൃഥ്വിരാജ്, ഉണ്ണി മുകുന്ദൻ, മംമ്ത ചിത്രം: 'ഭ്രമം'

പൃഥിരാജ് സുകുമാരൻ, ഉണ്ണി മുകുന്ദൻ, മംമ്ത മോഹൻദാസ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി രവി കെ ചന്ദ്രൻ ഛായാഗ്രഹണവും സംവിധാനവും നിർവ്വഹിക്കുന്ന പുതിയ ചിത്രമാണ് 'ഭ്രമം' .

എ പി ഇന്റെർനാഷണലിന്റെ ബാനറിൽ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ ശങ്കർ, ജഗദീഷ്, സുധീർ കരമന, അനീഷ്, രാശി ഖന്ന, സുരഭി ലക്ഷ്മി, അനന്യ, ഞാൻ പ്രകാശൻ ഫെയിം ദേവീക തുടങ്ങിയ പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.

തിരക്കഥ, സംഭാഷണം ശരത് ബാലൻ എഴുതുന്നു. ലൈൻ പ്രൊഡ്യുസർ-ബാദുഷ എൻ എം, എഡിറ്റിംഗ്- ശ്രീകർ പ്രസാദ്, സംഗീതസംവിധാനം- ജാക്സ് ബിജോയ്, അസ്സോസിയേറ്റ് ഡയറക്ടർ- ജിത്തു അഷ്റഫ്, സൂപ്പർവൈസിങ് പ്രൊഡ്യൂസർ- അശ്വതി നടുത്തൊടി, പ്രൊഡക്ഷൻ കൺട്രോളർ-ജിനു പി കെ, സ്റ്റീൽസ്-ബിജിത് ധർമ്മടം, മേക്കപ്പ്-റോണക്സ് സേവ്യർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-ഓപ്പൺ ബുക്ക് പ്രൊഡക്ഷൻ, ടൈറ്റിൽ ഡിസൈൻ- ആനന്ദ് രാജേന്ദ്രൻ.ജനുവരി 27 ന് എറണാകുളത്ത് ചിത്രീകരണം ആരംഭിക്കും. വാർത്ത പ്രചരണം-എ എസ് ദിനേശ്.

വൈറലായ സൗഹൃദ ചിത്രം

നടിയും അവതാരകയും ഫാഷൻ ഡിസൈനറുമായ പൂർണ്ണിമ പങ്കുവെച്ച ചിത്രങ്ങൾ ഇപ്പോൾ ശ്രദ്ധേയമാകുന്നത്. മഞ്ജു വാര്യർക്കും സംയുക്ത വർമ്മയ്ക്കും ഗീതു മോഹൻദാസിനുമൊപ്പമുള്ള ചിത്രങ്ങളാണ് പൂർണിമ പങ്കുവെച്ചിരിക്കുന്നത്. പലപ്പോഴും ഇവരെല്ലാം കാണാറും ചിത്രങ്ങൾ പങ്കുവെക്കാറുമുണ്ട്. ഇപ്പോൾ പൂർണിമ പങ്കുവെച്ച ചിത്രങ്ങൾ മുൻപെപ്പൊഴോ നടന്ന കൂടിച്ചേരലിന്റെ താണ്. 'പെണ്ണുങ്ങളേ നിങ്ങളോർക്കുന്നുണ്ടോ ഇത്' എന്ന് കുറിച്ചുകൊണ്ടാണ് പൂർണിമ ഈ ചിത്രങ്ങൾ പങ്കുവെച്ചിരിക്കുന്നത്. ആരാധകരും ചിത്രങ്ങളെല്ലാം ഏറ്റെടുത്തിരിക്കുകയാണ്. ഇവരിൽ പൂർണിമയെ പോലെ തന്നെ സോഷ്യൽ മീഡിയയിൽ വളരെ സജീവമായി നിൽക്കുന്ന വ്യക്തിയാണ് നടി മഞ്ജു വാര്യരും ഗീതു മോഹൻദാസും തന്റെ വിശേഷങ്ങളൊക്കെ സൈബറിടത്തിലെ ആരാധകരുമായി പങ്കുവെക്കാറുണ്ട്. സംയുക്ത മേനോനും സോഷ്യൽ മീഡിയയിലൂടെ വിശേഷങ്ങൾ പങ്കുവെക്കാറുണ്ട്.

മുംബൈ സിറ്റിക്ക് ജയം

മഡ്ഗാവ്: ഐ എസ് എല്ലിൽ രണ്ടാം തവണയും ഈസ്റ്റ് ബംഗാളിനെ പരാജയപ്പെടുത്തി മുംബൈ സിറ്റി. ഇന്നലെ നടന്ന മത്സരത്തിൽ എതിരില്ലാത്ത ഒരു ഗോളിനായിരുന്നു മുംബൈ സിറ്റിയുടെ വിജയം.ആദ്യ പകുതിയിൽ മൊർട്ടാഡ ഫാൾ നേടിയ ഗോളാണ് മുംബൈ സിറ്റിക്ക് വിജയം നൽകിയത്. 27ആം മിനിറ്റിൽ ഹ്യൂഗോ ബൗമസിന്റെ ഒരു ക്രോസിൽ നിന്ന് ഫ്രീ ഹെഡറിലൂടെ ആയിരുന്നു ഫാൾ പന്ത് വലയിൽ എത്തിച്ചത്. ഈ വിജയം മുംബൈ സിറ്റിയെ 29 പോയിന്റിൽ എത്തിച്ചു. ഒന്നാമതുള്ള മുംബൈ സിറ്റിക്ക് രണ്ടാമതുള്ള മോഹം ബഗാനെക്കാൾ അഞ്ചു പോയിന്റിന്റെ ലീഡ് ഉണ്ട്. ഈസ്റ്റ് ബംഗാൾ 10-ാമതും.

ഐപിഎൽ ലേലം ഫെബ്രുവരി 18ന്

മുംബൈ: ഇന്ത്യൻ പ്രീമിയർ ലീഗിന്റെ 14ാം സീസണിന് മുന്നോടിയായുള്ള താരലേലം ഫെബ്രുവരി 18ന് എന്ന ബിസിസിഐ ഒഫീഷ്യൽ. നേരത്തെ ഫെബ്രുവരി 11ന് താരലേലം നടക്കുമെന്നാണ് റിപ്പോർട്ടുകളുണ്ടായിരുന്നത്. ലേലത്തിന്റെ വേദി പിന്നീട് പ്രഖ്യാപിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇക്കഴിഞ്ഞ 20ന് ടീമുകൾ നിലനിർത്തുന്ന താരങ്ങളുടെയും ഒഴിവാക്കുന്ന താരങ്ങളുടെയും പട്ടിക പുറത്തുവിട്ടിരുന്നു. ഇനി വേണ്ടത് താരലേലത്തിൽ പങ്കെടുക്കുന്ന ടീമുകളുടെ പട്ടികയാണ്. ഫെബ്രുവരി നാലിന് അഞ്ച് മണിക്ക് മുമ്പായി ക്രിക്കറ്റ് അസോസിയേഷനുകൾ മുഖേനെ ഓൺലൈനായാണ് താരങ്ങൾ താരലേലത്തിൽ പങ്കെടുക്കാനുള്ള അപേക്ഷ നൽകേണ്ടത്. ഓൺലൈനായതിനാൽ ഇത്തവണ തെറ്റുകൾ സംഭവിച്ചാൽ തിരുത്താൻ സമയം നൽകാതെ നേരിട്ട് അപേക്ഷ തള്ളിക്കളയും.

ഗ്ലെൻ മാക്സ്വെൽ,സ്റ്റീവ് സ്മിത്ത്,ക്രിസ് മോറിസ് തുടങ്ങിയ സൂപ്പർ താരങ്ങൾ ഇത്തവണ താരലേലത്തിലേക്ക് എത്തിയിട്ടുണ്ട്. അതിനാൽത്തന്നെ വാശിയേറിയ പോരാട്ടം തന്നെ ഇത്തവണത്തെ താരലേലത്തിൽ പ്രതീക്ഷിക്കാം. 196.6 കോടി രൂപയാണ് താരലേലത്തിൽ ആകെ ഉപയോഗിക്കുക. എട്ട് ടീമുകളുമായി 139 താരങ്ങളെയാണ് നിലനിർത്തിയത്. ഇതിലൂടെ 483.39 കോടി രൂപയാണ് ആകെ ചിലവായിരിക്കുന്നത്. 57 താരങ്ങളെയാണ് ടീമുകൾ ഒഴിവാക്കിയിരിക്കുന്നത്. കിങ്സ് ഇലവൻ പഞ്ചാബാണ് ഇത്തവണത്തെ താരലേലത്തിൽ പണക്കാരൻ. 53.20 കോടി രൂപ ടീമിന് ബാക്കിയുണ്ട്.-

ഇന്ത്യൻ ടീമിലെത്തുന്നതിലല്ല ഇപ്പോഴത്തെ ശ്രദ്ധയെന്ന് രാഹുൽ

മഡ്ഗാവ്: ഇന്ത്യൻ ടീമിലെത്തുന്നതിനെക്കുറിച്ച് താൻ ഇപ്പോൾ ചിന്തിക്കുന്നില്ലെന്ന് കഴിഞ്ഞ ദിവസം കേരള ബ്ലാസ്റ്റേഴ്സിനെ വിജയതത്തിലേക്കു നയിച്ച യുവതാരം കെ.പി. രാഹുൽ. തന്റെ ശ്രദ്ധ ഇപ്പോൾ കേരള ബ്ലാസ്റ്റേഴ്സിനായി തന്റെ ഏറ്റവും മികച്ച പ്രകടനം പുറത്തെടുക്കുക മാത്രം ആണെന്ന് രാഹുൽ പറഞ്ഞു.

സ്ഥിരതയാർന്ന പ്രകടനം കാഴ്ചവച്ചാൽ തീർച്ചയായും ബാക്കിയുള്ള കാര്യങ്ങൾ ഒക്കെ പിറകെ വരും എന്ന് രാഹുൽ പറഞ്ഞു.

ഒരിക്കലും തന്റെ പരിശ്രമങ്ങക്കെ ആർക്കും കുറ്റം പറയാൻ പറ്റാത്ത രീതിയിൽ ടീമിനായി എല്ലാം നൽകാൻ ആണ് താൻ ശ്രമിക്കുന്നത് എന്നും രാഹുൽ പറഞ്ഞു. ഇന്ത്യൻ സൂപ്പർ ലീഗ് താൻ കാണുന്നുണ്ട് എന്നും ഇന്ത്യൻ ദേശീയ ടീമിൽ ഒരുപാട് പുതിയ മുഖങ്ങൾ വരും എന്നും ഇന്ത്യൻ ദേശീയ ടീം പരിശീലകൻ സ്റ്റിമാച് കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു.

ഇന്ത്യൻ ടീമിൽ എത്താൻ സാധ്യത കൽപ്പിക്കുന്ന മലയാളി താരമാണ് രാഹുൽ കെ പി. ഇന്ത്യയെ യുവ ടീമുകളിൽ നേരത്തെ തന്നെ പ്രതിനിധീകരിച്ചിട്ടുള്ള രാഹുൽ ഉടൻ സീനിയർ ടീമിലേക്കും എത്തിയേക്കും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. തലമുടിക്ക് കളർ അടിക്കുന്നതിലും മറ്റുമാണ് രാഹുൽ അടക്കമുള്ളവരുടെ ശ്രദ്ധയെന്നുള്ള ഐ.എം. വിജയന്റെ പ്രസ്താവനയ്ക്ക് മറുപടിയില്ലെന്ന് രാഹുൽ പറഞ്ഞു.

ആൻഫീൽഡിൽ ലിവർപൂൾ ബേൺലി

ലിവർപൂൾ 0, ബേൺലി 1

ലിവർപൂൾ: ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ കരുത്തരായ ലിവർപൂൾ സ്വന്തം തട്ടകത്തിൽ ബേൺലി ദഹിപ്പിച്ചു. ബേൺലിയോട് എതിരില്ലാത്ത ഒരു ഗോളിനാണ് ലിവർപൂൾ തോറ്റത്. സ്വന്തം മൈതാനത്താണ് മുൻ ചാമ്പ്യന്മാരുടെ തോൽവിയെന്നതാണ് ശ്രദ്ധേയം. 83ാം മിനിറ്റിൽ ലഭിച്ച പെനാൽറ്റി വലയിലാക്കി ആഷ്ലി ബേണിസാണ് ബേൺലിക്ക് ജയം സമ്മാനിച്ചത്. ബേൺലിയെ ദുർബലരായി കണ്ട് ആദ്യ ഇലവനിൽ സൂപ്പർ താരങ്ങളെ പുറത്തിരുത്തിയ യർഗൻ ക്ലോപ്പിന് പിഴച്ചു. 4-4-2 ഫോർമേഷനിലിറങ്ങിയ ബേൺലിയെ 4-3-3 ഫോർമേഷനിലാണ് ലിവർപൂൾ നേരിട്ടത്. 72 ശതമാനം പന്തടക്കത്തിൽ മുന്നിൽ നിൽക്കാനും 6നെതിരേ 27 ഗോൾശ്രമം നടത്താനും ലിവർപൂളിന് സാധിച്ചെങ്കിലും ഒരെണ്ണം പോലും ലക്ഷ്യത്തിലെത്തിക്കാനായില്ല.

68 മത്സരങ്ങൾക്ക് ശേഷം സ്വന്തം മൈതാനത്ത് ലിവർപൂളിന്റെ തോൽവി. ബേൺലിയെപ്പോലൊരു താരസമ്പന്നമല്ലാത്ത ടീമിനോട് തോറ്റത് ലിവർപൂളിന്റെ നാണക്കേട് ഉയർത്തുന്നു. പ്രീമിയർ ലീഗ് പോയിന്റ് പട്ടികയിൽ ഇഞ്ചോടിഞ്ച് പോരാട്ടം തന്നെയാണ് നടക്കുന്നത്. 34 പോയിന്റുമായി ലിവർപൂൾ നാലാം സ്ഥാനത്താണ്. 40 പോയിന്റുമായി മാഞ്ചസ്റ്റർ യുണൈറ്റഡ് ഒന്നാം സ്ഥാനത്ത് തുടരുമ്പോൾ 38 പോയിന്റോടെ മാഞ്ചസ്റ്റർ സിറ്റി രണ്ടാം സ്ഥാനത്തും തുല്യ പോയിന്റോടെ ലെസ്റ്റർ സിറ്റി മൂന്നാം സ്ഥാനത്തുമുണ്ട്.

മത്സരത്തിൽ പരാജയപ്പെട്ട ലിവർപൂൾ താരങ്ങളുടെ നിരാശ.

സുവാരസ് വിജയശില്പി

മാഡ്രിഡ്: സ്പാനിഷ് ലീഗിൽ അത്ലറ്റിക്കോ മാഡ്രിഡ് വിജയക്കുതിപ്പ് തുടരുകയാണ്. എയ്ബറിനെ 2-1നാണ് അത്ലറ്റിക്കോ മാഡ്രിഡ് തോൽപ്പിച്ചത്. എയ്ബറിന്റെ ഹോം ഗ്രൗണ്ടിൽ നടന്ന മത്സരത്തിൽ 12ാം മിനുട്ടിൽ മാർക്കോ ദിമിത്രോവിക്കിലൂടെ ആദ്യം എയ്ബർ മുന്നിലെത്തിയപ്പോൾ 40ാം മിനിറ്റിൽ ലൂയിസ് സുവാരസിന്റെ ഗോളിൽ അത്ലറ്റിക്കോ മാഡ്രിഡ് സമനില പിടിച്ചു.

89ാം മിനുട്ടിൽ പെനാൽറ്റി വലയിലാക്കി സുവാരസ് തന്നെയാണ് അത്ലറ്റിക്കോ മാഡ്രിഡിന് വിജയമൊരുക്കിയത്. എയ്ബറിന്റെ 4-2-3-1 ഫോർമേഷനെ 3-5-2 ഫോർമേഷനിൽ നേരിട്ട അത്ലറ്റിക്കോ മാഡ്രിഡ് 65 ശതമാനം പന്തടക്കത്തിൽ മികവ് കാട്ടിയെങ്കിലും 9നെതിരേ 12 ഗോൾശ്രമവുമായി ആക്രമണത്തിൽ കരുത്ത് കാട്ടി. 44 പോയിന്റുമായി അത്ലറ്റിക്കോ മാഡ്രിഡ് പോയിന്റ് പട്ടികയിൽ തലപ്പത്ത് തുടരുകയാണ്. 37 പോയിന്റുള്ള റയൽ മാഡ്രിഡ് രണ്ടാം സ്ഥാനത്താണ്. 34 പോയിന്റാണ് ബാഴ്സലോണയ്ക്കുള്ളത്. ഇരട്ട ഗോൾ നേട്ടത്തോടെ ലാലിഗ ഗോൾവേട്ടക്കാരിൽ 11 ഗോളുമായി മെസിക്കൊപ്പമെത്താൻ സുവാരസിനായി. സ്പാനിഷ് കോപ്പാ ഡെൽ റേയിൽ മൂന്നാം ഡിവിഷൻ ക്ലബ്ബ് കോർനില്ലയെ 2-0ന് തോൽപ്പിച്ച് ബാഴ്സലോണ അവസാന 16ൽ ഇടം പിടിച്ചു. അധിക സമയത്തേക്ക് നീണ്ട മത്സരത്തിൽ 2-0നാണ് ബാഴ്സയുടെ ജയം. നിശ്ചിത സമയത്ത് ലഭിച്ച രണ്ട് പെനാൽറ്റി അവസരം ബാഴ്സലോണ പാഴാക്കി.
39ാം മിനുട്ടിൽ മിർലം പജാനിക്കും 80ാം മിനുട്ടിൽ ഉസ്മാൻ ഡെംബല്ലെയുമാണ് പെനാൽറ്റി പാഴാക്കിയത്. 92ാം മിനുട്ടിൽ ഡെംബല്ലെയും 120ാം മിനുട്ടിൽ മാർട്ടിൻ ബ്രാത്തെയ്റ്റുമാണ് ബാഴ്സലോണയ്ക്കായി വലകുലുക്കിയത്-

ഓസീസല്ല, ഇന്ത്യയാണ് മുഖ്യ എതിരാളി: സ്വാൻ

ലണ്ടൻ: ഓസ്ട്രേലിയക്കെതിരായ ടെസ്റ്റ് പരമ്പരയിൽ ഐതിഹാസിക വിജയം നേടിയ ടീം ഇന്ത്യയെയാണ് ഇനി ഇംഗ്ലണ്ട് മുഖ്യ എതിരാളികളായി കാണേണ്ടതെന്നു മുൻ ഇംഗ്ലീഷ് സ്പിന്നർ ഗ്രേയം സ്വാൻ. ഇന്ത്യയുടെ അടുത്ത പരമ്പര ഇംഗ്ലണ്ടിനെതിരേയാണ്. ഫെബ്രുവരി ആദ്യവാരമാണ് ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള നാലു ടെസ്റ്റുകളുടെ പരമ്പരയ്ക്കു തുടക്കമാവുന്നത്. അതിനു ശേഷം അഞ്ചു ടി20കളും മൂന്നു ഏകദിനങ്ങളും ഇംഗ്ലീഷ് ടീം ഇന്ത്യയിൽ കളിക്കും. ക്യാപ്റ്റൻ വിരാട് കോഹ്‌ലി ആദ്യ ടെസ്റ്റിനു ശേഷം നാട്ടിലേക്കു മടങ്ങിയിട്ടും ഓസ്ട്രേലിയക്കെതിരേയുള്ള ശേഷിച്ച ടെസ്റ്റുകളിൽ ഇന്ത്യ ആധിപത്യം പുലർത്തിയതായും കുറച്ചു ടീമുകൾക്കു മാത്രം കഴിയുന്ന കാര്യമാണിതെന്നും സ്വാൻ അഭിപ്രായപ്പെട്ടു. ഓസീസ് ഇപ്പോൾ ബെസ്റ്റല്ല ഇംഗ്ലണ്ട് എല്ലായ്പ്പോഴും പറഞ്ഞു കൊണ്ടിരിക്കുന്ന ഓസ്ട്രേലിയയുമായുള്ള ആഷസ് ടെസ്റ്റ് പരമ്പര വരുന്നുവെന്നാണ്. ഓസീസ് ഇപ്പോൾ ലോകത്തിലെ മികച്ച ടീമല്ല. ഒരിക്കൽ ആയിരുന്നു, മറ്റുള്ളവരേക്കാൾ മൈലുകൾ മുന്നിലുമായിരുന്നു. പക്ഷെ ഓസീസിസ് ഇപ്പോൾ ആ പദവി നഷ്ടമായിരിക്കുന്നു. എങ്കിലും നമ്മൾ ഇംഗ്ലണ്ടുകാർക്കു ഇപ്പോഴും ആഷസ് ഭ്രമമാണെന്നും സ്വാൻ പറഞ്ഞു. ആഷസിനു വേണ്ടി നമ്മൾ ഇനിയും പഴയതു പോലെ കാത്തിരിക്കുന്നത് അവസാനിപ്പിക്കണം. ഇന്ത്യയെ ഇന്ത്യയിൽ വച്ച് കീഴടക്കുകയെന്നത് ഇപ്പോൾ ആഷസ് വിജയത്തേക്കാൾ വലുതാണെന്നാണ് ഞാൻ കരുതുന്നത്.

2012ൽ ഞങ്ങൾ തോൽപ്പിച്ച ശേഷം ഇന്ത്യയെ അവരുടെ നാട്ടിൽ തോൽപ്പിക്കുകയെന്നത് ഏറെക്കുറെ അസാധ്യമായി തീർന്നിരിക്കുകയാണ്. എന്തുകൊണ്ടാണിതെന്നും സ്വാൻ ചോദിക്കുന്നു.

ഇംഗ്ലണ്ടിനു ലോകത്തിലെ മികച്ച ടീമാവണമെങ്കിൽ ആഷസിൽ ഓസ്ട്രേലിയയെ അവരുടെ നാട്ടിൽ വച്ച് തോൽപ്പിക്കുകയാണ് ഏറ്റവും വലുതെന്ന ധാരണ മാറ്റേണ്ടതുണ്ട്. ഈ വർഷം ഡിസംബറിലാണ് ഓസ്ട്രേലിയയിൽ ആഷസ് നടക്കുന്നത്. മുമ്പു സംഭവിച്ച പിഴവുകളിൽ നിന്നും ഇംഗ്ലീഷ് താരങ്ങൾ പാഠമുൾക്കൊള്ളണം. 2012ൽ അവസാനമായി ഇന്ത്യയിൽ ഇംഗ്ലണ്ട് ടെസ്റ്റ് പരമ്പര നേടിയപ്പോൾ കെവിൻ പീറ്റേഴ്സൻ സ്പിന്നർമാരെ മികച്ച രീതിയിൽ നേരിട്ടിരുന്നു. അതുപോലെ കളിക്കാനായിരിക്കണം ഇംഗ്ലീഷ് ബാറ്റ്സ്മാൻമാർ ശ്രമിക്കേണ്ടതെന്നും സ്വാൻ ആവശ്യപ്പെട്ടു. 41 കാരനായ സ്വാൻ 2008 മുതൽ 13 വരെ ഇംഗ്ലണ്ടിനായി 60 ടെസ്റ്റുകളിൽ നിന്നും 255 വിക്കറ്റുകളെടുത്തിട്ടുള്ള ഓഫ്സ്പിന്നറാണ്.

നമ്മുടെ സ്പിന്നർമാർ വിക്കറ്റുകളെടുക്കുകയും കെവിൻ പീറ്റേഴ്സനെപ്പോലെ ആരെങ്കിലുമൊരാൾ ഇന്ത്യൻ സ്പിന്നർമാരെ മികച്ച രീതിയിൽ നേരിടുകയും ചെയ്താൽ മാത്രമേ ടെസ്റ്റ് പരമ്പരയിൽ ഇംഗ്ലണ്ടിനു വിജയിക്കാൻ സാധിക്കുകയുള്ളൂവെന്നു സ്വാൻ ടീമിനു മുന്നറിയിപ്പ് നൽകി. സ്പിൻ ബൗളിങ്ങിനെതിരേ ഇംഗ്ലണ്ടിന്റെ ബാറ്റിങ്ങിന്റെ മുഖച്ഛായ അടിമുടി മാറ്റിയ ബാറ്റ്സ്മാനാണ് മുൻ ക്യാപ്റ്റൻ കൂടിയായ പീറ്റേഴ്സൻ. കുറച്ചധികം അഗ്രസീവായാണ് അദ്ദേഹം സ്പിന്നർമാരെ നേരിട്ടിരുന്നത്. പീറ്റേഴ്സൻ വളരെ മികച്ച ബാറ്റ്സ്മാനനായിരുന്നു. 2012നു ശേഷം ഇംഗ്ലണ്ടിന് ഇന്ത്യയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാനായിട്ടില്ല. അന്നത്തെ പര്യടനത്തിൽ പീറ്റേഴ്സൻ എങ്ങനെയാണ് ബാറ്റ് ചെയ്തതെന്നു നമുക്ക് പഠിക്കാനായില്ല. -സ്വാൻ പറഞ്ഞു.

ധോണി തന്നെ മുമ്പൻ

റെയ്ന തൊട്ടുപിന്നിൽ, വമ്പൻ അഴിച്ചുപണിക്ക് സിഎസ്കെ ഇല്ല

ചെന്നൈ: ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ പുതിയ സീസണു മുന്നോടിയായി ചെന്നൈ സൂപ്പർ കിങ്സ് ടീം നിലനിർത്തിയവരിൽ ക്യാപ്റ്റൻ എംഎസ് ധോണിയാണ് ഏറ്റവുമുയർന്ന ശമ്പളം കൈപ്പറ്റുന്നത്. 15 കോടി രൂപയാണ് പ്രതിവർഷം സിഎസ്കെ അദ്ദേഹത്തിനു നൽകുന്നത്. ചിന്നത്തലയെന്നു വിളിപ്പേരുള്ള ഓൾറൗണ്ടർ സുരേഷ് റെയ്നയാണ് 11 കോടി ശമ്പളവുമായി രണ്ടാംസ്ഥാനത്ത്. സ്റ്റാർ ഓൾറൗണ്ടർമാരായ രവീന്ദ്ര ജഡേജ (ഏഴു കോടി), ഡ്വയ്ൻ ബ്രാവോ (6.4 കോടി), സാം കറൻ (5.5 കോടി), കാൺ ശർമ (അഞ്ച് കോടി), ശർദ്ദുൽ താക്കൂർ (2.6 കോടി), അമ്പാട്ടി റായുഡു (2.2 കോടി), ജോഷ് ഹേസൽവുഡ് (2 കോടി), ഫാഫ് ഡുപ്ലെസി (1.6 കോടി), ഇമ്രാൻ താഹിർ (1 കോടി) എന്നിവരാണ് ടീമിലെ മറ്റു കോടിപതികൾ. ദീപക് ചഹറിന് 80 ലക്ഷവും മിച്ചെൽ സാന്റ്നർ, ലുംഗി എൻഡിഗി എന്നിവർക്കു 50 ലക്ഷം വീതവും മലയാളി പേസർ കെഎം ആസിഫിന് 40 കോടിയുമാണ് ശമ്പളം. ഏറ്റവും കുറഞ്ഞ ശമ്പളമായ 20 ലക്ഷം രൂപ ലഭിക്കുന്നത് നാരായൺ ജഗദീശൻ, റുതുരാജ് ഗെയ്ക്വാദ്, ആർ സായ്കിഷോർ എന്നിവർക്കാണ്.

സിഎസ്കെയിൽ നിന്നും ഒഴിവാക്കപ്പെട്ട ആറു താരങ്ങളിൽ ഏറ്റവുമുയർന്ന ശമ്പളം വെറ്ററൻ ഓൾറൗണ്ടർ കേദാർ ജാദവിനാണ്. 7.8 കോടി രൂപയായിരുന്നു സിഎസ്കെ താരത്തിനു നൽകി വന്നിരുന്നത്. വെറ്ററൻ സ്പിന്നർ പിയൂഷ് ചൗള 6.75 കോടിയുമായി തൊട്ടു താഴെയുണ്ട്. കഴിഞ്ഞ സീസണിൽ ടീമിലെത്തിയ ചൗളയെ വരാനിരിക്കുന്ന സീസണിൽ സിഎസ്കെ വേണ്ടെന്നു വയ്ക്കുകയായിരുന്നു. വിരമിച്ച മുൻ ഓസ്ട്രേലിയൻ ഓൾറൗണ്ടർ ഷെയ്ൻ വാട്സനു നാലു കോടിയായിരുന്നു ശമ്പളം. ഹർഭജൻ സിങ്, മുരളി വിജയ് എന്നിവർക്കു രണ്ടു കോടി രൂപ വീതമായിരുന്നു ശമ്പളം. ലിസ്റ്റിലെ ശേഷിച്ച താരമായ മോനു കുമാറിന് സിഎസ്കെ നൽകിയിരുന്നത് 20 ലക്ഷം രൂപയായിരുന്നു. പഴ്സിൽ ശേഷിക്കുന്നത് ഫെബ്രുവരിയിൽ നടക്കാനിരിക്കുന്ന ലേലത്തിനു മുമ്പ് എട്ടു ഫ്രാഞ്ചൈസികളുടെയും പഴ്സിയിൽ ശേഷിച്ച പണം നോക്കിയാൽ കൂടുതൽ ചെലവഴിക്കാൻ സാധിക്കുക കിങ്സ് ഇലവൻ പഞ്ചാബിനാണ്.

53.2 കോടി രൂപ ഇപ്പോൾ പഞ്ചാബിന്റെ പേഴ്സിൽ ബാക്കിയുണ്ട്. 35.7 കോടി രൂപയുമായി ഇതുവരെ ജേതാക്കളാവാൻ സാധിച്ചിട്ടില്ലാത്ത റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരാണ് രണ്ടാംസ്ഥാനത്ത്. 34.95 കോടിയുമായി പ്രഥമ സീസണിലെ ജേതാക്കളായ രാജസ്ഥാൻ റോയൽസ് മൂന്നാംസ്ഥാനത്തു നിൽക്കുന്നു. ചെന്നൈ സൂപ്പർ കിങ്സ് (22.9 കോടി), മുംബൈ ഇന്ത്യൻസ് (15.35 കോടി), കൊൽക്കത്ത നൈറ്റ്റൈഡേഴ്സ് (10.85 കോടി), സൺറൈസേഴ്സ് ഹൈദരാബാദ് (10.75 കോടി), ഡൽഹി ക്യാപ്പിറ്റൽസ് (9 കോടി) എന്നിങ്ങനെയാണ് മറ്റു ടീമുകളുടെ പഴ്സിൽ അവശേഷിക്കുന്നത്.സീസണു മുന്നോടിയായി എം.എസ്. ധോണി നയിക്കുന്ന ചെന്നൈ സൂപ്പർ കിങ്സിൽ വമ്പൻ അഴിച്ചുപണിയുണ്ടാവില്ല. ആറു കളിക്കാരെ മാത്രമാണ് സിഎസ്കെ വരാനിരിക്കുന്ന സീസണിൽ വേണ്ടെന്നു വച്ചത്.

18 താരങ്ങളെ അവർ നിലനിർത്തുകയും ചെയ്തു. നേരത്തേ വരാനിരിക്കുന്ന ലേലത്തിൽ ചെലവഴിക്കുന്നതിനായി സിഎസ്കെയുടെ പേഴ്സിൽ പണം കുറവായിരുന്നു.

എന്നാൽ വില കൂടിയ പല താരങ്ങളെയും നിലനിർത്തേണ്ടതില്ലെന്നു തീരുമാനിച്ചതോടെ 22.9 കോടി രൂപ ലേലത്തിനായി അവരുടെ പേഴ്സിൽ ബാക്കിയുണ്ട്.

ആദ്യ രണ്ടു ടെസ്റ്റും അടച്ചിട്ട സ്റ്റേഡിയത്തിൽ

ചെന്നൈ: ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള ടെസ്റ്റ് പരമ്പരയിലെ ആദ്യ രണ്ടു ടെസ്റ്റുകളും കാണികളെ പ്രവേശിപ്പിക്കാതെ അടച്ചിട്ട സ്റ്റേഡിയത്തിൽ നടത്താൻ തീരുമാനിച്ചു. ചെന്നൈയിലെ എംഎ ചിദംബരം സ്റ്റേഡിയമാണ് ടെസ്റ്റുകൾക്കു ആതിഥേയത്വം വഹിക്കുന്നത്. തമിഴ്നാട് ക്രിക്കറ്റ് അസോസിയേഷനാണ് വാർത്താക്കുറിപ്പിലൂടെ കാണികളെ സ്റ്റേഡിയത്തിൽ പ്രവേശിപ്പിക്കില്ലെന്നു ഔദ്യോഗികമായി അറിയിച്ചിരിക്കുന്നത്. ഫെബ്രുവരി അഞ്ചു മുതൽ 17 വരെയാണ് ആദ്യ രണ്ടു ടെസ്റ്റുകൾ ചെന്നൈയിൽ നടക്കുന്നത്. കൊവിഡ് വ്യാപനം തടയുന്നതിനു വേണ്ടി കളിക്കാരുടെ സുരക്ഷ മുൻനിർത്തി ഒരു റിസ്ക്കും ഏറ്റെടുക്കേണ്ടതില്ലെന്നു ബിസിസിഐ തീരുമാനിച്ചിരിക്കുകയാണ്. താരങ്ങൾ, മാച്ച് ഒഫീഷ്യൽസ് എന്നിവർക്കു പഴുതടച്ച ക്വാറന്റീൻ നിബന്ധനകളുണ്ടാവും. മാത്രമല്ല ബയോ ബബ്ളിൽ പ്രവേശിക്കുന്നതിനു മുമ്പ് പല റൗണ്ടുകളായി കൊവിഡ് ടെസ്റ്റുകൾക്കും ഇവർ വിധേയരാവും. ബിസിസിഐയുടെ നിർദേശത്തെ തുടർന്നു സുരക്ഷാ മുൻകരുതലുകളുടെ ഭാഗമായി ഫെബ്രുവരി അഞ്ചു മുതൽ 17 വരെ എംഎ ചിദംബരം സ്റ്റേഡിയത്തിൽ നടക്കാനിരിക്കുന്ന ടെസ്റ്റ് മൽസരങ്ങൾ അടച്ചിട്ട സ്റ്റേഡിയത്തിലായിരിക്കും. കാണികൾ, ക്ഷണിതാക്കൾ, സബ് കമ്മിറ്റി മെമ്പർമാർ തുടങ്ങി ആർക്കും സ്റ്റേഡിയത്തിൽ പ്രവേശിക്കാനാവില്ലെന്നു തമിഴ്നാട് ക്രിക്കറ്റ് അസോസിയേഷൻ സെക്രട്ടറി ആർഎസ് രാമസ്വാമി വാർത്താക്കുറിപ്പിൽ വിശദമാക്കി.

ഓസ്ട്രേലിയക്കെതിരേ നടന്ന ഗവാസ്കർ ബോർഡർ ട്രോഫി 2-1നു സ്വന്തമാക്കിയതിന്റെ ആത്മവിശ്വാസത്തിലാണ് ഇന്ത്യ മറ്റൊരു വമ്പൻമാരായ ഇംഗ്ലണ്ടുമായി കൊമ്പുകോർക്കുന്നത്. ഓസീസിനെതിരായ ആദ്യ ടെസ്റ്റിൽ ദയനീയ തോൽവിയേറ്റു വാങ്ങിയ ശേഷമായിരുന്നു ഇന്ത്യ ഗംഭീര തിരിച്ചുവരവ് നടത്തി പരമ്പരയിൽ ചരിത്രവിജയം കൊയ്തത്. ഇതോടെ ഐസിസിയുടെ ലോക ടെസ്റ്റ് ചാംപ്യൻഷിപ്പ് പോയിന്റ് പട്ടികയിൽ ഇന്ത്യ തലപ്പത്തേക്കു കയറുകയും ചെയ്തിരുന്നു. ലോക ചാംപ്യൻഷിപ്പിൽ ഇന്ത്യയുടെ അവസാനത്തെ പരമ്പര കൂടിയാണ് ഇംഗ്ലണ്ടിനെതിരേ വരാനിരിക്കുന്നത്. ആദ്യ രണ്ടു ടെസ്റ്റുകൾക്കുള്ള ഇന്ത്യൻ ടീമിനെ ഈയാഴ്ച പ്രഖ്യാപിച്ചിരുന്നു.

ഓസീസിനെതിരായ ആദ്യ ടെസ്റ്റിനു ശേഷം നാട്ടിലേക്കു മടങ്ങിയ ക്യാപ്റ്റൻ വിരാട് കോലി നായകസ്ഥാനത്തു മടങ്ങിയെത്തിയിട്ടുണ്ട്. ഹാർദിക് പാണ്ഡ്യ, ഇഷാന്ത് ശർമ എന്നിവരെയും ടീമിലേക്കു തിരികെ വിളിച്ചു. എന്നാൽ പരിക്കേറ്റു വിശ്രമിക്കുന്ന സ്റ്റാർ ഓൾറൗണ്ടർ രവീന്ദ്ര ജഡേജ ടീമിലില്ല.

ഉത്തപ്പ സിഎസ്കെയിൽ

ചെന്നൈ: 2021 ഐപിഎലിൽ കേരള താരം റോബിൻ ഉത്തപ്പ കളിക്കുന്നത് ചെന്നൈ സൂപ്പർ കിങ്സിന് വേണ്ടി. ഐപിഎലിന് മുമ്പ് രാജസ്ഥാൻ റോയൽസ് താരത്തെ ചെന്നൈ സൂപ്പർ കിംഗ്സുമായി ട്രേഡ് ചെയ്യുകയായിരുന്നു. 13ാം സീസണിൽ രാജസ്ഥാൻ പല ബാറ്റിംഗ് പൊസിഷനിൽ താരത്തെ പരിഗണിക്കുകയായിരുന്നു. 12 മത്സരങ്ങളിൽ നിന്ന് 196 റൺസ് മാത്രമാണ് താരത്തിന് നേടാനായത്.ഇത് റോബിൻ ഉത്തപ്പയുടെ ഐപിഎലിലെ ആറാമത്തെ ഫ്രാഞ്ചൈസിയാണ്. മുംബൈ. ബാംഗ്ലൂർ, പൂനെ വാരിയേഴ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, രാജസ്ഥാൻ റോയൽസ് എന്നീ ഫ്രാഞ്ചൈസികൾക്ക് വേണ്ടിയാണ് താരം കളിച്ചിട്ടുള്ളത്.

SENSEX: 48,878.54 (746.22)

NIFTY: 14,371.90 (218.45)

വിനിമയ നിരക്ക്

യുഎസ്ഡോളർ	: 72.99
യൂറോ	: 88.94
പൗണ്ട്	: 99.72
സിംഗപ്പൂർ ഡോളർ	: 55.01
ഓസ്ട്രേലിയൻ ഡോളർ	: 56.28
സൗദി റിയാൽ	: 19.44
യുഎഇ ദിർഹം	: 19.88
ഖത്തർ റിയാൽ	: 19.93
കുവൈറ്റ് ദിനാർ	: 240.77
ഒമാൻ റിയാൽ	: 189.61
ബഹ്റിൻ ദിനാർ	: 193.46

ഓഹരി വിപിണിയിൽ ഇടിവ് തുടരുന്നു

മുംബൈ: തുടർച്ചയായ രണ്ടാം ദിവസവും ഓഹരി വിപണി നഷ്ടത്തിൽ അവസാനിച്ചു. ബിഎസ്ഇ സെൻസെക്സ് സൂചിക 790 പോയിന്റ് നഷ്ടത്തിൽ 48,835 നില രേഖപ്പെടുത്തി. എൻസിഇ നിഫ്റ്റി സൂചിക 218 പോയിന്റ് ഇടിഞ്ഞ് 14,372 എന്ന നിലയ്ക്കാണ് വ്യാപാരം അവസാനിപ്പിച്ചത്. സെൻസെക്സ് ലോകത്ത് ബാങ്കിങ് ഓഹരികൾ കാര്യമായ തകർച്ച നേരിട്ടു. ആക്സിസ് ബാങ്ക് ഓഹരികൾ 4.4 ശതമാനം ഇടിവ് കുറിച്ചു. എസ്ബിഐ ഓഹരികൾ 3.5 ശതമാനവും ഐസിഐസിഐ ബാങ്ക് ഓഹരികൾ 3.7 ശതമാനവും ഇൻഡസ്ഇൻഡ് ബാങ്ക് ഓഹരികൾ 3.5 ശതമാനവും നഷ്ടം അഭിമുഖീകരിച്ചു. ഇതേസമയം, വിശാല വിപണികൾ താരതമ്യേന ഭേദപ്പെട്ട പ്രകടനമാണ് വെള്ളിയാഴ്ച കാഴ്ചവച്ചത്.

ഊരാളുങ്കൽ ലോകറാങ്കിങ്ങിൽ രണ്ടാമൻ

തിരുവനന്തപുരം: സഹകരണ പ്രസ്ഥാനങ്ങളുടെ ആഗോള സംഘടനയായ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ്സ് അലയൻസിന്റെ വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്റർ 2020 റിപ്പോർട്ടിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് (യുഎൽസിസിഎസ്) രണ്ടാം സ്ഥാനം. ഇൻഡസ്ട്രി ആൻഡ് യൂട്ടിലിറ്റീസ് വിഭാഗം കോ-ഓപ്പറേറ്റീവുകളുടെ പട്ടികയിലാണ് നേട്ടം. സ്പെയിനിലെ കോ-ഓപ്പറേറ്റീവായ കോർപറേഷൻ മൊൺഡ്രാഗൺ ആണ് ഒന്നാം സ്ഥാനത്തുള്ളത്. 2018ലെ കണക്കുകൾ പ്രകാരമാണ് റേറ്റിങ്.

സാധാരണഗതിയിൽ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ്സ് അലയൻസിന്റെ അംഗത്വം കോ-ഓപ്പറേറ്റീവുകളുടെ രാജ്യതല അപ്പെക്സ് ബോഡികൾക്കാണ് നൽകുന്നത്. യുഎൽസിസിഎസിന്റെ 95 വർഷത്തെ പ്രവർത്തനമികവ് പരിഗണിച്ചാണ് 2019ൽ അംഗത്വം നൽകിയത്. ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ്സ് അലയൻസിന്റെ അംഗത്വം ലഭിക്കുന്ന ആദ്യ പ്രാഥമിക സഹകരണ സംഘംകൂടിയാണ് ഊരാളുങ്കൽ.

വർക്ക്ഷോപ്പുകൾക്ക് തിരിച്ചടി

സ്ക്രാപ്പിങ്ങ് നയം എത്തുമോ ?

കൊച്ചി : കേന്ദ്രബജറ്റിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കുമ്പോൾ കേരളത്തിൽ സജീവമായിരിക്കുന്ന തൊഴിൽ മേഖലയ്ക്ക് ആകെ തിരിച്ചടിയായി പുതിയ മോട്ടോർ നയം ഈ ബജറ്റിൽ എത്തുമെന്ന് സൂചന.
പഴയ വാഹനങ്ങളെ പാടെ ഒഴിവാക്കുന്ന സ്ക്രപ്പിങ്ങ് നയം ഈ വർഷം എത്തുമെന്നാണ് സൂചന. ഇത് നടപ്പിലായാൽ കേരളത്തിൽ ലക്ഷകണക്കിന് ആളുകളുടെ തൊഴിലാണ് തിരിച്ചടി നേരിടുക. ഇപ്പോൾ തന്നെ പുതിയ വാഹനങ്ങളുടെ സർവീസ് അഞ്ച് വർഷം വരെ കമ്പനികളിൽ തന്നെയാണ് പഴയ വണ്ടികളാണ് പുറത്തു പണിയുന്നത് അതിനാണ് ഇത് വിലങ്ങ് തടി ആവുക.
കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ സ്വപ്ന പദ്ധതിയാണ് 15 വർഷം പഴക്കമുള്ള വണ്ടികൾ സ്ക്രാപ്പാക്കി മാറ്റുക എന്നുള്ളത്. സ്ക്രാപ്പ് വാഹന നിർമാണ കമ്പനികൾക്ക് അസംസ്കൃത ഉത്പന്നങ്ങളായി നൽകുക. കുറഞ്ഞ വിലയിൽ സ്റ്റീലും മറ്റ് ഉത്പന്നങ്ങളും രാജ്യത്തെ വാഹന നിർമാതാക്കൾക്ക് ലഭിക്കുന്നതോടെ പുതിയവയുടെ വില കുറയുമെന്നാണ് ഇവർ പറയുന്നത്.
പഴയ വാഹനം സ്ക്രാപ്പാക്കാൻ നൽകിയ ഉടമയ്ക്ക് പുതിയ വണ്ടിയ്ക്ക് സബ്സിഡി നൽകും. കഴിഞ്ഞ ദിവസം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി നിതിൻ ഗഡ്കരി സ്ക്രാപ്പിങ് നയത്തിന് ഉടൻ അനുമതി ലഭിച്ചേക്കുമെന്ന സൂചന നൽകിയത്. ഇതോടെയാണ് ഇത് ബജറ്റിനൊപ്പം എത്തുമെന്ന ചർച്ച വീണ്ടും സജീവമാവുന്നത്. കേന്ദ്രസർക്കാരിന് നേട്ടം ഈ മേഖലയിൽ ഒരു വർഷം ഇറക്കുമതി ചെയ്യുന്ന ഇരുമ്പ് വിലയായ 25,000 കോടി രൂപ പൂർണമായും ലാഭിക്കാനാവുമെന്നാണ് വിലയിരുത്തൽ.

വാഹൻ പോർട്ടലിന്റെ സഹായത്തോടെയാകും സംവിധാനം പ്രവർത്തിക്കുക. കാലാവധി കഴിഞ്ഞ വാഹനങ്ങൾ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ വാഹൻ പോർട്ടലിൽ റീ രജിസ്റ്റർ ചെയ്യുക. ഇതിന്റെ തൊഴിൽ നഷ്ടം ഇതുവരെ ചർച്ച ചെയ്യപ്പെട്ടിട്ടില്ല.

പിന്നോട്ട് ഇറങ്ങി സ്വർണം

കൊച്ചി: രണ്ടു ദിവസം മുന്നോട്ടു കുതിച്ച സ്വർണവില ഇന്നലെ കേരള മാർക്കറ്റിൽ പിന്നോട്ട് ഇറങ്ങി. ഗ്രാമിന് 15 രൂപ കുറഞ്ഞ് 4610 രൂപയും പവന് 120 കുറഞ്ഞ് 36,880 രൂപയുമാണ് രേഖപ്പെടുത്തിയത്. പവന് 360 രൂപ വർദ്ധിച്ച് 37,000 രൂപയും ഗ്രാമിന് 4625 രൂപയും ആയിരുന്നു വ്യാഴാഴ്ചത്തെ വില. യൂറോപ്യൻ സെൻട്രൽ ബാങ്കിൽ നിന്നുള്ള കൂടുതൽ ഉത്തേജക പദ്ധതികൾ വരുന്നതോടെ ആഗോള തലത്തിൽ സ്വർണ വ്യാപാര മേഖലയിൽ സ്ഥിരതയിലേക്ക് നങ്ങുമെന്നാണ് വിലയിരുത്തൽ.

ജോയ് ആലുക്കാസ് ഗ്രാൻഡ് റിപ്പബ്ലിക്ക് ഓഫർ ഇന്നു മുതൽ

തൃശൂർ: രാജ്യത്തിന്റെ 72 ാം റിപ്പബ്ലിക് ദിനം ആഘോഷത്തിന്റെ ഭാഗമായി ജോയ്ആലുക്കാസ് ഗ്രാൻഡ് റിപ്പബ്ലിക് ഓഫർ ആരംഭിച്ചു. ആവേശകരമായ മറ്റ് ഓഫറുകൾക്കൊപ്പം സ്വർണാഭരണ പർച്ചേയ്സുകൾക്ക് ഗ്രാൻഡ് റിപ്പബ്ലിക് ഓഫറിലൂടെ, ഓഫർ ദിവസങ്ങളായ 23, 24, 25, 26 ദിവസത്തെ ഗോൾഡ് റേറ്റിൽ നിന്നും ഗ്രാമിന് 72 രൂപ കുറവ് ലഭിക്കുന്നതാണ്. ഓഫർ കാലയളവിൽ ഉപയോക്താക്കൾക്ക് ഏത് ജ്വല്ലറിയിൽ നിന്നും വാങ്ങിയ പഴയ സ്വർണാഭരണങ്ങൾ ജോയ് ആലുക്കാസ് ജ്വല്ലറിയുടെ പുതിയ 916 ബിഐഎസ് സ്വർണാഭരണങ്ങളുമായ മാറ്റാൻ കഴിയും.

72 ാം റിപ്പബ്ലിക് ദിനാഘോഷത്തിൽ ഗ്രാമിന് 72 രൂപ കുറവ്

'റിപ്പബ്ലിക്ക് ദിനം രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യത്തിന്റെ ആഘോഷമാണ്. ഓരോ സംസ്ഥാനത്തിന്റെയും സംസ്കാരത്തിൽ നിന്നും പാരമ്പര്യത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് വൈവിധ്യമാർന്ന ഡിസൈനുകൾ സൃഷ്ടിച്ചുകൊണ്ട് ജോയ് ആലുക്കാസിൽ ഞങ്ങൾ എല്ലാ ദിവസവും ഇത് ആഘോഷിക്കുന്നു. ഞങ്ങളുടെ ഷോറൂമിൽ മാത്രമായി ലഭ്യമായ ഈ ഡിസൈനുകൾ നേരിട്ട് കാണുവാനും ഞങ്ങളുടെ പരിമിതമായ കാലയളവിലേക്കുള്ള ഓഫറുകൾ പ്രയോജനപ്പെടുത്താനും പ്രിയ ഉപയോക്താക്കളെ ക്ഷണിക്കുന്നു. എല്ലാവർക്കും റിപ്പബ്ലിക് ദിനാശംസകൾ നേരുന്നു'- ജോയ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും എംഡിയുമായ ജോയ് ആലുക്കാസ് പ്രമോഷൻ ഫ്ലാഗ് ഓഫ് ചെയ്തുകൊണ്ട് പറഞ്ഞു.

സ്വർണം പവന്
36,880

കൊച്ചി		കടല	5400-6500
വെളിച്ചെണ്ണ : മില്ലിങ്	19,350	മുതിര	3700
വെളിച്ചെണ്ണ	19,850	എള്ള്	13,000 -14,000
കൊപ്ര	12,650 -13,000	മല്ലി	7000- 19,000
പിണ്ണാക്ക് എക്സ്പെല്ലർ	2700	പച്ചരി	2600-3400
പിണ്ണാക്ക് റോട്ടറി	3400	പുഴുക്കലരി (ജയ)	3500
കുരുമുളക് അൺഗാർബിൾഡ്	32,500	ജാതിക്ക തൊണ്ടൻ	200-270
പുതിയ കുരുമുളക്	31,500	ജാതിക്ക തൊണ്ടില്ലാത്തത്	500-575
കുരുമുളക് ഗാർബിൾഡ്	34,500	ജാതിപത്രി മഞ്ഞ-ചുവപ്പ്	1100-1200
ചുക്ക് മീഡിയം	28,500	ഗ്രാമ്പൂ	510
ചുക്ക് ബെസ്റ്റ്	30,000	**റബർ ആർഎസ്എസ് 5 ഗ്രേഡ്**	**13,500-14,500**
മഞ്ഞൾ നാടൻ	11,500		
സേലം - ഈറോഡ്	7200-7700		
കാഞ്ഞിരക്കുരു	1850	**റബർ ആർഎസ്എസ് 4 ഗ്രേഡ്**	**15,200**
അടയ്ക്ക ന്യൂ	ഇല്ല		
അടയ്ക്ക ഓൾഡ്	31,000	ഒട്ടുപാൽ	9200
പഞ്ചസാര	3700	ലാറ്റക്സ്	10,200
മുളക്	15,000-16,200	**സ്വർണം**	**36,880**
ഉഴുന്ന്	9000-10,000	പാം ഓയിൽ	10,450
ചെറുപയർ	10,500-11,500		

മറ്റെങ്ങുമില്ലാത്ത ഓഫറുകളുമായി മൈജി

കോഴിക്കോട്: വേറൊരു റേഞ്ച് ഗാഡ്ജറ്റുകൾ പരിചയപ്പെടുത്തുന്നതോടൊപ്പം കസ്റ്റമേഴ്സിന് വേറെങ്ങു മില്ലാത്ത ഓഫറുകളും നൽകി മൈജി. മൈജിയിൽ നിന്നും ജനുവരി 20 നും 31നും ഇടയിൽ മൊബൈൽ വാങ്ങുമ്പോൾ പ്രൊട്ടക്ഷൻ പ്ലാനിലൂടെ ഫോൺ വീണുപൊട്ടിയാലോ കളവുപോയാലോ തികച്ചും സൗജന്യമായി മാറ്റിക്കിട്ടുന്നു. കൂടാതെ വൺ ഇഎംഐ ക്യാഷ്ബാക് ഓഫറിലൂടെ ഒരു മാസത്തെ ഇഎംഐ തുക തികച്ചും സൗജന്യമായി തിരികെയും ലഭിക്കുന്നു. മറ്റൊരു ആകർഷണം 10,000 രൂപയ്ക്കോ അതിനുമുകളിലോ ഉള്ള ഫോൺ വാങ്ങുമ്പോൾ 1,000 രൂപ ക്യാഷ്ബാകായി തിരികെക്കിട്ടുന്നതാണ്.

4,0008,000 രൂപയ്ക്ക് ഇടയിലുള്ള മൊബൈൽ ഫോണുകൾക്കൊപ്പം സ്ക്രീൻ ഗാർഡ്, പൗച്ച്, വയേർഡ് ഹെഡ്സെറ്റ് എന്നിവ സൗജന്യമായി ലഭിക്കുന്നു. 8,001-10,000 രൂപയ്ക്ക് ഇടയിലുള്ള മൊബൈൽ ഫോണുകൾ വാങ്ങുമ്പോൾ നേടാം, ഒരു പവർബാങ്ക് തികച്ചും സൗജന്യമായി. കേരളത്തിലുടനീളമുള്ള 82 മൈജി ഷോറൂമുകളിലും ഈ ഓഫറുകളെല്ലാം ലഭ്യമാണ്. ഡെബിറ്റ്/ ക്രെഡിറ്റ് കാർഡ്/ഇ.എം.ഐ. സൗകര്യം വഴി അതിവേഗം ലോൺ, 100% ലോൺ സൗകര്യം എന്നിങ്ങനെ നിലവിലുള്ള മറ്റ് വിവിധ ഓഫറുകളും ആനുകൂല്യങ്ങളും പർച്ചേസുകൾക്കൊപ്പം ലഭിക്കും. സൗകര്യവും ലഭിക്കുന്നതാണ്. www.myg.in എന്ന വെബ്സൈറ്റിൽ നിന്നും പ്രൊഡക്റ്റുകൾ ഷോപ്പ് ചെയ്യാം. ഓൺലൈനായി ബുക്കിങ്ങ് നടത്തി പേയ്മെന്റ് ചെയ്തുകഴിഞ്ഞാൽ മൈജി എക്സ്പ്രസ് ഹോം ഡെലിവറിയിലൂടെ അതിവേഗം ഉല്പന്നങ്ങൾ നിങ്ങളുടെ കൈകളി ലേക്കുമെത്തുന്നു.

റിലയൻസ് പവറിന് നേട്ടം

മുംബൈ: നടപ്പു സാമ്പത്തിക വർഷത്തിലെ മൂന്നാം പാദവാർഷിക റിലയൻസ് പവറിന്റ് ലാഭത്തിൽ ആറ് ശതമാനം വർധന. 52.29 കോടി രൂപയാണ് ഡിസംബറിൽ അവസാനിച്ച പാദവാർഷികത്തിലെ ലാഭം. കഴിഞ്ഞ വർഷം ഇതേ സമയം 49.38 കോടി രൂപയായിരുന്നു കമ്പനിയുടെ ലാഭമെന്ന് ബോംബെ സ്റ്റോക് എക്സ്ചേഞ്ചിൽ സമർപ്പിച്ച കണക്കുകളിൽ പറയുന്നു.

ഇത്തവണ ആകെ വരുമാനം 2006.66 കോടി രൂപയും കഴിഞ്ഞ വട്ടം ഇത് 1897.93 കോടി രൂപയുമായിരുന്നു. കൊവിഡ് മൂലം ഇനിയും കമ്പനിയുടെ പ്രവർത്തനത്തിന് തിരിച്ചടിയുണ്ടായേക്കുമെന്നാണ് റിലയൻസ് പ്രതീക്ഷിക്കുന്നത്.

ഖത്തർ എയർവേയ്സ് ദുബായിലേക്ക്

ദോഹ: ഖത്തർ എയർവേയ്സ് യുഎഇയിലേക്കുള്ള വിമാന സർവീസുകൾ ജനുവരി 27 മുതൽ പുനരാരംഭിക്കുന്നു. ജനുവരി 27ന് ദുബൈ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കും 28ന് അബുദാബി വിമാനത്താവളത്തിലേക്കും സർവീസുകളുണ്ട്. മൂന്നരവർഷത്തെ ഉപരോധത്തിന് ശേഷം ഇതാദ്യമായാണ് ദുബൈയിലേക്കും അബുദാബിയിലേക്കും നേരിട്ട് ഖത്തർ എയർവേയ്സ് വിമാന സർവീസുകൾ തുടങ്ങുന്നത്.

11 രൂപയ്ക്ക് ഡേറ്റയുമായി ജിയോ

കൊച്ചി: എയർടെല്ലുമായുള്ള മത്സരം മുറുകിയതോടെ കുറഞ്ഞ നിരക്കിൽ ഡേറ്റാ പ്ലാൻ ജിയോ അവതരിപ്പിച്ചു. 11 രൂപയ്ക്ക് 1 ജിബി 4ജി ഡാറ്റ ആനുകൂല്യങ്ങൾ നൽകാനാണ് ജിയോയുടെ പുതിയ തീരുമാനം. അടിസ്ഥാന പ്ലാനിന്റെ കാലാവധി തീരുംവരെ 1 ജിബി ഡാറ്റ ആനുകൂല്യം നേടാൻ ഉപയോക്താക്കൾക്ക് സാധിക്കും.

നേരത്തെ, 800 എംബി ഡാറ്റ ആയിരുന്നു 11 രൂപയ്ക്ക് ജിയോ നൽകിയിരുന്നത്. 11 രൂപയ്ക്ക് പുറമെ 21 രൂപ, 51 രൂപ, 101 രൂപ ഡാറ്റ പ്ലാനുകളും ജിയോയ്ക്കുണ്ട്. 21 രൂപയ്ക്ക് റീച്ചാർജ് ചെയ്താൽ 2 ജിബി ഡാറ്റയാണ് ഉപയോക്താവിന് ലഭിക്കുക. 51 രൂപയുടെ പ്ലാനിൽ 6 ജിബിയും 101 രൂപയുടെ പ്ലാനിൽ 12 ജിബിയും അധിക ഡാറ്റ കമ്പനി ഉറപ്പുവരുത്തുന്നു. ഈ പ്ലാനുകൾക്ക് കാലാവധിയില്ലെന്നതാണ് മറ്റൊരു സവിശേഷത.

വസ്ത്ര നിർമാണം: ഇന്ത്യ ബ്രാൻഡാവണം- ഉപരാഷ്ട്രപതി

ന്യൂഡൽഹി: തുണി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ ശേഷികൾ വർധിപ്പിക്കണമെന്നും, ആഗോള വിപണി കീഴടക്കാനായി നൂതന സാങ്കേതികവിദ്യകളുടെ സ്വീകരണത്തിലൂടെ കയറ്റുമതിയിലെ മത്സരക്ഷമത വർധിപ്പിക്കണമെന്നും ഉപരാഷ്ട്രപതി എം വെങ്കയ്യ നായിഡു.

വലിയതോതിലുള്ള മാനവ വിഭവ ശേഷിയും അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും ഉണ്ടെങ്കിലും ആഗോള തുണിത്തരങ്ങളുടെ കയറ്റുമതിയുടെ ആറു ശതമാനം മാത്രമാണ് ഇന്ത്യയുടെ സംഭാവന എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. തുണി കയറ്റുമതി പ്രോത്സാഹന സമിതിയുടെ തുണിത്തരങ്ങൾക്കായുള്ള വെർച്ചൽ പ്ലാറ്റ്ഫോം ഉദ്ഘാടനം ചെയ്ത് സംസാരിക്കുക്കായിരുന്നു അദ്ദേഹം. നമ്മുടെ ഉത്പന്നങ്ങൾ കൃത്യമായി ബ്രാൻഡ് ചെയ്യുന്നതിൽ പ്രത്യേക പരിഗണന ആവശ്യമാണ്. തുണിത്തരങ്ങളുടെ കയറ്റുമതി വിഹിതത്തിൽ ഇരട്ടയക്ക നേട്ടം സ്വന്തമാക്കാൻ ഇന്ത്യ പ്രത്യേക പരിഗണന നൽകണം.
രാജ്യത്തെ രണ്ടാമത്തെ വലിയ തൊഴിൽ ദാതാക്കൾ ആണ് തുണി വ്യവസായ മേഖല 45 ദശലക്ഷം പേർക്ക് നേരിട്ട് ഈ മേഖല തൊഴിൽ നൽകുന്നുണ്ടെന്ന് വ്യക്തമാക്കി. രാജ്യത്തിന്റെ കയറ്റുമതി വരുമാനത്തിന് 12 ശതമാനം ഈ മേഖലയുടെ സംഭാവനയാണ് രാജ്യത്തെ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് പ്രത്യേക മാർഗനിർദ്ദേശങ്ങളും പരിഗണനയും ആവശ്യമാണെന്നും തങ്ങളുടെ ശേഷി വർധിപ്പിക്കുന്നതിനും ആഗോള മത്സര രംഗത്തിന് അനുസരിച്ച് ഗുണമേന്മ ഉയർത്തുന്നതിലും ഇവർക്ക് പ്രത്യേക പിന്തുണ നൽകേണ്ടതുണ്ട്.

പുതിയ വിപണികളിലെ സാധ്യതകൾ പ്രയോജനപ്പെടുത്താനും മാറുന്ന ആഗോള ആവശ്യങ്ങൾക്ക് അനുസൃതമായി അനുരൂപപ്പെടുവാനും തങ്ങളുടെ ഉത്പാദന സംവിധാനങ്ങളെ വൈവിധ്യവത്കരിക്കേണ്ടത് ഉണ്ടെന്ന് ഉപരാഷ്ട്രപതി തുണി വ്യവസായ മേഖലയിലെ സംരംഭകരെ ഓർമിപ്പിച്ചു.

ടെക്സ്റ്റൈൽ മന്ത്രി സ്മൃതി സുബിൻ ഇറാനി, പ്രമുഖ തുണി കയറ്റുമതി വ്യവസായികൾ, സംരംഭക പ്രമുഖർ തുടങ്ങിയവരും വെർച്ചൽ യോഗത്തിൽ പങ്കെടുത്തു.

ഗൃഹോപകരണ വായ്പ; കുടുംബശ്രീ വഴി 700 കോടി

കൊച്ചി: പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും സഹകരണ വകുപ്പ് ആവിഷ്കരിച്ച കെയർലോൺ പദ്ധതി വഴി വിരണം ചെയ്തത് 713.92 കോടി രൂപ. കൊല്ലം, കാസർഗോഡ് ജില്ലകളിലൊഴികെ 9126 അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്കാണ് പദ്ധതിയുടെ ഗുണം ലഭിച്ചത്. ഏറ്റവും കൂടുതൽ ഗുണഭോക്താക്കളുള്ള ആലപ്പുഴ ജില്ലയിൽ 35932 അയൽക്കൂട്ട അംഗങ്ങൾക്കായി 214.52 കോടി രൂപ വിതരണം ചെയ്തു.

തൃശൂരിൽ 2871 അയൽക്കൂട്ടങ്ങൾക്കായി 189.50 കോടി രൂപയും എറണാകുളം ജില്ലയിൽ 1333 അയൽക്കൂട്ടങ്ങൾക്കായി 176.32 കോടി രൂപയും വിതരണം ചെയ്തു.പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സഹകരണ വകുപ്പ് നടപ്പിലാക്കിയ കെയർ കേരളയുടെ ഭാഗമായാണ് കെയർ ലോൺ പദ്ധതിയും ആവിഷ്കരിച്ചത്.

കുടുംബശ്രീ യൂണിറ്റുകൾ വഴി ഒൻപതു ശതമാനം പലിശനിരക്കിലാണ് വായ്പ അനുവദിച്ചത്. സർക്കാരാണ് പലിശ വഹിക്കുന്നത്. കുടുംബശ്രീ യൂണിറ്റുകൾക്ക് പ്രാഥമിക കാർഷിക സംഘങ്ങൾ വഴി സർക്കാർ മാനദണ്ഡങ്ങൾക്കും മാർഗനിർദേശങ്ങൾക്കും അനുസൃതമായാണ് വായ്പ നൽകിയത്.

പ്രളയകാലത്ത് കുടുംബശ്രീ വഴി സർക്കാർ നടപ്പിലാക്കിയ റീസർജന്റ് കേരള ലോൺ സ്കീമിൽ ഉൾപ്പെടുത്തിയാണ് കെയർ ലോൺ വായ്പാ വിതരണവും നടത്തിയത്. പ്രളയത്തിൽ ദുരിതം നേരിട്ടവർക്ക് ഒരു ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പ പലിശരഹിതമായി ലഭ്യമാക്കുന്ന പദ്ധതിയായിരുന്നു റീസർജന്റ് കേരള ലോൺ സ്കീം (ആർകെഎൽഎസ്). അർഹരായ അയൽക്കൂട്ടാംഗങ്ങൾക്ക് ഒൻപത് ശതമാനം പലിശയ്ക്ക് എല്ലാ ബാങ്കുകളും വായ്പ നൽകുകയും ഈ പലിശ പൂർണമായും സർക്കാർ അനുവദിച്ചു നൽകുകയും ചെയ്യുന്ന രീതിയിലായിരുന്നു പദ്ധതി.
ആകെ 30276 അയൽക്കൂട്ടങ്ങളിൽ നിന്നായി 2,02789 അയൽക്കൂട്ടാംഗങ്ങളാണ് വായ്പ സ്വീകരിച്ചത്. 1794.02 കോടി രൂപയാണ് ആകെ വായ്പയായി ആർകെഎൽഎസ് മുഖേന വിതരണം ചെയ്തത്.

വിലയിടിഞ്ഞ് ബിറ്റ്കോയിൻ

മുംബൈ: ഏറ്റവും പ്രചാരമേറിയ ക്രിപ്റ്റോകറൻസിയായ ബിറ്റ്കോയിന്റെ മൂല്യം 10.6 ശതമാനം ഇടിഞ്ഞു. കഴിഞ്ഞ പത്തു ദിവസത്തിനിടെയുള്ള ഏറ്റവും കുറഞ്ഞ വിലനിലവാരത്തിലാണ് ബിറ്റ്കോയിൻ ഇപ്പോൾ തുടരുന്നത്. നിലവിൽ ബിറ്റ്കോയിൻ ഒന്നിന് 31,724 ഡോളറാണ് ഇന്റർനെറ്റ് ലോകത്ത് വില.

ജനുവരി 8 -ന് 42,000 ഡോളർ വില തൊട്ടതിന് ശേഷമാണ് ബിറ്റ്കോയിന്റെ അപ്രതീക്ഷിത തകർച്ച. രണ്ടാഴ്ച്ചക്കാലംകൊണ്ട് ഏകദേശം 27 ശതമാനത്തോളം മൂല്യം ബിറ്റ്കോയിന് നഷ്ടമായി. പ്രസിഡന്റ് ജോ ബൈഡന് കീഴിൽ അമേരിക്ക ക്രിപ്റ്റോകറൻസികൾക്ക് മേൽ നിയന്ത്രണം ഏർപ്പെടുത്തുമെന്ന് സൂചനയുണ്ട്. ബിറ്റ്കോയിന്റെ തകർച്ചയ്ക്ക് ഇത് കാരണമാകുന്നു.

കെഎസ്ഐഡി ഇൻവെസ്റ്റ്മെന്റ് സോൺ പുതിയ ഡിസൈൻ ഫാക്റ്ററി സജ്ജം

തിരുവനന്തപുരം: സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കെഎസ്ഐഡിസി ഇൻവെസ്റ്റ്മെന്റ് സോണിന്റെ വിപുലീകരണ പ്രവർത്തനം പൂർത്തിയാവുകയാണെന്ന് വ്യവസായ മന്ത്രി ഇ.പി. ജയരാജൻ. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് സ്ഥിതി ചെയ്യുന്ന ഈ വ്യവസായ പാർക്ക് ലഘു എൻജിനീയറിങ് വ്യവസായ യൂണിറ്റുകൾക്കാണ് ഊന്നൽ നൽകുന്നത്.
65,000 ചതുരശ്ര അടി വിസ്തൃതിയുള്ള കെട്ടിടം മൂന്ന് നിലകളിലായാണ് ഒരുക്കിയിരിക്കുന്നത്. 17 കോടി രൂപയാണ് നിർമാണ ചെലവ്. 34.5 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന ഇൻവെസ്റ്റ്മെന്റ് സോണിൽ 23 ഏക്കറോളം ഭൂമി നിക്ഷേപകർക്കായി നൽകി കഴിഞ്ഞു. പാർക്കിലെ രണ്ടാമത്തെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്റ്ററിയാണ് ഇപ്പോൾ പ്രവർത്തന സജ്ജമായത്. 56,000 ചതുരശ്ര അടി വിസ്തൃതിയുള്ള മറ്റൊരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്റ്ററി നേരത്തെ പ്രവർത്തിക്കുന്നുണ്ട്. വിവിധ ഘട്ടങ്ങളിലായി 90 കോടിയോളം രൂപ ചെലവഴിച്ചാണ് പാർക്കിന്റെ പ്രവർത്തനം. ജലം, റോഡ്, വൈദ്യുതി തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ പാർക്കിൽ ഒരുക്കിയിട്ടുണ്ട്. 400 കോടി രൂപവരെ നിക്ഷേപം പാർക്കിൽ പ്രതീക്ഷിക്കുന്നുണ്ട്.

അജ്മൽ ബിസ്മിയിൽ ഗ്രേറ്റ് റിപ്പബ്ലിക് സെയിൽ

കൊച്ചി: പ്രമുഖ റീട്ടെയിൽ ഗ്രൂപ്പായ അജ്മൽ ബിസ്മിയുടെ ഇലക്ട്രോണിക്സ്, ഹൈപ്പർ ഷോറൂമുകളിൽ ഗ്രേറ്റ് റിപ്പബ്ലിക് സെയിൽ ആരംഭിച്ചു. ഗൃഹോപകരണങ്ങൾ, നിത്യോപയോഗ സാധനങ്ങൾ, പഴം, പച്ചക്കറികൾ തുടങ്ങിയവ 5 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സ്വന്തമാക്കാം. തിരഞ്ഞെടുത്ത പർച്ചേസുകൾക്ക് അഞ്ചിരട്ടിവരെ ലാഭവും നേടാം. ഹൈപ്പർ വിഭാഗത്തിലെ ഉത്പന്നങ്ങൾക്ക് വില ഹോൾസെയിൽ വിലയേക്കാൾ കുറവാണ്. അജ്മൽ ബിസ്മിയുടെ സ്വന്തം ഫാമിൽ നിന്നുള്ള പാലും പാലുത്പന്നങ്ങളും ലഭ്യമാണ്. തെരഞ്ഞെടുത്ത ഉത്പന്നങ്ങൾക്ക് ഒന്നിനൊന്ന് സൗജന്യം, കോംബോ ഓഫർ എന്നിവയുമുണ്ട്.

സ്മാർട്ട്ടിവി, എ.സി, റഫ്രിജറേറ്റർ, വാഷിങ് മെഷീൻ, കൂളർ, മിക്സി, ഗ്രൈന്റർ തുടങ്ങിയവയ്ക്ക് മികച്ച വിലക്കുറവുണ്ട്. മുൻനിര ബ്രാൻഡുകളാണ് ഈയിനത്തിൽ ബിസ്മി അണിനിരത്തിയിട്ടുള്ളത്. മികച്ച ഫിനാൻസ്, എക്സ്ചേഞ്ച് ഓഫറുകളും ആകർഷണങ്ങളാണ്. പ്രമുഖ ബ്രാൻഡുകളുടെ സ്മാർട്ട്ഫോണുകളും ഓഫറുകളോടെ നേടാം.

ഓരോ സ്മാർട്ട്ഫോൺ പർച്ചേസിനും വിലപിടിപ്പുള്ള ഗിഫ്റ്റുകളുണ്ട്. പഴയ ഫോൺ മാറ്റി പുതിയത് വാങ്ങാൻ ഫിനാൻസ്, എക്സ്ചേഞ്ച് ഓഫറുമുണ്ട്. ഫിനാൻസ് പർച്ചേസിനൊപ്പം ഉറപ്പായ സമ്മാനവും നേടാം. ജനുവരി 31 വരെയാണ് ഓഫറുകളെന്ന് ബിസ്മി ഗ്രൂപ്പ് മാനെജിങ് ഡയറക്റ്റർ വി.എ. അജ്മൽ പറഞ്ഞു.

ആലപ്പുഴയുടെ നൂൽ പെരുമ കടൽകടക്കും

ആലപ്പുഴ: കോമളപുരം സ്പിന്നിങ് മില്ലിൽനിന്ന് നൂൽ കയറ്റുമതിക്ക് വഴിതെളിയുന്നു. ഇറ്റലിയിൽനിന്ന് രണ്ട് ഓട്ടോ കോൺമെഷീനുകൾ മില്ലിൽ സ്ഥാപിച്ചു. ഈമാസം അവസാനം മെഷീന്റെ ഉദ്ഘാടനം നടക്കുന്നതോടെ വികസന കുതിപ്പിന്റെ മറ്റൊരു നാഴികക്കല്ലാകും.

5.88 കോടിരൂപയ്ക്കാണ് രണ്ട് മെഷീനുകൾകൂടി വാങ്ങിയത്. ഒരു മെഷീൻ നേരത്തെ സ്ഥാപിച്ചിരുന്നു. ഇതിലൂടെ ഉത്പാദിപ്പിക്കുന്ന നൂൽ ഉയർന്ന ഗുണനിലവാരമുള്ള ഓട്ടോ കോൺട്നൂലായി വിൽപ്പന നടത്താനും വിദേശത്തേക്ക് കയറ്റി അയക്കാനും കഴിയും.

ഇതോടെ കേരളാസ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപറേഷൻ കീഴിൽ പൊതുമേഖല സ്ഥാപനമായ കോമളപുരം മില്ലിന്റെ പ്രവർത്തനം പൂർണതോതിലാകുകയാണ്. ആധുനിക സാങ്കേതിക വിദ്യയിൽ 18,240 സ്പിൻഡിൽ ശേഷിയോടുകൂടിയ സ്പിന്നിങ് വിഭാഗവും 20 ഹൈടെക്-എയർജെറ്റ് വീവിങ് മെഷീനുകളോടെ വീവിങ് വിഭാഗവും വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം തുടങ്ങി. വൈവിധ്യവത്കരണ ഭാഗമായി തുണിയിൽനിന്ന് മൂല്യവർധിത ഉത്പന്നനിർമാണവും ആരംഭിച്ചു. വിവിധ പൊതുമേഖല സ്ഥാപനങ്ങൾക്കാവശ്യമായ യൂണിഫോംതുണി, കോട്ടൺ പ്രിന്റഡ് ബെഡ് ഷീറ്റ്, മാസ്ക് എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ചു തുടങ്ങി.

സൗജന്യ സ്കൂൾ യൂണിഫോം തുണിക്കായി നാഷണൽ ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപറേഷൻ മുഖേന ലക്ഷക്കണക്കിന് കിലോ നൂൽ ഇതിനോടകം വിതരണം ചെയ്തു. ആംഗൻവാടി ജീവനക്കാർക്കുള്ള ഓവർകോട്ട് കോമളപുരത്തും പിണറായി ഹൈടെക് വീവിങ് മില്ലിലുമായി ഉത്പാദിപ്പിച്ചു. കഴിഞ്ഞ മാസങ്ങളിൽ മിൽ പ്രവർത്തന ലാഭം നേടി.

അപേക്ഷ ക്ഷണിച്ചു

കോഴിക്കോട്: ഗവ. മെഡിക്കൽ കോളെജിൽ ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി മുഖേന നടത്തുന്ന പോസ്റ്റ് ഡോക്ടോറൽ സർട്ടിഫിക്കറ്റ് കോഴ്സ് - ഇന്റർവെൻഷണൽ റേഡിയോളജി, പോസ്റ്റ് ഡോക്റ്റോറൽ സർട്ടിഫിക്കറ്റ് കോഴ്സ് - ഫീറ്റൽ ആന്റ് നിയോ നാറ്റൽ റേഡിയോളജി എന്നീ കോഴ്സുകളിലേക്ക് (ഒരോ സീറ്റ് വീതം) അപേക്ഷ ക്ഷണിച്ചു.

യോഗ്യത - എം.ഡി/ഡിഎൻബി അല്ലെങ്കിൽ ഡിഎംആർഡി യും ഒരു വർഷത്തെ പ്രവർത്തി പരിചയവും. അപേക്ഷ ഫോറം വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷയോടൊപ്പം ഓരോ കോഴ്സിനും 1000 രൂപയുടെ ഡിഡി സഹിതം ഫെബ്രുവരി അഞ്ചിനകം പ്രിൻസിപ്പാൾ, ഗവ. മെഡിക്കൽ കോളെജ്, കോഴിക്കോട് 673008 എന്ന വിലാസത്തിൽ അയക്കണം. പ്രായപരിധി 40 വയസ്. നിയമാനുസൃത ഇളവ് അനുവദിക്കും. എഴുത്തുപരീക്ഷയും ഇന്റർവ്യൂവും ഫെബ്രുവരി 15 ന് നടത്തും.

സമ്പൂർണ്ണ ഹോം ലാബ് പ്രഖ്യാപനം മന്ത്രി സി.രവീന്ദ്രനാഥ് നിർവ്വഹിക്കും

കോഴിക്കോട്: ജില്ലയിൽ സമ്പൂർണ്ണ ഹോം ലാബ് പൂർത്തീകരണ പ്രഖ്യാപനം നാളെ വൈകുന്നേരം നാല് മണിക്ക് വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് വീഡിയോ കോൺഫറൻസിലൂടെ നിർവ്വഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല അധ്യക്ഷത വഹിക്കും. ശാസ്ത്രപഠനം പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായി നടത്തുന്നതിനായി ജില്ലയിലെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ 10 വരെ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളുടേയും വീടുകളിൽ ഹോം ലാബുകൾ സജ്ജമായി. ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രമാണ് (ഡയറ്റ്) ഇതിന് നേതൃത്വം നൽകിയത്. പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പരീക്ഷണങ്ങൾ വീട്ടിൽ തന്നെ ചെയ്യുന്നതിന് വിലയില്ലാത്തതോ വില കുറഞ്ഞതോ എളുപ്പം ലഭ്യമായതോ ആയ സാധന സാമഗ്രികൾ കുട്ടികൾ ശേഖരിച്ച് അധ്യാപകരുടെയും രക്ഷിതാക്കളുടേയും സഹായത്തോടെ ഒരു പരീക്ഷണ മൂല തയ്യാറാക്കുന്നു എന്നതാണ് ഇതിന്റെ രീതി. ഡയറ്റിന്റെ 'സ്കൂളിനൊപ്പം' എന്ന പിന്തുണാ പരിപാടികളിൽ ഉൾപ്പെട്ട 25 വിദ്യാലയങ്ങളിൽ പരീക്ഷിച്ച് വിജയം കണ്ടതിന്റെ അടിസ്ഥാനത്തിലാണ് ജില്ല മുഴുവൻ പദ്ധതി വ്യാപിപ്പിച്ചത്. വിദ്യാഭ്യാസ ഓഫീസർമാർ, ശാസ്ത്ര ക്ലബ് കൺവീനർമാർ, പ്രധാനാധ്യാപകർ, അധ്യാപകർ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ എന്നിവരുടെ സഹായത്തോടെയാണ് പ്രവർത്തനം നടത്തി വരുന്നത്. ശാസ്ത്രജ്ഞർ, വിദ്യാഭ്യാസ വിദഗ്ദർ, ജനപ്രതിനിധികൾ, മന്ത്രിമാർ തുടങ്ങിയവർ പ്രവർത്തനത്തിൽ പങ്കാളികളായിട്ടുണ്ട്.

കുന്നുമ്മൽ സബ്ജില്ലയിലെ വട്ടോളി സംസ്കൃതം ഹൈസ്ക്കൂളിലാണ് ഹോംലാബ് ആദ്യമായി നടപ്പിലാക്കിയത്. ലാബിന്റെ തുടർ പ്രവർത്തനങ്ങളുടെ സാധ്യതകൾ ഉൾക്കൊള്ളുന്നതും ക്ലാസ്സ് തലത്തിൽ ഉപയോഗിക്കാവുന്നതുമായ പുസ്തകങ്ങൾ ഡയറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഹോംലാബ് തുടർപ്രവർത്തന സഹായ സാമഗ്രി ജില്ലാ വിദ്യാഭ്യാസ ഉപജില്ലാ വിദ്യാഭ്യാസ ഉപഡയറക്റ്റർ വി.പി മിനി പ്രകാശനം ചെയ്യും. അന്താരാഷ്ട്രതലത്തിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ക്ലൈവ് തോംസൺ, ശാസ്ത്രജ്ഞൻ റോത്തർ ഹാം യൂണിവേഴ്സിറ്റി, ഡോ. അജി പീറ്റർ (സീനിയർ കൺസൾട്ടന്റ് സയിന്റിസ്റ്റ് ബ്രൂണൽ യൂണിവേഴ്സിറ്റി ലണ്ടൻ) എന്നിവർ മുഖ്യാതിഥികളാവും.

പ്രതീക്ഷയുടെ പൊൻവെട്ടം....

കാണാപ്പൊന്നു തേടി ആഴക്കടലിലേക്ക് പോകുന്ന മത്സ്യതൊഴിലാളികൾ. കോഴിക്കോട് കോതി അഴിമുഖത്ത് നിന്ന്.

വിമിത്ത് ഷാൽ

കുടുംബശ്രീ പോലെ വിജിലന്റ് ഗ്രൂപ്പിനെയും പൊതുസമൂഹം അംഗീകരിക്കണം : കാനത്തിൽ ജമീല

കോഴിക്കോട്: കുടുംബശ്രീക്ക് പൊതുസമൂഹത്തിൽ ലഭ്യമായിട്ടുള്ള അംഗീകാരം പോലെ വിജിലന്റ് ഗ്രൂപ്പിനെയും പൊതു സമൂഹം അംഗീകരിക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല പറഞ്ഞു.

കുടുംബശ്രീ ജില്ലാ മിഷൻ കോഴിക്കോട് വിജിലന്റ് ഗ്രൂപ്പ് വാർഡുതല ക്യാംപയിൻ സിവിൽ സ്റ്റേഷൻ പരിസരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പ്രസിഡന്റ്. ഓരോ വാർഡിലും 5 മുതൽ 10 വരെയുള്ള കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തിയാണ് എല്ലാ വാർഡിലും വിജിലന്റ് ഗ്രൂപ്പ് 2018 മുതൽ പ്രവർത്തനം നടത്തുന്നത്.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരേയുള്ള അതിക്രമങ്ങൾ തടയുക, സ്ത്രീ സൗഹൃദ, ശിശു സൗഹൃദ പ്രാദേശിക ഇടങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് വിജിലന്റ് ഗ്രൂപ്പിന്റെ ലക്ഷ്യം. 2019ൽ വിജിലന്റ് ഗ്രൂപ്പ് അംഗങ്ങൾക്ക് പോലീസ് വകുപ്പുമായി സഹകരിച്ച് സ്വയം പ്രതിരോധത്തിനാവശ്യമായ പരിശീലനം നൽകിയിരുന്നു.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും രണ്ടു പേരെ വീതം തെരഞ്ഞെടുത്ത് ജില്ലാതലത്തിൽ 164 പേർ അടങ്ങുന്ന പിങ്ക് ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

ഇവർ പ്രളയ സമയത്തും മറ്റ് ദുരിതകാലത്തും സന്നദ്ധ പ്രവർത്തനങ്ങൾക്ക് അതതിടങ്ങളിൽ നേതൃത്വം നൽകിയിട്ടുണ്ട്.നാളെ എല്ലാ വാർഡുകളിലും പോസ്റ്റർ ക്യാംപയിൻ സംഘടിപ്പിക്കുന്നുണ്ട്.

കുടുംബശ്രീ ജില്ലാ കോർഡിനേറ്റർ പി.സി കവിത, ചിത്രകാരിയും ആക്ടിവിസ്റ്റുമായ കബിത മുഖോപാധ്യായ തുടങ്ങിയവർ പങ്കെടുത്തു. അസി.ജില്ലാ മിഷൻ കോർഡിനേറ്റർ ക്ഷേമ കെ തോമസ് സ്വാഗതം പറഞ്ഞു.

കെഎസ്ടിഎ കോഴിക്കോട് ജില്ല സമ്മേളനത്തിന്റെ ഭാഗമായി നടക്കാവ് ഗേൾസ് സ്കൂളിൽ നടക്കുന്ന കായികമത്സരങ്ങളുടെ ഉദ്ഘാടനം കോർപ്പറേഷൻ വിദ്യാഭ്യാസ കായിക സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ സി.രേഖ ഫുട്ബോൾ തട്ടി നിർവഹിക്കുന്നു.

മുഖം മിനുക്കി കോഴിക്കോടിന്റെ വിനോദസഞ്ചാര മേഖല

കോഴിക്കോട്: കഴിഞ്ഞ അഞ്ചു വർഷമായി കോഴിക്കോട് ജില്ലയിൽ നിരവധി ടൂറിസം വികസന പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയത്. ഈ പദ്ധതികളെല്ലാം ജില്ലയുടെ വിനോദ സഞ്ചാര മേഖലയ്ക്ക് കുതിപ്പേകിയിട്ടുണ്ട്. ഈ കാലയളവിൽ 915.019 കോടി രൂപയുടെ ടൂറിസം വികസന പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചത്. 16.59 കോടി രൂപയുടെ പ്രവൃത്തികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്.

ജില്ലയുടെ പൈതൃക സംരക്ഷണ ടൂറിസം വികസന പദ്ധതിയായ തളി-കുറ്റിച്ചിറ ടൂറിസം വികസന പദ്ധതി പ്രധാനപ്പെട്ട ഒന്നാണ്. ഇതിനായി രണ്ട് കോടി രൂപയാണ് വിനിയോഗിക്കുന്നത്.

നഗരത്തിന്റെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ കോഴിക്കോട് ബീച്ചിൽ നടപ്പിലാക്കിയ പദ്ധതിയാണ് കൾച്ചറൽ സോൺ കോഴിക്കോട് ബീച്ച് ഡെവലപ്മെന്റ് പ്രൊജക്റ്റ്. കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ സ്ഥിരം വേദി ഒരുക്കുന്നതിന്റെ ഭാഗമായി കേരള സർക്കാരും വിനോദ സഞ്ചാര വകുപ്പും നാല് കോടി രൂപയുടെ ടൂറിസം വികസന പദ്ധതികൾ നടപ്പിലാക്കി കോഴിക്കോടിന്റെ കൾച്ചറൽ ഹബ് ആക്കി മാറ്റിയിട്ടുണ്ട്.

കാമ്പുറം ബീച്ചിൽ പുരോഗമിക്കുന്ന കോഴിക്കോട് സ്പോർട്സ് ബീച്ച് പദ്ധതി, ഭട്ട് റോഡ് ബീച്ചിൽ പുരോഗമിക്കുന്ന ബ്ലിസ് പാർക്ക് പദ്ധതി എന്നിവ കോഴിക്കോട് ജില്ലയുടെ തീരപ്രദേശങ്ങളിലെ വിനോദ സഞ്ചാര സാധ്യതയുടെ മുതൽകൂട്ടാണ്. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സുസ്ഥിര വികസനം ഉറപ്പു വരുത്തുന്ന ഗ്രീൻ കാർപെറ്റ് പദ്ധതിയുടെ ഭാഗമായി കാപ്പാട് ബീച്ചിൽ 99.95 ലക്ഷം രൂപ ചെലവഴിച്ചു.

മിഠായിതെരുവ് സൗന്ദര്യവത്കരണം, മാനാഞ്ചിറ സ്ക്വയർ നവീകരണം, തുഷാരഗിരി ഗ്രീൻ കാർപെറ്റ്, കോഴിക്കോട് കൾച്ചറൽ ബീച്ച്, കാപ്പാട് ഗ്രീൻ കാർപെറ്റ്, വടകര സാൻഡ് ബാങ്ക്സ്, ഗ്രീൻ കാർപെറ്റ്, അരീപ്പാറ ഹാങ്ങിങ് ബ്രിഡ്ജ്, വാഗ്ഭടാനന്ദ പാർക്ക് എന്നീ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചു. നഗരത്തിന്റെ വാണിജ്യത്തെരുവുകളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന മിഠായിത്തെരുവ് ചരിത്രപ്രസിദ്ധമാണ്.

ഈ തെരുവിനെ പ്രൗഢിയിൽ അണിയിച്ചൊരുക്കുന്ന പദ്ധതിയായ മിഠായി തെരുവ് സൗന്ദര്യവൽക്കരണ പദ്ധതിക്കായി 5.26 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു.

മാനാഞ്ചിറ സ്ക്വയർ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 1.70 കോടി രൂപയുടെ ഭരണാനുമതി വിനോദ സഞ്ചാര വകുപ്പ് നൽകി. പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി കോഴിക്കോട് ഡി.ടി.പി.സി ആണ്. 2020 പ്രവൃത്തി പൂർത്തീകരിച്ചു.

അരിപ്പാറ വെള്ളച്ചാട്ടം, തോണിക്കടവ്, വയലട റൂറൽ ടൂറിസം പദ്ധതി, നമ്പികുളം ഇക്കോ ടൂറിസം, പെരുവണ്ണാമൂഴി ഡാം വികസന പദ്ധതി തുടങ്ങിയവ കോഴിക്കോട് ജില്ലയുടെ മലയോര ടൂറിസം വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതികളാണ്. കോട്ടക്കൽ നദി അറബി കടലുമായി ചേരുന്ന അഴിമുഖ കടൽ തീരമാണ് വടകര സാൻഡ് ബാങ്ക്സ്. വിനോദ സഞ്ചാര വകുപ്പിന്റെ ഗ്രീൻ കാർപെറ്റ്പദ്ധതിയിൽ ഉൾപ്പെടുത്തി വടകര സാൻഡ് ബാങ്ക്സ് നവീകരണത്തിന് വേണ്ടി 99.36 ലക്ഷം രൂപയുടെ ഭരണാനുമതി വിനോദ സഞ്ചാര വകുപ്പ് നൽകുകയും പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുകയും ചെയ്തു.

ഒഞ്ചിയം പഞ്ചായത്തിലെ പഴയ കാരക്കാട് വിനോദ സഞ്ചാര വകുപ്പ് നിർമിച്ച സ്മാരകമാണ് വാഗ്ഭടാനന്ദ പാർക്ക്. ഈ പദ്ധതിക്കായി വിനോദ സഞ്ചാര വകുപ്പ് രണ്ടു കോടി എൺപതു ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തിയത്